# കെ. കെ. ജോൺ: ആത്മീയതയിൽ അടിയുറച്ച ഗുരുശ്രേഷ്ഠൻ

ഫാ. ഡോ. ടി. ജെ. ജോഷ്വാ

കെ. വി. മാമ്മൻ കോട്ടയ്ക്കൽ

(Malayalam)

**K. K. John: Athmeeyathayil Adiyuracha Guru Sreshtan**
(Biography)

**By**

**Fr. Dr. T. J. Joshua**

**K. V. Mammen**

First Published : Jan. 14, 2015

Copy Right Reserved

Typesetting & Printing : Sophia Print House, Kottayam



**Kallasseril HH Baselius Geevarghese II**
**Malankara Metropolitan & Catholicos of the East**
(The Patron Saint of Kolathukalathil Family)



കോലത്തുകളത്തിൽ കുടുംബവുമായി അഭേദ്യബന്ധമുള്ള
മലങ്കരസഭാഭാസുരൻ
പ. വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ്

# The Malankara Orthodox Syrian Church
**CATHOLICATE OF THE EAST**

**Baselios Marthoma Paulose II**
Catholicos of
The Apostolic Throne of
St. Thomas
And Malankara Metropolitan

Catholicate Palace
Kottayam - 686 038
Kerala, India


ഡിസംബർ 18, 2014

# അനുഗ്രഹാശംസ

കുറിച്ചി കോലത്തുകളത്തിൽ നെയ്ശ്ശേരിൽ പരേതനായ ശ്രീ. കെ. കെ. ജോണിന്റെ സ്മരണാർത്ഥം ഒരു ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ നമുക്ക് ഏറെ സന്തോഷമുണ്ട്.

ഉത്തമ മനുഷ്യസ്നേഹിയും ദൈവാശ്രയബോധത്തോടെ തന്നിൽ ഏൽപിക്കപ്പെട്ട എല്ലാ ഉത്തരവാദിത്വങ്ങളും അനുഗ്രഹകരമായി നിറവേറ്റുകയും ചെയ്ത പരിശുദ്ധ സഭയുടെ ഒരു ഉത്തമ സന്താനമായിരുന്ന കെ. കെ. ജോണിന്റെ ജീവിതം ഏവർക്കും മാതൃകയാണ്.

പത്തനാപുരം സെന്റ് സ്റ്റീഫൻസ് ഹൈസ്കൂൾ, കോട്ടയം എം.ഡി. സെമിനാരി ഹൈസ്കൂൾ, തൊടുപുഴ ഗവൺമെന്റ് ഹൈസ്കൂൾ, കുറിച്ചി ഗവൺമെന്റ് യു.പി. സ്കൂൾ, കാഞ്ഞിരപ്പള്ളി വിഴുക്കിത്തോട് ആർ.വി. ഗവൺമെന്റ് ഹൈസ്കൂൾ എന്നിവിടങ്ങളിൽ സ്തുത്യർഹമായ രീതിയിൽ അദ്ധ്യാപന ശുശ്രൂഷ നിർവ്വഹിച്ച ജോൺ; പാലാ, ചങ്ങനാശ്ശേരി എന്നിവിടങ്ങളിൽ അസിസ്റ്റന്റ് എഡ്യൂക്കേഷണൽ ഓഫീസറായും നിസ്തുലമായ സേവനം കാഴ്ചവയ്ക്കുകയുണ്ടായി.

വിദ്യാഭ്യാസരംഗത്ത് അദ്ദേഹത്തിന്റെ പ്രാഗത്ഭ്യം മനസ്സിലാക്കിയ പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ തിരുമേനി 1971 മുതൽ പരിശുദ്ധ സഭയുടെ കാതോലിക്കേറ്റ് & എം.ഡി. കോർപ്പറേറ്റ് മാനേജ്മെന്റ് സ്കൂൾസിന്റെ ചുമതല അദ്ദേഹത്തെ ഏൽപിക്കുകയും 1982 വരെ അദ്ദേഹം അത് ഭംഗിയായി നിറവേറ്റുകയും ചെയ്തു.

മലങ്കര ഓർത്തഡോക്സ് സഭാ മാനേജിംഗ് കമ്മിറ്റിയംഗം, കോട്ടയം ഭദ്രാസന കൗൺസിൽ അംഗം തുടങ്ങി വിവിധ തലങ്ങളിൽ തന്റെ താലന്തുകൾ അദ്ദേഹം ഭംഗിയായി വിനിയോഗിച്ചു.

മലങ്കരസഭയ്ക്ക് അഭിമാനമായ പൗലോസ് മാർ പക്കോമിയോസ്

മെത്രാപ്പോലീത്തായെ സഭയ്ക്കു നൽകുവാനും അദ്ദേഹത്തിന്റെ മാതൃകാപരമായ കുടുംബ-ഭക്തി ജീവിതത്തിലൂടെ സാധിച്ചു. അദ്ദേഹം പരിശുദ്ധ സഭയ്ക്കും സമൂഹത്തിനും ചെയ്ത എല്ലാ നന്മകളേയും ഓർക്കുകയും പരേതന്റെ ആത്മാവിന് നിത്യശാന്തി ലഭിക്കുവാനായി നാം പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഗ്രന്ഥത്തിന് എല്ലാ ആശംസകളും നേരുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**



## THE MALANKARA SYRIAN KNANAYA ARCHDIOCESE

(Under the Holy Apostolic Throne of Antioch & all the East)

**Ivanios Kuriakose Metropolitan**
Ranni & Outside Kerala Division

# മുഖത്തെ പ്രസരിപ്പും ആകാരത്തിലെ ആഢ്യത്വവും

### കുറിയാക്കോസ് മാർ ഈവാനിയോസ്

(ക്നാനായ ഭദ്രാസന മെത്രാപ്പോലീത്താ, റാന്നി)

കുറിച്ചിയിലെ പുരാതന കുടുംബമായ കോലത്തുകളത്തിൽ നെയ്ശ്ശേരിൽ ദിവംഗതനായ കെ. കെ. ജോൺ സാറിന്റെ ജന്മശതാബ്ദി 2015 ജനുവരി 14-നു (മകരം 1, 1090) എന്നറിയുന്നു. മകരം 1, പ. ദൈവമാതാവിന്റെ വിത്തുകളെപ്രതിയുള്ള പെരുന്നാൾ ദിവസമായതുകൊണ്ട് അദ്ദേഹത്തിന്റെ ജനനം അനുഗൃഹീതമാണ്. ദേശത്തെ ആദ്യത്തെ ക്രൈസ്തവ ദേവാലയമായ കുറിച്ചി വലിയപ്പള്ളി ഇടവകാംഗമായ കല്ലാശ്ശേരിൽ ഗീവറുഗീസ് ദ്വിതീയൻ ബാവായുടെ പാരമ്പര്യമുള്ള കുടുംബത്തിന്റെ ദൈവഭക്തിയും ദീർഘവീക്ഷണവും സാറിനെ ആത്മീയ തീക്ഷ്ണതയിലും വിദ്യാഭ്യാസത്തിലും നിപുണനാക്കി. അക്കാലത്ത് ബി.എ., എൽ.റ്റി. ബിരുദം സമ്പാദിച്ച അദ്ദേഹം 1950-60 കാലയളവിൽ ഞാൻ പഠിച്ച കുറിച്ചി ഗവ. യു.പി. സ്ക്കൂളിൽ പ്രധാനാദ്ധ്യാപകനായിരുന്നു. നാടിന്റെ വളർച്ചയ്ക്ക് വിദ്യാഭ്യാസത്തിന്റെ പ്രസക്തി മനസ്സിലാക്കിയ അദ്ദേഹം കുറിച്ചി സ്കൂൾ, ഹൈസ്ക്കൂൾ ആയി ഉയർത്തുന്നതിന് അശ്രാന്തപരിശ്രമം നടത്തി. അന്ന് കുറിച്ചി നിവാസികൾക്ക് നൽകിയ പ്രേരണയും പ്രചോദനവും ഉൾക്കാഴ്ചയുമാണ് പിൽക്കാലത്ത് ആ സ്കൂൾ കോട്ടയം ജില്ലയിലെ മികച്ച ഹൈസ്ക്കൂളും ഹയർ സെക്കൻഡറി സ്കൂളും ആയി ഉയർത്തപ്പെട്ടത്.

കുടുംബജീവിതത്തിൽ തന്റെ ആറു മക്കളെയും അച്ചടക്കത്തിലും ദൈവികചിന്തകളിലും വളർത്തിയതിന്റെ മകുടോദാഹരണമാണ് അവർക്ക് ലഭിച്ച ഉന്നത വിദ്യാഭ്യാസവും മാതൃകയും. അതിനേക്കാളുപരി 1993-ൽ ഒരു പുത്രൻ, പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ എന്ന പേരിൽ ആദ്യം ഓർത്തഡോക്സ് സഭയുടെ ഇടുക്കി അങ്കമാലി

ഭദ്രാസനത്തിനായി വാഴിക്കപ്പെടുകയും പിന്നീട് മാവേലിക്കര ഭദ്രാസന ത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായായിത്തീരുകയും ചെയ്തത് കുടും ബത്തിന്റെയും ജോൺ സാറിന്റെയും ആദ്ധ്യാത്മിക ചൈതന്യത്തിന്റെ തെളിവാണ്.

ക്നാനായ ഭദ്രാസനത്തിന്റെ കാലം ചെയ്ത ക്ലിമീസ് തിരുമേനിക്കും തിരുമേനിയുടെ സഹോദരീഭർത്താവും എന്റെ പിതാമഹനുമായ കോലത്ത് ഗീവർഗീസ് കോർഎപ്പിസ്ക്കോപ്പായ്ക്കും അദ്ദേഹത്തിന്റെ പിതാവ് കുറിയാക്കോസ് കശ്ശീശ്ശാക്കും കല്ലാശ്ശേരിൽ ബാവായോടും കോലത്തുകളത്തിൽ നെയ്ശ്ശേരിൽ കുടുംബത്തോടും ജോൺ സാറി നോടും നല്ല ആത്മബന്ധമായിരുന്നു. ആ ബന്ധം ഇന്നും പരസ്പരം ഞങ്ങൾ കാത്തുസൂക്ഷിക്കുന്നു.

ജോൺ സാറിന്റെ മുഖത്തെ പ്രസരിപ്പും പെരുമാറ്റത്തിലെ കുലീന തയും സംസാരത്തിലെ ഗൗരവവും ആകാരത്തിലെ ആഢ്യത്വവും അദ്ധ്യാ പനത്തിലെ ആത്മാർത്ഥതയും തീരുമാനങ്ങളെടുക്കുന്നതിനുള്ള ആർജ്ജ വവും ഭരണകാര്യങ്ങളിലെ ഇച്ഛാശക്തിയും ഇന്നും ഞങ്ങളുടെ മനസ്സിൽ തങ്ങിനില്ക്കുന്നു. നാടിനെ സ്നേഹിച്ച സ്മര്യപുരുഷൻ 1995-ൽ എൺ പതു സംവത്സരം പൂർത്തിയാക്കി കാലയവനികയ്ക്കുള്ളിൽ മറയുമ്പോൾ കുറിച്ചി ദേശത്തിന് അദ്ദേഹത്തിന്റെ വേർപാട് ഒരു തീരാനഷ്ടം തന്നെ യായിരുന്നു. 100 വർഷത്തെ പാവന സ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജ ലികൾ അർപ്പിച്ചുകൊണ്ട് ജന്മശതാബ്ദി പരിപാടികൾക്ക് എല്ലാവിധ ആശംസകളും നേരുന്നു.



**C. F. Thomas**
(Changanassery)
Member
Kerala Legislative Assembly

# കാര്യശേഷിയും സമർപ്പണവും ആത്മാർത്ഥതയും മുഖമുദ്ര

## സി. എഫ്. തോമസ് എം.എൽ.എ.

വേർപിരിഞ്ഞിട്ട് 19 വർഷങ്ങൾ കഴിഞ്ഞിട്ടും ഇപ്പോഴും ഓർമ്മയിൽ നിറഞ്ഞുനില്ക്കുകയാണ് ജോൺ സാറിന്റെ മുഖം. ചങ്ങനാശ്ശേരി എ.ഇ.ഒ. ആയി സേവനമനുഷ്ഠിച്ച സമയത്ത് പല ദിവസങ്ങളിലും ജോൺ സാറിനെ കാണുവാൻ സാധിച്ചത് ഇപ്പോൾ സന്തോഷത്തോടെ ഓർക്കുന്നു. അദ്ധ്യാപകനായി ജോലിയിൽ പ്രവേശിച്ച് ഹെഡ്മാസ്റ്ററായി റിട്ടയർ ചെയ്ത ജോൺ സാറിനെ ശിഷ്യഗണങ്ങൾ എന്നും ഏറെ സ്നേഹത്തോടെയും ബഹുമാനത്തോടെയുമാണ് ഓർക്കുന്നത്. ഔദ്യോഗിക സേവനകാലത്തും അതുകഴിഞ്ഞും സമൂഹത്തിലും സ്വന്തം സമുദായത്തിലും ഉന്നതപദവികൾ വഹിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. അസാധാരണമായ കാര്യശേഷിയുടെയും സമർപ്പണമനോഭാവത്തിന്റെയും ആത്മാർത്ഥതയുടെയും പ്രതീകമായിരുന്ന ജോൺ സാർ എന്നും നമ്മുടെ മനസ്സിൽ ജീവിക്കും.

ചങ്ങനാശ്ശേരി
30-11-2014



## അവതാരിക

# കെ. കെ. ജോൺ സാർ: കുലീനത്വം നിറഞ്ഞ സൽപെരുമാറ്റത്തിന്റെ പ്രതീകം

'ആരാണ് ക്രിസ്ത്യാനി?' എന്ന ചോദ്യം നാം കൂടെക്കൂടെ ചോദിക്കേണ്ടതാണ് - നമ്മോടുതന്നെയും പരസ്പരവും. ഈ ചോദ്യം ചോദിക്കയും അതിനുത്തരം അന്വേഷിക്കയും ചെയ്യുന്ന പ്രക്രിയ നാം നിരന്തരം നടത്തിയില്ലെങ്കിൽ, വ്യാജ ചോദ്യങ്ങൾ ഉണ്ടാവുകയും നമ്മെ വഴിതെറ്റിക്കുന്ന ഉത്തരങ്ങൾ ഉരുത്തിരിയുകയും ചെയ്യും.

ക്രിസ്തീയ സഭകളിലുണ്ടാകുന്ന 'വൈദികവൽക്കരണം' (Clericalisation) മൗലികമായ ഈ ചോദ്യത്തിൽ നിന്ന് നമ്മെ വ്യതിചലിപ്പിക്കയും തെറ്റായ ചോദ്യോത്തരങ്ങൾ സൃഷ്ടിക്കാൻ പ്രേരിപ്പിക്കയും ചെയ്യുന്നു. വൈദികശ്രേണിയിൽ ഉൾപ്പെട്ടവരും വിനയപൂർവ്വം സ്വയം ചോദിക്കേണ്ടത്, തങ്ങൾ എത്രമാത്രം ക്രിസ്ത്യാനികൾ, അഥവാ ക്രിസ്തുഭാവം ഉള്ളവരാണ് എന്നത്രെ. ഏതു നിറമാണ് എന്റെ കുപ്പായത്തിന്, ഏതു സ്ഥാനം വരെ ഞാനെത്തി, അടുത്ത തട്ടിലേക്ക് എങ്ങനെ കയറാം? തുടങ്ങിയ ചോദ്യങ്ങൾ മാത്രം ചോദിച്ചുകൊണ്ടിരുന്നാൽ നാം പാളംതെറ്റിത്തുടങ്ങും.

റോമൻ കത്തോലിക്കാ സഭയുടെ ഭരണചക്രം തിരിക്കുന്ന 'കൂരിയ' എന്ന വത്തിക്കാൻ സെക്രട്ടറിയേറ്റിനെ അടിമുടി വിമർശിച്ചുകൊണ്ട് ഫ്രാൻസിസ് മാർപാപ്പാ ഈയിടെ നടത്തിയ പ്രസംഗം ആ സഭയിൽ അത്യപൂർവ്വമായിരുന്നു. അദ്ദേഹത്തിന്റെ വാക്കുകളിൽ "ളോഹയുടെ വർണ്ണശബളിമയും സ്ഥാനപ്പേരുകളുടെ വലുപ്പവും മാത്രം ജീവിതലക്ഷ്യമാക്കുന്ന" പൊങ്ങച്ചത്തിന്റെയും മൽസരത്തിന്റെയും അവസ്ഥയെക്കുറിച്ചാണ് മാർപാപ്പാ തുറന്നടിച്ചത്. ആരാണ് ക്രിസ്ത്യാനി? എന്താണ് ക്രിസ്തീയത? എന്നീ മൗലിക ചോദ്യങ്ങൾക്ക് ഉത്തരം തേടിയ മാർപാപ്പായാണ് തന്റെ കീഴിലുള്ള വൈദികസ്ഥാനികളെക്കുറിച്ച് ഇങ്ങനെ രൂക്ഷമായി പ്രതികരിച്ചത്.

ഈ പുസ്തകരചനയ്ക്ക് കാരണഭൂതനായ കെ. കെ. ജോൺ സാറിനെക്കുറിച്ചുള്ള ദീപ്തമായ ഓർമ്മയുടെ പശ്ചാത്തലത്തിലാണ് മുകളിൽ പറഞ്ഞ കാര്യങ്ങൾ സൂചിപ്പിച്ചത്. "കാപട്യമില്ലാത്ത സാക്ഷാൽ യിസ്രായേല്യൻ" എന്ന് ജോൺ സാറിന്റെ ആത്മസ്നേഹിതനായ ഡോ. റ്റി.

ജെ. ജോഷ്വാ അച്ചൻ ക്രിസ്തുവചനം ഉദ്ധരിച്ച് അദ്ദേഹത്തെ വിശേഷിപ്പിക്കുന്നു. 'സത്യസന്ധനായ ഒരു യഥാർത്ഥ ക്രിസ്ത്യാനി' എന്നാണതിന്റെ ഇവിടത്തെ അർത്ഥം. ഇങ്ങനെയുള്ള ജോൺ സാറിന്റെ സമഗ്രമായ ഒരു വാങ്മയചിത്രം അവതരിപ്പിക്കാനാണ് കെ. വി. മാമ്മൻ കോട്ടയ്ക്കൽ തന്റെ ശ്ലാഘനീയമായ കഴിവുകൾ ഇവിടെ ഉപയോഗിക്കുന്നത്. മലങ്കരസഭയുടെ ആദ്ധ്യാത്മിക സംസ്ക്കാരത്തെ കരുപ്പിടിപ്പിച്ച മേൽപ്പട്ടക്കാരും, വൈദികരും, അൽമായരുമായ ഒരു സാത്വികവൃന്ദത്തെ അദ്ദേഹം ഇതിനോടകം അവതരിപ്പിച്ചു കഴിഞ്ഞു. കൃതഹസ്തനായ ഒരു പത്രപ്രവർത്തകന്റെ അന്വേഷണത്വരയും രചനാസാരള്യവും എല്ലാത്തിലുമുപരി മലങ്കരസഭയുടെ ചരിത്രത്തോടും സംസ്കൃതിയോടും സമകാലിക പ്രസക്തിയോടുമുള്ള അനുഭവനിഷ്ഠമായ പ്രതിബദ്ധതയും സമന്വയിപ്പിച്ചാണ് അദ്ദേഹം നിരവധി ചരിത്ര-ജീവചരിത്ര ഗ്രന്ഥങ്ങൾ നമുക്കു സമ്മാനിച്ചത്. അടുത്തറിഞ്ഞവരെല്ലാം ഉത്തമനായ ഓർത്തഡോക്സ് ക്രിസ്ത്യാനിയെന്ന് അംഗീകരിച്ചിരുന്ന കെ. കെ. ജോൺ സാറിനെ സഭയുടെ ബോധമനസ്സിലേക്ക് കൂട്ടിക്കൊണ്ടുവന്നതിൽ അദ്ദേഹത്തോട് നാം കടപ്പെട്ടിരിക്കുന്നു.

തേജസ്വിയായിരുന്ന ഗീവർഗ്ഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനിയുടെ അടുത്ത ബന്ധുവായിരുന്ന ജോൺ സാറിനെ പല നിലകളിൽ പരിചയപ്പെടാൻ ഇടയായപ്പോഴെല്ലാം അദ്ദേഹത്തിന്റെ സൗമ്യതയും പെരുമാറ്റത്തിലെ കുലീനതയും തന്നേക്കാൾ സ്ഥാനവും പ്രായവും കുറഞ്ഞവരോട് കാണിക്കുന്ന ആത്മാർത്ഥമായ ആദരവും എന്നെ വളരെയധികം ആകർഷിച്ചിട്ടുണ്ട്. തലയുടെ ചുറ്റും വെള്ളിയലുക്കിട്ട നരച്ച മുടി ജോൺ സാറിന്റെ സ്വഭാവ ദാർഢ്യത്തിന് വെള്ളി കെട്ടിയതുപോലെയുള്ള ഒരു തോന്നലാണ് സൃഷ്ടിച്ചത്. വിവേകത്തിന്റെയും പക്വതയുടെയും നിസ്വാർത്ഥമായ സ്നേഹത്തിന്റെയും പ്രകാശവലയമായിരുന്നു അത്.

ജോൺ സാറിന്റെ ക്രിസ്തീയ സ്വഭാവം നമ്മുടെ സമൂഹത്തിനു ലഭിച്ച ഒരു വലിയ അടയാളമായിട്ടു കൂടിയാണ് കെ. വി. മാമ്മൻ വിഭാവനം ചെയ്തിരിക്കുന്നത്. ഇത് വളരെ ഉചിതമാണ്. വൈദികപ്രമാണിത്തമുള്ള ഒരു സഭയിൽ അത്മായരെന്നു വിളിക്കുന്ന അവൈദികരുടെ നിസ്തുലമായ നന്മകളും കഴിവുകളും പലപ്പോഴും നാമറിയാതെ പോകുന്നു. സാത്വികരായ അത്തരമാളുകൾ സ്ഥാനവിമുഖരും പരസ്യക്യാമറയ്ക്ക് നേരെ മുഖം തിരിക്കാത്തവരുമായിരിക്കും. അവരെ കണ്ടെത്തി നിർബന്ധിച്ച് ചുമതലകൾ ഏൽപ്പിച്ചാൽ അതേറ്റവും വിശ്വസ്തമായി നിറവേറ്റുകയും പിന്നെ നിശ്ശബ്ദമായി വേദിയൊഴിയുകയും ചെയ്യും. സഭയുടെ, നാമധികം അറിയാത്ത അണിയറശിൽപ്പികളിൽ ഒരാളായിരുന്നു ജോൺ

സാറും. മഹാവൃക്ഷത്തിന്റെ അദൃശ്യവും എന്നാൽ അനുപേക്ഷണീയ വുമായ വേരുകൾ പോലെ, ഇങ്ങനെയുള്ളവരാണ് നമ്മുടെ സഭയേയും സമൂഹത്തേയും വാസ്തവത്തിൽ ഉറപ്പിച്ചുനിർത്തുകയും പോഷിപ്പിക്കു കയും ചെയ്യുന്നത്. എന്നാൽ നമുക്ക് കൂടുതൽ പരിചയമുള്ളവർ ഏതാണ്ട് പൂർണ്ണമായും രാഷ്ട്രീയവത്ക്കരിക്കപ്പെട്ടിരിക്കുന്ന നിരവധി സഭാ സ്ഥാന ങ്ങളിലേക്ക് പണമെറിഞ്ഞും പടയൊരുക്കിയും പടി ഭേദിച്ചു കടന്നുവരു ന്നവരാണ്. ഈ രണ്ടു കൂട്ടരും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയേണ്ടത് സഭയുടെ ആദ്ധ്യാത്മിക നവോത്ഥാനത്തിന് ആവശ്യമാണ്.

കത്തോലിക്കാ സഭയിൽ അൽമായ പ്രേഷിതത്വം എന്നു പേരു കൊടുത്ത് അവൈദികരെ സഭാസേവനത്തിന് ഉപയോഗിക്കാനുള്ള ശ്രമ മുണ്ട്. അങ്ങനെ പ്രത്യേക പേരു കൊടുക്കേണ്ടി വന്നതിന്റെ കാരണം ആ സഭയിലെ അതിശക്തമായ വൈദികമേധാവിത്തമാണ്. ഓർത്ത ഡോക്സ് സഭയിൽ അങ്ങനെ പ്രത്യേകം പേരു കൊടുക്കുന്നില്ലെങ്കിലും നമ്മുടെ ചരിത്രം നോക്കിയാൽ മലങ്കരമെത്രാപ്പോലീത്തന്മാരും കാതോ ലിക്കാമാരുമായ സഭാദ്ധ്യക്ഷന്മാർ നമ്മുടെ, വിവേകമതികളും സഭാ സ്നേഹികളുമായ സമുന്നത വ്യക്തികളുമായി എപ്പോഴും കൂടിയാലോ ചിക്കുകയും അവരുടെ പക്വമായ ഉപദേശങ്ങൾ സ്വീകരിക്കുകയും ചെയ്തിരുന്നു. അങ്ങനെയുള്ള പല സംഭവങ്ങളും അടുത്തറിഞ്ഞിട്ടുള്ള യാളാണ് കെ. വി. മാമ്മൻ. അതുകൊണ്ട് അദ്ദേഹം ഗ്രന്ഥരചനയ്ക്കായി തിരഞ്ഞെടുത്ത ജോൺ സാറിന്റെ ചരിത്രം മേൽപറഞ്ഞതിനു നല്ല ഉദാ ഹരണമാണ്.

ഈ പുസ്തകത്തിന്റെ രണ്ടാം ഭാഗമായി ജോൺ സാറിനെക്കുറിച്ച് നമ്മുടെ നേതൃത്വ നിലയിലുള്ള പ്രഗത്ഭരുടെ സാക്ഷ്യങ്ങളും നൽകിയി രിക്കുന്നത് സമുചിതമായി. ചരിത്രവും ചരിതവും സത്യസന്ധമായി സമ ന്വയിപ്പിക്കുമ്പോഴാണ് ഇത്തരം ഗ്രന്ഥങ്ങൾ വായനക്കാർക്ക് ഹൃദ്യമായ അനുഭവം ലഭ്യമാക്കുന്നത്. വസ്തുനിഷ്ഠത നഷ്ടപ്പെടാതെ രസകരമായി വായിച്ചറിയാനുള്ള വായനീയതയാണ് കെ. വി. മാമ്മന്റെ രചനകൾക്കു ള്ളത്. കെ. കെ. ജോണിനെപ്പോലെ, നമ്മുടെ സഭാചരിത്രത്തിന്റെ മലമടക്കുകളിൽ മറഞ്ഞിരി ക്കുന്ന നിരവധി ശ്രേഷ്ഠവ്യക്തികളെ വെളിപ്പെ ടുത്തിക്കൊണ്ടുവരുവാൻ അദ്ദേഹം ശ്രമിച്ചുകൊ ണ്ടേയിരിക്കുന്നതിൽ നമുക്കെല്ലാം അഭിമാനമു ണ്ട്. എല്ലാ നന്മകളും അനുഗ്രഹങ്ങളും ഈ സംരംഭത്തിന് ദൈവം കനിഞ്ഞരുളട്ടെ.



**ഫാ. ഡോ. കെ. എം. ജോർജ്**

ഡയറക്ടർ, സോപാന അക്കാദമി

# ആമുഖം

മൺമറഞ്ഞ മഹൽവ്യക്തികളെ പിൻതലമുറ അനുസ്മരിക്കുന്നതും ആദരിക്കുന്നതും കർത്തവ്യബോധത്തിൽ നിന്നാണ്. അത് അനുഗ്രഹ കരമാണെന്നുള്ളതിനും സംശയമില്ല. തങ്ങളുടെ പൈതൃകത്തെപ്പറ്റി കൃത ജ്ഞതയോടും അഭിമാനത്തോടും അനുസ്മരിക്കുക എന്നതിലുപരി, പൂർവ്വികരുടെ ഉത്തമമൂല്യങ്ങളെ മുറുകെ പിടിക്കുന്നതിനും, അവരുടെ ശ്രേഷ്ഠ കാലടികളെ പിന്തുടരുന്നതിനുമുള്ള പ്രേരണയും അതുമൂല മുളവാകും. ചരിത്ര പഠനം നൽകുന്ന നേട്ടവും അതാണല്ലോ.

സഭയിലെയും അതിനുപുറത്തുള്ള സമൂഹത്തിലെയും അനവധി വ്യക്തികളുമായി അടുത്ത് ഇടപഴകുവാനും, അനേകരോടും ഒരുമിച്ച് പ്രവർത്തിക്കാനും എനിക്കവസരമുണ്ടായിട്ടുണ്ട്. എന്നാൽ ചുരുക്കം ചില രുടെ സ്മരണ പച്ചയായവിധത്തിൽ മനസ്സിൽ തെളിഞ്ഞു നിൽക്കുന്നു. അവരിൽ പ്രഥമഗണനീയനാണ് കെ. കെ. ജോൺ സാർ. എല്ലാ ദിവ സവും ഞങ്ങൾ തമ്മിൽ ബന്ധപ്പെട്ടിരുന്നതുകൊണ്ടു മാത്രമല്ല, ആ വ്യക്തിത്വത്തിന്റെ മഹത്വവും അതുല്യതയും അതിനു കാരണമാണ്. അദ്ദേഹം എനിക്ക് ഒരു ജ്യേഷ്ഠസഹോദരനു തുല്യമായിരുന്നു. ഞങ്ങൾ തമ്മിൽ ആശയവിനിമയം ചെയ്യാത്ത വിഷയങ്ങൾ ഒന്നുമില്ല. പരസ്പരം ഹൃദയം തുറക്കുന്നതിന് യാതൊന്നും പ്രതിബന്ധമായി നിന്നില്ല.

അദ്ദേഹത്തിന്റെ ചരമവാർഷിക ദിനം തന്നെയാണ് കോട്ടയത്തിന്റെ മാത്യൂസ് മാർ ഈവാനിയോസ് (പാറേട്ട്) തിരുമേനിയുടെ ഓർമ്മദിനവും. തിരുമേനിയെപ്പറ്റിയുള്ള ആദരവും ഓർമ്മയും നിലനിറുത്തിക്കൊണ്ടു തന്നെ ഞാൻ ജോൺ സാറിന്റെ ഓർമ്മയുടെ അനുഷ്ഠാനത്തിലാണ് സംബന്ധിക്കാറുള്ളത്. കഴിഞ്ഞ ചരമവാർഷികദിനത്തിൽ, ഭവനത്തിൽ വച്ചു മക്കളുമായി സംസാരിച്ചപ്പോൾ അവർ വെളിപ്പെടുത്തി, 2015 ജനു വരിയിൽ സാറിന്റെ ജന്മശതാബ്ദി ആകും എന്ന്. അതു കേട്ടപ്പോൾ എന്റെ മനസ്സിൽ ഉയർന്നുവന്ന ഒരു ആശയമാണ് സാറിനെപ്പറ്റിയുള്ള ഒരു സ്മരണിക തദവസരത്തിൽ പ്രസിദ്ധീകരിക്കണമെന്ന്. മക്കൾ ആ അഭിപ്രായത്തെ സസന്തോഷം സ്വാഗതവും ചെയ്തു.

പിന്നീട് അതിന്റെ നിർവ്വഹണം എങ്ങനെ എന്നുള്ള ചിന്തയായി. കഥാ പുരുഷൻ ഡയറി എഴുതുന്ന വ്യക്തി ആയിരുന്നെങ്കിൽ സ്മരണിക യ്ക്കുള്ള വസ്തുതകൾ ഗണ്യമായ തോതിൽ അതിൽ നിന്നു ലഭിക്കുമാ യിരുന്നു. സാറിന്റെ ഡയറിക്കുറിപ്പുകൾ ഒന്നുമില്ല. മക്കളുടെ ഓർമ്മയിൽ നിന്ന് സംഭരിക്കാനേ നിവൃത്തിയുള്ളു. രചനയുടെ കാര്യത്തിൽ പരിണ തപ്രജ്ഞനായ ഒരാളാണ് ശ്രീ. കെ. വി. മാമ്മൻ. മലയാള മനോരമ

പത്രാധിപസമിതിയിൽ പ്രവർത്തിച്ചു ലഭിച്ച പ്രാവീണ്യം, ഇപ്പോൾ, ജീവചരിത്ര മേഖലയിലും സഭാചരിത്ര മേഖലയിലുമുള്ള പ്രാമാണിക ഗ്രന്ഥങ്ങൾ രചിക്കുന്നതിൽ അദ്ദേഹം പൂർണ്ണസമയം വിനിയോഗിച്ചുകൊണ്ടിരിക്കുന്നു. ശതാഭിഷിക്തനായ മാമ്മച്ചൻ ഇപ്പോഴും കാൽനടയായും ബസ്സിലും ഒക്കെ യാത്ര ചെയ്ത് സഭാസംബന്ധമായ വസ്തുതകൾ ശേഖരിച്ച് ചരിത്രഗ്രന്ഥങ്ങൾ രചിക്കുന്നതിൽ ഉത്സുകനാണ്. സഭയിൽ നിന്നുള്ള ഏതെങ്കിലും സ്ഥാനമോ, അംഗീകാരമോ ആഗ്രഹിച്ചുകൊണ്ടുള്ള പ്രവർത്തനമല്ല. കാതോലിക്കേറ്റിന്റെയും ഓർത്തഡോക്സ് സഭയുടെയും ശക്തനായ വക്താവായി അദ്ദേഹം വർത്തിക്കുന്നു.

ജോൺ സാറിനെയും മക്കളെയും നന്നായിട്ടറിയാവുന്ന മാമ്മച്ചൻ ഈ സ്മരണികയുടെ ചുമതല ഏൽക്കണമെന്നുള്ള അഭ്യർത്ഥന സ്വീകരിച്ച്, ഈ കൃതി മനോഹരമായി രൂപകല്പന ചെയ്തു കൃത്യസമയത്ത് പ്രസിദ്ധീകരിക്കാൻ സന്നദ്ധനായി. ഈ കൃതിയുടെ പൂർണ്ണരൂപത്തെപ്പറ്റി ഞങ്ങൾ ഒരുമിച്ച് ചർച്ച ചെയ്ത് നിശ്ചയിക്കയായിരുന്നു. ജോൺ സാറിനെ നേരിട്ടറിയുന്നവരും, സാറുമായി ബന്ധപ്പെട്ടിട്ടുള്ളവരുമായ പ്രമുഖരുടെ ഒരു ലിസ്റ്റ് തയ്യാറാക്കി. അവരുടെ അറിവും അനുഭവങ്ങളും പങ്കുവയ്ക്കുവാൻ അപേക്ഷിച്ചപ്പോൾ എല്ലാവരും സസന്തോഷം ആ കൃത്യം നിർവഹിച്ചു. വിദ്യാഭ്യാസരംഗത്തും, സഭാപ്രവർത്തനരംഗത്തും, സാമൂഹ്യരംഗത്തും മറ്റുമായി സമ്പർക്കം പുലർത്തിയവരും കുടുംബാംഗങ്ങളും മുമ്പോട്ടു വന്നപ്പോൾ സ്മരണികയ്ക്ക് രൂപവും ഭാവവുമായി. അവരെല്ലാവരോടുമുള്ള കൃതജ്ഞത ഇവിടെ രേഖപ്പെടുത്തട്ടെ.

സഭയുടെ പരമാദ്ധ്യക്ഷൻ പ. കാതോലിക്കാബാവായുടെ ആശീർവാദവും, മറ്റു തിരുമേനിമാരുടെ അനുസ്മരണകളും ഈ കൃതിക്ക് മാറ്റു വർദ്ധിപ്പിക്കുന്നു. അനുസ്മരണകളിൽ ആവർത്തനവിരസത ഒരു പക്ഷേ അനുഭവപ്പെട്ടു എന്നു വരും. അതു ഒഴിവാക്കാവുന്നതല്ല; തികച്ചും സ്വാഭാവികം മാത്രം.

ആദർശനിഷ്ഠരും, നിസ്വാർത്ഥമതികളും, വിനയത്തോടും പക്വതയോടും വസ്തുനിഷ്ഠമായും സാഹചര്യങ്ങളെ വിലയിരുത്തുന്നവരുമായ നേതാക്കൾ ഇന്ന് അപൂർവ്വമായിക്കൊണ്ടിരിക്കുമ്പോൾ, ജോൺ സാറിനെപ്പോലുള്ള വ്യക്തികളുടെ ജീവിതവും പ്രവർത്തനങ്ങളും ഇന്നത്തെ തലമുറയ്ക്കു പ്രചോദനമാകുവാൻ സഹായിക്കുമെന്നു പ്രതീക്ഷിക്കുന്നു. ഈ ഗ്രന്ഥം പ്രസിദ്ധീകൃതമാകുവാൻ സഹായിച്ച എല്ലാ മാന്യ വ്യക്തികളോടുമുള്ള കൃതജ്ഞത പ്രകാശിപ്പിക്കുന്നു.

**ഫാ. റ്റി. ജെ. ജോഷ്വാ**

# ഉള്ളടക്കം


അനുഗ്രഹാശംസ — പ. മാർത്തോമ്മാ പൗലോസ് ദ്വിതീയൻ — 6

മുഖത്തെ പ്രസരിപ്പും ആകാരത്തിലെ ആഢ്യത്വവും
കുറിയാക്കോസ് മാർ ഈവാനിയോസ് — 8

കാര്യശേഷിയും സമർപ്പണവും ആത്മാർത്ഥതയും മുഖമുദ്ര
സി. എഫ്. തോമസ് എം.എൽ.എ. — 10

അവതാരിക — ഫാ. ഡോ. കെ. എം. ജോർജ് — 11

ആമുഖം — ഫാ. റ്റി. ജെ. ജോഷ്വാ — 14

**ഭാഗം ഒന്ന് – ജീവചരിത്രം — കെ. വി. മാമ്മൻ**

1 ഇതിലേ ഇതിലേ... — 19
2 കോലത്തുകളത്തിൽ കുടുംബം: ഹ്രസ്വചരിത്രം — 21
3 കുടുംബവും മാതാപിതാക്കളും — 27
4 വിദ്യാഭ്യാസവും ഉദ്യോഗവും — 29
5 കാതോലിക്കേറ്റ് വിദ്യാലയങ്ങളുടെ ഓഫീസ് മാനേജർ — 32
6 കുറിച്ചി ചെറിയപള്ളി ഒരു വലിയ നേട്ടം — 34
7 സന്താന സൗഭാഗ്യം — 37
8 പൗലോസ് മാർ പക്കോമിയോസ് — 39
9 ബഥനിയുടെ ഭാഗമായി — 44
10 മരണവും കബറടക്കവും — 51

**ഭാഗം രണ്ട് – അനുപമ സ്മരണകൾ**

1 സാക്ഷാൽ യിസ്രായേല്യൻ
ഫാ. ഡോ. റ്റി. ജെ. ജോഷ്വാ — 54

2 ഒരുത്തമ ഗുരുവിനെപ്പറ്റി വൈകിവന്ന ശിഷ്യൻ
കെ. വി. മാമ്മൻ — 65

3 ജീവിതവിശുദ്ധിയിൽ ഉന്നതനും ആദർശങ്ങളിൽ അടിയുറച്ചവനും
ഗീവർഗീസ് മാർ കൂറിലോസ് — 70

4 മാതൃകാ കുടുംബനാഥൻ
മാത്യൂസ് മാർ തേവോദോസ്യോസ് — 74

5 ആത്മീയതയുടെ അന്ത്യായപര്യായം
ഫാ. ഡോ. ജേക്കബ് കുര്യൻ — 77

6 ഓർമ്മകളിൽ തുടിച്ചുനിൽക്കുന്ന കെ. കെ. ജോൺ സാർ
ഫാ. ഡോ. ജോർജ് കോശി, ന്യൂയോർക്ക് — 78

7 ആത്മാർത്ഥതയുടെ ആൾരൂപം
ജോൺ മത്തായി, തുരുത്താമഠം — 83

8 ഗുരുവേ നമോ നമ:
കെ. ജോൺ മാത്യൂസ്, തുമ്പമൺ — 88

9 ജ്യേഷ്ഠസഹോദര സ്ഥാനീയനായ ഉത്തമസുഹൃത്ത്
സി. എ. ഏബ്രഹാം, വാകത്താനം 93
10 ഞാൻ കണ്ട മനുഷ്യസ്നേഹിയായ ഒരു മഹൽവ്യക്തി
കെ. എം. മാത്യു, തിരുവല്ല 95
11 കുടുംബത്തിന്റെ അഭിമാനസ്തംഭം
കെ. ജോൺ ജോസഫ് 99
12 നാടിന്റെ കരിയർ ഗുരു: എന്റേയും
പ്രൊഫ. ജോസഫ് കെ. അലക്സാണ്ടർ 101
13 സഭയെ സ്നേഹിച്ച ഞങ്ങളുടെ കുഞ്ഞച്ചായൻ
വട്ടശ്ശേരിൽ ഏബ്രഹാം ജോസഫ് 104
14 അപൂർവ്വങ്ങളിൽ അപൂർവ്വം
എം. എസ്. സോമൻ 106
15 സൗമ്യനും മിതഭാഷിയും
കെ. ജോർജ്ജ് തങ്കച്ചൻ 109
16 കുടുംബത്തിന്റെ അഭിമാനസ്തംഭം
കെ. ജോൺ കുരുവിള 111
17 എല്ലാവർക്കും സ്വീകാര്യനായ സത്യസന്ധൻ
കെ. സി. ജോർജ് വെണ്ണിക്കുളം 116
18 ഉത്തമനായ എന്റെ ഗുരുനാഥൻ
ഫാദർ കെ. എം. മാത്യു 120
19 ഏക മകളുടെ സ്പന്ദിക്കുന്ന സ്മരണകളുടെ സമാഹാരം
ഡോ. സാറാമ്മ കോശി 123
20 പ്രണാമങ്ങളോടെ
എ. പി. ഗൗരിക്കുട്ടിയമ്മ 130
21 ജോൺ സാറിനെപ്പറ്റി എന്റെ ബാല്യകാല സ്മരണകൾ
പ്രൊഫ. സൂസൻ ബി. സഖറിയ 131
22 സന്മാതൃകകൾ സമ്മാനിച്ചുകടന്നുപോയ ശ്രേഷ്ഠ വ്യക്തി
എം. സി. ഏബ്രഹാം 135
23 കുടുംബത്തിന്റെ അഭിമാന സ്തംഭം
ഡോ. പുന്നൂസ് ടി. പുന്നൂസ് തോപ്പിൽ 137
24 ഏൽപ്പിച്ച ചുമതലകൾ ശരിക്കും നിറവേറ്റി
പ്രൊഫ. ഡോ. വി. മാത്യു കുര്യൻ 140
25 നാട്ടുകാർക്കു ലഭിച്ച ദൈവത്തിന്റെ ദാനം
ഉമ്മൻ പി. ഏബ്രഹാം 142
26 അത്യാദരപൂർവ്വം ആദരാഞ്ജലികൾ
എൻ. ജയപ്രകാശ് 147
27 മരിച്ചാലും മറക്കാത്തമധുര സ്മരണകൾ
തോമസ് ജോൺ 149

28 ജീവിതത്തെ ദിശാബോധം നൽകി തിരിച്ചുവിട്ടു
സൂസി കുരുവിള 160
29 നല്ല ഭരണകർത്താവും ഗുരുശ്രേഷ്ഠനും
ഫാ. ജോൺ ശങ്കരത്തിൽ 161
30 പ. മാത്യൂസ് പ്രഥമൻ ബാവായും കെ. കെ. ജോണും
കെ. ജെ. ഏബ്രഹാം 163
31 K. K. John still lives in our hearts
Prof. John Kuruvilla 166
32 Words of appreciation from
Dr. Cham Kuruvilla 168
33 Short - but great Memories
Mary Jacob 170
34 Reminisces the prerogative of age
Dr. Eapen C. Kurian, Chandrathil 171

**ഭാഗം മൂന്ന് - സ്നേഹസ്മരണകൾ**

1 The House with the Hay stack
Dr. Mary J. Marret 175
2 An Able Man who kept his values
Joe John Kuruvilla 181
3 A great Man Who valued Relationships
Mrs. Joyce Christy 183
4 A Man of humility and Hardworking
Ben Mathew Koshy 185
5 A Blessed Heritage
Dr. Betsy Annie Koshy 188
6 Seven Golden Years with Appachan
Anoop John Thomas 189
7 A Good Grandfather who loved the Children a lot
Ajana Merin Joseph 192
8 My Lasting Impressions of Appachan
Dr. Vishak Johny John 193
9 A Man of Vision and Clarity
Ashok Mathew John 194
10 It was a privilege to be Appachan's grand child
Rony Oommen John 197
11 A great 'Humble' Man
Reeba Mariam Oommen 200

**Appendix**

1 A note in memory of our father, Brigadier K John Kuruvilla
Joe & Joyce 201
2 Life of Paulose Mar Pachomios 204
3 കുറിയാക്കോസ് കത്തനാർ (1822-1898) 207



# ഭാഗം ഒന്ന്

# ജീവചരിത്രം

# 1

# ഇതിലേ ഇതിലേ...

ജന്മംകൊണ്ടും കർമ്മംകൊണ്ടും വീടിനും നാടിനും പൊതുസമൂഹത്തിനും സ്വന്തം സമുദായത്തിനും സഭയ്ക്കും രാജ്യത്തിനും ഏറെ നന്മകൾ പ്രദാനം ചെയ്തും വിവിധതലങ്ങളിൽ പ്രശോഭിച്ചും തദ്വാരാ ഒട്ടധികംപേരെ വിഭിന്ന സരണികളിൽ സന്നിവേശിപ്പിച്ചും സദുപദേശങ്ങളിലൂടെ നാട്ടുകാരെ പ്രബുദ്ധരാക്കി നയിക്കുകയും ചെയ്ത പല പ്രശസ്ത വ്യക്തികളാണു മൂന്നക്ഷരങ്ങളിൽ തുടിച്ചു നിൽക്കുന്ന കുറിച്ചി എന്ന രമ്യഭൂഭാഗത്തിന്റെ ഈടുവെപ്പ് എന്നു പറഞ്ഞാൽ ആരും തർക്കത്തിനു വരാൻ ഇടയില്ല. ജില്ലാ ആസ്ഥാനവും ഒരു പ്രമുഖ സാംസ്കാരികകേന്ദ്രവും അക്ഷരനഗരി എന്ന് അക്ഷരാർത്ഥത്തിൽ തന്നെ വിശേഷിപ്പിക്കപ്പെടുകയും ചെയ്യുന്ന കോട്ടയത്തു നിന്നു 15 കിലോമീറ്റർ തെക്കുമാറി സ്ഥിതിചെയ്യുന്ന കുറിച്ചി പ്രദേശം നന്മകളാൽ നിറഞ്ഞ നാട്ടിൻപുറം തന്നെയാണ്. തങ്ങളുടെ പൊതുസ്വത്ത് ഈശ്വരവിശ്വാസവും അതിലാശ്രയിച്ചുള്ള ജീവിതവുമാണെന്ന് ആത്മാർത്ഥമായി കരുതി മരുവുന്ന ജനവിഭാഗങ്ങൾ കുറിച്ചിയെ മതസൗഹാർദ്ദത്തിന്റെ ഒരു മാതൃകാ ഗ്രാമമായി ഇന്നും നിലനിർത്തിയിരിക്കുന്നതിന്റെ പിന്നിലെ മഹത്തായ സാംസ്കാരിക പാരമ്പര്യം സ്വയം സംസാരിക്കുന്നതാണ്.

അങ്കമാലിയിൽ നിന്നു തിരുവനന്തപുരംവരെ നാടിന്റെ ജീവനാഡികണക്കെ നീണ്ടുകിടക്കുന്ന എം.സി. റോഡിലൂടെ ഇടതടവില്ലാതെ ഒഴുകുന്ന വിവിധതരം ശകടനിവഹങ്ങളുടെ കിടുകിടാ ശബ്ദത്തിനോ കുട്ടനാട്ടിലെ വയലേലകളാൽ പരിസേവിതമായ കായൽപരപ്പിലൂടെ സദാ ഓടിഎത്തുന്ന നിലയ്ക്കാത്ത ഓളങ്ങളുടെ താളനിബദ്ധമായ ശബ്ദതരംഗങ്ങൾക്കോ കുറിച്ചി ഗ്രാമത്തിലെ ശാലീനസുന്ദരമായ ശാന്തതയെ ഭഞ്ജിക്കാൻ കഴിയുന്നില്ല. ലേശംപോലും മാലിന്യസ്പർശമില്ലാത്ത ശുദ്ധമായ കടൽക്കാറ്റിന്റെ തലോടലേറ്റുകിടക്കുന്ന ഈ ഗ്രാമം മൂന്നുനാലു ശതാബ്ദങ്ങൾക്കു മുമ്പു കുടിയേറിപ്പാർത്ത ഏതാനും പ്രശസ്ത ക്രൈസ്തവ കുടുംബങ്ങളുടേയും അവിടെനിന്നു പൊട്ടിമുളച്ചു തളിർത്തു വളർന്ന പ്രഗത്ഭരായ ചില മഹാന്മാരുടെയും പ്രവർത്തനം മൂലം ആഗോളഭൂപടത്തിൽ സ്ഥാനം പിടിച്ചിട്ട് വർഷങ്ങൾ ഏറെയായി.

ഈ പ്രശസ്ത വ്യക്തികളിൽ എന്തുകൊണ്ടും പ്രഥമസ്ഥാനം അർഹിക്കുന്നത് കല്ലാശ്ശേരി കുടുംബത്തിലെ ഭാഗ്യസ്മരണാർഹനായ പരിശുദ്ധ ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ കാതോലിക്കാ ബാവായാണെന്നതിനും രണ്ടുപക്ഷമില്ല. തിരുമേനിയുടെ കുടുംബത്തോടടുത്തബന്ധമുള്ള മലങ്കരസഭാഭാസുരൻ പ. വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാ

സ്യോസ്, റാന്നി പെരുനാട് ബഥനി ആശ്രമം സുപ്പീരിയറും സന്യാസിവര്യനും പിന്നീട് ഇടുക്കി, അങ്കമാലി, മാവേലിക്കര എന്നീ ഭദ്രാസനങ്ങളുടെ അധിപനുമായിരുന്ന പൗലോസ് മാർ പക്കോമിയോസ് എന്നിവരെല്ലാം ഒരാദ്ധ്യാത്മിക മേലാപ്പിന്റെ കീഴിലുള്ള കുറിച്ചി ഗ്രാമത്തിന്റെ അഭിമാനത്തെ അംബരത്തോളം ഉയർത്തി കടന്നുപോയവരാണ്.

കൂടാതെ കഴിഞ്ഞ മുന്നൂറിൽപരം വർഷങ്ങളിലേക്കു ഒന്നു തിരിഞ്ഞു നോക്കിയാൽ കുറിച്ചിക്കാരായ ഒട്ടധികം പ്രശസ്ത വൈദികരും അവൈദികപ്രമുഖരും സ്വന്തം നാടിന്റെ സമസ്തമേഖലകളിലും സൽസ്വാധീനം ചെലുത്തുകയും ധാർമ്മിക-സാംസ്കാരിക-വിദ്യാഭ്യാസ-കാർഷിക രംഗങ്ങളിൽ മായാത്ത വ്യക്തിമുദ്രകൾ പതിക്കുകയും ചെയ്തിട്ടുണ്ട്. ഇങ്ങനെ നാനാതുറകളിൽ നേതൃത്വം നൽകിയവരെ നന്ദിയോടെ സ്മരിക്കുന്നതിൽ നാട് ഒട്ടും പിന്നിലുമല്ല. കുറിച്ചി സ്കൂളിൽ പഠിച്ചവരും പലനിലകളിൽ ഉയർന്നവരുമായ വിവിധ മതവിഭാഗക്കാരും സംസ്കാരസമ്പന്നരുമായ ചില സമുന്നത വ്യക്തികളുടെ സാക്ഷ്യങ്ങൾ ആരെയും ത്രസിപ്പിക്കാൻ പോരുന്നതാണ്. കുറിച്ചിയുടെ വിദ്യാഭ്യാസരംഗത്തു രണ്ടാമനില്ലാത്ത ഒന്നാമനായി ദീർഘകാലം പ്രഭ ചൊരിയുകയും നാട്ടിലെ അപ്രഖ്യാപിത ന്യായാധിപനായി സർവ്വരാലും ആദരിക്കപ്പെടുകയും ചെയ്ത ഭാഗ്യസ്മരണാർഹനായ നെയ്ശ്ശേരിൽ കെ. കെ. ജോൺ സാറിനു തങ്ങൾ ഹൃദയത്തിൽ സൂക്ഷിച്ചുവെച്ചിരിക്കുന്ന ഗുരുദക്ഷിണ നൽകാതെ തന്റെ വിദ്യാർത്ഥി സമൂഹത്തിനും നല്ലവരായ നാട്ടുകാർക്കും കടന്നുപോകാനും സാധ്യമല്ല.

യഹോവയിൽ ആശ്രയിച്ചും അന്യജീവനുതകിയും പരമാർത്ഥതയിൽ നീതിമാനായി നടന്നും ജന്മസാഫല്യമണഞ്ഞ ജോൺ സാർ അനുഗൃഹീതരായ മക്കളെയും കൊച്ചുമക്കളെയും കണ്ടു സംതൃപ്തനായശേഷമാണ് ഇമ്പങ്ങളുടെ പറുദീസയിലേക്കു പറന്നുപോയത്.

മറ്റുള്ളവർക്കും അനുകരണാർഹമായ കെ. കെ. ജോൺ സാറിന്റെ ജീവിതത്തിലേക്കു കടക്കുവാൻ ചില യാഥാർത്ഥ്യങ്ങളുടെ ഒരു ചെറിയ പശ്ചാത്തല വിവരണം കൂടാതെ പ്രയാസമാണെന്നു തോന്നിയതുകൊണ്ടാണു ഈ വരികൾ ഇവിടെ ആലേഖനം ചെയ്യുന്നത്. ബാല്യം മുതലേ അദ്ദേഹത്തിന്റെ ജീവിതത്തെ കരുപ്പിടിപ്പിച്ച കുറിച്ചി വലിയപള്ളിയുടെയും അദ്ദേഹവും കൂടി സഹകരിച്ചു നിർമ്മിച്ച ചെറിയപള്ളിയുടെയും ഗ്രാമീണ റോഡുകളുടെയും ഹൈസ്കൂളിന്റെയും എല്ലാം ചരിത്രം ജോൺ സാറിന്റെ എട്ടു ദശാബ്ദങ്ങൾ നീണ്ടുനിന്ന സമ്പന്നവും സംതൃപ്തവുമായ ഈലോകവാസത്തിലെ വഴിവിളക്കുകളാണ്. അദ്ദേഹം വെട്ടിത്തുറന്ന സൽപന്ഥാവുകളിലൂടെ നമുക്കും അൽപം സഞ്ചരിക്കാം. ഇതിലേ ഇതിലേ...

# 2

# കോലത്തുകളത്തിൽ കുടുംബം: ഹ്രസ്വചരിത്രം

മലങ്കരസഭയുടെ സ്ഥാപകനായ മാർത്തോമ്മാശ്ലീഹാ ഒന്നാം നൂറ്റാണ്ടിൽത്തന്നെ ഇന്ത്യയുടെ തെക്കുപടിഞ്ഞാറെ മൂലയിൽ കിടക്കുന്ന - മലകളുടെയും കടലിന്റെയും ഇടയ്ക്കു സ്ഥിതിചെയ്യുന്ന - കേരളത്തിൽ എത്തുകയും ഇവിടെ യേശുക്രിസ്തുവിന്റെ അന്ത്യകല്പനപ്രകാരം ജനങ്ങളോടു സുവിശേഷം അറിയിക്കുകയും സഭ ആരംഭിക്കുകയും ചെയ്തു എന്നുള്ള ചരിത്രം അനിഷേധ്യമാണെങ്കിലും ആ വസ്തുതയേയും ചോദ്യം ചെയ്യുന്നവരും അതു വിശ്വസിക്കാത്തവരും ഇല്ലെന്നില്ല. മാർത്തോമ്മാശ്ലീഹാ ഇവിടെ വന്നു സുവിശേഷവിത്തു വിതച്ചില്ലെങ്കിൽ മറ്റാരെങ്കിലും ഈ നാട്ടിൽ വന്നിരിക്കണമല്ലോ. അതാരാണെന്നും എന്നാണെന്നും വിമർശകർ വ്യക്തമാക്കുന്നില്ല. അതുകൊണ്ടു തന്നെ മാർത്തോമ്മാശ്ലീഹാ അല്ലാതെ മറ്റൊരു ശിഷ്യനും ക്രിസ്തുവിന്റെ പാദസ്പർശമേറ്റ വിദൂരസ്ഥലങ്ങളിൽ നിന്നു ഭാരതമണ്ണിൽ കാലുകുത്തിയിട്ടില്ല. ഇന്ത്യയിലെ ആദിമസഭയുടെ അംഗങ്ങൾ മാർത്തോമ്മാ ക്രിസ്ത്യാനികൾ, നസ്രാണികൾ മുതലായ നാമങ്ങളിൽ അറിയപ്പെട്ടിരുന്നു. കൂടാതെ മാർത്തോമ്മാശ്ലീഹാ നിരണം മുതലായ എട്ടു സ്ഥലങ്ങളിൽ അന്നത്തെ ഏക പരിശുദ്ധയായ സെന്റ്മേരിയുടെ നാമത്തിൽ ദേവാലയങ്ങളും സ്ഥാപിച്ചിരുന്നു. ഇതെല്ലാം ചരിത്രത്തിന്റെയും ചരിത്രത്തേക്കാൾ ശക്തമായ പാരമ്പര്യങ്ങളുടെയും അടിസ്ഥാനമുള്ള ഐതിഹ്യങ്ങളുടെയും ബലിഷ്ഠമായ തൂണുകളിൽ നിലനിന്നു വരുന്നതാണ്.

1498-ൽ പോർട്ടുഗീസുകാർ ഇന്ത്യയിൽ വരുന്നതുവരെ ഇന്ത്യയിൽ മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച ഏക സഭയും ഏകവിശ്വാസവുമേ ഉണ്ടായിരുന്നുള്ളു എന്നതിനു വ്യക്തമായ ചരിത്രമുണ്ട്. വ്യാപാരം, മതപ്രവർത്തനം എന്നീ ദ്വിമുഖ ലക്ഷ്യത്തോടെ ഇവിടെ കാലുകുത്തിയ പോർട്ടുഗീസുകാർ നാട്ടുരാജാക്കന്മാരുടെയും ഇടപ്രഭുക്കന്മാരുടെയും പ്രീതി നേടുകയും ശക്തി പ്രാപിക്കുകയും മാർത്തോമ്മൻ ക്രിസ്ത്യാനികളെ അവരുടെ പണവും ശക്തിയും രാഷ്ട്രീയ സ്വാധീനവും മുഷ്ടിയും ഉപയോഗിച്ചു കത്തോലിക്കാ സഭയിൽ ചേർക്കുകയും ചെയ്തപ്പോൾ മലങ്കരസഭയിലും ഭിന്നിപ്പിന്റെ വേലിയേറ്റം ആഞ്ഞടിച്ചു. അതിന്റെ ഫലമായുണ്ടായ 1599-ലെ ഉദയംപേരൂർ സുന്നഹദോസും 1653-ലെ കൂനൻകുരിശുസത്യം എന്ന സ്വാതന്ത്ര്യ സമരവും എല്ലാം ചരിത്രത്തിന്റെ താളുകളിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. കൃഷി വ്യാപാര വ്യവസായങ്ങളിലും കന്നുകാലി വളർത്ത

ലിലും മറ്റും ഏർപ്പെട്ടു ആരാധനയുടെ അടിസ്ഥാനത്തിൽ ശാന്തസുന്ദര മായ ക്രിസ്തീയ ജീവിതം നയിച്ച കേരളത്തിലെ ക്രൈസ്തവരുടെ ഇട യിൽ കലക്കങ്ങളും കൈയേറ്റങ്ങളും അക്രമങ്ങളും കൊലപാതകവും മറ്റും സൃഷ്ടിക്കാൻ പോർട്ടുഗീസുശക്തിക്കും അതിന്റെ തണലിൽ വളർന്നു വന്ന കത്തോലിക്കാ സഭയ്ക്കും സാധിച്ചു. തന്നിമിത്തം ഇവി ടുത്തെ വൈദികർക്കും മലങ്കരസഭയുടെ അഭ്യർത്ഥനപ്രകാരം മലയാള ക്കരയിലേക്കു വന്ന വിദേശ മതാദ്ധ്യക്ഷന്മാർക്കും പലവിധ പീഡനങ്ങളും മരണവും മറ്റും നേരിടേണ്ടി വന്നു എന്നതും ചരിത്രസത്യമായി അവശേ ഷിക്കുന്നു.

ചുരുക്കിപ്പറഞ്ഞാൽ മാർത്തോമ്മാശ്ലീഹായുടെ കാലം മുതൽ പതി നഞ്ചാം നൂറ്റാണ്ടിന്റെ അന്ത്യം വരെയുള്ള കേരളത്തിലെ ആദിമസഭയുടെ യഥാർത്ഥ ചരിത്രം ഒരു വലിയ അളവിൽ ഇരുളിൽ തന്നെയാണ്. നേരത്തെ ഏതെങ്കിലും രേഖകൾ ഉണ്ടായിരുന്നു എങ്കിൽ അവയെല്ലാം പ്രാർത്ഥനാ പുസ്തകങ്ങൾ സഹിതം റോമൻ കത്തോലിക്കാ മേധാവി കൾ അഗ്നിക്കിരയാക്കി. അതോടൊപ്പം തന്നെ ചരിത്രം രചിക്കുക, രേഖ കൾ സൂക്ഷിക്കുക തുടങ്ങിയ കാര്യങ്ങളിൽ മലങ്കരസഭയിലെ അംഗങ്ങൾ ഒട്ടും ശ്രദ്ധിച്ചിരുന്നുമില്ല. ഇന്നു പല ഗവേഷണങ്ങൾ വഴി ലഭിക്കുന്ന സൂചനകളും നിഗമനങ്ങളും മുഖവിലയ്ക്കെടുത്താൽ വികൃതമായ ചരി ത്രമായിരിക്കും ലഭിക്കുക. ഈ പശ്ചാത്തലത്തിൽ മലങ്കരസഭയുടെയും സഭാംഗങ്ങളുടെയും യഥാർത്ഥ ചരിത്രം കാലം സൃഷ്ടിച്ച മാറാലകൾ മൂലം മറഞ്ഞു കിടക്കുകയാണെന്നു പറയുന്നതായിരിക്കും കൂടുതൽ ശരി.

കേരളത്തിലെ മിക്ക ക്രൈസ്തവ കുടുംബങ്ങളും തങ്ങളുടെ പാരമ്പ ര്യങ്ങളിലും ആചാരങ്ങളിലും അഭിമാനം കൊള്ളുന്നുണ്ടെങ്കിലും അവ രുടെ വംശാവലി, ചരിത്രം മുതലായവ സംബന്ധിച്ച രേഖകൾ സൂക്ഷിച്ചു വച്ചിട്ടില്ലാത്തവരാണ്. ചിലർ ഉണ്ടായിരുന്ന രേഖകൾ തന്നെ തിരിച്ചു കിട്ടാ നാവാത്തവിധത്തിൽ നഷ്ടപ്പെടുത്തിയവരുമാണ്. അതേസമയം കേരള ത്തിലെ മിക്ക ക്രിസ്തീയ കുടുംബങ്ങളും സെന്റ് തോമസിന്റെ മഹ ത്തായ പാരമ്പര്യത്തിൽ ഇന്നും ഊറ്റംകൊള്ളുകയും ചെയ്യുന്നു.

പ്രശസ്തമായ കുറിച്ചി കോലത്തുകളത്തിൽ കുടുംബത്തിന്റെയും മൂന്നു ശതാബ്ദത്തിനു മുമ്പുള്ള വ്യക്തമായ ചരിത്രത്തിന്റെ ചിത്രം ലഭ്യ മല്ലെന്നുള്ളതാണു യഥാർത്ഥ വസ്തുത. പുരാതന ചരിത്രമെന്നു വിശേ ഷിപ്പിക്കപ്പെടുന്ന കാര്യങ്ങൾ തന്നെ വസ്തു കൈമാറ്റം സംബന്ധമായി രജിസ്റ്റർ ചെയ്ത പ്രമാണങ്ങളിൽ നിന്നും സാഹചര്യത്തെളിവുകളുടെ അടിസ്ഥാനത്തിൽ കുടുംബത്തിലെ ചില പൂർവ്വ പിതാക്കന്മാർ നടത്തിയ ശിഥിലമായ പഠനങ്ങളിൽ നിന്നും അടുക്കും ചിട്ടയുമില്ലാതെ എഴുതിവ ച്ചിട്ടുള്ളതുമാണത്രെ.

ഏതാനും ശതാബ്ദങ്ങളായി മദ്ധ്യതിരുവിതാംകൂറിലെ കുറിച്ചിയിൽ വേണ്ടവിധം അറിയപ്പെട്ടിരുന്ന ഒരു പ്രമുഖ കുടുംബമാണ് കോലത്തുക ളത്തിൽ എന്നതിനു സംശയമില്ല.

മാർത്തോമ്മാ ശ്ലീഹാ ഒന്നാം നൂറ്റാണ്ടിൽ ആരംഭിച്ച പ്രേഷിത പ്രവർത്തനം മൂലം ക്രിസ്തുമതം സ്വീകരിച്ചു പല സ്ഥലങ്ങളിൽ വസിച്ചുവന്ന ന്യൂനപക്ഷത്തിനു വിവിധ മതവിഭാഗങ്ങളുടെയും ചെറിയ ചെറിയ നാട്ടുരാജാക്കന്മാരുടെയും ഇടപ്രഭുക്കന്മാരുടെയും സഹകരണവും പിന്തുണയും ലഭിച്ചിരുന്നു. ക്രൈസ്തവർ മറ്റുള്ളവരോടു ഇണങ്ങി സൗഹൃദപൂർവ്വം താമസിച്ചു വന്നതിനാൽ ഇന്ത്യയിലെ അംഗീകൃത മത ങ്ങളിൽ ഒന്നായി ക്രിസ്തുമതവും ക്രമേണ വളർന്നു വന്നു. ആദ്യ നൂറ്റാ ണ്ടുകളിൽ ഇവിടെ വന്ന പേർഷ്യൻ ക്രിസ്ത്യാനികളുടെ വിശ്വാസാചാ രങ്ങൾ നമ്മുടേതിൽ നിന്ന് ഒട്ടും വിഭിന്നവുമല്ലായിരുന്നു. അതവരുമാ യുള്ള സഹകരണം വളർത്തി. പതിനാറാം നൂറ്റാണ്ടിൽ ഇന്ത്യയിൽ വന്ന റോമൻ കത്തോലിക്കരുടെ കടന്നാക്രമണവും കൈയേറ്റവും ശക്തി ഉപ യോഗിച്ച് അവർ നസ്രാണികളിൽ ഗണ്യമായ ഒരു വിഭാഗത്തെ റോമൻ സഭയിൽ ചേർത്തതും, അവർ അര നൂറ്റാണ്ടിലധികം റോമാനുകത്തിൽ കിടന്നതും മറ്റും മേൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. സഭയിൽ ഉണ്ടായ ഈ പിളർപ്പിനെ തുടർന്നു ഗതികെട്ട നസ്രാണി ക്രിസ്ത്യാനികൾ പേർഷ്യ, സിറിയ മുതലായ സ്ഥലങ്ങളിലെ പൗരസ്ത്യ സഭകളുമായി ബന്ധത്തിൽ എത്തിച്ചേർന്നു. റോമൻ കത്തോലിക്കരായവർ റോമിലെ പാപ്പായുടെ കീഴിലും ആയി.

പോർട്ടുഗീസുകാരുടെയും അവരെ പിന്താങ്ങിയ രാജാക്കന്മാരുടെയും കത്തോലിക്കാ മതാധികാരികളുടെയും പീഡനത്തെ തുടർന്നു മാർ ത്തോമ്മാ ക്രിസ്ത്യാനികൾക്കു നാടും വീടും സ്വത്തുക്കളും ഉപേക്ഷിച്ചു ജീവരക്ഷാർത്ഥം പല സ്ഥലങ്ങളിലേക്കും പലായനം ചെയ്യേണ്ടി വന്നു. അങ്ങനെ കുറവിലങ്ങാട്ടു താമസം ഉറപ്പിച്ചിരുന്ന നമ്മുടെ പൂർവ്വപിതാ ക്കന്മാർ കോട്ടയം ജില്ലയിൽപെട്ട ചമ്പക്കര എന്ന സ്ഥലത്തു വന്നു താമ സിച്ചു. അവിടെ നിന്നു പിതാക്കന്മാരിൽ ഒരാൾ കുറിച്ചിയിലും മറ്റൊരാൾ പത്തനംതിട്ട ജില്ലയിലെ കുമ്പനാട്ടും എത്തി വാസമുറപ്പിച്ചു. ഇതാണ് കോലത്തുകളത്തിൽ കുടുംബത്തിന്റെ താഴ്വേരു തേടി ചെല്ലുമ്പോൾ നാം കാണുന്ന ചിത്രം.

പ്രഥമ പൂർവ്വ പിതാവായ ഉലഹന്നാനും ഭാര്യ അന്നമ്മയും പുന്നൂസ് എന്ന ഏഴു വയസ്സുള്ള മകനും മൂന്നു വയസ്സുള്ള മാത്തനും എ.ഡി. ആയിരത്തിഎഴുന്നൂറ്റി ഇരുപത്തഞ്ചോടെ (കൊല്ലവർഷം 900) കുറിച്ചി യിലെത്തി. ഇന്നത്തെ കുറിച്ചി വലിയപള്ളിയുടെ തെക്കുഭാഗത്തു താമ സിച്ചു. ഈ പ്രദേശങ്ങളിൽ വളരെയധികം പുരയിടങ്ങൾ ഉണ്ടായിരുന്ന

കുഞ്ഞുതേവർ നായിക്കർ എന്ന തമിഴ് ജന്മിയുടെ വകയായിരുന്നു ഈ സ്ഥലം. കുറെ കഴിഞ്ഞ് ഈ സ്ഥലം നായിക്കർ മറ്റൊരാൾക്കു വിറ്റു. നായിക്കരുടെ വക കിഴക്കുഭാഗത്തുള്ള വേറൊരു സ്ഥലം 1730-ൽ ഉലഹന്നാൻ വാങ്ങി അവിടെ രണ്ടു വർഷം കൊണ്ടു വീടു വച്ചു താമസിച്ചു. ഉലഹന്നാന്റെ മൂത്ത മകൻ പുന്നൂസ് 1740-ൽ മല്ലപ്പള്ളി കയ്യാലത്തു കുടുംബത്തിലെ കുഞ്ഞുകോമായെ വിവാഹം ചെയ്തു. ഇളയപുത്രൻ മാത്തൻ കല്ലൂപ്പാറയിലെ ഒരു കുടുംബത്തിൽ നിന്നു ഏലി എന്ന യുവതിയെ വിവാഹം ചെയ്തു. ഉലഹന്നാൻ 1755-ലും അന്നമ്മ 1757-ലും മരണമടഞ്ഞു.

പുന്നൂസും മാത്തനും അവരുടെ പിതാവിന്റെ ഭവനത്തിൽ കുറച്ചു നാൾ കുടുംബസഹിതം ഒന്നിച്ചു താമസിച്ചിരുന്നു. 1760 ആയപ്പോഴേക്കും പുന്നൂസ് കുടുംബവീടിന്റെ സമീപത്ത് വടക്കുഭാഗത്തായി ഒരു സ്ഥലം വാങ്ങി വീടു വച്ചു വേറെ മാറി. സഹോദരനായ മാത്തന് ഏഴു പെൺമക്കൾ മാത്രം ആയിരുന്നതിനാൽ പുന്നൂസ് സ്വപിതാവിന്റെ ഭൂസ്വത്തിൽ നിന്നും ഒന്നും സ്വീകരിക്കാതെ തന്റെ അവകാശം മുഴുവനും മാത്തനും വിട്ടുകൊടുത്തു. മാത്തൻ, കല്ലൂപ്പാറ പേരാലുംമൂട്ടിൽ കുടുംബാംഗമായ തന്റെ ഏറ്റവും ഇളയ മരുമകനെ ദത്തെടുത്തതിനാൽ പിതാവിന്റെ സ്വത്തു മുഴുവൻ മരുമകനും കുടുംബത്തിനും ലഭിച്ചു. ഏഴു പുത്രന്മാരും രണ്ടു പുത്രിമാരുമുണ്ടായിരുന്ന പുന്നൂസിന്റെ രണ്ടു പുത്രന്മാർ ചെറുപ്പത്തിൽ തന്നെ മരിച്ചു. കുടുംബം വലുതായതോടെ പുന്നൂസ് കൂടുതൽ ഭൂസ്വത്തു വാങ്ങി. കഠിനപ്രയത്നം കൊണ്ട് അതെല്ലാം കാര്യക്ഷമമായി നോക്കി സമ്പന്നനാകുകയും ചെയ്തു. അദ്ദേഹത്തിന്റെ പുത്രന്മാരും കുടുംബാംഗങ്ങളും പിതാവ് വിവിധ ഭാഗങ്ങളിൽ വാങ്ങിയ സ്ഥലങ്ങളിൽ വീടു വച്ചു താമസിച്ചു. പ്രായമായപ്പോൾ പിതാവ് പുത്രന്മാരുടെ വീടുകളിൽ മാറിമാറി താമസിക്കുകയും 1796-ൽ അന്തരിക്കുകയും ചെയ്തു.

പുന്നൂസിന്റെ പുത്രന്മാർ ഉലഹന്നാൻ രണ്ടാമൻ, ഇട്ടിയവിര മാത്യു, കോലത്തുകളത്തിൽ പുന്നൂസ് മാത്തൻ എന്നിവരാണ്. പുത്രിമാരായ അന്നമ്മയെ പുതുപ്പള്ളി കൊച്ചുചക്കാലയിലും മറിയാമ്മയെ അയ്മനം പുല്ലംപ്ലാവിലുമാണു വിവാഹം ചെയ്തയച്ചത്.

പുന്നൂസിന്റെ മൂത്ത പുത്രനായ ഉലഹന്നാൻ രണ്ടാമൻ പുതുപ്പള്ളി പാലയ്ക്കൽ ആച്ചിയമ്മയെയാണു വിവാഹം ചെയ്തത്. ഇവരുടെ കൊച്ചുമകന്റെ മകനാണു പ. ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ ബാവാ.

പുന്നൂസിന്റെ രണ്ടാമത്തെ പുത്രനായ ഇട്ടിയവിരാ ഭരണകാര്യങ്ങളിൽ കഴിവുള്ള ആളായിരുന്നു. മല്ലപ്പള്ളി മുരണിയിൽ തുണ്ടിൽ മറിയാമ്മയെ ആണ് അദ്ദേഹം വിവാഹം ചെയ്തത്. അവർക്കു മക്കൾ ഇല്ല. സഹോദ

രന്മാരുടെ സഹായത്തോടെ കുരുമുളക് വ്യാപാരം നടത്തിവന്ന ഇട്ടിയ വിരാ കുടുംബത്തിനു വേണ്ടി കൂടുതൽ ധനം സമ്പാദിച്ചു.

കുറിച്ചി വലിയപള്ളി 1832-ൽ നിർമ്മിക്കുന്നതിന് ഇദ്ദേഹം സ്വസഹോ രങ്ങൾക്കു ശക്തമായ നേതൃത്വമാണു നൽകിയത്. ഇട്ടിയവിര 1858-ൽ നിര്യാതനായി. തന്റെ ഇളയ സഹോദരനായ കോലത്തുകളത്തിൽ പുന്നൂ സിന്റെ പുത്രൻ കുരുവിള (കുറിയാക്കോസ്) തന്റെ ഇളയസഹോദരനായ മാത്തന്റെ പുത്രൻ കുര്യൻ എന്നിവർക്കു വൈദികസ്ഥാനം ലഭിക്കുന്ന തിനു കാരണക്കാരനായതു ഇട്ടിയവിരയാണ്. ഇട്ടിയവിരയുടെയും ഇളയ സഹോദരന്മാരുടെയും മൃതദേഹങ്ങൾ അവർ പള്ളി നിർമ്മാണത്തിൽ വഹിച്ച ശ്രേഷ്ഠമായ പങ്കിനെ മുൻനിറുത്തി പള്ളിയുടെ പശ്ചിമഭാഗത്തെ പള്ളിമോണ്ടളത്തിൽ ആണു സംസ്ക്കരിച്ചിരിക്കുന്നത്.

പുന്നൂസിന്റെ മൂന്നാമത്തെ മകനായ മാത്തു വിവാഹം ചെയ്തു എങ്കിലും മക്കളില്ലാതെ മരണമടയുകയാണുണ്ടായത്. പുന്നൂസിന്റെ നാലാ മത്തെ പുത്രനായ പുന്നൂസ് രണ്ടാമൻ (കോലത്തുകളത്തിൽ പുന്നൂസ്) കീഴ്വായ്പ്പൂരിലെ ഒരുപ്രാമണ്ണിലെ അന്നാമ്മയെ വിവാഹം കഴിച്ചശേഷം കുറിച്ചി പള്ളിയുടെ വടക്കുകിഴക്കു ഭാഗത്തു താമസിക്കുകയും 1836-ൽ അന്തരിക്കുകയുമാണുണ്ടായത്. പുന്നൂസിന്റെ അഞ്ചാമത്തെ പുത്രനായ മാത്തൻ കല്ലുങ്കത്തറ അച്ചാമ്മയെ വിവാഹം ചെയ്തു. അദ്ദേഹം 1838-ൽ നിര്യാതനായി. കോലത്തുകളത്തിൽ പുന്നൂസ് രണ്ടാമനു നാലു പുത്ര ന്മാരും അഞ്ചു പുത്രിമാരും ഉണ്ടായിരുന്നു. ആൺമക്കൾ കല്ലുപുരയ്ക്കൽ പുന്നൂസ്, ഒരു സന്യാസിയായിരുന്ന കോലത്തുകളത്തിൽ കുറിയാക്കോസ് കത്തനാർ, കോലത്തുകളത്തിൽ ഉലഹന്നാൻ (കുറിച്ചി പള്ളിയിൽ ആദ്യ മായി മാമോദീസ മുക്കിയ വ്യക്തി) ചെറുപ്പത്തിലെ മരിച്ച ഇട്ടിയവിര എന്നിവരാണ്. അയ്മനം കുറ്റിക്കാട്ടു കെട്ടിച്ചുവിട്ട മറിയാമ്മ, നിരണം വാര ണാട്ടു വിവാഹം ചെയ്തയച്ച അന്നമ്മ, വാകത്താനം എണ്ണശ്ശേരിൽ കെട്ടിച്ച അച്ചാമ്മ, മല്ലപ്പള്ളി മുരണിയിൽ തുണ്ടിയിൽ കെട്ടിച്ച ഏലിയാമ്മ, മല്ലപ്പള്ളി വട്ടശ്ശേരിൽ വിവാഹം ചെയ്തുവിട്ട ഏലിയാമ്മ എന്നിവരാണു പുത്രിമാർ. ഈ ഏലിയാമ്മയുടെ പുത്രനാണ് മലങ്കരസഭാഭാസുരനും പരിശുദ്ധനുമായ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് മെത്രാ പ്പോലീത്താ. ദൈവഭയത്തിൽ ജീവിച്ച പുന്നൂസ് രണ്ടാമൻ പ്രശസ്തമായ കോലത്തുകളത്തിൽ കുടുംബത്തിന്റെ യശസ്സ് വർദ്ധിപ്പിച്ചും അതിനെ ഭാവിതലമുറയുടെ അഭിമാനമാക്കി അവശേഷിപ്പിച്ചുംകൊണ്ട് 1836-ൽ കാലയവനികയ്ക്കുള്ളിൽ മറഞ്ഞു.

കല്ലുപുരയ്ക്കൽ പുന്നൂസിന്റെ മുത്ത പുത്രനായ പുന്നൂസിനു രണ്ടു പുത്രന്മാർ ഉണ്ടായിരുന്നു. തോപ്പിൽ പുന്നൂസും കല്ലുപുരയ്ക്കൽ പോത്തനും. ഏകപുത്രി അന്നമ്മയെ കോട്ടയം വളഞ്ഞാറ്റിലാണു വിവാഹം ചെയ്തയച്ചത്.

ഏറ്റവും ഇളയപുത്രനായ കോലത്തുകളത്തിൽ ഉലഹന്നാനു ഏഴു പുത്രന്മാരും നാലു പെൺമക്കളും ഉണ്ടായി. അവർ പുന്നൂസ് പയനപ്പ ള്ളിൽ, കുരുവിള നെയ്ശ്ശേരിൽ, ഉലഹന്നാൻ കൊല്ലംപറമ്പിൽ, ഏബ്രഹാം കോലത്തുകളത്തിൽ, അന്നമ്മ (ഭർത്തൃഗൃഹം കോട്ടയം കട പ്പുറം), മറിയാമ്മ (ഭർത്താവിന്റെ വീട് കുമരകം വരാപ്പത്തറ). മറ്റു മൂന്നു പുത്രന്മാരും രണ്ടു പുത്രിമാരും ചെറുപ്പത്തിലെ മരണമടഞ്ഞു.

കല്ലുപുരയ്ക്കൽ പുന്നൂസിന്റെ മരണശേഷം പുത്രന്മാരായ തോപ്പിൽ പുന്നൂസും കല്ലുപുരയ്ക്കൽ പോത്തനും അവരുടെ പിതാവിന്റെ സഹോ ദരന്മാരായ കോലത്തുകളത്തിൽ കുറിയാക്കോസ് കത്തനാരും കോല ത്തുകളത്തിൽ ഉലഹന്നാനും ചേർന്ന് കോലത്തുകളത്തിൽ പുന്നൂസിന്റെ സ്വത്തുക്കൾ ഭാഗപത്രപ്രമാണം മുഖേന വീതിച്ചെടുത്തു. കുടുംബപ്പേ രായ കോലത്തുകളത്തിൽ എന്നതു ആ ഭാഗപത്രപ്രമാണത്തിൽ ഉൾപ്പെട്ട എല്ലാവരും ഉപയോഗിക്കേണ്ടതാണെന്നും നിശ്ചയിച്ചിട്ടുണ്ട്. ഇപ്പോൾ കോലത്തുകളത്തിൽ കുടുംബത്തിൽ തോപ്പിൽ, കല്ലുപുരയ്ക്കൽ, പന യപ്പള്ളിൽ, നെയ്ശ്ശേരിൽ, കൊല്ലമ്പറപ്പിൽ, കോലത്തുകളത്തിൽ എന്നീ ആറു ശാഖകളാണു നിലവിലുള്ളത്.

# 3

# കുടുംബവും മാതാപിതാക്കളും

ദൈവത്തിന്റെ വഴി തികവുള്ളതെന്നും അവന്റെ വചനം ശുദ്ധീകരിക്കപ്പെട്ടതെന്നും വിശ്വസിച്ചു ജീവിക്കുകയും സഭയ്ക്കുവേണ്ടി തങ്ങളുടെ മക്കളെ നൽകുകയും ഒപ്പം ദൈവത്തിനു മഹത്വവും ശക്തിയും കൊടുക്കുകയും ചെയ്തുകൊണ്ടു ജീവിച്ച ഒരു മാതൃകാപരമായ ക്രിസ്തീയ കുടുംബത്തിൽ ജനിക്കാൻ കഴിയുന്നത് ഒരു വലിയ ഭാഗ്യമെന്നല്ലാതെന്തു പറയുന്നു. അതേ കുടുംബത്തിൽ ഒരു വൈദികശ്രേണി തന്നെ രൂപം കൊള്ളുന്നുണ്ടെങ്കിൽ ഭാഗ്യം ഇരട്ടിക്കുകയാണ്. കഴിഞ്ഞ മുന്നൂറിൽപരം വർഷങ്ങളായി കുറിച്ചി ഗ്രാമത്തിലെ കൃഷി, വ്യാപാര, വിദ്യാഭ്യാസ പ്രവർത്തനങ്ങളിലും വൈദികവൃത്തി സ്വീകരിച്ചു സഭാസേവനമേഖലയിലും വ്യാപൃതരായി ഗ്രാമത്തിന്റെ സമസ്തതലങ്ങളിലും സൽസ്വാധീനം ചെലുത്തിയ കോലത്തുകളത്തിൽ കുടുംബത്തിന്റെ കുലീന സ്വഭാവത്തിനു മറ്റാരുടേയും സാക്ഷ്യപത്രം ഒന്നും ആവശ്യമില്ല. കാരണം ഈ കുടുംബത്തിൽ ജനിച്ചുവളർന്ന ചില സമുന്നത വ്യക്തികൾ തങ്ങളുടെ സേവനപ്രവർത്തനങ്ങൾ മൂലം കുറിച്ചി ഗ്രാമത്തിന്റെ കീർത്തി ദിഗന്തങ്ങളിൽ വ്യാപിപ്പിക്കുകയും മലങ്കരസഭയുടെ നവോത്ഥാന നായകരായിത്തീരുകയും ചെയ്തു എന്നതു ആധുനിക ചരിത്രത്തിന്റെ ഭാഗമാണ്.

തികഞ്ഞ സഭാസ്നേഹിയും ഭക്തനുമായിരുന്ന കോലത്തുകളത്തിൽ നെയ്ശ്ശേരിൽ കുരുവിളകുഞ്ഞിന്റെയും കാർത്തികപ്പള്ളി വാല്യത്തിൽ അന്നാമ്മയുടെയും അഞ്ചാമത്തെ സന്താനമായി 1915 ജനുവരി 14-നു നമ്മുടെ കഥാനായകനായ കെ. കെ. ജോൺ ജനിക്കുമ്പോൾ അദ്ദേഹം ഒരു കർഷകപ്രമാണിയായി ജീവിക്കുമെന്നുള്ള പ്രതീക്ഷ മാത്രമായിരുന്നു മാതാപിതാക്കൾക്ക് ഉണ്ടായിരുന്നത്. കുഞ്ഞൂഞ്ഞച്ചൻ എന്ന ഓമനപ്പേരിൽ അറിയപ്പെട്ടിരുന്ന കെ. കെ. ജോൺ വിദ്യാഭ്യാസ രംഗങ്ങളിലെ ഉന്നതസ്ഥാനങ്ങളിൽ വിരാജിക്കുമെന്നോ നാടിന്റെ വഴികാട്ടിയായി തീരുമെന്നോ അന്നാരും സ്വപ്നം കണ്ടിരിക്കില്ല.

നാട്ടുകാർ വളരെയധികം ബഹുമാനിച്ചിരുന്ന ജനസേവകനായ കുരുവിളകുഞ്ഞ് മുന്നൂറു വർഷം മുമ്പു കുറിച്ചിയിൽ വന്നു താമസിച്ച കോലത്തുകളത്തിൽ കുടുംബത്തിലെ ഒരു വ്യക്തിയായിരുന്നു. തന്റെ ബഹുമുഖസേവനപ്രവർത്തനങ്ങൾ മൂലം നാട്ടുകാർക്കിടയിൽ അദ്ദേഹം മരണംവരെയും ഒരു മാന്യസ്ഥാനം നേടിയിരുന്നു. കുരുവിളക്കുഞ്ഞ് ദീർഘകാലം കുറിച്ചി വലിയപള്ളിയുടെ ഭരണം സമർത്ഥമായി കൈകാര്യവും ചെയ്തിരുന്നു. വളരെക്കാലം വലിയപള്ളി വികാരിയായിരുന്ന കോലത്തു

കളത്തിൽ കുറിയാക്കോസ് കത്തനാരുടെ സഹോദരൻ ഉലഹന്നാന്റെ പുത്രനാണു കുരുവിളക്കുഞ്ഞ്. കുരുവിളക്കുഞ്ഞിന്റെ പിതൃസഹോദരി ഏലിയാമ്മയുടെ മകനാണ് പ. വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ. കല്ലാശ്ശേരിൽ ഗീവറുഗീസ് രണ്ടാമൻ കാതോലിക്കാ ബാവാ കുരുവിളക്കുഞ്ഞിന്റെ പിതാവിന്റെ സഹോദരപുത്രന്റെ പുത്രനാണ്. പ. ബാവാ ചിറ്റപ്പൻ എന്നാണ് കുരുവിളകുഞ്ഞിനെ വിളിച്ചിരുന്നത്. സൽസന്താന സൗഭാഗ്യത്താലും അനുഗ്രഹിക്കപ്പെട്ട കുരുവിളകുഞ്ഞിനു കെ. കെ. ജോൺ ഉൾപ്പെടെ മൂന്നു പുത്രന്മാരും മൂന്നു പുത്രിമാരുമാണുണ്ടായിരുന്നത്. കെ. കെ. ജോണിന്റെ സഹോദരൻ കുരുവിള തോമസ് (കെ. തോമസ്) ഒരു മികച്ച കർഷകനും ഇളയ സഹോദരൻ കുരുവിള കോശി (കെ. കോശി) 'ജനതാ ബാങ്ക്', ജനതാ കോൺട്രാക്ടിംഗ് കമ്പനി (ജെ. സി. കമ്പനി) എന്നിവയുടെ മാനേജിംഗ് പാർട്ണറുമായിരുന്നു. മക്കളെല്ലാവരും ചെറുപ്പം മുതലേ പള്ളി ആരാധന, കുടുംബപ്രാർത്ഥന, സണ്ടേസ്കൂൾ പഠനം മുതലായ കാര്യങ്ങളിൽ കൃത്യനിഷ്ഠ പാലിച്ചിരുന്നു.

പ്രായമായതോടെ സഹോദരിമാരിൽ തങ്കമ്മയെ പാമ്പാടി കോത്തല പുള്ളോലിക്കൽ കുരുവിളയും ഏലിയാമ്മയെ കാനം പറപ്പള്ളിതാഴെ വറുഗീസും ശോശാമ്മയെ ചെങ്ങന്നൂർ പുല്ലാംപ്ലാവിൽ തോമസുമാണു വിവാഹം ചെയ്തത്. ഈ മൂന്നു കുലീന കുടുംബങ്ങളും പ്രശസ്ത ക്രിസ്തീയ പാരമ്പര്യത്തിന്റെ അവകാശികളാണെന്നുള്ളത് അഭിമാനകരമായ ഒരു വസ്തുതയാണ്. ഡൽഹിയിലെ ഒരു പ്രമുഖ വ്യവസായിയായിരുന്ന പരേതനായ പി. വി. വറുഗീസ് (ടിറ്റി വറുഗീസ്) ഏലിയാമ്മയുടെ പുത്രനായിരുന്നു. സഹോദരിമാരുടെ വിവാഹങ്ങൾ മൂലം ജോൺ സാറിന്റെ ബന്ധുബലം കൂടുതൽ ശക്തമാകുകയായിരുന്നു.

# 4

# വിദ്യാഭ്യാസവും ഉദ്യോഗവും

കെ. കെ. ജോൺ പ്രാഥമിക വിദ്യാഭ്യാസത്തിനായി മിഷനറിമാർ ആരംഭിച്ച പ്രസിദ്ധമായ പള്ളം സി.എം.എസ്. സ്കൂളിലാണു ചേർന്നത്. ഉന്നത വിദ്യാഭ്യാസരംഗത്തു ചരിത്രം സൃഷ്ടിച്ച ചങ്ങനാശ്ശേരി എസ്.ബി. കോളജിൽ നിന്ന് ഇന്റർമീഡിയറ്റു പാസ്സായ ശേഷം കേരളത്തിലെ പ്രഥമ യൂണിവേഴ്സിറ്റി പദം ലഭിച്ച തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ ചേരുകയും ബി.എ. ബിരുദം നേടുകയുമാണുണ്ടായത്. വൈകാതെ തിരുവനന്തപുരം ഗവൺമെന്റ് ട്രെയിനിംഗ് കോളജിൽ നിന്നു എൽ. റ്റി. ബിരുദവും കരസ്ഥമാക്കി.

തിരുവനന്തപുരത്തു പഠിക്കുമ്പോൾ അവിടുത്തെ പ്രസിദ്ധമായ വൈ.എം.സി.എ. ഹോസ്റ്റലിൽ ആണ് കെ. കെ. ജോൺ താമസിച്ചിരുന്നത്. മുൻ ഗവർണർ ഡോ. പി. സി. അലക്സാണ്ടറും പിന്നീട് ഉന്നത ശ്രേണികളിൽ എത്തിയ മറ്റു പല പ്രശസ്ത വ്യക്തികളും ഹോസ്റ്റലിൽ ഉണ്ടായിരുന്നതിനാൽ ജോൺ സാറിന്റെ പ്രമുഖ സുഹൃത്‌വലയ ചക്രവാളം വളരെയധികം വികസിച്ചു എന്നതാണ് സത്യം. തിരുവനന്തപുരം സെന്റ് ജോർജ് പള്ളി ഹോസ്റ്റലിനടുത്തായിരുന്നതിനാൽ മുടക്കം കൂടാതെ ഞായറാഴ്ചകളിലും മറ്റും പള്ളി ആരാധനകളിൽ പങ്കെടുക്കാൻ അന്നും കഴിഞ്ഞിരുന്നു.

സമാധാനനിർഭരമായ കുടുംബജീവിതം നയിച്ചുകൊണ്ട് സാമൂഹ്യരംഗത്തു മികച്ച സേവനം അനുഷ്ഠിക്കാൻ പറ്റിയ അദ്ധ്യാപകവൃത്തി, വൈദ്യവൃത്തി, വൈദികവൃത്തി എന്നിവയിൽ ഒന്നു പലർ സ്വീകരിച്ചു വന്ന ആ കാലഘട്ടത്തിൽ കെ. കെ. ജോൺ തെരഞ്ഞെടുത്ത അധ്യാപകവൃത്തി അദ്ദേഹത്തിന്റെ അഭിലാഷങ്ങളെ പൂവണിയിച്ചു എന്നാണു കാലം തെളിയിച്ചത്.

സ്കൂൾ, കോളജ് തലങ്ങളിലെ പഠനവേളകളിൽ നല്ല മാർക്കോടുകൂടിയാണ് എല്ലാ ക്ലാസ്സിലും വിജയം നേടിയത്. സർവ്വോപരി അധ്യാപനത്തോടുള്ള സ്വാഭാവികമായ ഒരഭിനിവേശം മൂലം സമുന്നതനായ ഒരു ഗുരുവായി തീരാനും സാധിച്ചു. പഠിപ്പിക്കുന്ന ഓരോ കുട്ടിയുടെയും പേരു വിവരങ്ങളും കാര്യഗ്രഹണശേഷിയും മനസ്സിലാക്കിയിരുന്നതിനാൽ ജോൺ സാറിനു അധ്യാപനരംഗത്തു ഒരനുപമ സ്ഥാനമാണു ലഭിച്ചത്. ശിക്ഷണത്തിലും വേണ്ടിവന്നാൽ ഉഴപ്പന്മാരായ കുട്ടികളെ അവരുടെ നന്മയ്ക്കുവേണ്ടി ശിക്ഷിക്കുന്നതിലും ജോൺ സാർ കർശനനിലപാടാണു

സ്വീകരിച്ചിരുന്നതെന്നും അതെല്ലാം തങ്ങളുടെ ജീവിതവിജയത്തിന് ഉപകരിച്ചു എന്നും സാക്ഷിക്കുന്ന ശിഷ്യന്മാരുടെ എണ്ണത്തിനു കണക്കില്ല. മികച്ച അദ്ധ്യാപകർക്കു സംസ്ഥാന അവാർഡും ദേശീയ അവാർഡും നൽകുന്ന പദ്ധതി അന്നുണ്ടായിരുന്നു എങ്കിൽ ഇവ രണ്ടും ജോൺ സാറിനു ലഭിക്കുമായിരുന്നു എന്നു തറപ്പിച്ചു പറയാനാവും.

മൂന്നു ദശാബ്ദത്തിൽ അധികം നീണ്ടു നിന്ന ജോൺ സാറിന്റെ അധ്യാപകവൃത്തി ആരംഭിക്കുന്നതു 1940-ൽ പത്തനാപുരം സെന്റ് സ്റ്റീഫൻസ് സ്കൂളിലാണ്. ഇത്തരുണത്തിൽ പത്തനാപുരം സ്കൂളിനെപ്പറ്റി ഒന്നു രണ്ടു കാര്യങ്ങൾ എടുത്തുപറയേണ്ടതുണ്ട്.

ആയിരത്തിതൊള്ളായിരത്തി മുപ്പതുകളിൽ ഭാഗ്യസ്മരണാർഹനായ നിരണം ഭദ്രാസന മെത്രാപ്പോലീത്താ തോമ്മാ മാർ ദീവന്നാസ്യോസ് കാട്ടുപത്തനാപുരത്താരംഭിച്ച മിഡിൽ സ്കൂളും തുടർന്ന് ഹൈസ്ക്കൂളും കോളജുകളും ദയറായും മഠവും ആണ് പത്തനാപുരത്തിനു യഥാർത്ഥ ചിത്തപ്രകാശം നൽകിയത്. നാടിന്റെ ഉയർച്ചയ്ക്കായി ഒരു ഹൈസ്ക്കൂൾ ആരംഭിക്കുന്നതിനു വേണ്ടി ഇല്ലാത്ത പണം ഉണ്ടാക്കി മുമ്പോട്ടു നീങ്ങിയ മെത്രാപ്പോലീത്തായ്ക്കു കടമ്പകൾ ഏറെ കടക്കേണ്ടി വന്നു. അനുവാദം ലഭിക്കുന്നതിനു മുമ്പുതന്നെ സ്കൂൾ കെട്ടിടത്തിന്റെ ശിലാസ്ഥാപനം 1933 ജനുവരി 21-നു മാർ സ്തേഫാനോസ് സഹദായുടെ ഓർമ്മപ്പെരുന്നാളിൽ ബസേലിയോസ് ഗീവറുഗീസ് രണ്ടാമൻ ബാവാ നിർവഹിച്ചു. അതുകൊണ്ടാണ് പത്തനാപുരം ഹൈസ്ക്കൂളിനു സെന്റ് സ്റ്റീഫൻസ് ഹൈസ്ക്കൂൾ എന്നു പേരു ലഭിച്ചത്. പിന്നീടു ഹൈസ്ക്കൂളിന് അനുവാദം നൽകാതിരുന്ന ദിവാൻ സർ സി. പി. രാമസ്വാമി അയ്യരെ കടത്തിവെട്ടിക്കൊണ്ടു തിരുവനന്തപുരത്തു ബ്രിട്ടീഷ് ഗവൺമെന്റിന്റെ പൊളിറ്റിക്കൽ ഏജന്റ് ഗാർസ്റ്റിനെ ക്ഷണിച്ചുവരുത്തി ഹൈസ്ക്കൂളിന്റെ ഉദ്ഘാടനം നടത്തുകയും ഗാർസ്റ്റിനു ഗംഭീര സ്വീകരണം നൽകുകയും ചെയ്തതിനെ തുടർന്ന് ഗത്യന്തരമില്ലാതെ ഹൈസ്ക്കൂളിനു സി. പി. അനുവാദം കൊടുക്കുകയാണുണ്ടായത്.

പത്തനാപുരത്ത് മൂന്നു വർഷം സേവനം ചെയ്ത ശേഷം മലങ്കരസഭയുടെ അഭിമാനകേന്ദ്രമായ കോട്ടയം എം.ഡി. സെമിനാരി ഹൈസ്ക്കൂളിൽ ജോലി സ്വീകരിച്ചു. നാട്ടിൽതന്നെ ജോലി കിട്ടിയ പശ്ചാത്തലത്തിൽ വിവാഹജീവിതത്തിലേക്കു കടക്കാൻ തീരുമാനിക്കുകയും തോനയ്ക്കാടു പാലമൂട്ടിൽ ഫാ. പി. ഒ. ഏബ്രഹാമിന്റെയും ഹരിപ്പാട്ടു മുട്ടം മുട്ടത്തുശ്ശേരിൽ സാറാമ്മയുടെയും പുത്രിയും ജഡ്ജി പി. എ. ഉമ്മന്റെ സഹോദരിയുമായ മറിയാമ്മയെ വിവാഹം ചെയ്തു. കുറിച്ചി വലിയപള്ളിയിൽ വച്ചു 1943 ജൂൺ 21-നു നടന്ന ശ്രേഷ്ഠ വിവാഹം നിരണം ഇടവകയുടെ തോമ്മാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായാണ് ആശീർവദിച്ചത്. മറിയാ

മ്മയുടെ മൂത്ത സഹോദരി തങ്കമ്മയെ മല്ലപ്പള്ളി വട്ടശ്ശേരിൽ റിട്ട. പോസ്റ്റ് മാസ്റ്റർ വി. ജെ. ജോസഫാണ് വിവാഹം ചെയ്തിരുന്നത്. കെ. കെ. ജോണിന്റെ ഭാര്യ മറിയാമ്മ, ജനിക്കുന്നതിനു ഏതാനും മാസം മുമ്പ് പിതാവായ ഏബ്രഹാം കശ്ശീശാ 26-ാമത്തെ വയസ്സിൽ അകാലനിര്യാണം പ്രാപിക്കുകയാണുണ്ടായത്.

അഞ്ചു വർഷത്തെ എം.ഡി. സ്കൂൾ സർവീസിനുശേഷം സർക്കാർ സേവനത്തിൽ പ്രവേശിച്ച ജോൺ സാർ 1948 ജൂണിൽ തൊടുപുഴ ഗവ. എച്ച്. എസിൽ അധ്യാപകനായി. രണ്ടു വർഷം അവിടെ തുടർന്നു. 1950 മുതൽ 1963 വരെ കുറിച്ചി ഗവ. യു.പി. സ്കൂൾ ഹെഡ്മാസ്റ്ററായത് ഒരു വലിയ അനുഗ്രഹമായിരുന്നു. കാരണം കുടുംബപ്രശ്നങ്ങളിലും മക്കളുടെ വിദ്യാഭ്യാസം, ശിക്ഷണം മുതലായ കാര്യങ്ങളിലും കൂടുതൽ ശ്രദ്ധ പതിപ്പിക്കാനും നാട്ടുകാരെ സേവിക്കാനും, ചെറിയപള്ളി നിർമ്മാണത്തിൽ സഹകരിക്കാനും അവസരം ലഭിച്ചു. 1963-ൽ എ.ഇ.ഒ. സ്ഥാനം ലഭിച്ച ജോൺ സാർ പാലാ, ചങ്ങനാശ്ശേരി എന്നിവിടങ്ങളിൽ അഞ്ചു വർഷം സേവനം അനുഷ്ഠിച്ചു. സേവനകാലം അവസാനിക്കുന്നതിനു മുമ്പ് 1968 മുതൽ 1971 വരെ കാഞ്ഞിരപ്പള്ളി ചേനപ്പാടി ഗവ. ഹൈസ്ക്കൂൾ ഹെഡ്മാസ്റ്ററായിരുന്നു. 1971 മാർച്ചിൽ റിട്ടയർ ചെയ്തു. ശതക്കണക്കിനു കുട്ടികളുടെ കണ്ണു തെളിയിക്കുകയും അവരെ സംസ്ക്കാരസമ്പന്നരാക്കി ജീവിതായോധനത്തിനു ഒരുക്കുകയും ചെയ്ത ജോൺ സാറിന്റെ സേവനകാലം മുഴുവൻ സന്തോഷങ്ങളുടെയും സംതൃപ്തിയുടെയും വർഷങ്ങളായിരുന്നു എന്നതിനു രണ്ടു പക്ഷമില്ല.

മലങ്കര ഓർത്തഡോക്സ് സഭാ മാനേജിംഗ് കമ്മിറ്റി അംഗം, കോട്ടയം ഭദ്രാസന കൗൺസിൽ മെമ്പർ, പാമ്പാടി അഭയഭവൻ ഉൾപ്പെടെയുള്ള വിവിധ സ്ഥാപനങ്ങളുടെ കമ്മിറ്റി അംഗം, ബസ്സേലിയോസ് കോളജ് ലോക്കൽ കമ്മിറ്റി അംഗം, തിരുമൂലപുരം ബാലികാമഠം ഹൈസ്ക്കൂൾ ഭരണസമിതി അംഗം, മാങ്ങാനം മന്ദിരം ആശുപത്രി ഭരണസമിതി അംഗം, കുറിച്ചിയിലേയും സമീപപ്രദേശങ്ങളിലേയും വിവിധ വിദ്യാഭ്യാസ-സാമൂഹ്യ പ്രസ്ഥാനങ്ങളുടെ ഭരണസമിതി പ്രവർത്തകൻ മുതലായ നിലകളിലും കെ. കെ. ജോൺ സാർ പ്രശസ്ത സേവനം അനുഷ്ഠിച്ചിരുന്നു.

യഹോവയിൽ ആശ്രയിച്ചും അന്യജീവനുതകിയും പരമാർത്ഥതയിൽ നീതിമാനായി നടന്നും ജന്മസാഫല്യമണഞ്ഞ ജോൺ സാർ അനുഗൃഹീതരായ മക്കളെയും കൊച്ചുമക്കളെയും കണ്ടു സംതൃപ്തനായ ശേഷമാണ് ഇമ്പങ്ങളുടെ പറുദീസയിലേക്കു പറന്നുപോയത്.

# 5

# കാതോലിക്കേറ്റ് വിദ്യാലയങ്ങളുടെ അനുപമനായ ഓഫീസ് മാനേജർ

റിട്ടയർ ചെയ്ത ശേഷം കെ. കെ. ജോൺ സാറിനെ സഭ വക കാതോലിക്കേറ്റ് ആൻഡ് എം.ഡി. സ്കൂൾ കോർപറേറ്റ് മാനേജ്മെന്റിന്റെ ഓഫീസ് മാനേജരായി നിയമിച്ചത് പ. മാത്യൂസ് പ്രഥമൻ ബാവായാണ്. ജോൺ സാറിനെപ്പോലെ അദ്ധ്യാപക നിയമനവും മറ്റും സംബന്ധിച്ച് നല്ല അനുഭവപരിചയങ്ങളും കാര്യക്ഷമതയും സത്യസന്ധതയും സൽപേരും നേടിയ ഒരു വ്യക്തിയെ കണ്ടെത്താൻ കഴിഞ്ഞതിനാൽ പ്രസ്തുത ഓഫീസിന് ഒരു നവചൈതന്യവും ചിട്ടയും മറ്റും ലഭിച്ചു. അന്നുവരെ ഈ ഓഫീസ് നേരിട്ടുകൊണ്ടിരുന്ന സങ്കീർണ്ണ പ്രശ്നങ്ങളുടെ കുരുക്കുകൾ അഴിച്ചു. പല കാരണങ്ങളാൽ തന്റെ മുൻഗാമികൾക്കു കഴിയാതെ പോയതു അവരുടെ കുറ്റം കൊണ്ടു മാത്രമല്ല. ഓഫീസ് നടപടികൾ സംബന്ധിച്ച സംവിധാനങ്ങളുടെ പോരായ്മയും ഒരു വലിയ അളവിൽ പങ്കുവഹിച്ചിരുന്നു.

സ്കൂളുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടി ദീർഘകാലം ഒരേ സ്കൂളിൽ കഴിഞ്ഞുവന്ന ഹെഡ്മാസ്റ്റർമാരെ സ്ഥലംമാറ്റാൻ സാധിച്ചു എന്നത് എടുത്തുപറയേണ്ട ഒരു നല്ല മാറ്റമാണ്. ഒരേ സ്ഥാനം ഒരാൾ തുടർന്നാൽ കാലക്രമത്തിൽ കാര്യക്ഷമത കുറയുകയും പുതിയ കാര്യങ്ങൾ നടപ്പിലാക്കാനുള്ള താല്പര്യം ഇല്ലാതാകുകയും ചെയ്യുമെന്നുള്ളത് മനഃശാസ്ത്രപരമായും ശരിയാണല്ലോ. കോഴിക്കോടിനടുത്തുള്ള പുതുപ്പാടിയിൽ പ്രശസ്തമായ മണമേൽ കുടുംബം നടത്തിവന്ന ഹൈസ്ക്കൂൾ കോർപ്പറേറ്റ് മാനേജ്മെന്റ് ഏറ്റെടുത്തു. ഇതിനുവേണ്ടി കെ. കെ. ജോൺ പലതവണ പുതുപ്പാടി സന്ദർശിക്കുകയും സ്കൂൾ സഭയ്ക്കു ലഭ്യമാകുകയും ചെയ്തു. ഇതൊരു വലിയ നേട്ടം തന്നെയാണ്. ധാരാളം കുട്ടികൾ ഉള്ള പുതുപ്പാടി സ്കൂൾ നാടിനും സഭയ്ക്കും ഒരു വലിയ മുതൽക്കൂട്ടാണ്. കെ. കെ. ജോണിന്റെ ദീർഘവീക്ഷണത്തിന്റെ മകുടോദാഹരണമാണ് പുതുപ്പാടി ഹൈസ്ക്കൂളിന്റെ കൈമാറ്റം എന്നതിനു രണ്ടുപക്ഷമില്ല. വെണ്ണിക്കുളം ഹൈസ്ക്കൂൾ സംബന്ധിച്ചും പല പ്രശ്നങ്ങൾ നേരിടേണ്ടി വന്നു. അതെല്ലാം ക്ഷമാപൂർവ്വം കൈകാര്യം ചെയ്ത ജോൺ സാർ പ്രസ്തുത സ്കൂളും കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കുടക്കീഴിൽ ഇലയ്ക്കും മുള്ളിനും കേടുവരാതെ സുരക്ഷിതമായി കൊണ്ടുവന്നു (ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾ അവിടുത്തെ

മുൻ ഹെഡ്മാസ്റ്ററായ കെ. സി. ജോർജ് എഴുതിയതും ഈ ഗ്രന്ഥത്തിൽ ചേർത്തിട്ടുള്ളതുമായ ലേഖനത്തിൽ വിവരിച്ചിട്ടുണ്ട്).

പ. മാത്യൂസ് ഒന്നാമൻ ബാവായുടെയും കെ. കെ. ജോണിന്റെയും സമാനചിന്താഗതി കൊണ്ടും ശിക്ഷണത്തിലധിഷ്ഠിതവും സമർത്ഥവുമായ നീക്കങ്ങൾ കൊണ്ടുമാണ് പല നേട്ടങ്ങളും കാലതാമസം കൂടാതെ കൈവരിക്കാനായതെന്നത് ഒരു വസ്തുത മാത്രമാണ്. പ്രശംസയല്ല. അന്ന് അദ്ധ്യാപക നിയമനത്തിന് വാങ്ങിവന്നത് തുച്ഛമായ ഒരു തുക മാത്രമാണ്. മാനുഷികമായ പരിഗണനകൾക്കാണ് ഇക്കാര്യത്തിൽ മുൻഗണന ലഭിച്ചുവന്നത്. സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കാൻ പണം വേണ്ടിവന്നിട്ടുള്ള സാഹചര്യങ്ങളിൽ മാത്രമാണു സംഭാവന സ്വീകരിച്ചിട്ടുള്ളത്. അധ്യാപകർക്കു ഗവൺമെന്റ് നേരിട്ടു ശമ്പളം നൽകുകയും പേരിനു മാത്രമുള്ള മെയിന്റനൻസു ഗ്രാന്റ് യഥാസമയം ലഭിക്കാതിരിക്കുകയും ചെയ്ത ചുറ്റുപാടിലാണു ഉദ്യോഗം നൽകാനായി പുതിയ ക്ലാസ്സ് മുറികൾ നിർമ്മിക്കാൻ ചെറിയ സംഭാവനകൾ സ്വീകരിച്ചിട്ടുള്ളത്. സംഭാവന പ്രശ്നത്തെ മുൻനിറുത്തി കൂടുതൽ കാര്യക്ഷമതയുള്ളവർക്കു ജോലി നിഷേധിക്കാതിരിക്കാനും ജോൺ സാർ പ്രത്യേകം നിഷ്കർഷ പാലിച്ചിരുന്നു. പത്തു കൊല്ലത്തെ നിസ്വാർത്ഥവും പ്രശസ്തവുമായ സേവനത്തിനു ശേഷം കെ. കെ. ജോൺ സാർ സ്കൂൾ മാനേജ്മെന്റ് ഓഫീസ് മാനേജർ സ്ഥാനത്തു നിന്നും സംതൃപ്തനായി സ്വയം വിരമിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ സേവനകാലത്ത് ഏതെങ്കിലും അധ്യാപകനെ വെറുപ്പിക്കുകയോ അധ്യാപകരുടെ ശത്രുത നേടുകയോ ചെയ്യാൻ ദൈവത്തിൽ ആശ്രയിച്ചു നീങ്ങിയ സാറിന് ഇട വന്നിട്ടുമില്ല.

# 6

# കുറിച്ചി ചെറിയപള്ളി ഒരു വലിയ നേട്ടം

1951–ലെ തിരുക്കൊച്ചി ഹൈക്കോടതിവിധി ഓർത്തഡോക്സ് സഭയ്ക്കു പ്രതികൂലമായി വന്നതിനെ തുടർന്ന് സഭയുടെ ആസ്ഥാനമായ പഴയസെമിനാരി എതിർകക്ഷി നടത്തിയെടുക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ച പശ്ചാത്തലത്തിലാണല്ലോ പുതിയ ആസ്ഥാനത്തിനു വേണ്ടി ദേവലോകം അരമന ഇരിക്കുന്ന ഏഴര ഏക്കർ സ്ഥലം കെ. സി. മാമ്മൻ മാപ്പിളയുടെയും മറ്റും സത്വരപരിശ്രമം കൊണ്ടു അതിരഹസ്യമായി വാങ്ങിയത്. ഹൈക്കോടതി വിധിക്കെതിരെയുള്ള അപ്പീൽ നൽകാൻ പോലും കോടതി വിസമ്മതിക്കുകയും ഒടുവിൽ സ്പെഷ്യൽ ലീവ് പെറ്റീഷൻ മുഖേന സുപ്രീംകോടതിയിൽ അപ്പീൽ എടുപ്പിക്കുകയും ആണല്ലോ ചെയ്തത്. പ്രഗൽഭനായ ബാരിസ്റ്റർ എം. കെ. നമ്പ്യാരുടെയും അഡ്വ. എം. ഏബ്രഹാമിന്റെയും മറ്റും വാദമുഖങ്ങളുടെ കൂട്ടത്തിൽ റെസ്ജൂഡിക്കേറ്റാ എന്ന പോയിന്റ് സുപ്രീംകോടതി അംഗീകരിച്ച് 1958–ൽ ഹൈക്കോടതി വിധി റദ്ദാക്കുകയും കാതോലിക്കേറ്റിനു തികച്ചും അനുകൂലമായ കോട്ടയം ജില്ലാക്കോടതി വിധി സുപ്രീംകോടതി സ്ഥിരപ്പെടുത്തുകയും ചെയ്തു. ഇതോടെ പഴയസെമിനാരിയെ തൊട്ടുനോക്കാൻ പോലും പാത്രിയർക്കീസ് കക്ഷിക്കു സാധിച്ചില്ല. അധികാരവും അരമനയും ചെങ്കോലും ഭദ്രാസനങ്ങളും നഷ്ടപ്പെട്ടു നിരാശരായ പാത്രിയർക്കീസ് ഭാഗത്തെ മെത്രാന്മാർ "ചുമ്മാ മെത്രാന്മാരാ"കുകയും തുടർന്ന് പാത്രിയർക്കീസിൽ സമ്മർദ്ദം ചെലുത്തിയും യാചന നടത്തിയും സഭാസമാധാനത്തിനു കീഴ്പ്പെടുകയും ചെയ്തപ്പോൾ പണ്ടത്തെ "വൃദ്ധൻ പുന്നൂസ്" പരിശുദ്ധ കാതോലിക്കാ ആയി മാറുകയും പഴയസെമിനാരിക്കു പുറമേ കണ്ണഞ്ചിപ്പിക്കുന്ന ദേവലോകം അരമന ഉയരുകയും ചെയ്തത് ആധുനിക ചരിത്രമാകയാൽ വിവരിക്കുന്നില്ല.

ദേവലോകം വാങ്ങാനുള്ള ചിന്താഗതി തന്നെയാണ് കുറിച്ചി ചെറിയപള്ളി സ്ഥാപനത്തിനും മുന്നിട്ടവരെ ഭരിച്ചത്. ഏതെങ്കിലും കാരണത്താൽ സുപ്രീംകോടതി വിധി സഭയ്ക്കു ദോഷകരമായി വന്നാൽ തന്റെ മാതൃദേവാലയമായ കുറിച്ചി വലിയപള്ളിയിൽ പ. ഗീവറുഗീസ് രണ്ടാമൻ ബാവായ്ക്കു കാലുകുത്താൻ കഴിയാതെ വരുന്ന സ്ഥിതിവിശേഷം ചിന്തിക്കാൻ പോലും കഴിയാതെ സമുന്നതരായ സഭാംഗങ്ങൾ ഏതു ഭവിഷ്യത്തിനേയും നേരിടാനുള്ള ശ്രമത്തിന്റെ ഭാഗമായിട്ടാണു കുറിച്ചി ചാപ്പൽ

(ഇന്നു ചെറിയപള്ളി) സ്ഥാപിച്ചത്. പെട്ടെന്നു ചാപ്പൽ നിർമ്മിച്ചു 1957 മെയ് 15-നു കൂദാശ ചെയ്ത് ആരാധന ആരംഭിച്ചു.

ചാപ്പൽ ആരംഭിക്കുന്നതിനു അത്യുൽസാഹത്തോടെ മുന്നോട്ടുവന്നവരിൽ കെ. കെ. ജോൺ, കരിനാട്ടു കെ. ജോർജ്, ചന്ദ്രത്തിൽ സി. എം. കുര്യൻ മുതലായവർ നേതൃത്വം നൽകി.

കുറിച്ചി ഔട്ട്പോസ്റ്റ് കവലയിൽ സ്ഥിതിചെയ്തിരുന്നതും കോലത്തുകളത്തിൽ തോപ്പിൽ പുത്തൻപുരയിൽ കെ. എ. എം. പുന്നൂസിന്റെ വകയായിരുന്നതും അദ്ദേഹം നൽകിയതുമായ സ്ഥലത്താണ് ചാപ്പൽ നിർമ്മിച്ചത്. അടുത്തകാലത്ത് കുറിച്ചി ചെറിയപള്ളി എന്ന പേരിൽ ചാപ്പൽ ഇടവകയായി. പിന്നീട് ചാപ്പൽ പുതുക്കി ഒരു നല്ല പുതിയപള്ളി സ്ഥാപിക്കുന്നതിനും സാധിച്ചു. ഇടവകയായി കഴിഞ്ഞിട്ടും എല്ലാ കാര്യങ്ങളിലും വലിയപള്ളിയുമായി സഹകരിച്ചാണു പ്രവർത്തിക്കുന്നത്. ഈ ചാപ്പൽ സ്ഥാപനത്തിൽ പ. ഗീവറുഗീസ് രണ്ടാമൻ ബാവാ സംതൃപ്തി പ്രകടിപ്പിക്കുകയും ഇതിന്റെ മദ്ബഹായുടെ കല്ലീടിൽ കർമ്മം നിർവഹിക്കുകയും ചെയ്തു എന്ന വസ്തുത പ്രത്യേകം ഓർക്കേണ്ടതുണ്ട്.

സി.എം.എസ്. കോളജിൽ ബി.എ. യ്ക്കു (1951-53) എന്റെ സഹപാഠി ആയിരുന്ന ഫാ. സി. കെ. തോമസ് പള്ളം ആയിരുന്നു ചാപ്പലിന്റെ പ്രഥമ വികാരി. അദ്ദേഹവും മകനും റൂർക്കലയിൽ വച്ച് ഒരു കാറപകടത്തിൽ അകാലമരണമടഞ്ഞ കാര്യം യാത്രാവേളകളിൽ ചെറിയപള്ളി കാണുമ്പോഴും എന്റെ മനസ്സിനെ മഥിക്കാറുണ്ട്. ഫാ. സി. കെ. തോമസിന്റെ സഹധർമ്മിണി എന്റെ നാട്ടുകാരനും സുഹൃത്തുമായ പ്രൊഫ. ഡി. മാത്യുവിന്റെ സഹോദരി ഓമനയായിരുന്നു.

ചാപ്പലിലും പള്ളിയിലും വികാരിമാരായിരുന്നവരുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു:

## കാതോലിക്കേറ്റ് ചാപ്പൽ

1. ഫാ. സി. കെ. തോമസ് ചിറയിൽ 1957-1968.
2. കെ. വി. തോമസ് കാട്ടാമ്പാക്കൽ 1969-70.
3. ഫാ. ജോസഫ് ഒ.ഐ.സി. കുമ്പഴ (ബർസ്കീപ്പാ റമ്പാൻ) 1970-71.
4. ഫാ. വി. എം. കുറിയാക്കോസ് വാഴച്ചിറ 1971-72.
5. ഫാ. ജോർജ് മട്ടുമ്മേൽ 1973-82.
6. ഫാ. എം. സി. ജോർജ് മീഞ്ചിറ 1983-89.

7. ഫാ. ജെ. പൗലോസ് ഓലിക്കൽ (സഹവികാരി) 1985-87.

8. ഫാ. ജോർജ് പി. ഏബ്രഹാം. പാറമ്പുഴ (സഹവികാരി) 1987-88.

9. ഫാ. സൈമൺ വെട്ടുകാട്ടിൽ 1989-90.

10. ഫാ. സി. കെ. കുര്യാക്കോസ് ചിറയിൽ (സഹവികാരി) 1989-90.

**ഇടവകയായത് 1990-ൽ. പിന്നീടുള്ള വികാരിമാർ.**

1. ഫാ. സൈമൺ വെട്ടുകാട്ടിൽ 1-7-90 - 15-12-90.

2. ഫാ. സി. കെ. കുര്യാക്കോസ് ചിറയിൽ (1-7-90 - 16-11-91 സഹ വികാരി) 1-7-90 - 31-3-1992.

3. ഫാ. തോമസ് കുര്യൻ മരോട്ടിപ്പുഴ 16-12-90 - 31-5-91.

4. ഫാ. പി. ജെ. ജോസഫ് പാലയ്ക്കപറമ്പിൽ (24-11-91 - 31-3-1992. സഹവികാരി) 15-9-91 - 17-7-93.

5. ഫാ. എം. പി. ജോർജ് 18-7-93 - 16-3-96.

6. ഫാ. കുര്യൻ വർഗീസ്, ഇഞ്ചക്കാട്ട് 17-3-96 - 18-4-99.

7. ഫാ. മോഹൻ ജോസഫ് 6-6-99 - 15-7-2002.

8. ഫാ. കെ. വി. ജോൺ കൊടുവത്ത് (സഹവികാരി) 19-3-2000 - 17-5-2002.

9. ഫാ. സി. സി. ചെറിയാൻ 18-5-2002 - 20-8-2005.

10. ഫാ. ഡോ. ജേക്കബ് കുര്യൻ 21-8-2005 - 6-6-2009.

11. ഫാ. ജോൺ ശങ്കരത്തിൽ 7-6-2009 - 2012.

12. ഫാ. ജെയിംസ് മർക്കോസ്

13. ഫാ. ഡോ. ബി. വറുഗീസ്

14. ഫാ. കുര്യൻ തോമസ് കരിപ്പാൽ 2013 മുതൽ.

# 7

# സന്താന സൗഭാഗ്യം

സ്വപിതാവായ കോലത്തുകളത്തിൽ നെയ്ശ്ശേരിൽ കുരുവിളക്കുഞ്ഞിനെപ്പോലെ തന്റെ പുത്രനായ കെ. കെ. ജോണും സൽ സന്താനങ്ങളാൽ ഏറെ ധന്യനും സംതൃപ്തനുമായിരുന്നു. യഹോവയുടെ ഭക്തന്മാർ തങ്ങളുടെ മക്കളെയും അവരുടെ മക്കളെയും കണ്ടു സന്തോഷിക്കുമെന്നുള്ള വചനം സാറിന്റെ ജീവിതത്തിലും തികച്ചും അന്വർത്ഥമായിരുന്നു.

അഞ്ചു പുത്രന്മാരും ഒരു പുത്രിയുമാണു ജോൺ - മറിയാമ്മ ദമ്പതികൾക്കു ദൈവം നൽകിയത്.

പുത്രന്മാർ: 1. ബ്രിഗേഡിയർ (റിട്ട.) കെ. ജോൺ കുരുവിള (1944-2014). ഇന്ത്യൻ ആർമിയിൽ എൻജിനീയറായിരുന്ന അദ്ദേഹം റിട്ടയർ ചെയ്ത ശേഷം വിവിധ കമ്പനികളുടെ കൺസൾട്ടന്റായി സേവനം നടത്തിവന്നു. 2014 മാർച്ച് 13-നു അന്തരിച്ചു. ഭാര്യ ഡോ. ചാം കുരുവിള, മലങ്കര ഓർത്തഡോക്സ് സണ്ടേസ്കൂൾ ഡയറക്ടർ ജനറലും വാകത്താനം ജറുസലേം മൗണ്ട് ഹൈസ്ക്കൂൾ സ്ഥാപക ഹെഡ്മാസ്റ്ററും ആയിരുന്ന ചിറത്തിലാട്ട് വെരി. റവ. സി. വി. ജോൺ കോർഎപ്പിസ്ക്കോപ്പായുടെ പുത്രിയാണ്. മക്കൾ ജോ കുരുവിളയും ഭാര്യ അഞ്ജലിയും (യുണിലിവർ സിംഗപ്പൂർ). ജോയിസ് ക്രിസ്റ്റിയും ഭർത്താവ് ക്രിസ്റ്റി ഉമ്മനും (ലണ്ടൻ). കൊച്ചുമക്കൾ രോഹിൻ, റേച്ചൽ, സാറ.

വൈദികസെമിനാരി മുൻ പ്രിൻസിപ്പാൾ ഫാ. ഡോ. കെ. എം. ജോർജ്ജ് സി. വി. ജോർജ്ജ് അച്ചന്റെ സഹോദരീപുത്രനാണ്.

2. പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ (1946-2012). (ജീവചരിത്രം അന്യത്ര).

3. ഡോ. സാറാമ്മ കോശി. ജോൺ സാറിന്റെ ഏക മകൾ ഡോ. സാറാമ്മയെ പുളിക്കീഴ് വാഴപ്പറമ്പിൽ വി. കെ. മത്തായിയുടെ മകനും എൻജീനിയറുമായ വി. എം. കോശിയാണു വിവാഹം ചെയ്തിരിക്കുന്നത്. ഇരുവരും കുവൈറ്റിൽ ജോലി ചെയ്ത ശേഷം റിട്ടയർ ചെയ്ത് ഇപ്പോൾ തിരുവനന്തപുരത്ത് വിശ്രമജീവിതം നയിക്കുന്നു. കോട്ടയത്തെ പ്രമുഖ ഗൈനക്കോളജിസ്റ്റായ ഡോ. വി. കെ. അന്നമ്മയുടെ സഹോദരനാണു വി. കെ. മത്തായി. മക്കൾ: ബെൻ മാത്യു കോശി, ഭാര്യ മിനി (ബാർക്ലെസ് ബാങ്ക്, മുംബൈ). ഡോ. ബെറ്റ്സി ആനി. ഭർത്താവ് ഡോ. വിനയ് തോമസ് (എറണാകുളം). കൊച്ചുമക്കൾ: അനായ, വിമൽ.

4. തോമസ് ജോൺ: അബുദബി സ്റ്റാൻഡാർഡ് ചാർട്ടേഡ് ബാങ്കുദ്യോഗസ്ഥനായിരുന്ന തോമസ് ജോൺ (തോമ്മാച്ചൻ) ഇപ്പോൾ കുറിച്ചിയിൽ താമസിച്ചു വരുന്നു. വള്ളംകുളം ആക്കമുറിയിൽ കണ്ടത്തിൽ റിട്ട. എസ്.ബി.റ്റി. മാനേജർ കെ. പി. മാത്യുവിന്റെ പുത്രി ആനിയാണു തോമ്മാച്ചന്റെ ഭാര്യ. കണ്ടത്തിൽ കുടുംബത്തിലെ ഒരു പ്രമുഖ വ്യക്തിയായിരുന്ന പോത്തന്റെ (ഫിഷറീസ്) മകനും റിട്ട. ജില്ലാ ജഡ്ജി പി. എ. ഉമ്മന്റെ (കെ. കെ. ജോണിന്റെ ഭാര്യാസഹോദരൻ) ഭാര്യാസഹോദരനുമാണ് കെ. പി. മാത്യു. മക്കൾ: അനൂപ് ജോൺ തോമസ്. ഭാര്യ സംഗീത (എം.ആർ.എഫ്., ചെന്നൈ). അജന മെറിൻ ജോസഫ്. ഭർത്താവ് പി. ജെ. ജോസഫ് (ഖത്തർ). കൊച്ചുമക്കൾ: ആൻ, ഡാനി, ഐറിൻ.

5. ഉമ്മൻ ജോൺ. കുവൈറ്റിലെ കുവൈറ്റ് ഇൻഷ്വറൻസ് കമ്പനിയിൽ അസി. സി.ഇ.ഒ. യായി ജോലി ചെയ്യുന്നു. കുഴിമറ്റം മടത്തിപ്പറമ്പിൽ രാജൻകുഞ്ഞിന്റെ മകൾ സബിതയാണു ഭാര്യ. മുൻ ഗവർണർ ഡോ. പി. സി. അലക്സാണ്ടറുടെ സഹോദരപൗത്രിയാണ് സബിത. മക്കൾ: റോണി ഉമ്മൻ ജോൺ (അഡ്വക്കേറ്റ്, ന്യൂഡൽഹി), റീബ മറിയം ഉമ്മൻ (വിദ്യാർത്ഥിനി, ബാംഗ്ലൂർ).

6. ജോൺ കെ. ജോൺ. അമേരിക്കയിലെ വെർജീനിയ ട്രാൻസ്ഫോർമർ കമ്പനിയിൽ എൻജീനിയറാണ്. പറന്തൽ പാംഹില്ലിൽ അസി. ചീഫ് കൺസർവേറ്റർ ടി. കെ. മാത്യുവിന്റെ മകൾ രേണുവാണു ഭാര്യ. യൂണിവേഴ്സിറ്റി കോളജ് പ്രിൻസിപ്പലും വിദ്യാഭ്യാസ ഡയറക്ടറുമായിരുന്ന ഡോ. ടി. കെ. കോശിയുടെ മകനാണു ടി. കെ. മാത്യു. കെ. കെ. ജോൺ സാർ യൂണിവേഴ്സിറ്റി കോളജിൽ പഠിക്കുമ്പോൾ അദ്ദേഹത്തിന്റെ വകുപ്പുതലവനായിരുന്നു ഡോ. ടി. കെ. കോശി.

മക്കൾ: ഡോ. വിശാഖ് ജോൺ. ഭാര്യ ഡോ. സാൻഡി. നോർത്ത് കരോളിന, യു.എസ്.എ.

അശോക് മാത്യു ജോൺ. ഭാര്യ ടാനിയ. ജെ. പി. മോർഗൻ ബാങ്ക്, സിംഗപ്പൂർ. കൊച്ചുമക്കൾ: അലീന, മലൈയ്ക്ക.

# 8

# പൗലോസ് മാർ പക്കോമിയോസ്

പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ കുറിച്ചി കോലത്തുകളത്തിൽ കെ. കെ. ജോണിന്റെയും മറിയാമ്മ ജോണിന്റെയും രണ്ടാമത്തെ പുത്രനായി 1946 ജനുവരി 26-ന് ജനിച്ചു. പ. വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസിന്റെയും, പ. ബസേലിയോസ് ദ്വിതീയൻ കാതോലിക്കാബാവായുടെയും കുടുംബാംഗമായതിനാൽ ബാല്യകാലത്തുതന്നെ ആദ്ധ്യാത്മിക തീക്ഷ്ണതയോടെ വളർന്നുവന്നു. ചിങ്ങവനം സെന്റ് തോമസ് സ്കൂളിൽ നിന്നും ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. ചങ്ങനാശ്ശേരി എസ്. ബി. കോളജിൽ നിന്നും ഫിസിക്സിൽ ബി.എസ്.സി. ബിരുദം നേടിയശേഷം 1968-ൽ റാന്നി പെരുനാട് ബഥനി ആശ്രമത്തിൽ ചേർന്നു.

കൽക്കട്ട ബിഷപ്സ് കോളജിൽ നിന്നും ബി.ഡി. ബിരുദം കരസ്ഥമാക്കി. 1978-80 വരെ ഇംഗ്ലണ്ടിൽ ഉപരിപഠനം നടത്തി. ഇംഗ്ലണ്ടിലെ ലീഡ്സ് സർവ്വകലാശാലയിൽ നിന്നും എം.റ്റി.എച്ച്. ബിരുദം നേടി.

പാറേട്ട് മാത്യൂസ് മാർ ഈവാനിയോസ് 1973-ൽ ശെമ്മാശുപട്ടം നൽകി. 1974 ജനുവരി 8-ന് നിയുക്ത കാതോലിക്കാ മാത്യൂസ് മാർ അത്താനാസിയോസ് വൈദികപട്ടം നൽകി. ഫാദർ പൗലോസ് ഒ.ഐ.സി. എന്ന പേരിൽ മലങ്കരസഭ മുഴുവൻ ധ്യാനഗുരുവായി അറിയപ്പെട്ടു. 1986-93 വരെ ബഥനി ആശ്രമത്തിന്റെ സുപ്പീരിയറായി പ്രവർത്തിച്ചു.

കോട്ടയം മെഡിക്കൽ കോളജ് ചാപ്പൽ, ചങ്ങനാശ്ശേരി, റാന്നി-പെരുനാട്, ലണ്ടൻ, വടശ്ശേരിക്കര എന്നിവിടങ്ങളിൽ ദീർഘകാലം വൈദിക ശുശ്രൂഷ നിർവ്വഹിച്ചു.

1992 സെപ്റ്റംബർ 10-ന് പരുമലയിൽ നടന്ന മലങ്കര അസോസിയേഷൻ മേൽപട്ടസ്ഥാനത്തേക്ക് തെരഞ്ഞെടുത്തു. 1992 ഡിസംബർ 18-ന് നിയുക്ത കാതോലിക്കാ തോമസ് മാർ തീമോത്തിയോസ്, റമ്പാൻ സ്ഥാനം നൽകി.

1993 ആഗസ്റ്റ് 16-ന് പ. ബസേലിയോസ് മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവാ, 'പൗലോസ് മാർ പക്കോമിയോസ്' എന്ന നാമത്തിൽ എപ്പിസ്ക്കോപ്പയായി വാഴിച്ചു. ഇടുക്കി, അങ്കമാലി ഭദ്രാസനങ്ങളുടെ സഹായ മെത്രാപ്പോലീത്തായായി പ്രവർത്തിച്ചു. 2002 ആഗസ്റ്റ് 10-ന് രൂപീകൃതമായ മാവേലിക്കര ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായായി.



ഹ്രസ്വമായ കാലയളവിൽ മാവേലിക്കര ഭദ്രാസനം ദ്രുതഗതിയിൽ വളർന്നു.

മൂന്നുകോടി രൂപ ചെലവിൽ പണിതുയർത്തിയ 'തെയോഭവൻ' അരമന സമുച്ചയം 2008 ഒക്ടോബർ 22, 23 തീയതികളിൽ കൂദാശ നിർവ്വഹിച്ചു. ഒക്ടോബർ 26-ന് മാവേലിക്കര ഭദ്രാസനകേന്ദ്രമായ 'തെയോഭവൻ' ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. ഓണാട്ടുകരയുടെ നാലുകെട്ടും, മധ്യതിരുവിതാംകൂറിന്റെ വാസ്തുശില്പവും ഒത്തിണങ്ങിയ അരമനയുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കി. 10 വർഷത്തെ പാരമ്പര്യം ഉൾക്കൊള്ളുന്ന മാവേലിക്കര ഭദ്രാസനത്തിൽ ഇപ്പോൾ 40 പള്ളികളും 12 ചാപ്പലുകളും ഉണ്ട്. കൊല്ലം, നിരണം, ചെങ്ങന്നൂർ ഭദ്രാസനങ്ങളിൽ നിന്നും 40 പള്ളികൾ ചേർത്താണ് മാവേലിക്കര ഭദ്രാസനം രൂപീകരിച്ചത്.

മലങ്കരസഭാ റിലിജിയസ് കമ്മിറ്റി സെക്രട്ടറി, സണ്ടേസ്കൂൾ ടെക്സ്റ്റ് ബുക്ക് കമ്മിറ്റി മെമ്പർ, ബാലികാമഠം സ്കൂൾ ഗവേണിങ്ങ് ബോർഡ് മെമ്പർ, മാർത്തമറിയം സമാജം പ്രസിഡന്റ്, കാതോലിക്കേറ്റ് & എം.ഡി. സ്കൂൾ മാനേജർ എന്നീ നിലകളിൽ പ്രവർത്തിച്ചു. 1993 മുതൽ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ വൈസ് പ്രസിഡന്റ് ആയിരുന്നു. പരുമല സെമിനാരി കൗൺസിൽ അംഗം, കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരി ഗവേണിംഗ് ബോർഡ് അംഗം എന്നീ നിലകളിലും പ്രവർത്തിച്ചു. നിരവധി എക്യുമെനിക്കൽ സമിതികളിലും പ്രവർത്തനങ്ങളിലും പങ്കുചേർന്നു. ഇന്റർ ചർച്ച് കൗൺസിലിന്റെ വിദ്യാഭ്യാസ സമിതിയിലും നിലയ്ക്കൽ എക്യുമെനിക്കൽ ട്രസ്റ്റിലും മലങ്കരസഭയെ പ്രതിനിധീകരിച്ചു.

കിഴക്കമ്പലം ദയറാ, റാന്നി-പെരുനാട് ബഥനി കോൺവെന്റ്, റാന്നി ഹോളി ട്രിനിറ്റി ആശ്രമം എന്നിവയുടെ വിസിറ്റർ ബിഷപ്പ് ആയിരുന്നു. ഹരിപ്പാട് ബാലഭവൻ, ചേപ്പാട് മാർ ദീവന്നാസിയോസ് വൃദ്ധ ഭവൻ എന്നിവയുടെ പ്രസിഡന്റ് ആയിരുന്നു. മാവേലിക്കര ഭദ്രാസനത്തിൽ നിന്നും 2012-ൽ ആരംഭിച്ച 'തെയോനാദം' മാസികയുടെ സ്ഥാപക പ്രസിഡന്റ് ആണ്.

മലങ്കര ഓർത്തഡോക്സ് സഭയുടെ സാക്ഷ്യവും ജീവിതവും തപോനിഷ്ഠയും ഇടയ ശുശ്രൂഷയിൽ ഉൾക്കൊള്ളിച്ച പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ കാതോലിക്കേറ്റിന്റെ ഉൾഭരണ സ്വാതന്ത്ര്യവും സ്വയംശീർഷകത്വവും കാത്തുസൂക്ഷിക്കുന്നതിനായി അക്ഷീണം യത്നിച്ചു.

മലങ്കര ഓർത്തഡോക്സ് സഭയുടെ തനിമയും സ്വാതന്ത്ര്യവും അഭംഗുരം കാത്തുസൂക്ഷിക്കണമെന്ന് ആഹ്വാനം പകർന്ന അദ്ദേഹം തപോജീവിതത്തിന്റെ പ്രകാശം ഏവർക്കും പകർന്നു നൽകി.

മെത്രാപ്പോലീത്താ 2012 ഓഗസ്റ്റ് ഒന്നിനു കാലം ചെയ്യുകയും പെരുനാടു ബഥനി ആശ്രമം ചാപ്പലിൽ സംസ്ക്കരിക്കപ്പെടുകയും ചെയ്തു.

## മാവേലിക്കരയുടെ പ്രഥമ ഇടയൻ

മലങ്കര ഓർത്തഡോക്സ് സഭാ ചരിത്രത്തിൽ നിർണ്ണായക പങ്കാളിത്തം മാവേലിക്കരയ്ക്കുണ്ട്. മലങ്കര ഓർത്തഡോക്സ് സഭയുടെ സ്വാതന്ത്ര്യത്തിനും സ്വയംഭരണത്തിനും വേണ്ടി വിദേശമേൽക്കോയ്മയ്ക്കെതിരെ അതിശക്തമായ ആത്മീയപോരാട്ടം നടത്തിയ 'മാവേലിക്കര പടിയോലയുടെ മണ്ണിൽ "മാവേലിക്കര ഭദ്രാസനം" എന്ന ആഗ്രഹം വന്ദ്യ വിലനിലത്ത് മത്തായി അച്ചന്റെ നേതൃത്വത്തിൽ സഭാമക്കളുടെ നിരന്തരമായ അഭ്യർത്ഥനകളുടെ അംഗീകാരമെന്നോണം മലങ്കരസഭയുടെ 'സൂര്യതേജസ്സ്' പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവാ കൊല്ലം, നിരണം, ചെങ്ങന്നൂർ ഭദ്രാസനങ്ങളിലെ 40 പള്ളികൾ ഉൾക്കൊള്ളിച്ച് 2002 ആഗസ്റ്റ് 10-ലെ 134/2002 -ാം നമ്പർ കല്പന പ്രകാരം മാവേലിക്കര ഭദ്രാസനം രൂപീകരിച്ചു. അഭിവന്ദ്യ പൗലോസ് മാർ പക്കോമിയോസ് തിരുമേനിയെ പ്രഥമ മെത്രാപ്പോലീത്തായായി നിയമിച്ചു.

മലങ്കര മെത്രാപ്പോലീത്തായുടെ നിയന്ത്രണത്തിലുള്ള തഴക്കര എം. എസ്. സെമിനാരി താൽക്കാലിക ഭദ്രാസന കേന്ദ്രമായി അനുവദിച്ചു.

2004 ഡിസംബർ 11-ന് നടന്ന ഭദ്രാസന പൊതുയോഗം മാവേലിക്കര ഭദ്രാസനത്തിന് ആധുനികരീതിയിലുള്ള ആസ്ഥാന മന്ദിര സമുച്ചയം നിർമ്മിക്കുവാൻ തീരുമാനിച്ചു. മാവേലിക്കര ഗവ. ആശുപത്രി ജംഗ്ഷനിൽ തെക്ക് കിഴക്കായി അരകിലോമീറ്റർ അകലം ഒന്നര ഏക്കർ വസ്തു 35 ലക്ഷം രൂപയ്ക്ക് വാങ്ങി. ഇവിടെയാണ് മൂന്നു കോടി രൂപ ചെലവിൽ 13000 ചതുരശ്രഅടിയിൽ പണിത ആസ്ഥാന മന്ദിരമായ തെയോഭവൻ അരമന.

2005 സെപ്റ്റംബർ 5-ന് മാവേലിക്കര ഭദ്രാസന അരമന മന്ദിരത്തിന്റെ ശിലാസ്ഥാപനം നടത്തി. പ. കാതോലിക്കാ ബാവാ ആശീർവദിച്ച ശില ശ്രേഷ്ഠ നിയുക്ത കാതോലിക്കാ തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായുടെ മുഖ്യ കാർമ്മികത്വത്തിൽ പ്രതിഷ്ഠിച്ചു. ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ്, മാത്യൂസ് മാർ എപ്പിഫാനിയോസ്, തോമസ് മാർ അത്താനാന്യോസ്, പൗലോസ് മാർ പക്കോമിയോസ് എന്നീ തിരുമേനിമാർ സഹകാർമ്മികത്വം വഹിച്ചു. 2008 ഒക്ടോബർ 22, 23 തീയതികളിൽ അരമനയുടെ കൂദാശ പ. കാതോലിക്കാ ബാവാ നിർവഹിച്ചു. 2008 ഒക്ടോബർ 23-ന് പൗലോസ് മാർ പക്കോമിയോസ് തിരുമേനിയുടെ സുന്ത്രോണിസോ ശുശ്രൂഷ നടത്തി. ഒക്ടോബർ 26-ന് മാവേലിക്കര

ഭദ്രാസന കേന്ദ്രമായ തെയോഭവൻ അരമന ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു.

ദൈവഭവനമെന്ന് അർത്ഥം വരുന്ന "തെയോഭവൻ" എന്ന ഭദ്രാസന ആസ്ഥാനമന്ദിരത്തിന്റെ ഉദ്ഘാടനം അക്ഷരാർത്ഥത്തിൽ മാവേലിക്കരയെ പ്രകമ്പനം കൊള്ളിച്ചുകൊണ്ടുള്ള സഭാചരിത്രത്തിലെ മണിനാദമായിരുന്നു. പത്ത് വർഷം പിന്നിടുമ്പോൾ മാവേലിക്കര ഭദ്രാസനത്തിന് ആത്മീയവും ഭൗതീകവുമായ ഒട്ടേറെ അനുഗ്രഹങ്ങൾ നേടുവാൻ കഴിഞ്ഞു.



**കെ. കെ. ജോൺ ഭാര്യ മറിയാമ്മയോടും അമ്മാവിയമ്മ മിസ്സിസ് സാറാമ്മ ഏബ്രഹാമിനോടും മക്കളോടുമൊത്ത്.**

# 9

# ബഥനിയുടെ ഭാഗമായി

കർമേൽമല പോലെ ഉയർന്നു നിൽക്കുന്ന റാന്നി പെരുനാട്ടിലെ ബഥനി ആശ്രമത്തിൽ ചേരുകയും തികഞ്ഞ സന്യാസിവര്യനായി തീരുകയും സഭയിലെ ഒരു മെത്രാപ്പോലീത്തായായി ഉയർത്തപ്പെടുകയും ചെയ്ത പൗലോസ് മാർ പക്കോമിയോസിനു ബഥനി ആശ്രമം ഏതർത്ഥത്തിലും സ്വന്തം ഭവനമായിരുന്നു. കാലം ചെയ്യുന്നതുവരെയും ബഥനി ആശ്രമം അദ്ദേഹത്തിന്റെ മാനസപുത്രിയുമായിരുന്നു എന്നത്രെ പരേതനായ ഫാ. കുറിയാക്കോസ് ഒ.ഐ.സി. രചിച്ചതും ഞാൻ എഡിറ്റു ചെയ്തു പ്രസിദ്ധീകരിച്ചതുമായ "മലമടക്കിലെ കെടാവിളക്ക്" എന്ന അതിശ്രദ്ധേയമായ പുസ്തകത്തിൽ തിരുമേനി "ബഥനിക്കു പുതുജീവൻ ഉണ്ടാകട്ടെ" എന്ന ശീർഷകത്തിൽ എഴുതിയ ചിന്തോദ്ദീപകമായ ആമുഖ സന്ദേശം പ്രതിഫലിപ്പിക്കുന്നത്.

ഇരുപതു വർഷം മുമ്പ് ഈ പുസ്തകം ക്രിസോസ്റ്റം മാർതോമ്മാ വലിയ മെത്രാപ്പോലീത്തായാണ് ബഥനിയിൽ വച്ചു പ്രകാശനം ചെയ്തത്. ഇലഞ്ഞിക്കൽ കുടുംബത്തിനു ബഥനി ആശ്രമത്തോടു ആരംഭം മുതലുള്ള സുദൃഢ ബന്ധത്തെ മുൻനിറുത്തി അന്ന് ഇലഞ്ഞിക്കൽ ജഗൻ പീലിപ്പോസും എഡിറ്റർ എന്ന നിലയിൽ ഞാനും പ്രസംഗിച്ചതും സാഭിമാനം അനുസ്മരിക്കുന്നു.

## ബഥനിക്കു പുതുജീവൻ ഉണ്ടാകട്ടെ

അതിവേഗം അസ്തമിച്ചുകൊണ്ടിരിക്കുന്ന ഈ നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ വൈദേശിക കൈകടത്തലുകളും കേസുകളും തർക്കവിതർക്കങ്ങളും മൂലം ക്ഷതം സംഭവിച്ച മലങ്കരസഭയുടെ ആധ്യാത്മിക പുരോഗതിക്കുവേണ്ടി മലങ്കരസഭാഭാസുരൻ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും മറ്റും ദീർഘനാളത്തെ ചിന്തയ്ക്കും പ്രാർത്ഥനയ്ക്കും ശേഷം രൂപംകൊടുത്ത പ്രഥമ സന്യാസ സമൂഹമാണല്ലോ ബഥനി ആശ്രമം (മ്ശിഹാനുകരണ സമൂഹം). സഭയുടെ ഒരു വലിയ കുറവ് പരിഹരിക്കുന്നതിനുവേണ്ടി ആരംഭിച്ച ഈ ചെറിയ സമൂഹം സഭയിൽ ആത്മിക ചൈതന്യത്തിന്റെ പ്രഭ ചൊരിഞ്ഞ പ്രഭാത നക്ഷത്രമാണ്. ദൈവിക സ്നേഹം ആസ്വദിക്കുകയും ആ ദിവ്യസ്നേഹത്തിന്റെ കുളുർമ്മയിൽ വസിക്കുകയും ചെയ്യുന്ന നവോന്മേഷശാലിനിയായ ഒരാധ്യാത്മിക ജീവിതശൈലിയാണു സന്യാസമെന്നു വിശേഷിപ്പിക്കാം. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, ദൈവതിരുനാമ മഹത്വത്തിനു

വേണ്ടി ത്യാഗവും സമർപ്പണവും മുഖമുദ്രയായുള്ള ഒരു വിശുദ്ധ ജീവിതം. ഈ ജീവിതസരണിയിൽ പ്രവേശിക്കുന്നവർ ഭൗതികനേട്ടങ്ങളോടും പ്രശംസയോടും സ്വയത്തോടും സന്ധിയില്ലാസമരം പ്രഖ്യാപിക്കുകയും അധികം ആരും അറിയാതെ സേവനത്തിന്റെ ബലിപീഠത്തിൽ കത്തിയെരിയുകയും ചെയ്യുന്നു. ഉന്നതമായ ആധ്യാത്മിക ചിന്തയും ലളിതമനോഹരമായ ജീവിതരീതികളും സ്നേഹത്തിലധിഷ്ഠിതമായ മനുഷ്യസേവനപ്രവർത്തനങ്ങളും കർശനമായ ശിക്ഷണവും ചിട്ടകളുമാണ് ബഥനി ആശ്രമാംഗങ്ങളെ സഭയുടെ സാധാരണ ജീവിതത്തിൽ നിന്നു വേർതിരിച്ചു നിറുത്തുന്നതെന്നു പറയാം.

സംഭവബഹുലമായ മുക്കാൽ നൂറ്റാണ്ടു പിന്നിട്ട ബഥനിയുടെ നേട്ടങ്ങളും കോട്ടങ്ങളും പ്രതിസന്ധികളും വികസനസാധ്യതകളും സമുന്നതനേതാക്കളുടെ സേവനങ്ങളും ഉൾക്കൊള്ളുന്ന സമഗ്രമായ ഒരു ചരിത്രമാണ് സമൂഹത്തിന്റെ പ്ലാറ്റിനം ജൂബിലിയുടെ ഭാഗമായി ഞങ്ങൾ പ്രസിദ്ധപ്പെടുത്തുന്നത്. ബഥനിയുടെ ചരിത്രം പല സന്ദർഭങ്ങളിൽ ഭാഗികമായി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെങ്കിലും ആരംഭം മുതൽ ഇന്നു വരെയുള്ള ചരിത്രം ചോദ്യം ചെയ്യാനാവാത്ത പ്രമാണരേഖകളുടെയും മൺമറഞ്ഞ നേതാക്കളുടെ അവിസ്മരണീയ പ്രവർത്തനങ്ങളുടെയും പ്രായമുള്ളവരുടെ സംശയമില്ലാത്ത സാക്ഷ്യങ്ങളുടെയും ശക്തമായ പിൻബലത്തോടെ ഇതുവരെ വെളിച്ചത്തു കൊണ്ടുവരാൻ സാധിച്ചിട്ടില്ല. ആ വലിയ കുറവാണു ബഥനിയുടെ മുൻ സുപ്പീരിയറും ദീർഘകാലം സഞ്ചാര മിഷനറിയും അടുത്തകാലത്തു നിര്യാതനുമായ ഫാദർ കുറിയാക്കോസ് ഒ.ഐ.സി. ഈ ചരിത്രഗ്രന്ഥത്തിലൂടെ നികത്തിയിരിക്കുന്നത്.

ബഥനി ആദ്യകാലങ്ങളിൽ പല അഗ്നിപരീക്ഷകളിലൂടെ കടന്നുപോയെങ്കിലും തിളക്കമാർന്നു പുറത്തുവന്ന കനകക്കട്ടിപോലെ ഈ സമൂഹം സഭയിലും സഭാംഗങ്ങളിലും നിർണ്ണായകമായ ആധ്യാത്മിക സ്വാധീനം ചെലുത്തുന്ന പ്രസ്ഥാനമായി വളർന്നു പരിലസിച്ചു എന്നത് ചാരിതാർത്ഥ്യജനകമായ ഒരു വസ്തുത തന്നെയാണ്. സ്ഥാപകരിൽ ഒരു പ്രധാനിയായിരുന്ന മാർ ഈവാനിയോസ് മാതൃസഭ വിട്ടു റോമൻ കത്തോലിക്കാ സഭയുടെ കൂടാരത്തിൽ ഇടംകണ്ടു എങ്കിലും അലക്സിയോസ് മാർ തേവോദോസിയോസിന്റെ ദൈവാശ്രയവും അചഞ്ചലമായ സഭാസ്നേഹവും കർമ്മശേഷിയും ദൃഢബോധ്യവും മൂലം ബഥനി ഓർത്തഡോക്സ് സഭയുടെ പിന്നിൽ പാറപോലെ ഉറച്ചുനിന്നു. കൂടാതെ ബഥനിയെ വിവിധ തലങ്ങളിൽ പരിപോഷിപ്പിച്ചു വളർത്തുന്നതിനും പ്രതികൂല സാഹചര്യങ്ങളെ സുധീരമായി നേരിട്ടു വിജയശ്രീലാളിതനാകുന്നതിനും ഭാഗ്യസ്മരണാർഹനായ മാർ തേവോദോസിയോസിനു സാധിച്ചത് ഒരു നിസ്സാര നേട്ടമല്ല. ഈ ഒറ്റക്കാരണത്താൽത്തന്നെ ഞങ്ങളുടെ

വലിയ പിതാവായ മാർ തേവോദോസിയോസിനെ മലങ്കരസഭയ്ക്ക് ഒരു കാലത്തും വിസ്മരിക്കാനാവില്ല. സഭയുടെ വ്യക്തിത്വം, അന്യൂനമായ അപ്പോസ്തോലിക പിന്തുടർച്ച, സംശയരഹിതമായ സ്വയംഭരണാവ കാശം എന്നിവ ഇത്രയധികം ശക്തമായി ഊന്നിപ്പറയുകയും ഇതിനു വിരുദ്ധമായ ഭൂരിപക്ഷാഭിപ്രായത്തോടു മുഖംനോക്കാതെ നിസ്സഹകരി ക്കുകയും ചെയ്ത മറ്റൊരു മേല്പട്ടക്കാരനെ ഈ നൂറ്റാണ്ടിൽ മലങ്കരസഭ കണ്ടിട്ടില്ലെന്നുള്ളതാണു വസ്തുത. ബഥനി അദ്ദേഹത്തിന്റെ നിത്യസ്മാ രകം കൂടിയാണ്.

അദ്ദേഹം കാലം ചെയ്തതിനെ തുടർന്ന് ബഥനിയുടെ അന്തരീക്ഷ ത്തിൽ ഉദിച്ചുയരുകയും പ്രകാശിക്കുകയും ചെയ്ത യൂഹാനോൻ മാർ അത്താനാസ്യോസ് ശരിക്കു വിടർന്ന് ആധ്യാത്മിക പരിമളം പരത്തുന്ന തിനു മുമ്പു രോഗഗ്രസ്തനാകുകയും അകാലത്തിൽ കൊഴിഞ്ഞുവീഴു കയും ചെയ്തു. എങ്കിലും ഹ്രസ്വമായ അദ്ദേഹത്തിന്റെ ഭരണകാലത്ത് ബഥനി പല ദിശകളിൽ വളർന്നു എന്ന് എടുത്തു പറയാൻ ആഗ്രഹി ക്കുന്നു. ഭാഗ്യസ്മരണ അർഹിക്കുന്ന അദ്ദേഹത്തിന്റെ പ്രാർത്ഥന ബഥ നിയുടെ പ്രാകാരങ്ങളെ കൂടുതൽ ബലപ്പെടുത്തുമെന്നു ഞങ്ങൾ വിശ്വ സിക്കുന്നു.

എന്റെ മുൻഗാമിയായ ഫാ. അലക്സന്ത്രയോസ് എട്ടു വർഷം സുപ്പീ രിയറായിരുന്നു. കാര്യക്ഷമമായി പ്രവർത്തിച്ചു. ചിറ്റാർ, സീതത്തോട് മുത ലായ കിഴക്കൻ മലമ്പ്രദേശങ്ങളിലെ ഇടവകകളും ആധ്യാത്മിക പ്രവർ ത്തനങ്ങളും അച്ചന്റെ മികച്ച സംഭാവനകൾ വിളിച്ചോതുന്നവയാണ്.

ബഥനിയുടെ ഈ ചരിത്രം രചിച്ചിരിക്കുന്നത് ആരെയെങ്കിലും വേദ നിപ്പിക്കാനോ വിമർശിക്കാനോ അല്ല. പലരും അറിയാതെ ആഴിയുടെ അടിത്തട്ടിൽ അടിഞ്ഞുകിടക്കുന്ന രത്നങ്ങളെപ്പോലെ മറഞ്ഞുകിടക്കുന്ന വസ്തുതകളും സത്യങ്ങളും സഭാംഗങ്ങളെയും ബഥനിയുടെ സ്നേഹി തരെയും വരുംതലമുറകളെയും ധരിപ്പിക്കേണ്ടതാണെന്നുള്ള ഉത്തമ ബോധ്യത്തോടെയാണ് ഈ പുസ്തകം തയ്യാറാക്കിയത്. ഞങ്ങൾ വലിയ ചുമതല നിറവേറ്റുമ്പോൾ അതുമൂലം ബഥനിക്ക് ഒരു പുതു ജീവൻ ഉണ്ടാ കുമെന്നുള്ള ശുഭപ്രതീക്ഷയും ഞങ്ങളെ ഭരിക്കുന്നുണ്ട്.

ബഥനിയുടെ ഒരു ഭാഗമായിത്തീർന്ന സമുന്നതനായ ഒരു വൈദിക നാണ് ഫാ. കുറിയാക്കോസ്. ബഥനിയിലെ അദ്ദേഹത്തിന്റെ ചുമതലാ ബോധത്തോടുകൂടിയ ജീവിതവും പഠനഗവേഷണങ്ങളും നിരീക്ഷണ ങ്ങളും വളച്ചുകെട്ടില്ലാത്ത ലളിതമായ ഭാഷയും ആണ് ഈ ഗ്രന്ഥനിർമ്മി തിക്കു സഹായകമായി ഭവിച്ചത്. ബഥനിയെപ്പറ്റിയുള്ള സത്യവിരുദ്ധമായ ദുഷ്പ്രചരണങ്ങളെയും കെട്ടുകഥകളെയും തിരുത്തണമെന്നും അദ്ദേഹം

ആഗ്രഹിച്ചിരുന്നു. പല വർഷങ്ങളിലെ അധ്വാനത്തിന്റെ ഫലമാണ് ഈ അതുല്യമായ ചരിത്രം. 1994 മെയ് ആദ്യം അന്തരിച്ച അദ്ദേഹം 1994 ഏപ്രിൽ മാസത്തിൽ ഈ ചരിത്രം പൂർത്തിയാക്കി എന്നത് ഒരു ദൈവ നിയോഗമല്ലെങ്കിൽ പിന്നെന്താണ്? കേസുകൾ സംബന്ധിച്ച വിവരങ്ങൾ അന്യൂനമാക്കി ക്രോഡീകരിക്കുന്നതിൽ അഡ്വ. വി. റ്റി. ചാണ്ടപ്പിള്ള (മീനടം) ആത്മാർത്ഥതയോടെ അസാമാന്യമായ സാമർത്ഥ്യം പ്രകടിപ്പിച്ചു എന്നതിനു രണ്ടു പക്ഷമില്ല. അദ്ദേഹത്തിന്റെ സഹകരണം തേടുന്നതിൽ ഫാ. കുറിയാക്കോസ് പ്രകടിപ്പിച്ച ഉത്സാഹവും അഭിനന്ദനാർഹമാണ്. അന്തരിക്കുന്നതിനു മുമ്പ് വെല്ലൂരാശുപത്രിയിൽ വച്ചു പ്രകടിപ്പിച്ച തന്റെ അന്ത്യാഭിലാഷപ്രകാരം ഈ പുസ്തകത്തിന്റെ എഡിറ്റിംഗ് കാര്യക്ഷമമായി നിർവഹിച്ച സുഹൃത്തും ബഥനിയുടെ സ്നേഹിതനുമായ കെ. വി. മാമ്മനോടുള്ള കൃതജ്ഞതയും സസന്തോഷം രേഖപ്പെടുത്തുന്നു.

സർവ്വോപരി പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് ഈ ഈടുറ്റ ചരിത്രം പ്രസിദ്ധീകരിക്കാൻ സാധിച്ചതിൽ ബഥനിയുടെ മക്കളായ ഞങ്ങൾക്ക് വളരെയധികം സന്തോഷമുണ്ട്. ബഥനിയുടെ വളർച്ചയിലും പ്രതിസന്ധികളിലും നിർണ്ണായകമായ പങ്കു വഹിച്ചവരുടെ പേരുവിവരം എടുത്തു പറയേണ്ടതാണെങ്കിലും വിസ്തരഭയത്താൽ ഇവിടെ അവരെ നന്ദിപൂർവ്വം സ്മരിക്കുക മാത്രമാണ് ചെയ്യുന്നത്. ഇലഞ്ഞിക്കൽ ജോൺ വക്കീലും കുടുംബാംഗങ്ങളും കെ. സി. മാമ്മൻമാപ്പിളയും മറ്റും ബഥനി സ്ഥാപിക്കുന്നതിലും വളർത്തുന്നതിലും വഹിച്ച പങ്ക് ദൈവസന്നിധിയിൽ ഞങ്ങൾ പ്രത്യേകം ഓർക്കുന്നുണ്ടെന്നും അറിയിക്കട്ടെ.

സ്വയംപര്യാപ്തത നേടിയിരിക്കുന്ന ബഥനിക്ക് ഇന്നു കൂടുതൽ പ്രവർത്തകരെ വേണം. ബഥനി ആശ്രമവും മഠവും പല സേവനപ്രവർത്തനങ്ങളിലും പ്രവേശിച്ചിരിക്കുന്നതിനാൽ സമർപ്പണജീവിതമുള്ള പ്രവർത്തകരെക്കൊണ്ടു മാത്രമേ അവ വ്യാപിപ്പിക്കുന്നതിനും കൂടുതൽ പ്രയോജനപ്രദമാക്കുന്നതിനും സാധിക്കുകയുള്ളു. പുതിയ വേലക്കാർക്കുവേണ്ടിയുള്ള ആഹ്വാനവും പ്രാർത്ഥനയും വെല്ലുവിളിയും സമൂഹവും സഭയും മനസ്സിലാക്കി ഏറ്റെടുക്കേണ്ടതാണ്. ഈ ഗ്രന്ഥ പ്രസിദ്ധീകരണത്തോടു ബന്ധപ്പെട്ട എല്ലാവരെയും വിശിഷ്യ ഫാ. കുറിയാക്കോസിനെയും ഞങ്ങൾ പ്രത്യേകം അഭിനന്ദിക്കുന്നു. ഈ ഗ്രന്ഥത്തിന്റെ ജനനം കാണാതെ കടന്നുപോയ കുറിയാക്കോസച്ചൻ സ്വർഗ്ഗത്തിൽ ഇരുന്ന് ഇതു കണ്ട് സന്തോഷിക്കുന്നുണ്ടാവുമെന്നു ഞങ്ങൾക്കുറപ്പുണ്ട്. ഈ ചരിത്രം അച്ചനുള്ള മരണാനന്തര ബഹുമതിയായി ഞങ്ങൾ കണക്കാക്കുന്നു. ഈ വരമൊഴിഹാരം പ്രബുദ്ധരായ സഭാംഗങ്ങളുടെ കണ്ഠത്തിൽ അണിയിക്കുവാൻ ഞങ്ങൾക്ക് അത്യധികം ആനന്ദമുണ്ടെന്നും അറിയിക്കട്ടെ.

## തിളങ്ങുന്ന സൗഹൃദം

(നാലു ദശാബ്ദക്കാലത്തോളം ആലുവായിലെ പ്രസിദ്ധമായ തൃക്കുന്നത്തു സെമിനാരി മാനേജരായിരുന്ന വെരി. റവ. ഡോ. ജേക്കബ് മണ്ണാറപ്രായിൽ കോർഎപ്പിസ്ക്കോപ്പാ, പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായെ വളരെ അടുത്തറിയാവുന്ന ഒരു പ്രമുഖ വൈദികനാണ്. അദ്ദേഹത്തിന്റെ ഒരു ചെറിയ അനുസ്മരണ ഇവിടെ ചേർക്കാനായതിൽ വളരെ സന്തോഷമുണ്ട്.)

വളരെ വർഷങ്ങൾക്കു മുമ്പു മുതലേ അഭിവന്ദ്യ പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായെ എനിക്കറിയാം. കാലം ചെയ്ത പ. ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ കുടുംബാംഗം, അനേകായിരങ്ങൾക്കു വിജ്ഞാനത്തിന്റെ നറുവെളിച്ചം പകർന്നു നൽകാൻ ഭാഗ്യം സിദ്ധിച്ച നന്മ നിറഞ്ഞ ഗുരുനാഥൻ ജോൺ സാറിന്റെ മക്കളിൽ രണ്ടാമനായി ജനിച്ച അവറാച്ചൻ പ്രത്യുല്പന്നമതിയും ധിഷണാശാലിയും പൈതൃകമായി ലഭിച്ച വിശേഷസിദ്ധികൾ വളർത്തി എടുക്കുന്നതിൽ അതീവ തല്പരനുമായിരുന്നുവെന്ന് സാക്ഷിക്കുവാൻ അതിയായ സന്തോഷമുണ്ട്. തന്റെ കുടുംബത്തിന്റെ ആഭിജാത്യ മഹത്വത്തെയും വ്യക്തിത്വത്തിന്റെ അഭംഗമായ ദാർഢ്യത്തേയും സഭയിലുള്ള സുസ്ഥിരമായ വിശ്വാസത്തിന്റെയും ആഴം എത്ര വലുതെന്നും എനിക്കു മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ട്.

ക്രൈസ്തവരുടെ ഇടയിൽ പൊതുവേയും സ്വന്തം സഭയിൽ പ്രത്യേകിച്ചും നിലനില്ക്കുന്ന ഭിന്നതകളിൽ തികച്ചും അതൃപ്തനായിരുന്നു തിരുമേനി. അനൈക്യം പരിഹരിച്ച് ഐക്യം പുനഃസ്ഥാപിക്കണമെന്ന് അദ്ദേഹം ആത്മാർത്ഥമായി ആഗ്രഹിച്ചിരുന്നു. പ്രതിയോഗികളെ പ്രതികാരച്ചുവ ഇല്ലാതെ കണ്ടിരുന്ന ഈ മഹാനുഭാവൻ ഇന്നും എന്നും മനുഷ്യഹൃദയങ്ങളിൽ ജീവിക്കും. മറ്റുള്ളവരുടെ കുറ്റങ്ങളും കുറവുകളും പറയുന്നതും കേൾക്കുന്നതും അദ്ദേഹം വെറുത്തിരുന്നു. പറയാനുള്ള കാര്യങ്ങൾ മുഖംനോക്കാതെ പറയുന്ന പ്രകൃതക്കാരനായിരുന്ന അദ്ദേഹത്തിന്റെ ജീവിത ശൈലി തികച്ചും അനുകരണീയവും.



**വെരി. റവ. ഡോ. ജേക്കബ് മണ്ണാറപ്രായിൽ കോർഎപ്പിസ്ക്കോപ്പാ**

മെത്രാപ്പോലീത്താ സ്ഥാനത്തേയ്ക്കുള്ള അദ്ദേഹത്തിന്റെ തെരഞ്ഞെടുപ്പ് തികച്ചും ദൈവനിയോഗമായിരുന്നു. 1992 -ൽ പരുമലയിൽ നടന്ന തെരഞ്ഞെടുപ്പിൽ

ഔദ്യോഗിക പാനലിൽ ഉൾപ്പെടാതിരുന്നിട്ടും ഏറ്റവും കൂടുതൽ വോട്ടുകൾ നേടിയാണ് അദ്ദേഹം വിജയിച്ചത്.

മെത്രാപ്പോലീത്തായായി ഉയർത്തപ്പെട്ടശേഷം ചേർന്ന സഭാ മാനേജിംഗ് കമ്മിറ്റിയിൽ പക്കോമിയോസ് തിരുമേനിയെ തെയോഫിലോസ് തിരുമേനിയുടെ അസിസ്റ്റന്റായി നിയമിക്കണമെന്നു നിർദ്ദേശിച്ചത് ഞാനാണ്. എന്റെ നിർദ്ദേശം സഭ അംഗീകരിക്കുകയും അങ്ങനെ അദ്ദേഹത്തിന്റെ ആദ്യ തട്ടകം സംഘർഷകലുഷിതമായ അങ്കമാലി മെത്രാസനമായി ഭവിക്കുകയും ചെയ്തു.

തെയോഫിലോസ് തിരുമേനിയുടെ കാലശേഷം 2002 ജൂണിൽ മാറ്റപ്പെടുന്നതുവരെ അങ്കമാലിയിൽ തുടർന്ന തിരുമേനി കുറെക്കാലം ഇടുക്കിയുടെ ചുമതലയും വഹിച്ചു. ഉടുതുണിക്കു മറുതുണിപോലും നൽകാതെ ഒരു നല്ല വാക്കു പോലും പറയാതെ ഇല്ലാത്ത നിയമം ഉണ്ടാക്കിയാണ് അദ്ദേഹത്തെ അങ്കമാലി മെത്രാപ്പോലീത്താ സ്ഥാനത്തു നിന്നും നീക്കിയത്. കൂട്ടത്തിൽ 37 കൊല്ലം തൃക്കുന്നത്തു സെമിനാരി മാനേജരും, വികാരിയുമായിരുന്ന ഞാനും മാറ്റപ്പെട്ടു. തുടർന്നു നടന്ന സംഭവവികാസങ്ങൾ വിസ്തരഭയത്താൽ വിവരിക്കുന്നില്ല. ഈ മാറ്റവുമായി ബന്ധപ്പെട്ട് അദ്ദേഹം അനുഭവിക്കേണ്ടി വന്ന മാനസിക സംഘർഷം ഊഹിക്കാവുന്നതിൽ വലുതാണ്.

അഭി. പക്കോമിയോസ് തിരുമേനി തൃക്കുന്നത്തു ആയിരുന്ന കാലത്തും അതിനുശേഷം അദ്ദേഹത്തിന്റെ മരണം വരേയും ഞങ്ങൾ തമ്മിൽ പുലർത്തിപ്പോന്ന പരസ്പര സ്നേഹബഹുമാനാദരങ്ങൾ വരമൊഴിയിൽ പറഞ്ഞറിയിക്കുക പ്രയാസമാണ്. ഒരിക്കൽപോലും രുചിക്കാത്ത ഒരു വാക്കുപോലും ഞങ്ങൾ ഇരുവരിൽ നിന്നും ഉണ്ടായിട്ടില്ലെന്നത് അദ്ദേഹത്തിന്റെ മാന്യതയും മഹത്വവുമായി ഞാൻ കരുതുന്നു.

## ഒരല്പം ചരിത്രം

ഒരു ഹൈസ്കൂൾ വിദ്യാർത്ഥിയായിരുന്ന കാലം മുതലേ ബഥനിയിൽ പോകുന്നതിനും അവിടത്തെ ചില വൈദിക പ്രമുഖരെ പരിചയപ്പെടുന്നതിനും എനിക്കു സാധിച്ചിട്ടുണ്ട്. കാലം ചെയ്ത ആർച്ചു ബിഷപ്പ് മാർ ഈവാനിയോസ്, അലക്സിയോസ് മാർ തേവോദോസിയോസ്, യൂഹാനോൻ മാർ അത്താനാസ്യോസ്, പൗലോസ് മാർ പക്കോമിയോസ് എന്നിവരുമായി നേരിട്ടിടപെടാനും എനിക്കു അവസരങ്ങൾ ലഭിച്ചിട്ടുണ്ട്. മലങ്കരയിലെ മൂന്നാമത്തെ കാതോലിക്കായായി തനിക്കു സ്ഥാനം ലഭിക്കുമെന്നു കരുതിയ മാർ ഈവാനിയോസിനെ ബുദ്ധിരാക്ഷസനായ മലങ്കരസഭാഭാസുരൻ വട്ടശ്ശേരിൽ തിരുമേനി തഴഞ്ഞു. തുടർന്നാണല്ലോ പ. ഗീവറുഗീസ് രണ്ടാമൻ, കാതോലിക്കാ ആകുന്നതും മാർ ഈവാനിയോസ്

റോമാസഭയെ ആശ്ലേഷിക്കുന്നതും. ഈവാനിയോസ് തിരുമേനി എന്തുകൊണ്ടാണ് റീത്തിൽ ചേർന്നതെന്ന് 1949–ൽ ഞാൻ തിരുവനന്തപുരത്തു യൂണിവേഴ്സിറ്റി ഇന്റർമീഡിയറ്റു കോളജിൽ പഠിക്കുമ്പോൾ പട്ടം അരമനയിൽ എത്തി തിരുമേനിയോടു നേരിട്ടു ചോദിച്ചപ്പോൾ 1928 മുതൽ പരിശുദ്ധാത്മാവ് തന്നെ ഹേമിച്ചതുകൊണ്ടാണ് സഭാഭ്രംശം നടത്തിയതെന്ന മറുപടിയാണ് തിരുമേനി എനിക്കു നൽകിയത്. ഇക്കാര്യം “മലങ്കരസഭയിലെ കാതോലിക്കാമാർ”, “ബഥനി അശ്രമവും റീത്തു പ്രസ്ഥാനവും” മുതലായ എന്റെ പുസ്തകങ്ങളിൽ പറഞ്ഞിട്ടുമുണ്ട്. ഇത് ഫാ. കുറിയാക്കോസ് ഒ.ഐ.സി. ‘മലമടക്കിലെ കെടാവിളക്ക്’ എന്ന തന്റെ പുസ്തകത്തിൽ ഉദ്ധരിച്ചിട്ടുമുണ്ട്. ബഥനിയുടെ വസ്തുക്കൾ സഭാധികൃതർ അറിയാതെ വിൽക്കുകയും വട്ടശ്ശേരിൽ തിരുമേനി സഭാസമാധാന ചർച്ചകൾക്കു വേണ്ടി മർദ്ദീനിൽ പോയപ്പോൾ ഏല്പിച്ച സഭവക വിദ്യാലയങ്ങൾ വിട്ടുകൊടുക്കാതെ പിടിച്ചെടുക്കുകയും തൽസംബന്ധമായ കേസുകളിൽ വ്യാജമൊഴി നൽകുകയും ചെയ്ത തന്ത്രശാലിയായ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസിനെ പരിശുദ്ധനാക്കാനുള്ള നീക്കം നടക്കുകയാണല്ലോ. “പരിശുദ്ധ തെളിവെടുപ്പു പഠന കമ്മിറ്റി” എന്നെയും മൂന്നു മണിക്കൂർ വിസ്തരിച്ചു. ലോകപ്രകാരം സമർത്ഥനായിരുന്ന അദ്ദേഹത്തെ പരിശുദ്ധനാക്കിയാൽ അതു യഥാർത്ഥ വിശുദ്ധന്മാരോടുള്ള ഒരവഹേളനമായിരിക്കും എന്നു ഞാൻ സൂചിപ്പിക്കുകയും ചെയ്തു.

മാർ ഈവാനിയോസിന്റെ ദുഷ്ചെയ്തികളെപ്പറ്റി കൂടുതൽ അറിയാവുന്ന വ്യക്തിയും അലക്സിയോസ് മാർ തേവോദോസിയോസിന്റെ സെക്രട്ടറിയും വെണ്ണിക്കുളം ഹൈസ്ക്കൂൾ ഹെഡ്മാസ്റ്ററും ആയി സേവനം ചെയ്ത് റിട്ടയർ ചെയ്തശേഷം വിശ്രമജീവിതം നയിക്കുന്ന നവതി കഴിഞ്ഞ കെ. സി. ജോർജ് (ബേബി സാർ) തെളിവെടുപ്പു കമ്മിറ്റിയുടെ ക്ഷണം, കള്ളസാക്ഷ്യം നൽകാനാവില്ല എന്നു പറഞ്ഞു നിരാകരിക്കുകയാണുണ്ടായത്.

എനിക്കു ബഥനിയുമായിട്ടുള്ള ദീർഘകാലബന്ധത്തിന്റെ പശ്ചാത്തലത്തിലാണ് “മലമടക്കിലെ കെടാവിളക്കു” തെളിയിക്കാനും “ബഥനി ആശ്രമവും റീത്തു പ്രസ്ഥാനവും'' എന്ന പുസ്തകം രചിക്കാനും പൗലോസ് മാർ പക്കോമിയോസ് തിരുമേനി എന്നെ നിർബന്ധിച്ചതും പ്രോത്സാഹിപ്പിച്ചതും.

# 10

# മരണവും കബറടക്കവും

"മനുഷ്യന്റെ ആയുസ്സ് എഴുപതു വർഷം. ഏറെയായാൽ 80" എന്ന വേദവാക്യത്തിനനുസരണമായി കെ. കെ. ജോൺ സാർ 1995 ഓഗസ്റ്റ് 31-നു എൺപതാമത്തെ വയസ്സിൽ കോട്ടയം കാരിത്താസ് ആശുപത്രിയിൽ വച്ചു ഹൃദ്രോഗം മൂലം അന്തരിച്ചു (വൈദ്യശാസ്ത്ര പുരോഗതിയുടെ വെളിച്ചത്തിൽ ആയുസിനെപ്പറ്റിയുള്ള വേദവാക്യം അക്ഷരം പ്രതി ശരിയായി കാണുന്നില്ല. വൈദ്യശാസ്ത്രത്തിലെ കണ്ടുപിടിത്തങ്ങളും ഡോക്ടർമാരുടെ വിജ്ഞാനാർജ്ജനവും എല്ലാം ദൈവം അറിയാതെയുള്ളതല്ലല്ലോ). അര ശതാബ്ദം മുമ്പ് ഇന്ത്യാക്കാരുടെ ശരാശരി ആയുസ്സ് 30 വർഷമായിരുന്നു എങ്കിൽ ഇന്നതിന്റെ ഇരട്ടിയോളമായിട്ടുണ്ട്. ശിശുമരണവും പ്രസവത്തോടനുബന്ധിച്ചുള്ള സ്ത്രീകളുടെ മരണവും തീരെ കുറഞ്ഞിട്ടുണ്ടല്ലോ.

എട്ടു ശതാബ്ദത്തിനിടയിൽ ജോൺ സാർ ഒന്നുരണ്ടു പ്രാവശ്യം മാത്രമേ ആശുപത്രികളുടെ അകം കണ്ടിട്ടുള്ളു. അരോഗദൃഢഗാത്രനായിരുന്ന അദ്ദേഹം സന്തുഷ്ട ഹൃദയത്തോടെ കഴിഞ്ഞിരുന്നതിനാൽ രോഗങ്ങൾക്കും അദ്ദേഹത്തെ ഭയമായിരുന്നു. സന്തുഷ്ട ഹൃദയം നല്ല ഔഷധമാണെന്നല്ലേ ജ്ഞാനികളുടെ ജ്ഞാനി പറയുന്നത്.

നെഞ്ചുവേദനയെ തുടർന്ന്, മരിക്കുന്നതിന്റെ തലേദിവസമാണ് സാറിനെ കാരിത്താസ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. പ്രസിദ്ധ ഹൃദ്രോഗ ചികിത്സാവിദഗ്ദ്ധനായ ഡോ. ജോർജ് ജേക്കബ് ആണ് ജോൺ സാറിനെ യഥാവിധി ചികിത്സിച്ചത്. എന്നാൽ കടുത്ത ഹൃദ്രോഗബാധയെ വില കൂടിയ ഔഷധങ്ങൾക്കും തടഞ്ഞു നിർത്താൻ സാധിച്ചില്ല. ജോൺ സാറിന്റെ ഭാര്യ മറിയാമ്മയും കുറെ വർഷങ്ങളായി ഡോക്ടർ ജോർജ് ജേക്കബിന്റെ ചികിത്സയിലായിരുന്നു. മറിയാമ്മ ജോൺ 1999 ഫെബ്രുവരി ഒന്നിനു നിര്യാതയായി.

ജോൺ സാറിന്റെ ശവസംസ്ക്കാരം സെപ്തംബർ 4-നാണ് കുറിച്ചി പള്ളിയിൽ നടത്തിയത്. വിദേശത്തുള്ള മക്കൾ വന്നുചേരാൻ മൂന്നുനാലു ദിവസങ്ങൾ വേണ്ടിവന്നതു കൊണ്ടാണ് ശവസംസ്ക്കാരം സെപ്തംബർ നാലു വരെ നീട്ടിയത്. അന്ന് ഒരു പ്രസംഗപരിപാടിയുമായി അമേരിക്കയിലായിരുന്ന ഫാ. ഡോ. ടി. ജെ. ജോഷ്വാ പരിപാടികൾ റദ്ദു ചെയ്തു ജോൺ സാറിന്റെ ഇളയമകൻ ജോൺ കെ. ജോണും ഒന്നിച്ചു നാട്ടിലെത്തി ശവസംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുത്തു. ജോൺ സാറും

ജോഷ്വാ അച്ചനും തമ്മിലുള്ള ആത്മസുഹൃത്ബന്ധത്തിന്റെ വെളിച്ചത്തിലായിരുന്നു യു.എസ്. പ്രോഗ്രാം ഉപേക്ഷിച്ചു അച്ചൻ തിരിച്ചെത്തിയതെന്നു പറയേണ്ടതില്ലല്ലോ.

പ. മാത്യൂസ് ദ്വിതീയൻ ബാവായുടെ മുഖ്യകാർമ്മികത്വത്തിൽ നടന്ന ശവസംസ്ക്കാരത്തിൽ സഭയിലെ മിക്ക മേല്പട്ടക്കാരും ഒട്ടധികം വൈദികരും രാഷ്ട്രീയ-സാമൂഹ്യ നേതാക്കളും ശിഷ്യന്മാരും കുറിച്ചി മുമ്പെങ്ങും കണ്ടിട്ടില്ലാത്ത തരത്തിൽ വൻ ജനാവലിയും സംബന്ധിച്ച് നിറകണ്ണുകളോടെ അന്ത്യാഞ്ജലി അർപ്പിച്ചു.

നാലു വർഷം കഴിഞ്ഞ് മിസ്സിസ് മറിയാമ്മ ജോൺ 1999 ഫെബ്രുവരി ഒന്നിനു വൈകിട്ട് ഏഴു മണിക്കാണു കാരിത്താസ് ആശുപത്രിയിൽ വച്ചു മരണമടഞ്ഞത്.

കെ. കെ. ജോണിന്റെ ഓർമ്മ വർഷംതോറും ഓഗസ്റ്റ് 31-നും ഭാര്യ മറിയാമ്മയുടെ ഓർമ്മദിനം ഫെബ്രുവരി രണ്ടിനും ആണു നടത്തിവരുന്നത്. മറിയാമ്മ ഫെബ്രുവരി ഒന്നിനു രാത്രി ഏഴു മണിക്കു മരിച്ചതുകൊണ്ട് ഓർമ്മദിവസം ഫെബ്രുവരി രണ്ടിനു വേണം ആചരിക്കേണ്ടതെന്നു ചരമപ്രസംഗത്തിൽ ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ ചൂണ്ടിക്കാട്ടിയിരുന്നു. അതെല്ലാവരും സ്വീകരിച്ചു.



# ഭാഗം രണ്ട്

# രക്തബന്ധമുള്ളവരുടെയും ആത്മസുഹൃത്തുക്കളുടെയും അനുപമ സ്മരണകൾ

# 1

# സാക്ഷാൽ യിസ്രായേല്യൻ

## ഫാ. ഡോ. റ്റി. ജെ. ജോഷ്വാ

ഒരു വ്യക്തി കടന്നുവരുന്നതു കണ്ട് യേശുക്രിസ്തു പ്രസ്താവിച്ച വാക്കുകൾ: "ഇതാ സാക്ഷാൽ യിസ്രായേല്യൻ. ഇവനിൽ കപടം ഇല്ല." എത്ര വലിയ ഒരു സാക്ഷ്യമാണ്! നഥനയേലിനെ നോക്കി കർത്താവു പറഞ്ഞ വാക്കുകൾ മറ്റു ചിലർക്കും അനുയോജ്യമെന്ന് തോന്നുന്നു. അവരുടെ സംഖ്യ വളരെ പരിമിതമാണെന്നും പറയേണ്ടതുണ്ട്. ഏതാണ്ട് അഞ്ചു പതിറ്റാണ്ടു കാലത്തെ എന്റെ അടുപ്പത്തിൽനിന്നും വ്യക്തിബന്ധത്തിൽനിന്നും കുറിച്ചി കോലത്തുകളത്തിലായ നെയ്ശ്ശേരിൽ കെ. കെ. ജോൺ സാറിനെപ്പറ്റി എനിക്കു നൽകുവാനുള്ള സാക്ഷ്യവും അതു തന്നെയാണ്. അത്യപൂർവമായി മാത്രം കാണാവുന്ന ഒരു ശ്രേഷ്ഠ വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. സമാനതയില്ലാത്ത പല മഹത്വവും അദ്ദേഹത്തിൽ ഞാൻ ദർശിച്ചു.

കോന്നീക്കാരനും, കോട്ടയത്തു പ്രവർത്തനം നടത്തുന്നവനുമായ ഞാൻ കുറിച്ചിയിൽ താമസമാക്കുവാൻ കാരണംതന്നെ അദ്ദേഹത്തോടുള്ള സൗഹൃദമാണ്. കുറിച്ചിയിൽ താമസമായതിനുശേഷം അദ്ദേഹവുമായുള്ള കൂടിക്കാഴ്ച നടത്താത്ത ദിവസങ്ങൾ അപൂർവ്വം മാത്രമാണ്. അഭിമുഖം കാണാത്തപ്പോൾ ഫോണിൽ ബന്ധപ്പെടുമായിരുന്നു. നാൾക്കുനാൾ ആ ബന്ധം ദൃഢപ്പെടുകയും ദീപ്തമാകുകയും ചെയ്തു. ആ ബന്ധത്തിന് ഒരു ചെറിയ മങ്ങൽപോലും ഒരിക്കലും സംഭവിച്ചിട്ടില്ല എന്നുള്ളതാണ് അതിന്റെ സവിശേഷത. അദ്ദേഹം ലോകത്തോടു വിടപറയുമ്പോൾ ഞാൻ അമേരിക്കയിൽ സുവിശേഷപര്യടനം നടത്തുകയായിരുന്നു. വിവരം അറിഞ്ഞപ്പോൾ തന്നെ പിന്നീടുള്ള രണ്ടാഴ്ചത്തെ പ്രോഗ്രാം റദ്ദു ചെയ്ത് സാറിന്റെ ഇളയമകൻ "കൊച്ചുകുഞ്ഞി"നെയും (ജോൺ കെ. ജോൺ) കൂട്ടി അമേരിക്കയിൽ നിന്ന് നാട്ടിലേക്കു പുറപ്പെടുകയായിരുന്നു. സംസ്കാരശുശ്രൂഷയിൽ ഹൃദയഭാരത്തോടെ ഞാൻ പങ്കുചേർന്നു.

### ആത്മബന്ധത്തിന്റെ തുടക്കം

ഞാൻ വൈദികവിദ്യാർത്ഥിയായി 1946-ൽ കോട്ടയത്ത് എത്തി. അന്ന് സെമിനാരി (1942-1960 വരെ) നടത്തിയിരുന്നത് എം.ഡി. സെമിനാരി കോമ്പൗണ്ടിൽ ഏലിയാ കത്തീഡ്രലിനു കിഴക്കുവശത്തുണ്ടായിരുന്ന

രണ്ടു കെട്ടിടങ്ങളിലാണ്. എം.ഡി. സെമിനാരി ഹൈസ്കൂൾ അദ്ധ്യാപകരെയും, ബോർഡിംഗ് അന്തേവാസികളെയും പരിചയപ്പെടാൻ വൈദികവിദ്യാർത്ഥികൾക്ക് അവസരം ലഭിച്ചു. അലക്കിത്തേച്ച വെള്ള ഷർട്ടും മുണ്ടും കഴുത്തിൽചുറ്റി പുളിയിലക്കരയൻ നേര്യതുമായി വരുന്ന ജോൺ സാറിനെ അന്നാണ് ആദ്യമായി കാണുന്നത്. അയ്മനംകാരൻ മറ്റൊരു ജോൺ സാറുമുണ്ടായിരുന്നു. തലയുടെ രണ്ടു വശവും മാത്രം നരച്ചു തുടങ്ങിയ കുറിച്ചിക്കാരൻ ജോൺ സാറിനെ പിന്നീട് പലപ്പോഴും കണ്ടിട്ടുള്ളത് അദ്ദേഹം പഴയസെമിനാരിയിൽ (അന്ന് ഞാൻ പഴയസെമിനാരിയിലെ അന്തേവാസിയാണ്. 1947-49) ഗീവർഗീസ് ദ്വിതീയൻ ബാവായെ കാണാൻ വരുമ്പോഴാണ്. അദ്ദേഹം ബാവായുടെ കുടുംബാംഗവും അടുത്ത ബന്ധുവും ആണെന്നറിഞ്ഞപ്പോൾ അദ്ദേഹത്തോടുള്ള ആദരം വർദ്ധിച്ചു.

സമുദായക്കേസിന്റെ ഹൈക്കോടതിവിധി നമുക്കെതിരായി വന്നാൽ കുറിച്ചി വലിയപള്ളിയിൽ ബാവാ തിരുമേനിക്കു പ്രവേശനം പ്രയാസമായി വരുമെന്ന ആശങ്ക അദ്ദേഹത്തിനും ഇടവകക്കാർക്കുമുണ്ടായിരുന്നു. ബാവായുടെ പിതാവിന്റെയും മാതാവിന്റെയും ഓർമ്മദിവസം അദ്ദേഹം മുടങ്ങാതെ കുറിച്ചിപള്ളിയിൽ വി. കുർബാന അർപ്പിച്ചുപോന്നിരുന്നു. അതിനു ഭംഗം വരും. ജനിച്ചു വളർന്ന സ്വന്തം പള്ളിയിൽ പ്രവേശിക്കാൻ കഴിയാതെ വരുന്നത് വിമ്മിട്ടം വരുത്തുന്ന കാര്യമായിരുന്നു. ഒരു ചാപ്പൽ ഉണ്ടാകണമെന്ന ചിന്ത അങ്ങനെ ഉയർന്നു. അതിന്റെ സാധ്യതകളെപ്പറ്റി ആലോചിക്കാനും, നിർമ്മിതി സാധ്യമാക്കത്തക്ക പദ്ധതി ആവിഷ്കരിക്കാനും മറ്റുമായി കുറിച്ചിയിൽനിന്ന് ജോൺ സാറും കരുനാട്ട് വക്കീൽ കെ. ജോർജും കൂടി ബാവായുടെ അടുക്കൽ കൂടെക്കൂടെ വരുമായിരുന്നു. അങ്ങനെയുള്ള ആലോചനയ്ക്കു വരുമ്പോൾ പലപ്പോഴും ജോൺ സാറിനെ കാണുന്നതിന് അവസരമുണ്ടായിട്ടുണ്ട്. പക്ഷേ സംസാരിച്ചിട്ടില്ല. അങ്ങനെ നടന്ന ആലോചനകളുടെ സാക്ഷാൽക്കാരമാണ് ഇന്ന് ഔട്ട്പോസ്റ്റ് ജംഗ്ഷനിൽ തലയെടുപ്പോടെ നിൽക്കുന്ന സെന്റ് മേരീസ് ആൻഡ് സെന്റ് ജോൺസ് ചെറിയപള്ളി. ആ പള്ളിയിൽ ആദ്യമായി സേവനം അനുഷ്ഠിച്ച പള്ളം സ്വദേശി ചിറയിൽ സി. കെ. തോമസച്ചൻ എന്നോടൊന്നിച്ച് ദേവലോകം ചാപ്പലിൽവച്ച് 1956 മെയ് മാസത്തിൽ പൗരോഹിത്യപദവി സ്വീകരിച്ച ആളാണ്. അച്ചനും, മകനും ഒറീസ്സായിൽ വച്ച് ഒരു കാറപകടത്തിൽ മരണമടഞ്ഞ വിവരം ഈ സന്ദർഭത്തിൽ ഓർത്തുപോകുന്നു.

ഞാൻ വൈദികനായി ആദ്യം സേവനം അനുഷ്ഠിച്ചത് കോട്ടയം കാരാപ്പുഴ ചാപ്പലിൽ ആയിരുന്നു. അവിടെ രണ്ടു വർഷത്തിലധികം സേവനം ചെയ്തശേഷം ഉപരിപഠനത്തിന് അമേരിക്കയിൽ പോയി. അവി

ടെനിന്ന് മടങ്ങിയെത്തിയപ്പോൾ ചങ്ങനാശ്ശേരിയിലും കുറിച്ചിയിലുമുള്ള ഇടവകകളുടെ ചുമതല എനിക്കുണ്ടായി. അങ്ങനെ 1961–ൽ ഞാൻ കുറിച്ചി പള്ളിയിൽ സഹപട്ടക്കാരനായി വന്നപ്പോൾ ജോൺ സാറും കുടുംബവുമായുള്ള ബന്ധത്തിന് വഴിതെളിഞ്ഞു. ശനിയാഴ്ച വൈകിട്ട് കുറിച്ചിയിൽ എത്തി സാറിന്റെ ഭവനത്തിൽ താമസിക്കും. ഞായറാഴ്ച രാവിലെ സാറിന്റെ മക്കളിൽ ഒരാളെ എന്റെ ബാഗുംകൊണ്ട് പള്ളിയിലേക്ക് അനുയാത്ര ചെയ്യാൻ നിയോഗിക്കും. ഒരിക്കലും ഞാൻ തനിയെ പോകാൻ സാർ അനുവദിച്ചിട്ടില്ല. അന്ന് മന്ദിരം കവലയിലുള്ള ഭവനത്തിൽ നിന്ന് കുറിച്ചി വലിയപള്ളിയിലേക്കു നടന്നുപോവുകയായിരുന്നു പതിവ്.

എന്നെ കുറിച്ചി പള്ളിയിലേക്കു നിയോഗിക്കുന്നത് ഗീവർഗീസ് ദ്വിതീയൻ ബാവായുടെ നിർദ്ദേശപ്രകാരമായിരുന്നു. ഒരു ദിവസം തിരുമേനിയെ ഞാൻ കണ്ടപ്പോൾ പടിഞ്ഞാറെ പന്തിയിൽ ഉള്ള പലരും പള്ളിയാരാധനയിൽ പങ്കെടുക്കാറില്ലെന്നും അവരെ ആരാധനയിൽ കൊണ്ടുവരുന്ന കാര്യം ശ്രദ്ധിക്കണമെന്നും ഓർമ്മിപ്പിച്ചു. അങ്ങനെ ഞാൻ കുറിച്ചി പള്ളിയിലെ സേവനം പതിനെട്ടു വർഷം തുടർന്നു. അക്കാലമത്രയും ജോൺ സാറും കുടുംബവുമായുള്ള ബന്ധം ദൃഢപ്പെടുകയായിരുന്നു. അപ്പോൾ ഒരു നിർദ്ദേശം ജോൺ സാർ ഉന്നയിച്ചു. ഞാൻ കുറിച്ചിയിൽ തന്നെ സ്ഥിരതാമസമാക്കുന്ന കാര്യമായിരുന്നു. അനുയോജ്യമായ ഒരു സ്ഥലം സാർ തന്നെയാണ് കണ്ടുപിടിച്ചത്. അന്ന് കോൺട്രാക്ട് ജോലികൾ ചെയ്യുന്ന കളപ്പുരയ്ക്കൽ സ്കറിയാച്ചേട്ടൻ കുറിച്ചി ഇടവകാംഗമായിരുന്നതുകൊണ്ട് എന്നോട് വളരെ അടുപ്പം പുലർത്തി. വീടു പണിയുന്ന കാര്യം അദ്ദേഹം ഏറ്റെടുത്തു. ഒരാൾ സ്ഥലം കണ്ടെത്തി. മറ്റൊരാൾ വീടും പണിയിച്ചു! അങ്ങനെ ഞാൻ കുറിച്ചിക്കാരനാവുകയായിരുന്നു. ഗൃഹപ്രവേശം നടത്തിയത് ജോൺ സാറിന്റെ വീട്ടിൽ നിന്നു വന്നാണ്. നിലവിളക്കും കൈപ്പെട്ടിയും ഒക്കെയായി പാരമ്പര്യപ്രകാരം ആ കർമ്മം നിർവ്വഹിച്ചു. അങ്ങനെ ഞാൻ കുറിച്ചിയിൽ സ്ഥിരതാമസമായി. എന്റെ ഭാര്യ ഡോക്ടർ മറിയാമ്മ കുറിച്ചി ഗവണ്മെന്റാശുപത്രിയിൽ സേവനം അനുഷ്ഠിച്ചു. പിന്നീട് ഡി.എം.ഒ. ആയി സ്ഥാനക്കയറ്റം കിട്ടിയപ്പോൾ കുറിച്ചിയിൽ നിന്നു കോട്ടയത്തിനു പോയി വരികയായിരുന്നു.

അന്നു ഞങ്ങൾക്കു കാറില്ല. ഞാനും ഭാര്യയും കോട്ടയത്തിനു ബസ്സിലായിരുന്നു യാത്ര. അന്ന് പലപ്പോഴും ഞങ്ങളോടൊപ്പം ജോൺ സാറും യാത്രയ്ക്കുണ്ടായിരുന്നു. അദ്ദേഹം ഗവണ്മെന്റ് സർവ്വീസിൽ ചേനപ്പാടി ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർ ആയിരിക്കുമ്പോൾ വിരമിച്ചു. പിന്നീട് കോട്ടയത്തു എം.ഡി. സെമിനാരിയിലുള്ള സഭ വക കോർപ്പറേറ്റ് സ്കൂളുകളുടെ മാനേജർ ആയി സേവനം അനുഷ്ഠിച്ചു. അങ്ങനെയാണ് പലപ്പോഴും

ഞങ്ങൾ ഒരുമിച്ചു കോട്ടയത്തിനു യാത്ര ആയത്. കുറിച്ചി ദേശത്തുള്ള നാനാജാതി മതസ്ഥരും ഒന്നുപോലെ ആദരിക്കുന്ന വ്യക്തിയായിരുന്നു ജോൺ സാർ. അദ്ദേഹം കുറിച്ചിയിലുള്ള ഗവണ്മെന്റ് സ്കൂളിൽ കുറെക്കാലം പ്രധാന അദ്ധ്യാപകനായിരുന്നതുകൊണ്ട്, ഇവിടെയുള്ള പലരും അദ്ദേഹത്തിന്റെ വിദ്യാർത്ഥികളായിരുന്നിട്ടുണ്ട്. ബസ്സിൽ കയറുമ്പോൾ സീറ്റില്ലാതവണ്ണം ആളുകൾ നിറഞ്ഞിരിക്കുകയാണെങ്കിലും ജോൺ സാറിനുവേണ്ടി ആരെങ്കിലും എഴുന്നേറ്റു സീറ്റ് നൽകും. പക്ഷേ വൈദികനാണെങ്കിലും എനിക്കു സീറ്റുനൽകാൻ ആരും കൂട്ടാക്കിയെന്നു വരില്ല. സാറിനു ലഭിച്ച സീറ്റിൽ എന്നെ ഇരുത്തുമ്പോൾ, മറ്റൊരാൾ സാറിനു സീറ്റു നൽകും. അങ്ങനെ ഞങ്ങൾ രണ്ടുപേർക്കും സീറ്റു ലഭിച്ച് യാത്ര നടത്തിയിട്ടുള്ള പല സന്ദർഭങ്ങളും ഓർക്കുന്നു.

കുറിച്ചിയിൽ സ്ഥിരതാമസമാക്കിയശേഷം എല്ലാ ദിവസവും അഞ്ചുമണിക്കുശേഷം എന്റെ വീടിന്റെ പോർച്ചിൽ ഞങ്ങൾ സ്ഥിരമായി സമ്മേളിക്കുമായിരുന്നു. ഇളംകാറ്റുമേറ്റ് പരസ്പരം ഹൃദയം തുറക്കാനുള്ള സന്തോഷസന്ദർഭമായിരുന്നു. രണ്ടുപേരുടെ അതതു ദിവസത്തെ പ്രവർത്തനത്തെക്കുറിച്ചുള്ള അയവിറക്കൽ കഴിഞ്ഞാൽ സഭാസംബന്ധമായ വിഷയങ്ങളിലേക്കു കടക്കും. രാഷ്ട്രീയവും ചർച്ചാവിഷയമാകുമായിരുന്നു. കുടുംബകാര്യങ്ങളും ചർച്ചയിൽ വരും. ഞങ്ങൾ തമ്മിൽ ആശയവിനിമയം ചെയ്യാത്ത വിഷയങ്ങൾ ഒന്നുമില്ലായിരുന്നു. രണ്ടു വീട്ടിലേയും കാര്യങ്ങൾ, മക്കളുടെ പഠനം, ജോലി, പിന്നീട് അവരുടെ വിവാഹം – ഇവയെല്ലാം ഞങ്ങൾ പരസ്പരം ആലോചിക്കുകയും അഭിപ്രായങ്ങൾ കൈമാറുകയും ചെയ്യും. സാറിന്റെ ഏക മകളെ വിവാഹം ചെയ്ത ആളിന്റെ അനുജനാണ് എന്റെ ഏക മകളെ വിവാഹം ചെയ്തിരിക്കുന്നത്. എന്റെ ജ്യേഷ്ഠസഹോദരന്റെ സ്ഥാനത്താണ് ഞാൻ സാറിനെ കണ്ടിരുന്നത്. അതുപോലെ എന്നെ കരുതിയതും സാറിന്റെ കുടുംബത്തിലെ ഉത്തരവാദപ്പെട്ട ഒരു അംഗം എന്ന നിലയിലായിരുന്നു. എനിക്കു പലപ്പോഴും രോഗത്തിന്റെ കടന്നാക്രമണം ഉണ്ടായിട്ടുണ്ട്. അപ്പോഴെല്ലാം എന്റെ ഭവനത്തിൽ ആദ്യമെത്തുന്നത് ജോൺ സാർ ആയിരിക്കും. ഒരിക്കൽ രാത്രിയിൽ അസ്വാസ്ഥ്യമുണ്ടായി. അപ്പോഴും സാർ ഓടിയെത്തി എന്നെ കാരിത്താസ് ആശുപത്രിയിൽ എത്തിക്കാൻ സഹായിച്ചു.

രണ്ടു ഭവനത്തിലും എന്തെങ്കിലും പലഹാരം ഉണ്ടാക്കിയാൽ, വാഴപ്പഴം ലഭിച്ചാൽ, ഉടൻ അതിന്റെ പങ്ക് ലഭ്യമാകും. എനിക്ക് ജോൺ സാറുമായി ഹൃദയംഗമമായ വേഴ്ച ഉണ്ടായതുപോലെ എന്റെ ഭാര്യ കുഞ്ഞുമറിയാമ്മയ്ക്ക് ആഭിമുഖ്യമുണ്ടായത് ജോൺ സാറിന്റെ ഭാര്യ പെണ്ണമ്മ കൊച്ചമ്മയോടാണ്. ഇരുവരും എല്ലാ ദിവസവും ഫോണിൽ ബന്ധപ്പെടുമായിരുന്നു. ആ കൊച്ചമ്മയ്ക്ക് കുഞ്ഞുമറിയാമ്മ ഒരു അനുജത്തിയുടെ

സ്ഥാനത്തായിരുന്നു. ആശുപത്രിയിലെ ചികിത്സാരംഗത്തു നിന്നു മാറി ഡി.എം.ഒ. ആയപ്പോൾ അഡ്മിനിസ്ട്രേഷൻ ചുമതലകളാണല്ലോ നട ത്തേണ്ടിയിരുന്നത്. ആദ്യം അതിലൊക്കെ സന്ദേഹങ്ങളും പ്രയാസങ്ങളും തോന്നാതിരുന്നില്ല. അന്ന് ജോൺ സാറിന്റെ ഉപദേശങ്ങളും അഭിപ്രായ ങ്ങളുമൊക്കെ പ്രയോജനപ്രദമായിരുന്നു. ഏതു കാര്യത്തെപ്പറ്റിയും പക്വ മായും ഉചിതമായുമുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും തരുവാൻ കഴി വുള്ള വ്യക്തി ആയിരുന്നു ജോൺ സാർ.

ജോൺ സാറും ഞാനും തമ്മിലുള്ള ഗാഢമായ ആത്മബന്ധത്തിന്റെ ചിത്രം വെളിപ്പെടുത്തുവാനാണ് ഞാൻ ശ്രമിച്ചത്. ജോൺ സാറിന്റെ വിയോഗം ആ കുടുംബാംഗങ്ങൾക്കെന്നപോലെ എന്റെ ജീവിതത്തിലും ഒരു വലിയ വിടവു സൃഷ്ടിക്കുകയുണ്ടായി. സഭാസംബന്ധമായും, ഇട വകസംബന്ധമായും ഉള്ള കാര്യങ്ങളെക്കുറിച്ചായാലും, കുടുംബപരവും വ്യക്തിപരവുമായ വിഷയങ്ങളെക്കുറിച്ചായാലും ആശയവിനിമയം ചെയ്യാനും, വിഷയങ്ങൾ ചർച്ച ചെയ്യാനും ഇത്രയും അനുയോജ്യനായ മറ്റൊരാളെ ഞാൻ കണ്ടിട്ടില്ല. മറ്റുള്ളവരെക്കുറിച്ച് മോശമായി പറയാനോ, അവരുടെ പോരായ്മകൾ ഉയർത്തിക്കാണിക്കാനോ അദ്ദേഹം ഒരിക്കലും ഒരുമ്പെടുകയില്ല. വിമർശനം നടത്തിയാലും വസ്തുനിഷ്ഠമായും പക്വ മായും പറയുന്ന അഭിപ്രായങ്ങൾ ആയിരിക്കും. നാം അറിയിക്കുന്ന ഒരു കാര്യം സ്വന്തം ഹൃദയത്തിൽ സൂക്ഷിക്കയല്ലാതെ ഭാര്യയോടുപോലും പറയുകയില്ല.

കുറിച്ചിദേശക്കാരുടെ ഒരു പൊതുനേതാവും ഉപദേഷ്ടാവുമായി അദ്ദേ ഹത്തെ ആദരിച്ചിരുന്നു. ക്നാനായ സമുദായത്തിൽപ്പെട്ടവരും അവരുടെ വ്യക്തിപരമോ, കുടുംബപരമോ ആയ കാര്യങ്ങൾക്ക് ഉപദേശം തേടാനും, അഭിപ്രായം ആരായാനും അദ്ദേഹത്തെ സമീപിച്ചിരുന്നു. അന്യമതസ്ഥ രായ ജനങ്ങൾക്കും അദ്ദേഹം ഗുരുസ്ഥാനീയനും, ആലോചനക്കാരനു മായി വർത്തിച്ചു. എല്ലാവരാലും ആദരിക്കപ്പെടാനും, അംഗീകരിക്കപ്പെ ടാനും കഴിഞ്ഞത് സ്വാർത്ഥതയോ, അഹന്തയോ ഇല്ലാത്തതും പ്രതി പക്ഷ ബഹുമാനത്തോടുകൂടിയതുമായ അദ്ദേഹത്തിന്റെ സമീപനം കൊണ്ടാണ്. അഹന്തയും സ്വാർത്ഥതയും ഉള്ളവർ ഏതെങ്കിലും സ്ഥാനവും പദവിയും കരസ്ഥമാക്കാൻ ശ്രമിക്കും. അതിനുവേണ്ടി അട വുകളും കുതന്ത്രങ്ങളും പ്രയോഗിക്കയും ചെയ്യും. വിദ്യാഭ്യാസരംഗത്തെ ദീർഘമായ പരിചയസമ്പത്തും വ്യക്തിപരമായ ഔന്നത്യവും കണക്കി ലെടുത്താണ് എം.ഡി. കോർപ്പറേറ്റ് സ്കൂളുകളുടെ മാനേജർ സ്ഥാനം അന്നത്തെ ചുമതലക്കാരനായ വട്ടക്കുന്നേൽ തിരുമേനി ഇദ്ദേഹത്തെ ഏൽപ്പിച്ചത്. ഒരു ക്ലിപ്തകാലം ആ ദൗത്യം സ്തുത്യർഹമാംവണ്ണം നിർവ്വ ഹിച്ചശേഷം സ്വയം ആ ചുമതലയിൽനിന്നു പിൻവാങ്ങുകയായിരുന്നു.

## കോർപ്പറേറ്റു മാനേജർ

സമുദായംവക വിദ്യാലയങ്ങളുടെ എല്ലാം മാനേജർ എന്ന സ്ഥാനം ഔപചാരികമായി വട്ടക്കുന്നേൽ തിരുമേനിക്കായിരുന്നെങ്കിലും, അദ്ദേഹത്തിനുവേണ്ടി സമസ്ത ചുമതലകളും നിർവഹിച്ചിരുന്നത് ഓഫീസ് മാനേജരായിരുന്ന ജോൺ സാറാണ്. അദ്ദേഹം ചുമതല ഏറ്റശേഷം പല മാറ്റങ്ങളും വരുത്തുവാൻ ഉദ്യമിച്ചു. ഒന്ന്, അദ്ധ്യാപക നിയമനത്തിന് ക്യാപ്പിറ്റേഷൻ തുക ഉദ്യോഗാർത്ഥികളിൽനിന്ന് വാങ്ങിക്കുന്നത് നിറുത്തണമെന്ന് അദ്ദേഹം ചിന്തിച്ചു. പ്രതിമാസം അദ്ധ്യാപകരുടെ ശമ്പളത്തിൽനിന്ന് ഒരു ചെറിയ തുക വികസനഫണ്ടിലേക്കു പിരിക്കുക എന്നതായിരുന്നു ചിന്ത. അദ്ധ്യാപകർ അതിനോട് അനുകൂലിക്കാഞ്ഞതുകൊണ്ട് നടന്നില്ല. മറ്റൊന്ന് മേഖല തിരിച്ച് അദ്ധ്യാപകരുടെ ഏകദിന സമ്മേളനങ്ങൾ സംഘടിപ്പിച്ച് അദ്ധ്യാപന നിലവാരം മെച്ചപ്പെടുത്താനുള്ള ക്ലാസ്സുകളും ചർച്ചകളും നടത്തുകയും, അദ്ധ്യാപകർക്കു പരാതി എന്തെങ്കിലും ഉണ്ടെങ്കിൽ കേൾക്കുന്നതിനുള്ള അവസരം ഒരുക്കുകയുമായിരുന്നു. പല സമ്മേളനങ്ങളിൽ ഞാൻ പോയി ക്ലാസ്സുകൾ എടുത്തിട്ടുള്ളത് ഓർക്കുന്നു. പക്ഷേ അതു തുടർന്നുപോരുന്നതായി അറിവില്ല.

പക്ഷപാതപരമായ നിയമനമോ, സ്ഥലംമാറ്റമോ ഉണ്ടാകാതിരിപ്പാൻ പ്രത്യേകം നിഷ്കർഷിച്ചിരുന്നു. നിഷ്പക്ഷതയും, നീതിയും അതേസമയം നിയമവും നടപ്പാക്കുന്നതിൽ ശ്രദ്ധ വച്ചു. തലവേദന ഉളവാക്കുന്ന ചില അദ്ധ്യാപകരെപ്പറ്റി – അവരിൽ ചില വൈദികരുമുണ്ടായിരുന്നു – ചിലപ്പോഴൊക്കെ എന്നോടു പറഞ്ഞിട്ടുള്ളത് ഞാനോർക്കുന്നു. മാനേജർ തിരുമേനിയുടെ അടുക്കലേക്ക് പ്രശ്നങ്ങൾ ഒന്നും അയയ്ക്കാതെ അദ്ദേഹം തന്നെ വിദഗ്ദ്ധമായി അവ കൈകാര്യം ചെയ്തുപോന്നു.

ജോൺ സാർ ചുമതല വഹിച്ച കാലത്ത് പല സ്കൂളുകളും പുതുതായി കോർപ്പറേറ്റിൽ ചേർക്കുകയുണ്ടായി. മലബാറിൽ തന്നെ മൂന്നോ നാലോ സ്കൂളുകൾ അങ്ങനെ ലഭിച്ചു. ചുങ്കത്തറ സ്കൂൾ ലഭിക്കുന്നതിനുവേണ്ടിയും, അതിന്റെ കാര്യങ്ങൾ ക്രമീകരിക്കുന്നതിനുവേണ്ടിയും എത്രവട്ടം മലബാറിനു പോകേണ്ടി വന്നു! ഒരിക്കൽപോലും ഒരിടത്തും ടാക്സിക്കാറുകൾ ഉപയോഗിക്കാതെ ബസ്സിൽ യാത്ര ചെയ്ത് ജോലി നിർവഹിക്കുകയായിരുന്നു. പുതുപ്പാടി സ്കൂളിന്റെ കാര്യവും ഇതുപോലെ ആയിരുന്നു. മല്ലപ്പള്ളി വടക്കേടത്തച്ചന്റെ മാനേജ്മെന്റിലുള്ള ഒരു സ്കൂളും വാങ്ങിക്കാൻ പോയ അനുഭവങ്ങൾ ഒക്കെ എന്നോട് അയവിറക്കിയിട്ടുണ്ട്. സാറിന്റെ പ്രവർത്തനകാലത്താണ് ഏറ്റവുമധികം സ്കൂളുകൾ ഉണ്ടായതും, സുതാര്യമായി കാര്യങ്ങൾ നിർവ്വഹിക്കയും ചെയ്തത്. അതിനുമുമ്പുള്ള കാലത്തെ മാനേജ്മെന്റിനെപ്പറ്റി ഒട്ടേറെ പരാതികളും ആക്ഷേപങ്ങളും ഉയർന്നിട്ടുള്ളത് എനിക്കറിയാം.

## ജോൺ സാറും തിരുമേനിമാരും

കുറിച്ചി ബാവായുടെ കുടുംബക്കാരൻ എന്ന നിലയിൽ സഭയിലെ എല്ലാ തിരുമേനിമാർക്കും ജോൺ സാർ അഭിമതനായിരുന്നു. അതിനെക്കാളുപരി തന്റെ സ്വഭാവമഹിമകൊണ്ടും പെരുമാറ്റനൈപുണ്യം കൊണ്ടും എല്ലാ തിരുമേനിമാരുടെയും പ്രീതിയും സ്നേഹവും ആർജ്ജിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. മിക്കവാറും എല്ലാ തിരുമേനിമാരും തന്നെ സാറിന്റെ ഭവനത്തിൽ എത്തുകയും സാറിന്റേയും കൊച്ചമ്മയുടെയും ആതിഥേയത്വം സ്വീകരിക്കയും ചെയ്തിട്ടുണ്ട്.

പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനി ഒരിക്കൽ ജോൺ സാറിനെപ്പറ്റി എന്നോടു പറഞ്ഞത് ഞാനോർക്കുന്നു! "നമ്മുടെ സഭ മുഴുവൻ നോക്കിയാലും ജോൺ സാറിനെപ്പോലെയുള്ള ശ്രേഷ്ഠ വ്യക്തികൾ അത്യപൂർവ്വമെന്നാണ്." തിരുമേനിയുമായി അധികം ബന്ധപ്പെടേണ്ടി വന്നിട്ടില്ല, എങ്കിൽപോലും അദ്ദേഹത്തിന്റെ വിലയിരുത്തൽ അപ്രകാരമായിരുന്നു. വട്ടക്കുന്നേൽ തിരുമേനിയുമായും പാറേട്ടെ തിരുമേനിയുമായും വളരെ അടുത്ത ബന്ധം പുലർത്തിയിരുന്നു. പ്രത്യേകിച്ച് സ്കൂൾ മാനേജർ എന്ന നിലയിൽ സ്വഭാവശ്രേഷ്ഠതയുള്ള ഒരു അത്മായനേതാവ് എന്ന ബഹുമാനം സാറിനോട് അവർക്കുണ്ടായിരുന്നു. പീലിപ്പോസ് മാർ തെയോഫിലോസ് തിരുമേനിയും ജോൺ സാറും കോളജിൽ സതീർത്ഥ്യരാണ്. ആ സൗഹൃദം ആജീവനാന്തം അവർ പുലർത്തി. തിരുമേനി "ജോണി" എന്നാണ് വിളിച്ചിരുന്നത്. തന്റെ മകൻ എപ്പിസ്കോപ്പാ സ്ഥാനത്തേക്കു പരിഗണിക്കപ്പെടുന്നു എന്നറിഞ്ഞപ്പോഴും അതിനുവേണ്ടി തന്റെ സ്വാധീനവും അടുപ്പവും ഉപയോഗപ്പെടുത്തി തിരുമേനിമാരെ സമീപിച്ചിട്ടില്ല എന്ന് എനിക്കറിയാം. തെരഞ്ഞെടുപ്പിൽ ജോൺ സാറിന്റെ മകൻ എന്ന പരിഗണന എല്ലാ തലങ്ങളിലും പ്രതിഫലിച്ചിരുന്നു എന്നുള്ളത് വസ്തുത തന്നെ.

ദിദിമോസ് ബാവായെയും സഖറിയാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെയും അവർ ശെമ്മാശന്മാരായി താബോർ ദയറാംഗങ്ങളായി കഴിയുമ്പോൾ പത്തനാപുരം സെന്റ് സ്റ്റീഫൻസ് ഹൈസ്കൂളിൽ ജോൺ സാർ പഠിപ്പിച്ചിട്ടുണ്ട്. അങ്ങനെ രണ്ടു തിരുമേനിമാരുടെ ഗുരുസ്ഥാനിയുമാണ്. പത്തനാപുരം സ്കൂൾ ആരംഭിച്ചത് തോമ്മാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായാണ്. അന്ന് അദ്ധ്യാപകവൃത്തിയിലേക്ക് പ്രവേശിക്കുന്ന യുവാവായ ജോൺ സാറിനെ തിരുമേനി പത്തനാപുരത്തേക്കു കൊണ്ടുപോവുകയായിരുന്നു. ജോൺ സാറിന്റെ കഴിവും സ്വഭാവശ്രേഷ്ഠതയുമാണ് ദീവന്നാസ്യോസു തിരുമേനിയെ ആകർഷിച്ചത്. അവിടെ അധികനാൾ തുടർന്നില്ല. അപ്പോഴേക്കും കോട്ടയത്ത് എം.ഡി. സെമിനാരി ഹൈസ്കൂളിൽ അവസരമുണ്ടായപ്പോൾ അവിടെ അദ്ധ്യാപകനായി

ചേർന്നു. വീട്ടിൽനിന്നു ദിവസവും പോയിവരാനുള്ള സൗകര്യം ഉണ്ടായിരുന്നു. പിന്നീട് ഗവണ്മെന്റിൽ വീടിനു സമീപമുള്ള സ്കൂളിൽ പ്രവേശിക്കാൻ സൗകര്യമുണ്ടായപ്പോൾ അതു പ്രയോജനപ്പെടുത്തി. സാർ അദ്ധ്യാപകനായിരിക്കുമ്പോൾ കുറിച്ചി ഗവണ്മെന്റു സ്കൂൾ അപ്പർ പ്രൈമറി മാത്രമായിരുന്നു. പിന്നീടാണ് ഹൈസ്കൂളായത്.

## ജോൺ സാറും കുറിച്ചി ഇടവകയും

കുറിച്ചി സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് വലിയപള്ളിക്കുള്ള പ്രാധാന്യം അത് ഗീവർഗീസ് ദ്വിതീയൻ ബാവായുടെ മാതൃഇടവക ആയതുകൊണ്ടാണ്. ബാവായ്ക്ക് സ്വന്തഇടവകയെപ്പറ്റിയും അവിടുത്തെ ജനങ്ങളെപ്പറ്റിയും പ്രത്യേക പരിഗണന ഉണ്ടായിരുന്നു. എന്നെ അവിടെ നിയമിക്കുമ്പോഴും എന്നോടും ഇടവകയോടുമുള്ള താൽപര്യം പ്രകടമായിരുന്നു. ഞാൻ ചുമതല ഏൽക്കുന്നത് വികാരിയായിട്ടല്ല; സഹപട്ടക്കാരനായിട്ടാണ്. അന്ന് ഔട്ട്പോസ്റ്റിലെ ചാപ്പൽ ഉണ്ടായിരുന്നെങ്കിലും ഒന്നിടവിട്ട ഞായറാഴ്ചകളിൽ മാത്രമേ തവണ ഉണ്ടായിരുന്നുള്ളു. അതായത് ഞാൻ കുറിച്ചി വലിയപള്ളിയിൽ കുർബ്ബാന അനുഷ്ഠിക്കുന്ന ഞായറാഴ്ച ചാപ്പലിൽ കുർബ്ബാനയില്ല. അവിടെ കൂടിവരുന്നവരും അന്ന് വലിയപള്ളിയിൽ എത്തും. അതുകൊണ്ട് ഇടവകപ്പൊതുയോഗങ്ങൾ എന്നും എന്റെ തവണയുള്ള ദിവസം, എന്റെ അദ്ധ്യക്ഷതയിലാണ് നടത്തിയിരുന്നത്.

ഞാൻ ചുമതല ഏൽക്കുമ്പോൾ ശവക്കോട്ടയിലെ നിര സംബന്ധിച്ച് ചില തർക്കങ്ങളും മറ്റും ഉണ്ടായിരുന്നു. അതിനു കോടതിയിൽ വരെ പോവുകയുണ്ടായി. എങ്കിലും അതിനു രമ്യമായ പരിഹാരം വരുത്തുവാൻ കഴിഞ്ഞു. പൊതുയോഗത്തിൽ ജോൺ സാറിന്റെ സാന്നിദ്ധ്യം എന്നും ഉണ്ടായിരിക്കും. അത് ഒരനുഗ്രഹമായിരുന്നു. പല വിഷയങ്ങളെപ്പറ്റിയും തർക്കങ്ങളും വാദങ്ങളും നടക്കും. കുടുംബങ്ങൾ തമ്മിലുള്ള പോരും പലപ്പോഴും അടിയൊഴുക്കായി കാണും. എത്ര വലിയ വാദപ്രതിവാദങ്ങൾ നടന്നാലും ജോൺ സാർ ഒരഭിപ്രായം പറഞ്ഞാൽ പിന്നെ ആരും അതിനെതിരായി നിൽക്കാറില്ല. എല്ലാവരും അത് അംഗീകരിക്കുന്നത് പതിവായിരുന്നു. സാർ വളരെ നീതിയായും ന്യായമായും മാത്രമേ പറയുകയുള്ളുവെന്നും, അതിൽ സ്വാർത്ഥപരമായ ലക്ഷ്യങ്ങളൊന്നും ഉണ്ടാവുകയില്ല എന്നും ഒരു സമ്മതി നിലനിന്നു. അതുകൊണ്ട് പൊതുയോഗനടത്തിപ്പ് ഒരിക്കലും എനിക്കു പ്രയാസമായോ പ്രശ്നമായോ തോന്നിയിട്ടില്ല. സുസമ്മതരും പക്വമതികളും ആത്മിക ദർശനമുള്ളവരുമായ അത്മായനേതാക്കൾ ഇടവകകളിൽ ഉണ്ടായാൽ പ്രശ്നങ്ങൾ ഉയർന്നാലും വേഗത്തിൽ അവയ്ക്കു പരിഹാരം കണ്ടെത്താൻ കഴിയും. അവിടെ പ്രവർത്തിക്കുന്ന വൈദികർക്ക് ഒരു വലിയ സഹായമാവുകയും ചെയ്യും.

ഇപ്പോൾ ചെറിയപള്ളി എന്നറിയപ്പെടുന്ന സ്ഥാപനം ഉണ്ടായ സാഹചര്യം മുകളിൽ വെളിപ്പെടുത്തി. അതിന്റെ രൂപവൽക്കരണത്തിലും നിർമ്മിതിയിലും സാറിനുള്ള പങ്കും പരാമർശിക്കുകയുണ്ടായി. കുറിച്ചി വലിയപള്ളിയിലും ചെറിയപള്ളിയിലുമായി രണ്ടിടത്തും അംഗത്വം പുലർത്തുന്ന ഒരു പ്രത്യേക വ്യവസ്ഥിതി ഇവിടെ സംജാതമായി. ഇപ്പോഴും അതു തുടരുന്നു. അങ്ങനെ രണ്ടിടത്തും അംഗത്വം പുലർത്തുന്ന ചുരുക്കം വീടുകളിൽ ഒന്ന് ജോൺ സാറിന്റേതാണ്. സാറിന്റെ കാലശേഷം മക്കളും ആ നില പിന്തുടരുകയാണ്.

### ജോൺ സാറും കുടുംബവും

പലരും സമൂഹത്തിൽ സമുന്നതരും പദവികൾ ലഭിച്ചിട്ടുള്ളവരുമാകും. നേതൃത്വ നൽവരവും സംഘാടക കഴിവും ആർജ്ജിച്ചിട്ടുള്ളവരുമാകും. പക്ഷേ അങ്ങനെയുള്ള പലരുടേയും കുടുംബജീവിതം തികഞ്ഞ പരാജയമായി കാണാം. "ബൈബിളിലെ കുടുംബങ്ങൾ" എന്ന എന്റെ കൃതിയിൽ വൈവിധ്യമാർന്ന കുടുംബങ്ങളുടെ ചിത്രം വേദപുസ്തക പശ്ചാത്തലത്തിൽ അവതരിപ്പിച്ചിട്ടുണ്ട്. ആ കൃതി വളരെ പ്രചാരം ലഭിച്ച ഒന്നാണെന്നു കൂടി പറയട്ടെ. എട്ടു പതിപ്പുകൾ മൂന്നു വർഷത്തിനിടയിൽ ഉണ്ടായി എന്നു പറയുമ്പോൾ അതിന്റെ സ്വീകാര്യത വ്യക്തമാകും. അതിൽ ഒരു കുടുംബത്തിന്റെ ശീർഷകം "പ്രതാപവര്യന്റെ പരാജയമടഞ്ഞ കുടുംബം" എന്നാണ്. രാജാവും, ശ്രേഷ്ഠനും, വിശ്രുതനുമായ ദാവീദിന്റെ കുടുംബത്തെയാണ് അങ്ങനെ വിശേഷിപ്പിച്ചത്. അദ്ദേഹത്തിന് ഒന്നിലധികം ഭാര്യമാരുണ്ടായിരുന്നു എന്നുള്ളത് അന്നത്തെ ജീവിതശൈലിയിലും സാമൂഹ്യവ്യവസ്ഥിതിയിലും തെറ്റല്ലായിരുന്നു. പക്ഷേ, മക്കൾ നിയന്ത്രണമില്ലാത്തവരും അരുതാത്ത മാർഗ്ഗത്തിൽ ചരിക്കുന്നവരുമായി. വിടനായ അമ്നോൻ, പിതാവിനെതിരെ കുതികാലുയർത്തിയ അബ്ശാലോം - സഹോദരനെ നിഗ്രഹിക്കുന്ന കൊലപാതകി - ഇവരൊക്കെ ആ കുടുംബത്തിൽ പിറന്നവർ.

ഇതുപോലെ നമ്മുടെ സമൂഹത്തിലും കാണാം. രാഷ്ട്രീയ മണ്ഡലത്തിലും, സാമൂഹ്യരംഗത്തും കൊടിപാറിക്കുന്ന നേതാക്കന്മാരുടെ കുടുംബചിത്രം ഇരുണ്ടതായിരിക്കും. ഭൂമിയിലെ പറുദീസായാക്കി കുടുംബത്തെ മാറ്റുവാൻ കഴിയുന്നത് ഒരു വലിയ സിദ്ധി തന്നെയാണ്. അതിൽ ഗൃഹനാഥൻ മാത്രം ശ്രമിച്ചാലും ശ്രദ്ധിച്ചാലും മതിയാവുന്നതല്ല. ഗൃഹനാഥയുടെ പങ്കും തുല്യപ്രാധാന്യമുള്ളതാണ്.

ജോൺ സാറിന്റെ ഭാഗ്യം ശാലീനതയുള്ള ധന്യവതിയായ ഒരു പങ്കാളിയെ ലഭിച്ചതാണ്. ശ്രീമതി ഒരു വൈദിക പുത്രിയായിരുന്നു. പക്ഷേ ആ പിതാവിനെ ഈ പുത്രി കണ്ടിട്ടില്ല. മാതാവിന്റെ ഉദരത്തിൽ ആയിരി

ക്കുമ്പോൾ ആ ശ്രേഷ്ഠ വൈദികൻ, മുപ്പത് വയസ്സുപോലും തികയുന്ന തിനു മുമ്പ് ലോകത്തോടു വിടപറഞ്ഞിരുന്നു. മൂത്തവരായി ഒരു സഹോ ദരിയും സഹോദരനും ഉണ്ടായിരുന്നു. ആ സഹോദരൻ കേരള ജുഡീ ഷ്യറിയിൽ, ആത്മികനിഷ്ഠയും, ധാർമ്മികബോധവും, നിയമപാണ്ഡിത്യ വുമുണ്ടായിരുന്ന ഒരു ന്യായാധിപനായിരുന്നു (ജഡ്ജി പി. എ. ഉമ്മൻ).

അതിഥികൾ എത്തുമ്പോൾ പുഞ്ചിരിക്കുന്ന മുഖത്തോടും, വിനയാദ രവുകളോടും കടന്നുവന്ന് സ്വാഗതം ചെയ്യുമായിരുന്നു; പക്ഷേ കതകിനു പിമ്പിൽ നിന്നാണെന്നു മാത്രം. അബ്രഹാമിന്റെ ഭാര്യ സാറായെപ്പോലെ, ഭർത്താവിനെ ശുശ്രൂഷിച്ചും, അതിഥികളെ ഉപചാരപൂർവ്വം സ്വീകരിച്ചും, ഉചിതമായവിധത്തിൽ സൽക്കരിച്ചും, കുലീനപത്നിയുടെ ധർമ്മം പൂർണ്ണ മായി നിറവേറ്റിയ ആളായിരുന്നു ആ കൊച്ചമ്മ. ഏറെ സൽക്കാരങ്ങൾ ഞാൻ ആസ്വദിച്ചിട്ടുള്ളതാണ്.

ഉത്തമരായ മക്കളെ ലഭിക്കുക, ഒരു മഹാ ഭാഗ്യമാണ്. "മക്കൾ യഹോവ നൽകുന്ന അവകാശവും, ഉദരഫലം അവൻ തരുന്ന പ്രതിഫ ലവുമാകുന്നു." അഞ്ച് ആണും ഒരു പെണ്ണുമടങ്ങിയ പുത്രസഞ്ചയം. അതിൽ ഒരാൾ ഓർത്തഡോക്സ് സഭയിലെ ഒരു മെത്രാപ്പോലീത്താ ആയി (ദിവംഗതനായ പൗലോസ് മാർ പക്കോമിയോസ്). മകൾ ഡോക്ട റായി. രണ്ടുപേർ എൻജിനിയേഴ്സ്, മറ്റു രണ്ടുപേർ ബിരുദധാരികൾ. പിതാവിന്റെയും മാതാവിന്റെയും വിശിഷ്ടഭാവങ്ങൾ ഉൾക്കൊള്ളുന്ന മക്കൾ. മൂത്ത മകൻ എൻജിനീയറിംഗ് കഴിഞ്ഞ് ഇന്ത്യൻ മിലിറ്ററി സർവ്വീ സിൽ ബിഗ്രേഡിയർ ആയി റിട്ടയർ ചെയ്തു. അദ്ദേഹം സമീപകാലത്തു നിര്യാതനായി.

ഈ മക്കളെപ്പറ്റി സാക്ഷ്യപ്പെടുത്താവുന്നത് അവർ ആത്മികനിഷ്ഠ പുലർത്തുന്നവരും; സഭയോട് വിശ്വസ്തതയും, സമൂഹത്തിൽ നല്ല സാക്ഷ്യം വഹിക്കുന്നവരും എന്നാണ്. ചില പിതാക്കന്മാർക്ക് (മാതാ ക്കൾക്കും) മക്കളെ ഓർത്ത് ദുഃഖിക്കേണ്ട അവസ്ഥയുണ്ട്. ഭാവിതലമുറ യെപ്പറ്റി അവർക്ക് നിരാശയും ദുഃഖവുമാണ്. എന്നാൽ ജോൺ സാർ ഇക്കാര്യത്തിൽ ഭാഗ്യവാനായിരുന്നു. മക്കളെപ്പറ്റി നിറഞ്ഞ കൃതാർത്ഥ തയും സന്തോഷവും അനുഭവിക്കാൻ കഴിഞ്ഞു. അമിതമായ വാത്സല്യം അദ്ദേഹം പ്രകടമാക്കിയിരുന്നില്ല. അതുപോലെ ആഡംബരജീവിതത്തിന് വിലക്കുണ്ടായിരുന്നു. സ്വാതന്ത്ര്യത്തോടൊപ്പം നിയന്ത്രണവും പുലർത്തി യാണ് മക്കളെ വളർത്തിയത്. യിസ്രായേല്യ നേതാവായ യോശുവായുടെ വാക്കുകൾ ജോൺ സാറിന്റെ പ്രമാണമായിരുന്നു: "ഞാനും എന്റെ കുടും ബവുമോ ഞങ്ങൾ യഹോവയെ സേവിക്കും" (യോശുവാ 24:15).

ജോൺ സാറിന്റെ ജന്മശതാബ്ദിയാണ് 2015 ജനുവരിയിൽ എന്ന്

മക്കൾ എന്നോടു പറഞ്ഞപ്പോൾ എന്റെ നിർദ്ദേശമായിരുന്നു ഇങ്ങനെ ഒരു മഹാൻ നമ്മുടെ സമൂഹത്തിൽ ജീവിച്ചിരുന്നുവെന്നു വരുംതലമുറ അറിയുവാൻ തക്കവണ്ണം ഒരു സ്മരണിക പ്രസിദ്ധീകരിക്കണമെന്ന്. സാറിനെപ്പറ്റി ഒരു ലേഖനവും നമ്മുടെ പ്രസിദ്ധീകരണങ്ങളിൽ ഒന്നുംതന്നെ വന്നിട്ടില്ല. അദ്ദേഹം പ്രസിദ്ധി ആഗ്രഹിക്കുന്ന വ്യക്തി അല്ലായിരുന്നു. മക്കളും അതേ പാത പിൻപറ്റുന്നവരാണ്. ആദർശനിഷ്ഠരും, സഭാസ്നേഹികളും, ധാർമ്മികമൂല്യങ്ങളെ മുറുകെ പിടിക്കുന്നവരും, ആത്മികദർശനമുള്ളവരുമായ അത്മായനേതൃത്വം ഇന്ന് വളരെ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ കഥാപുരുഷനെപ്പോലെയുള്ള ശ്രേഷ്ഠ വ്യക്തികളെക്കുറിച്ച് സമൂഹത്തെ ധരിപ്പിക്കേണ്ടത് ഒരാവശ്യം തന്നെയാണ്. ആ ലക്ഷ്യം ഈ പ്രസിദ്ധീകരണത്തിൽ കൂടെ സാധ്യമാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.



# 2

# ഒരുത്തമ ഗുരുവിനെപ്പറ്റി വൈകിവന്ന ശിഷ്യൻ

## കെ. വി. മാമ്മൻ

1948. ആറര ദശാബ്ദങ്ങൾ അതിവേഗം കഴിഞ്ഞു. പുണ്യനദിയെന്നു വിശേഷിപ്പിക്കപ്പെടുന്ന പമ്പയിലൂടെ എത്രയോ കോടി ഘനയടി വെള്ളം ഒഴുകിപ്പോയി.

രംഗം ആറാട്ടുപുഴ ഓർത്തഡോക്സ് പള്ളി. പമ്പയിലെ തീർത്ഥജലം ഇന്നും നിലയ്ക്കാതെ വിശുദ്ധ മാതാവിന്റെ പേരിലുള്ള ആ ദേവാലയത്തിന്റെ പാദസരങ്ങൾ കഴുകിക്കൊണ്ടൊഴുകുന്നു. അവിടെ സണ്ടേസ്കൂൾ അധ്യാപകരുടെ അഖില മലങ്കര ട്രെയിനിംഗ് ക്യാമ്പ് പ്രശസ്തരായ ഗുരുവര്യന്മാരുടെ നേതൃത്വത്തിൽ നടക്കുകയാണ്. അന്നാണ് ഞാൻ നമ്മുടെ സ്മര്യപുരുഷനായ കെ. കെ. ജോൺ സാറിനെ ആദ്യമായി കാണുന്നത്.

“ചോരത്തിളപ്പുള്ള സുന്ദരനായ യുവാവ്. അരോഗദൃഢഗാത്രൻ. ഒറ്റ നോട്ടത്തിൽ യേശാവിനെപ്പോലെ “ദേഹം മുഴുവനും രോമം കൊണ്ടുള്ള വസ്ത്രം പോലെ ഇരുന്നു.” യാക്കോബിനെപ്പോലെ ദൈവത്തെ പിടിവിടാതെ പിടിച്ചുകൊണ്ടിരുന്ന സഭാഭക്തൻ. അഹന്ത എന്തെന്നറിഞ്ഞുകൂടാത്ത – തലക്കനം ഇല്ലാത്ത – കുലീന കുടുംബാംഗമായ കോലത്തുകളത്തിൽ നെയ്ശ്ശേരിലെ അദ്ധ്യാപക ശ്രേഷ്ഠൻ. പ്രഭാതചൈതന്യം കളിയാടുന്ന മുഖാരവിന്ദം. വെള്ളിയെ വെല്ലുന്ന ദന്തനിരകൾ. പുഞ്ചിരി വിട്ടുമാറാത്ത അധരയുഗളം. ആരേയും ഹഠാദാകർഷിക്കുന്ന ശരീരഭാഷ. കണ്ഠാഭരണമായി ഇണങ്ങുന്ന രണ്ടാംമുണ്ട് ആളത്വത്തിന്റെ ആഢ്യത്വം വിളിച്ചോതിയിരുന്നു. ഈ ചിത്രം 65 വർഷം കഴിഞ്ഞിട്ടും എന്റെ കൺമുമ്പിലുണ്ട്.

വലിയനോമ്പിലെ വേനൽക്കാലത്തു നടത്തപ്പെട്ട ക്യാമ്പിലെ ഉച്ചനമസ്ക്കാരത്തോടനുബന്ധിച്ചുള്ള കുമ്പിടലും മറ്റും സണ്ടേസ്ക്കൂൾ അദ്ധ്യാപകരായ “കുട്ടികളുടെ” ഷർട്ടെല്ലാം വിയർപ്പുകൊണ്ടു നനയ്ക്കുക പതിവായിരുന്നു. ആരോഗ്യത്തിനു യോഗാസനം പോലെ മറ്റു വ്യായാമം ഒന്നും ആവശ്യമില്ലാത്ത അഭൗമിക ആരാധന. നട്ടുച്ചയിലെ വിയർപ്പ് – ആരാധന നൽകുന്ന ആത്മീയ ആനന്ദം ഒരളവിൽ അപഹരിച്ചോ എന്നല്പം സംശയം. പമ്പയിൽ നിന്നു ചെറിയതോതിൽ അടിച്ചുകൊണ്ടി

രുന്ന തെന്നലിനും തെല്ലും കുളിർമ്മ പകരാൻ കഴിഞ്ഞില്ല. വൈകുന്നേരത്തെ നദീജലസ്നാനം അല്പം ആശ്വാസം നൽകിയിരുന്നു താനും.

മലങ്കരയുടെ വിവിധ ഭാഗങ്ങളിൽ നിന്നു തെരഞ്ഞെടുക്കപ്പെട്ട ഒരു പറ്റം സമർത്ഥരായ അധ്യാപകരായിരുന്നു ക്യാമ്പിലെ അന്തേവാസികൾ എന്ന് അദ്ധ്യാപകരുടെ ചോദ്യശരങ്ങൾക്ക് അവർ നൽകിക്കൊണ്ടിരുന്ന മറുപടി വ്യക്തമാക്കി. എന്നോടൊപ്പം എന്റെ മൂത്ത സഹോദരി തങ്കമ്മയുടെ ഭർത്താവും ഒരു പ്രമുഖ ആധ്യാത്മിക സംഘടനാ പ്രവർത്തകനുമായ കോന്നി താഴം പുന്നൂരേത്തു പി. കെ. ജോർജും ഉണ്ടായിരുന്നു.

പരിശീലനക്ലാസ്സിന്റെ വിജയത്തിനു വേണ്ടി പിന്നിൽ നിന്നു പ്രവർത്തിച്ച വികാരി പള്ളിപ്പാട്ടു താമരവേലിൽ തോമസച്ചൻ, ആറാട്ടുപുഴക്കാരായ കുളഞ്ഞിക്കൊമ്പിൽ റ്റി. ഒ. ചാക്കോ, കെ. ഒ. കോശി, കെ. എൻ. ചാക്കോ, കെ. സി. ഉമ്മൻ (പിന്നീട് തേയോഫോറസ് റമ്പാൻ) മുതലായവരുടെ ത്യാഗനിർഭരമായ സേവനങ്ങളെയും വിസ്മരിക്കാനാവില്ല.

ക്ലാസ്സെടുത്ത രണ്ടു പ്രമുഖ വൈദികർ പിന്നീടു കാതോലിക്കാമാരായി ഉയർത്തപ്പെട്ടപ്പോൾ ഞങ്ങളും സഭാധ്യക്ഷന്മാരുടെ ശിഷ്യരായിത്തീർന്നതിൽ എന്തെന്നില്ലാത്ത - വീണുകിട്ടിയ - ഒരാത്മീയാനുഭവം.

നേരത്തെ ക്രൈസ്തവരെ പീഡിപ്പിച്ചശേഷം മിഷനറിയായി മാറിയ സെന്റ്പോളിനെ ചിലർ വിമർശിച്ചപ്പോൾ താൻ അതിശ്രേഷ്ഠതയുള്ള അപ്പസ്തോലന്മാരിൽ ഒട്ടും കുറവുള്ളവനല്ലെന്നും ഗുരുവര്യനായിരുന്ന ഗമാലിയേലിന്റെ ശിഷ്യനാണെന്നും പറഞ്ഞതു പോലെ, ഞങ്ങളും മാത്യൂസ് പ്രഥമൻ, മാത്യൂസ് ദ്വിതീയൻ എന്നീ കാതോലിക്കാമാരുടെ ശിഷ്യരെന്ന ഉന്നതപദവിക്കർഹരായി. അതും ഒരു ദൈവനിശ്ചയം. തീർന്നില്ല, ഞങ്ങൾക്കു ക്ലാസ്സുകൾ എടുത്ത അതുല്യരായ കെ. ഡേവിഡ് കോർഎപ്പിസ്ക്കോപ്പാ, കെ. കെ. ജോൺ, എം. വി. ഏബ്രഹാം മുതലായവരും മുമ്പിൽ നിൽക്കുന്നതുപോലെ ഒരു തോന്നൽ ഇന്നുമുണ്ട്.

നമ്മുടെ സ്മര്യപുരുഷനും അദ്ധ്യാപക പ്രമുഖനുമായ ജോൺ സാറിനെപ്പറ്റി പറഞ്ഞുവന്നപ്പോൾ തെല്ലു വഴിതെറ്റിയോ, അതോ നേർവഴിയിൽ തന്നെയാണോ എന്നൊരു ശങ്ക. പക്ഷേ, തിരിഞ്ഞു നോക്കിയ എനിക്ക് ഒട്ടും വഴിതെറ്റിയില്ലെന്നും നേർവഴിയിലാണെന്നും ബോധ്യമായി.

സണ്ടേസ്കൂൾ അധ്യാപകർക്ക് അവശ്യം ആവശ്യമായ മനഃശാസ്ത്രം പഠിപ്പിക്കാനാണു കെ. കെ. ജോൺ സാർ നിയോഗിക്കപ്പെട്ടിരുന്നത്. അദ്ദേഹം സുസ്മേരവദനനായി ക്ലാസ്സിൽ കയറിവന്നതും "കുട്ടികൾ" അദ്ദേഹത്തെ സ്നേഹപൂർവ്വം അഭിവാദ്യം ചെയ്തതും ഒന്നിച്ചായിരുന്നു. അദ്ദേഹം ആദ്യം പറഞ്ഞ വാക്കുകൾ ഞാൻ ശ്രദ്ധാപൂർവ്വം കേട്ടു. മറവി

അപഹരിക്കാൻ മടികാട്ടി നിൽക്കുന്ന എന്റെ ഹൃദയത്തിൽ അവ കുറിച്ചിട്ടു.

ജോൺ സാറിന്റെ ക്ലാസ് ഇങ്ങനെയാണു ആരംഭിച്ചത്. "ജോൺ എന്ന കുട്ടിയെ പഠിപ്പിക്കണമെങ്കിൽ പാഠ്യവിഷയമല്ല ആദ്യം അവതരിപ്പിക്കേണ്ടത്. ജോണിനെ ആദ്യം അറിയണം. അവന്റെ ഭവനപശ്ചാത്തലം താല്പര്യങ്ങൾ, വിഷയഗ്രഹണ പ്രാപ്തി, ജീവിതലക്ഷ്യം എന്നിവ മനസ്സിലാക്കാതെ പഠിപ്പിച്ചാൽ അക്കാര്യങ്ങൾ ചേമ്പിലയിൽ വീണൊലിച്ചുപോകുന്ന ജലകണങ്ങൾക്കു തുല്യമായിരിക്കും."

പത്തനംതിട്ട മാക്കാംകുന്നു സെന്റ് സ്റ്റീഫൻസ് സണ്ടേസ്കൂൾ അധ്യാപകനായി ഏതാണ്ടു 24 മാസം മാത്രം പിന്നിട്ട എനിക്ക് ഇതെല്ലാം പുതിയ കാര്യങ്ങളായി തോന്നിയതിനാൽ ഞാൻ സാറിന്റെ ക്ലാസ്സു ശ്രദ്ധാപൂർവ്വം ഉൾക്കൊണ്ടു. കുട്ടികളെ മനസ്സിലാക്കാതെ പഠിപ്പിക്കുന്ന അദ്ധ്യാപകൻ പലപ്പോഴും പോത്തിനോട് വേദമോതുന്നവനു തുല്യനാണത്രെ. കുട്ടികളുടെ നിലവാരം മനസ്സിലാക്കാതെ പഠിപ്പിക്കുന്ന അതിസമർത്ഥനായ അധ്യാപകന്റെ പണിയും ഒരു പാഴ്വേല തന്നെയാണെന്നു ഗ്രഹിക്കുവാൻ പാലൂർ പടിവരെ പോകേണ്ടതില്ല. ചുരുക്കിപ്പറഞ്ഞാൽ ഞാൻ കെ. കെ. ജോൺ സാറിൽ ഒരുത്തമ അധ്യാപകനെ കണ്ടെത്തുകയായിരുന്നു.

സണ്ടേസ്കൂൾ പ്രസ്ഥാനത്തിന്റെ പ്രതിരൂപമോ പ്രതിച്ഛന്ദമോ പ്രതീകമോ ആയ കെ. ദാവീദച്ചന്റെ സഭാചരിത്രക്ലാസ്സുകളും വൈദികരായ മാത്യൂസ് ദ്വയത്തിന്റെ ദൈവശാസ്ത്ര-സഭാവിശ്വാസ ക്ലാസ്സുകളും ഒന്നിനൊന്നു മെച്ചമായിരുന്നു എങ്കിലും ജോൺ സാറിന്റെ മനഃശാസ്ത്രപരമായ ക്ലാസ്സുകളാണ് എന്റെ മനസ്സിന്റെ ഉള്ളറയിൽ കൂടുതൽ ഉടക്കിയത്. പിന്നീട് വി. കെ. മാത്യൂസ് അച്ചൻ 1953-ൽ മെത്രാനായശേഷം നിശാവേളകളിൽ മാർ ഏലിയാ ചാപ്പലിനോടു തൊട്ടടുത്ത തന്റെ മുറിയിൽ വച്ചു എം.ഡി. ഹൈസ്കൂൾ മുൻ അധ്യാപകൻ സി. എ. ഏബ്രഹാം (ചിറപ്പുറത്ത്, വാകത്താനം), ഹെഡ്മാസ്റ്റർ സി. യു. മാത്യു എന്നിവരെയും എന്നെയും മറ്റു ചിലരെയും ആറു മാസത്തോളം ദൈവശാസ്ത്രം പഠിപ്പിച്ചിരുന്നു. പഠിച്ചവരിൽ തൊണ്ണൂറുകാരനായ ഏബ്രഹാം സാറും ഞാനും മാത്രമേ ഇപ്പോഴുള്ളു. ഇത് എന്റെ അധ്യാപക പരിശീലനത്തിന്റെ തുടർച്ചയാണെന്നുപോലും ഞാൻ ചിലപ്പോൾ ചിന്തിക്കാറുണ്ട്.

കോട്ടയത്തു വന്ന് 1951-ൽ ചർച്ചു വീക്കിലി സ്റ്റാഫിൽ ചേരുകയും അതോടൊപ്പം സി.എം.എസ് കോളജിൽ പഠിക്കുകയും 1953-ൽ കെ. സി. മാമ്മൻമാപ്പിള ചീഫ് എഡിറ്ററായിരുന്ന കാലത്തു മലയാള മനോരമ പത്രാധിപസമിതിയിൽ ചേരുകയും ചെയ്തശേഷം കെ. കെ. ജോൺ സാറിനെ കൂടെക്കൂടെ കാണാൻ സാധിച്ചത് അന്ന് എം.ഡി. യിലായിരുന്ന വൈദിക

സെമിനാരിയിൽ ഞാൻ പലപ്പോഴും പോകുന്നതുകൊണ്ടായിരുന്നു. അന്നാണ് ഫാ. എം. വി. ജോർജ് (പിന്നീട് മാർ ഒസ്താത്തിയോസ്) രാത്രി കാലങ്ങളിൽ തന്റെ പ്രഥമ കൃതിയായ "മൂന്നു വിശ്വാസസത്യങ്ങൾ" എന്ന പുസ്തകത്തിലെ ലേഖനങ്ങൾ അദ്ദേഹം പറഞ്ഞു തന്ന് ഞാൻ എഴുതിയും എഡിറ്റു ചെയ്തും പ്രസിദ്ധീകരിച്ചത്. സെമിനാരിയിലെ അന്നത്തെ മിക്ക "അച്ചൻകുഞ്ഞുങ്ങളെ"യും (വൈദിക വിദ്യാർത്ഥികൾ) അന്നു നേരിട്ടു പരിചയപ്പെടാനും സാധിച്ചു.

പലപ്പോഴും കെ. കെ. ജോൺ സാറിന്റെ എം.ഡി. യിലുള്ള ഓഫീസിൽ കയറി കുശലപ്രശ്നങ്ങൾ നടത്തുകയും സഭാകാര്യങ്ങളും ചില പള്ളിക്കുട പ്രശ്നങ്ങളും ചർച്ച ചെയ്യുകയും ഉണ്ടായിട്ടുണ്ട്. തന്നിമിത്തം കെ. കെ. ജോൺ സാറും ജഡ്ജി പി. എ. ഉമ്മനും സഭാകാര്യങ്ങളിൽ സമാനചിന്താഗതിക്കാരും സത്യസന്ധരും ഉല്പതിഷ്ണുക്കളുമായ ഉത്തമ സ്യാലന്മാരാണെന്നു മനസ്സിലാക്കാനും സാധിച്ചു.

നമ്മുടെ സഭാ മാനേജിംഗ് കമ്മിറ്റിയിലെ അംഗങ്ങളിൽ ചിലരെങ്കിലും ഇവരെപ്പോലെ കാര്യവിവരവും അറിവും സഭാസ്നേഹവും ഉള്ളവരായിരുന്നു എങ്കിൽ എത്ര നന്നായിരുന്നു എന്നു ഞാൻ പലപ്പോഴും ആഗ്രഹിച്ചിട്ടുമുണ്ട്.

ജോൺ സാറിനേക്കാൾ എനിക്കു കൂടുതൽ അടുപ്പമുള്ളത് അദ്ദേഹത്തിന്റെ ഭാര്യാസഹോദരനായ ജഡ്ജി പി. എ. ഉമ്മനോടാണെന്നു പറയുന്നതാവും ഏറെ ശരി. അദ്ദേഹത്തിന്റെ മുട്ടത്തെ വസതിയിൽ ക്ഷണിക്കാതെ ചെന്നു ഒന്നിച്ചുണ്ണാനുള്ള സ്വാതന്ത്ര്യം എനിക്കുണ്ടായിരുന്നു. ഉമ്മച്ചന്റെ ഭാര്യയും എന്റെ ജ്യേഷ്ഠസഹോദരീ സ്ഥാനിയുമായ ബേബിക്കൊച്ചമ്മ ആതിഥ്യമര്യാദയുടെ പര്യായവും.

മനോരമയിലെ എന്റെ ദീർഘകാല സഹപ്രവർത്തകൻ കുറിച്ചി കരുനാട്ടു കെ. മാത്തൻ തർജ്ജമ ചെയ്തതും ഞാൻ പ്രസാധനം ചെയ്തതുമായ 'സഭാക്കേസിലെ 1958-ലെ സുപ്രീംകോടതിവിധി' എന്ന ഗ്രന്ഥത്തിനു സമുചിതവുമായ ഒരവതാരിക എഴുതിത്തന്നതു നിയമജ്ഞനായ ഉമ്മച്ചനാണ്. 1976-ൽ ഗീവറുഗീസ് ദ്വിതീയൻ ബാവായുടെ മുൻ സെക്രട്ടറി ഫാ. ടി. ജി. സഖറിയായും ഞാനും ചേർന്നു തയ്യാറാക്കി പ്രസിദ്ധീകരിച്ച "ഇരുപതാം നൂറ്റാണ്ടിലെ മലങ്കരസഭ 1876-1976" എന്ന പുസ്തകത്തിൽ ചേർത്ത 'മലങ്കരസഭയിലെ കേസുകൾ' എന്ന അധ്യായം എഴുതിത്തന്നതും കേസുകളെപ്പറ്റിയും സമാധാനാലോചനകളുടെ ഉള്ളുകളികളെപ്പറ്റിയും നല്ല ജ്ഞാനമുള്ള പി. എ. ഉമ്മനായിരുന്നു എന്നു നന്ദിപൂർവ്വം ഓർക്കുന്നു. ഉമ്മച്ചന്റെ ഏറ്റവും പ്രധാനപ്പെട്ട കൃതി ഗവേഷണ പഠനങ്ങളുടെ പിൻബലത്തോടും സൂക്ഷ്മതയോടും കൂടി രചിച്ച "ചേപ്പാട്ടു മാർ ദീവന്നാസ്യോസ്" എന്നതാണ്.

സഭാസമാധാനാലോചനകളിലും സഭാകേസുകാര്യത്തിലും ആത്മാർത്ഥതയോടുകൂടി ദീർഘകാലം പങ്കെടുത്ത ഉമ്മച്ചന്റെ സഭാസ്നേഹം ജോൺ സാറിനേക്കാൾ മറ്റൊരുതലത്തിൽ കൂടുതലായിരുന്നു എന്നു ഞാൻ പറയുന്നത് ഉമ്മച്ചനോടുള്ള ദീർഘകാല പരിചയം പ്രദാനം ചെയ്ത ആത്മാർത്ഥത കൊണ്ടാണ്. ഉമ്മച്ചൻ ഒരു വൈദികന്റെ പുത്രനാണെങ്കിൽ ജോൺ സാർ ഒരു മെത്രാപ്പോലീത്തായുടെ അച്ഛനാണ്.

പ. ഗീവറുഗീസ് രണ്ടാമൻ ബാവായുടെ കുലീന കുടുംബപാരമ്പര്യമുള്ള ജോൺ സാർ ആ സമുന്നത പൈതൃകം അന്യൂനം നിലനിർത്തി ശത്രുരഹിതനായും എല്ലാവരുടെയും മിത്രമായും ജീവിതം നയിച്ചു.

ഞാൻ വീണ്ടും ശാഖാചംക്രമണം നടത്തുകയാണെന്നു തോന്നിയാലും, ഒരു പ്രത്യേക കാര്യം കൂടി പറയാതെ വയ്യ. കാരണം വിഷയം വിശിഷ്യ. പ്രായമുള്ളവർക്കു കൂടുതൽ ചിന്തോദ്ദീപകമാണ്. ഏതാനും വർഷം മുമ്പ് മുട്ടത്തെ വീട്ടിൽ വച്ചു ഊണു കഴിഞ്ഞു ഞാനും ഉമ്മച്ചൻ ദമ്പതികളും മാത്രം ഉള്ള ഒരവസരം. ജീവിതസായാഹ്നത്തിൽ എത്തിനിന്ന ഉമ്മച്ചന്റെ നേർക്കു ഞാൻ ഒരു കുസൃതിച്ചോദ്യം തൊടുത്തുവിട്ടു. “നിങ്ങളിൽ ആര് ആദ്യം മരിക്കണമെന്നാണ് ഉമ്മച്ചൻ ആഗ്രഹിക്കുന്നത്?” മറുപടി ഒട്ടും വൈകിയില്ല. “എന്റെ ഭാര്യ ബേബി ആദ്യം മരിക്കണം. കാരണം ഞാൻ നേരത്തെ കടന്നുപോയാൽ ബേബിക്ക് അന്ത്യനാളുകളിൽ നാട്ടിൽ ഇല്ലാത്ത മക്കളുടെയും മരുമക്കളുടെയും സ്നേഹവും ശുശ്രൂഷകളും വേണ്ട അളവിൽ ലഭിച്ചില്ലെന്നു വരാം. അതു സങ്കടകരമല്ലേ? നിനക്കു നന്മയും ദീർഘായുസ്സും ഉണ്ടാകാൻ നിന്റെ മാതാപിതാക്കളെ ബഹുമാനിക്കുക എന്ന കല്പന അപ്രസക്തമായെന്നും വരാം. ഇവിടെ ആരും സ്ഥിരമല്ലെന്നുള്ള സെന്റ് പോളിന്റെ വാക്കുകൾ ഉമ്മച്ചൻ ഉദ്ധരിച്ചു. ഈ വാദമുഖങ്ങളെല്ലാം കേട്ടുകൊണ്ടു ‘പ്രതി’യായ ബേബിക്കൊച്ചമ്മ ജഡ്ജിയോടു മറുപടിയായി ഒന്നും പറഞ്ഞില്ല. മൗനം സമ്മതം എന്നു കരുതിയാൽ മതി. എന്തായാലും ആദ്യം അന്തരിച്ചതു ബേബിക്കൊച്ചമ്മയാണെന്നതു യാദൃച്ഛികമോ ദൈവനിശ്ചയമോ ആകാം.



# 3

# ജീവിതവിശുദ്ധിയിൽ ഉന്നതനും ആദർശങ്ങളിൽ അടിയുറച്ചവനും

## ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ

കോട്ടയം ഓർത്തഡോക്സ് വൈദികസെമിനാരിയിൽ ഞാൻ വൈദിക വിദ്യാഭ്യാസം ആരംഭിച്ച കാലയളവിലാണ് ഏവരുടേയും സ്നേഹാദര ങ്ങൾക്ക് അർഹനും പാത്രീഭൂതനുമായ കുറിച്ചി കോലത്തുകളത്തിലായ നെയ്ശ്ശേരിൽ ബഹു. കെ. കെ. ജോൺ സാറിനെപ്പറ്റി കേട്ടറിഞ്ഞ് തുട ങ്ങിയത്. ദേവലോകം അരമനയിലോ മാർ ഏലിയാ കത്തീഡ്രലിലോ സെമിനാരിയിലോ വച്ച് പലപ്പോഴും കണ്ടുമുട്ടിയിട്ടുണ്ട്. മിതഭാഷിയും, വിനയാന്വിതനും പറയുന്നത് മാത്രം പ്രവർത്തിക്കുകയും, പ്രവർത്തിക്കാ വുന്നത് മാത്രം പറയുകയും ചെയ്യുന്ന ഉന്നതനായിരുന്നു അദ്ദേഹം. താൻ ഏറ്റെടുക്കുന്ന ദൗത്യങ്ങളും ഉത്തരവാദിത്വങ്ങളും എത്രമാത്രം കഠിനത രമായാൽപോലും അൽപംപോലും ഭയാശങ്കയോ ജാള്യമോ ആക്ഷേപമോ കൂടാതെ അവയൊക്കെയും വിശ്വസ്തമായും പരമാവധി ഉത്തമമായും നീതിപൂർവ്വമായും ചെയ്തുതീർക്കാനുള്ള തത്രപ്പാടിൽ സ്ഥിരോത്സാ ഹിയും സമർപ്പണബോധത്തോടെ പ്രവർത്തിച്ചു വന്നതുമായ അദ്ദേ ഹത്തെ വളരെയേറെ ആദരത്തോടും ശുഷ്കാന്തിയോടും നോക്കി കാണു കയും കൂടുതൽ വ്യക്തതയോടെ അദ്ദേഹത്തെ മനസ്സിലാക്കുകയും ഉൾ ക്കൊള്ളുവാനും അഭിവാഞ്ഛ പ്രകടിപ്പിച്ചിട്ടുള്ളവരിൽ ഒരുവനാണ് ഞാൻ. അത്രമാത്രം കൃത്യനിഷ്ഠയും ചിട്ടയും സമുന്നത പ്രമാണങ്ങളും അണു വിട വ്യതിചലിക്കാതെ ജീവിതാന്ത്യം വരെ ഒരേപോലെ പാലിക്കുവാനും സാധിതപ്രായമാക്കുവാനും കെൽപും കഴിവും നേടിയ സമുന്നത വ്യക്തി യായിരുന്നു.

മലങ്കര ഓർത്തഡോക്സ് സഭയുടെ കാതോലിക്കേറ്റ് എം.ഡി. സ്കൂളു കളുടെ മാനേജർ സ്ഥാനം പ്രതിഭാശാലിയും ദീർഘവീക്ഷണത്തിന്റെ ഉടമയും, പണ്ഡിതനും, മികവുറ്റ ഭരണകർത്താവുമായിരുന്ന അഭി. മാത്യൂസ് മാർ അത്താനാസിയോസിന്റെ (പിന്നീട് ഭാഗ്യസ്മരണാർഹനും പുണ്യശ്ലോകനുമായ പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥ മൻ കാതോലിക്കാബാവാ) ചുമതലയിലായതോടെ കാര്യങ്ങളുടെ സുഗ മവും സുതാര്യതയേറിയതുമായ ഭരണനിർവ്വഹണത്തിനുള്ള ചിന്താഗതി പ. പിതാവിന്റെ ശ്രേഷ്ഠബുദ്ധിയിൽ ഉദിച്ചു. ഒരു ദിവസം തെക്കൻ ഭദ്രാ സനങ്ങളിലെവിടെയോ പോയി തിരിച്ച് കോട്ടയത്തേയ്ക്കുള്ള മാർഗ്ഗമദ്ധ്യേ

കുറിച്ചി കോലത്തുകളത്തിൽ നെയ്ശ്ശേരിൽ പടിക്കൽ പ. പിതാവിന്റെ വാഹനം എത്തിയതോടെ പെട്ടെന്ന് വണ്ടിനിർത്തിച്ച് സെക്രട്ടറി ശെമ്മാ ശനോട് താൻ ചെന്ന് ജോൺ സാറിനെ വിളിച്ചുകൊണ്ട് വരിക എന്ന് കൽപിച്ചു. ഓടിയെത്തിയ ജോൺ സാർ തിരുമേനിയുടെ കൈ മുത്തിയ യുടനെ “ജോണി നാളെ രാവിലെ എം.ഡി. സെമിനാരിയിൽ എത്തി എന്നെ കാണണം” എന്ന് കൽപിച്ചു.

അതനുസരിച്ച് തിരുമേനിയുടെ അടുത്തെത്തിയപ്പോൾ “ജോണി ഇന്നു തന്നെ കാതോലിക്കേറ്റ് & എം.ഡി. സ്കൂളിന്റെ കോർപ്പറേറ്റ് ഓഫീസ് മാനേജരായി ചുമതലയെടുക്കണം” എന്ന് തിരുമേനി കൽപിച്ച് ആശീർവ ദിച്ചപ്പോൾ ജോൺ സാറിന് അനുസരിക്കുകയെന്നല്ലാതെ മറ്റൊന്നും ചിന്തിക്കാനില്ലായിരുന്നു. ബഹു. ജോൺ സാറിന്റെ അത്യപൂർവ്വമായ കഴി വിലും, അച്ചടക്കത്തിലും, കഠിനാദ്ധ്വാനത്തിലും പ. പിതാവിന് അത്രമാത്രം വിശ്വാസവും ശുഭപ്രതീക്ഷകളും ഉണ്ടായിരുന്നതിന് ഒരുതരത്തിലും മങ്ങലോ കുറവുകളോ ഉണ്ടാകുവാൻ ഉള്ള ഒരു സാഹചര്യവും ഉണ്ടാ യിട്ടില്ല എന്നതിന് പിൽക്കാല സംഭവങ്ങളും അനുഭവങ്ങളും സാക്ഷി ക്കുന്നു. അതുപോലെതന്നെ തിരുമേനിയുടെ പ്രത്യാശയ്ക്കും ചിന്ത യ്ക്കും ധാരണയ്ക്കും ലവലേശം ഭംഗം വന്നില്ലായെന്നതാണ് സത്യം.

മലങ്കരസഭയുടെ വളർച്ചയിലും ഉയർച്ചയിലും ഏറെ സമർപ്പണബോധ ത്തോടെ കാത്തിരുന്ന് തന്നാലായത് യുക്തമായി പ്രവർത്തിച്ച ഒരു മാന്യ ദേഹമായിരുന്നു ബഹു. ജോൺ സാർ. മലങ്കരസഭയുടെ രാജ്യസഭ എന്ന് വിശേഷിപ്പിക്കാനാവുന്ന മാനേജിംഗ് കമ്മിറ്റി അംഗമായി അദ്ദേഹം പ്രവർ ത്തിച്ചിരുന്ന നാളുകളിൽ അദ്ദേഹത്തിൽ നിന്ന് ഉരുത്തിരിഞ്ഞിട്ടുള്ളതും അദ്ദേഹം യാതൊരു ശങ്കയും കൂടാതെ പ്രകടമാക്കുകയും ചെയ്തിട്ടുള്ള ആലോചനകളും ചിന്താശകലങ്ങളും എത്രമാത്രം ആഴമായ സഭാ സ്നേഹത്തിന്റെ പ്രത്യക്ഷ ഉദാഹരണങ്ങളായിരുന്നുവെന്ന് എടുത്ത് പറയേണ്ടതില്ല.

പ. സഭ ദൈവത്തിന്റെ തിരുശരീരമാകുന്നുവെന്ന ഉത്തമബോധ്യമു ണ്ടായിരുന്ന ജോൺ സാറിന്റെ ചിന്തകളും ആലോചനകളും എത്രമാത്രം ശ്രേഷ്ഠവും ധന്യവും അനുഗൃഹീതവുമായിരുന്നുവെന്ന് ഇന്നത്തെ തല മുറ വളരെ വ്യക്തമായി മനസ്സിലാക്കേണ്ടതുണ്ട്. കോട്ടയം ഭദ്രാസന കൗൺസിൽ അംഗം, പാമ്പാടി അഭയഭവൻ ഉൾപ്പെടെ അവിടെയുള്ള വിവിധ പ്രസ്ഥാനങ്ങളുടെ കമ്മിറ്റി അംഗം, തിരുമൂലപുരം ബാലികാമഠം സ്കൂൾ ഗവേണിംഗ് ബോർഡ് അംഗം, മാങ്ങാനം മന്ദിരം ആശുപത്രി ഗവേണിംഗ് ബോർഡ് മെമ്പർ എന്നീ നിലകളിൽ പ്രവർത്തിച്ച വിവിധ കാലഘട്ടങ്ങളിൽ ഒക്കെയും അദ്ദേഹത്തിന്റെ താൽപര്യവും ശ്രദ്ധയും, തന്നെ ഭരമേൽപ്പിച്ചിട്ടുള്ള ദൗത്യനിർവ്വഹണത്തിൽ വീഴ്ചയും കുറവും

പരാജയവും സംഭവിക്കരുതെന്നതായിരുന്നു. അതിലൊക്കെയുപരി ദൈവിക സംസർഗ്ഗത്തിനായുള്ള അഭിവാഞ്ഛയും, ശുഷ്കാന്തിയും ഏറെ ശ്ലാഘനീയവുമായിരുന്നു.

അക്കാലങ്ങളിലും പിന്നീടും ജോൺ സാറിന്റെ ജീവിതശൈലിയും നിഷ്കളങ്കമായ നിഷ്ഠയും ചിട്ടയും നിറഞ്ഞ പ്രവർത്തനങ്ങളും മറ്റ് പല രെയും പോലെ എന്നെയും ഹഠാദാകർഷിക്കുകയും അത്ഭുതപ്പെടുത്തു കയും ചെയ്തിട്ടുണ്ട്. എന്റെ അന്നത്തേയും പിന്നീടുള്ളതുമായ ചിന്താ ഗതിയിൽ അദ്ദേഹത്തിന് ഇത്രമാത്രം ശ്രേഷ്ഠമായ വ്യക്തിത്വം ലഭിക്കാ നുള്ള കാരണമായി തോന്നിയിട്ടുള്ള ഉത്തരവും ആശയവും അതിമഹ ത്തായതും സാധാരണഗതിയിൽ സാധാരണക്കാർക്ക് അപ്രാപ്യവുമായ ഒരു കുടുംബമഹിമ ജോൺ സാറിന് ദൈവകരുണയാൽ ലഭിച്ചത് തന്നെ യാവും എന്നതായിരുന്നു.

മലങ്കര ഓർത്തഡോക്സ് സഭയിലെ രണ്ടാമത്തെ പ്രഖ്യാപിത പരി ശുദ്ധൻ വട്ടശ്ശേരിൽ തിരുമേനിയുടെ മാതൃസഹോദര പൗത്രനും, പുണ്യ ശ്ലോകനും മലങ്കരയിലെ അപ്രഖ്യാപിത പരിശുദ്ധനുമായ മോറാൻ മാർ ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ, ജോൺ സാറിന്റെ പിതാ മഹന്റെ സഹോദരപൗത്രനായിരുന്നുവെന്നതും തികച്ചും അവിചാരിതവും അപ്രതീക്ഷിതവും ആയിരുന്നുവെങ്കിലും അത്യപൂർവ്വ സൗഭാഗ്യമെന്ന് മാത്രമേ പറയാനാവൂ. അതിശ്രേഷ്ഠവും അതിധന്യവുമായ കുടുംബമഹി മയുടെ തണലിലും നിഴലിലും ജനിക്കുവാനും വളരുവാനും ഉയരുവാനും സ്വഭാവരൂപവൽക്കരണം നടത്തുവാനും കഴിഞ്ഞതിന്റെ പ്രധാന ഘടകം കുടുംബാന്തരീക്ഷത്തിൽ നിലനിന്നിരുന്ന ദൈവാശ്രയവും, ദൈവഭയവും, ദൈവസാന്നിദ്ധ്യബോധവുമാണെന്ന സത്യം വേർതിരിച്ച് അറിയുന്നതിന് ആർക്കും അധികം ബുദ്ധിമുട്ടേണ്ടി വരികയില്ലായെന്നതാണ്.

ബാല്യം മുതൽ തീക്ഷ്ണമായ ദൈവഭക്തിയും, സ്ഥിരോത്സാഹവും കൈമുതലാക്കാൻ കഴിഞ്ഞ ഒരു ഭാഗ്യവാനാണ് ജോൺ സാർ. 1915 ജനു വരി 14-ന് ഭൂജാതനായ അദ്ദേഹം പ്രാഥമിക വിദ്യാഭ്യാസം പള്ളം സി.എം. എസ്. സ്കൂളിലും ഹൈസ്കൂൾ വിദ്യാഭ്യാസം കോട്ടയം എം.ഡി. സെമി നാരി ഹൈസ്കൂളിലുമായിരുന്നെങ്കിൽ ബി.എ. ബിരുദം നേടിയത് തിരു വനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്നും എൽ.ടി. ബിരുദാന ന്തരബിരുദം നേടിയത് തിരുവനന്തപുരം ഗവ. ട്രെയിനിംഗ് കോളജിൽ നിന്നുമായിരുന്നു. പഠനകാലത്ത് ബാല്യം മുതൽ യൗവ്വനം വരെ പഠന കാര്യങ്ങളിൽ മാത്രം തൽപരനും, വിശ്വസ്തനും അദ്ധ്യാപകരുടെ കണ്ണി ലുണ്ണിയും, സഹവിദ്യാർത്ഥികളുടെ ഉത്തമസുഹൃത്തും ബഹുവിധ സഹാ യിയുമായിരുന്നെന്നാണ് മനസ്സിലാക്കുന്നത്.

1940 മുതൽ 1971 വരെ വിവിധ സ്കൂളുകളിൽ അദ്ധ്യാപകനായും പ്രധാനാദ്ധ്യാപകനായും, 1963 മുതൽ എ.ഇ.ഒ. ആയും പ്രവർത്തിച്ച് വളരെ കൃത്യമായ നിഷ്ഠയോടെയും ചിട്ടയോടെയും സ്ഥിരോത്സാഹത്തോടെയും അതിലേറെ സമർപ്പണബോധത്തോടെയും മാതൃകാപരമായും അനുകരണീയമാകാൻ ബഹു. ജോൺ സാറിനായത് അദ്ദേഹത്തിന്റെ തൊപ്പിയിൽ തുന്നിച്ചേർത്ത പൊൻതൂവലുകളായി പരിണമിക്കാനിടയായി. ബഹു. ജോൺ സാറും തോനയ്ക്കാട് പാലമൂട്ടിൽ ശ്രീമതി മറിയാമ്മ (പെണ്ണമ്മ) യും തമ്മിലുള്ള വിവാഹശേഷം ദൈവം ദാനം ചെയ്ത 5 ആൺമക്കളും ഒരു മകളും ഉൾപ്പെടെ 6 മക്കളിൽ ഒരാളെ സമ്പൂർണ്ണമായി ദൈവിക ശുശ്രൂഷയ്ക്കായി സമർപ്പിക്കുവാനായതിനാലാണ് മലങ്കരസഭയ്ക്ക് ഭാഗ്യസ്മരണാർഹനായ അഭി. പൗലൂസ് മാർ പക്കോമിയോസ് എന്ന മെത്രാപ്പോലീത്തായുടെ സേവനങ്ങൾ ലഭ്യമായത്. അഭി. പക്കോമിയോസ് തിരുമേനിയിലൂടെ പരിശുദ്ധ സഭയ്ക്ക് ലഭിച്ച അതുല്യമായ സംഭാവനകൾക്കായി ദൈവത്തെ സ്തുതിക്കുകയും സ്തോത്രം ചെയ്യുകയും ചെയ്യുന്നു. ജോൺ സാറും ഭാര്യയും ചേർന്ന് കുഞ്ഞുങ്ങളെ ഏവരെയും നല്ല ശിക്ഷണത്തിലും ദൈവഭയത്തിലും ദൈവത്തിനും സഭയ്ക്കും സമൂഹത്തിനും കൊള്ളാവുന്നവരായി ജീവിക്കുവാനുള്ള പ്രേരണയും പ്രോത്സാഹനവും നൽകിയതിന്റെ ഫലമായാണ് അഭി. തിരുമേനി ഒഴികെയുള്ള മക്കൾ എല്ലാവരും ഒന്നിനൊന്ന് മെച്ചമായി ഉത്തമ പൗരന്മാരായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നല്ല ക്രൈസ്തവസാക്ഷ്യത്തോടെ ജീവിച്ചുവരുന്നത് എന്നതിന് തർക്കമൊന്നുമില്ല. മക്കൾക്കെല്ലാവർക്കും ഉത്തമവും ഉന്നതവുമായ വിദ്യാഭ്യാസം നൽകണമെന്ന കെ. കെ. ജോൺ ദമ്പതിമാരുടെ ഉറച്ചതീരുമാനം അസ്ഥാനത്തായില്ല.

ഈ ഭൂമുഖത്ത് സാർ ജീവിച്ചിടത്തോളം നാളുകളിൽ ദൈവത്തോടും സഹജീവികളോടും മമതയും സ്നേഹവും വിശ്വസ്തതയും വച്ചുപുലർത്തിയെന്ന് മാത്രമല്ല, എവിടെയും എപ്പോഴും കറ പുരളാതെ പ്രവർത്തിക്കുവാൻ സാധിച്ചുവെന്നതാണ് വലിയ മഹിമയും സവിശേഷതയും. ഇഹലോകജീവിതത്തിൽ രക്ഷിതാവായ യേശുതമ്പുരാനെ സാക്ഷിക്കുക എന്നതാണല്ലോ നമ്മെ ഏവരേയും ദൈവം ഭരമേൽപ്പിച്ചിട്ടുള്ള ദൗത്യം. അഥവാ ദൈവം നമ്മിൽ ഓരോരുത്തരിൽ നിന്നും പ്രതീക്ഷിക്കുന്നത് ദൈവഹിതത്തിനും, താൽപര്യത്തിനും ഒത്തവണ്ണം ദൈവത്തിന്റെ ഉത്തമസാക്ഷിയായിരിക്കണം എന്നതാണ്. ബഹു. ജോൺ സാറിന് അതു സാധിച്ചുവെന്നതാണ് അനുഗ്രഹകരമായ യാഥാർത്ഥ്യം.



# 4

# മാതൃകാ കുടുംബനാഥൻ

## മാത്യൂസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്താ

(ഇടുക്കി ഭദ്രാസനം)

"മകനേ, നിന്റെ അപ്പന്റെ പ്രബോധനം കേൾക്കുക; നിന്റെ അമ്മയുടെ ഉപദേശം ഉപേക്ഷിക്കുകയുമരുത്" (സദൃശ. 1:8).

കുറിച്ചി കോലത്തുകളത്തിൽ - നെയ്ശ്ശേരിൽ കെ. കെ. ജോൺ സാറിന്റെ ജന്മശതാബ്ദിയോടനുബന്ധിച്ച് പ്രസിദ്ധപ്പെടുത്തുന്ന സ്മാരകഗ്രന്ഥത്തിൽ ഏതാനും വാക്കുകൾ കുറിയ്ക്കുന്നതിൽ അനൽപമായ സന്തോഷമുണ്ട്. സഭയുടെ അത്മായ സമൂഹത്തിൽ വേറിട്ട ഒരു വ്യക്തിത്വമാണ് ജോൺ സാറിന്റേത്. പണ്ഡിതവര്യനായ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്, സാറിനെ വിശേഷിപ്പിച്ചിട്ടുള്ളത് സഭയുടെ ഉത്തമനായ, അനുകരണീയനായ കുടുംബനാഥൻ എന്നാണ്. മുകളിൽ ഉദ്ധരിച്ച വേദവാക്യം, തിരുമേനിയുടെ സാക്ഷ്യത്തെ സാധൂകരിക്കുന്നു.

പുണ്യശ്ലോകനായ കുറിച്ചിയിലെ പ. ഗീവറുഗീസ് ദ്വിതീയൻ ബാവായുടെ കുടുംബപാരമ്പര്യത്തിൽ നിന്നുള്ള വ്യക്തി എന്ന നിലയിൽ ജോൺ സാറിനു തന്റേതായ ആഢ്യത്വവും പൈതൃകവുമുണ്ട്. ബാവായുടെ ജീവിതത്തിലെ നല്ല പാഠങ്ങൾ കണ്ടുപഠിച്ച് സ്വന്തം കുടുംബത്തിൽ അതു പകർത്തുവാൻ ജോൺ സാർ സദാ ബദ്ധശ്രദ്ധനായിരുന്നു. തന്റെയും, ഭാര്യ മറിയാമ്മ (പെണ്ണമ്മ) യുടെയും ജീവിതത്തിൽ ദൈവം അവർക്കു നൽകിയ ആറു മക്കളെയും - ബ്രിഗേഡിയർ ജോൺ കുരുവിള, പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ, ഡോ. സാറാമ്മ കോശി, തോമസ് ജോൺ, ഉമ്മൻ ജോൺ, ജോൺ കെ. ജോൺ - ദൈവത്തിനു സമർപ്പിച്ച് അവരെ നല്ല പ്രബോധനങ്ങളാലും ഉപദേശങ്ങളാലും നിറച്ച് കുടുംബത്തിനും, സഭയ്ക്കും, സമൂഹത്തിനും ഉത്തമന്മാരാക്കിത്തീർത്തു എന്നുള്ളതാണ് ജോൺ സാറിന്റെ ശ്രേഷ്ഠമായ ജീവിതമാതൃക. അതുകൊണ്ടാണ് വന്ദ്യനായ ഡോ. റ്റി. ജെ. ജോഷ്വാ അച്ചൻ, സ്മര്യപുരുഷനെക്കുറിച്ചുള്ള ചരമപ്രസംഗത്തിൽ "ജോൺ സാറിന്റെ മകൻ പക്കോമിയോസ് തിരുമേനി" എന്നു വിശേഷിപ്പിച്ചത്. മാതൃകായോഗ്യനായ ഒരു പിതാവിനു മാത്രമേ ശ്രേഷ്ഠമായ മക്കളെ സമൂഹത്തിനും സഭയ്ക്കും കൊടുക്കുവാൻ സാധിക്കൂ. മക്കളുടെ പേരു പറഞ്ഞ് അവരെ ഔന്നത്യത്തിലേക്കു ദൈവം ഉയർത്തുവാൻ ജോൺ സാറും സഹധർമ്മിണിയും തങ്ങളുടെ ശ്രേഷ്ഠമായ കുടുംബജീവിതത്തിലൂടെ അവരെ സമർപ്പിച്ചു.

മഹാനായ അമേരിക്കൻ പ്രസിഡന്റ് ഏബ്രഹാം ലിങ്കൺ ലോകത്തിലെ ഏറ്റം സമ്പന്നമായ രാജ്യത്തിന്റെ തലവനായി സ്ഥാനമേറ്റപ്പോൾ പറഞ്ഞ വാക്കുകൾ ശ്രദ്ധേയമാണ്: "ഞാൻ എന്തൊക്കെയാണോ, ഞാൻ എന്തൊക്കെ ആയിത്തീരുവാൻ ആഗ്രഹിക്കുന്നുവോ; ആയതിനെല്ലാം ഞാൻ എന്റെ മാതാപിതാക്കളോടു കടപ്പെട്ടിരിക്കുന്നു."

കെ. കെ. ജോൺ സാറിനെക്കുറിച്ച് മക്കൾ ആറു പേർക്കും ലിങ്കൺ പറഞ്ഞതിനപ്പുറമായി ഒന്നും പറയുവാൻ കാണുകയില്ല. ബ്രിഗേഡിയർ കുരുവിളേച്ചനും, ഡോ. സാറാമ്മയും, അനിയൻകുഞ്ഞും, തോമ്മാച്ചനും, കൊച്ചുകുഞ്ഞുമെല്ലാം അവരുടെ കുടുംബജീവിതത്തിൽ ശ്രേഷ്ഠമായ മാതൃക സമൂഹത്തിനു കാണിച്ചുകൊടുക്കുന്നത് തങ്ങളുടെ മാതാപിതാക്കളുടെ പ്രാർത്ഥനാജീവിതംകൊണ്ടു ലഭിച്ച ദൈവകൃപയാലാണ്. അഭിവന്ദ്യ പക്കോമിയോസ് തിരുമേനിയെ മലങ്കര ഓർത്തഡോക്സ് സഭയ്ക്കു നൽകുവാൻ ഉത്തമനായ ജോൺ സാറിനു സാധിച്ചു. മാതാപിതാക്കൾക്കു അവരുടെ കുടുംബജീവിതത്തിൽ ലഭിക്കുന്ന ഏറ്റം വലിയ സന്തോഷമെന്നു പറയുന്നത്: "തങ്ങളുടെ മക്കൾ നല്ലവരായി ജീവിക്കുന്നു" എന്നു സഭയും സമൂഹവും പറയുമ്പോഴാണ്.

ജോൺ സാറിന്റെ ജീവിതത്തിലെ അനർഘങ്ങളായ ചില സംഭാവനകളെ താഴെപ്പറയുന്ന വിധത്തിൽ ക്രോഡീകരിക്കാം.

### പ്രാർത്ഥനാ മനുഷ്യൻ

"A family that prays together stays together" (ഒരുമിച്ചു പ്രാർത്ഥിക്കുന്ന കുടുംബം ഒരുമയിൽ പുലരും). കുടുംബപ്രാർത്ഥനയാണ് ഏതൊരു ഭവനത്തിന്റെയും അടിസ്ഥാനം. "ക്രിസ്തു ഈ വീടിന്റെ നായകൻ" എന്ന സ്വാഗതവാക്കുകൾ അതിന്റെ അന്തരാത്മാവിൽ ജോൺ സാറും കുടുംബവും പാലിച്ചു. കുടുംബത്തിലെ ഭക്തിയും സമാധാനവും പാലിച്ചുകൊണ്ട് മുന്നേറുവാൻ സാറിനു സാധിച്ചത് പ്രാർത്ഥനയിലൂടെ സാദ്ധ്യമായ ദൈവകൃപയാണ്.

### സമാധാന മനുഷ്യൻ

"സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ അവർ ദൈവത്തിന്റെ പുത്രന്മാരെന്നു വിളിക്കപ്പെടും" (വി. മത്തായി 5:9). ജോൺ സാറും കുടുംബവും സമാധാനം പാലിക്കുന്നവരും മറ്റുള്ളവർക്ക് സമാധാനം പകർന്നു കൊടുക്കുന്നവരുമായിരുന്നു. ഒരു തരത്തിലുമുള്ള ഒച്ചപ്പാടോ ബഹളമോ തന്റെ ഭവനത്തിൽ ഇല്ലായിരുന്നു. ജോൺ സാറിന്റെ അനുഭവങ്ങളും ആശയങ്ങളും ആ കുടുംബാംഗങ്ങൾ ശിരസ്സാവഹിച്ചുകൊണ്ട് ജീവിച്ചു. മറ്റുള്ളവർ ഏറെ പ്രകോപിതരാകുമ്പോഴും സാറിന്റെ മുഖത്ത് ഒരു പുഞ്ചിരി മാത്രം.

## ദർശനമുള്ള മനുഷ്യൻ

തന്റെ സഭയെക്കുറിച്ചും സഭാപിതാക്കന്മാരെക്കുറിച്ചും ജോൺ സാറിനു വലിയ പ്രതീക്ഷയുണ്ടായിരുന്നു. തനിക്കു ലഭിച്ച പദവികൾ സ്വാർത്ഥതാൽപര്യത്തിനുവേണ്ടി അദ്ദേഹം വിനിയോഗിച്ചില്ല. മറിച്ച്, സമൂഹത്തിന്റെയും സഭയുടെയും ഉൽക്കർഷത്തിനും ശ്രേയസ്സിനുമായി സ്വയം സമർപ്പിച്ചു. സഭയുടെ പ്രതിസന്ധികളിലൊക്കെ പിതാക്കന്മാരോടു ചേർന്നു തന്റേതായ സംഭാവനകൾ നൽകി. മലങ്കരസഭയുടെ സ്വാതന്ത്ര്യവും സ്വയംശീർഷകത്വവും ജോൺ സാറിന്റെ ദർശനമായിരുന്നു.

## സാമൂഹിക പ്രതിബദ്ധതയുടെ വക്താവ്

കെ. കെ. ജോൺ സാറിനു കുടുംബത്തോടുള്ള പ്രതിബദ്ധതയോടൊപ്പം സഭയോടും സമൂഹത്തോടും ഏറെ കടപ്പാടുണ്ടായിരുന്നു. വിദ്യാഭ്യാസമേഖലയിൽ അദ്ദേഹം സമുന്നതനായ ഓഫീസറായിരുന്നു. ഔദ്യോഗിക ജീവിതത്തിൽ നിന്നു വിരമിച്ചശേഷം ജോൺ സാർ സഭയുടെ മുഴുവൻ സ്കൂളുകളുടെയും കാര്യദർശിയായി ശുശ്രൂഷ ചെയ്തു. സത്യവും നീതിയും അദ്ദേഹം മുറുകെ പിടിച്ച് ഒരു പുതിയ ചരിത്രം സ്കൂൾകാര്യങ്ങളിൽ സൃഷ്ടിച്ചു.

പല ശ്രേഷ്ഠഗുണങ്ങളും സ്വജീവിതത്തിൽ സ്വാംശീകരിച്ച ഒരു ഉത്തമ കുടുംബനായകനും, സഭാസ്നേഹിയും, വിദ്യാസമ്പന്നനുമായ കെ. കെ. ജോൺ സാറിനെക്കുറിച്ചുള്ള ജന്മശതാബ്ദി സ്മരണകൾ കുടുംബാംഗങ്ങൾക്കും സഭയ്ക്കും സമൂഹത്തിനും ഒരു മുതൽക്കൂട്ടാവട്ടെ. അദ്ദേഹത്തിന്റെ ദീപ്തമായ ഓർമ്മയ്ക്കു മുമ്പിൽ പ്രാർത്ഥനാഞ്ജലികൾ അർപ്പിക്കുന്നു.



# 5

# ആത്മീയതയുടെ അത്മായപര്യായം

## ഫാ. ഡോ. ജേക്കബ് കുര്യൻ
## (പ്രിൻസിപ്പൽ, ഓർത്തഡോക്സ് സെമിനാരി)

കെ. കെ. ജോൺ സാറുമായി അത്ര വ്യക്തിപരമായി അടുത്ത് പെരുമാറുവാൻ എനിക്കു കഴിഞ്ഞിട്ടില്ല എങ്കിലും അൽപം അകലത്തിൽ നിന്നു നിരീക്ഷിച്ചപ്പോഴൊക്കെയും എന്നിൽ അദ്ദേഹം ഒരു വിസ്മയം സമ്മാനിച്ചിട്ടുണ്ട്. ആ വിസ്മയത്തിന്റെ മൂലകാരണം, വളരെ ചുരുക്കമാളുകളിൽ നിന്നു മാത്രം അനുഭവിച്ചറിയുവാൻ കഴിയുന്ന ആത്മീയതാ തരംഗങ്ങൾ ആണെന്നതിന് സംശയമില്ല താനും. സഭയെ സമ്പന്നനാക്കിയ ഒരാളാണ് ജോൺ സാർ.

കെ. കെ. ജോൺ സാറിനെ എന്റെ ഓർമ്മയിലേയ്ക്ക് നയിക്കുന്ന രണ്ടു സംഗതികളുണ്ട്. ഒന്ന് എന്റെ ഗുരുവായ ബഹു. റ്റി. ജെ. ജോഷാച്ചനുമായി അദ്ദേഹത്തിനുണ്ടായിരുന്ന ആത്മബന്ധം. രണ്ട്, സഭയുടെ കാതോലിക്കേറ്റ് ആൻഡ് എം.ഡി. സ്കൂളുകളുടെ മുഖ്യ കാര്യദർശിയായിട്ടുള്ള അദ്ദേഹത്തിന്റെ ഔദ്യോഗിക നിയോഗം. ഒന്നിൽ വ്യക്തിബന്ധത്തിന്റെ ഉദാത്ത മാതൃകയും മറ്റതിൽ കർമ്മസാഫല്യത്തിന്റെ ശ്രേഷ്ഠതകളും തിളങ്ങിനിൽക്കുന്നു. പിന്നീട് കെ. കെ. ജോൺ സാറിന്റെ ധന്യസ്മരണാർഹനായ പക്കോമിയോസ് തിരുമേനിയുൾപ്പെടെയുള്ള മക്കളെ വ്യക്തിപരമായി അടുത്തറിഞ്ഞപ്പോൾ, ഒരു പിതാവിന്റെ ആത്മീയനിറവ് എങ്ങനെ മക്കളിൽ തെളിയും എന്നും എനിക്കു വ്യക്തമായി. കുടുംബത്തിന്റെ ആത്മീയ നിഷ്ഠകൾ, ദേവാലയവുമായിട്ടുണ്ടാകേണ്ട നിരന്തരബന്ധം, സമൂഹത്തിൽ മാതൃകയായിരിക്കുമ്പോൾ പാലിക്കേണ്ട മര്യാദകൾ, ത്യാഗപൂർവ്വവും നിശ്ശബ്ദവുമായ സഭാസേവനം, ഇങ്ങനെ പലതും സമന്വയിച്ചിട്ടുള്ള വ്യക്തിത്വങ്ങളുടെ ആത്മീയത ഒരു പൈതൃക പുണ്യമാണ്. ഈ പുണ്യസൗരഭം കെ. കെ. ജോൺ സാറിന്റെ ജീവിതത്തെ കേന്ദ്രീകരിച്ച് അൽപംകൂടി അനുഭവിച്ചറിയുവാൻ ഒരു പ്രധാന മാർഗ്ഗം, ഭാരതസംസ്കാരത്തിലെ ഗുരുപ്രമുഖരുടെ മാതൃകയാണ്. അവരിൽ ഒരുവനെപ്പോലെയാണ് ജോൺ സാർ ജീവിച്ചത്. ഉത്തരവാദിത്വങ്ങൾ വിശ്വസ്തമായി നിർവ്വഹിക്കുന്നതോടൊപ്പം, സുഖദുഃഖങ്ങളിൽ ചഞ്ചലപ്പെടാത്ത ഒരു സ്ഥിതപ്രജ്ഞതയും അദ്ദേഹത്തിനു സ്വന്തമായിരുന്നു. ചുരുക്കത്തിൽ, സൗമ്യതയും പക്വതയും സമന്വയിച്ച ആ മഹാവ്യക്തിത്വം ആത്മീയതയുടെ അത്മായ പര്യായം തന്നെയായിരുന്നു.



# 6

# ഓർമ്മകളിൽ തുടിച്ചുനിൽക്കുന്ന കെ. കെ. ജോൺ സാർ

## ഫാ. ഡോ. ജോർജ് കോശി, ന്യൂയോർക്ക്

അറുപതുകളുടെ അവസാനം. എന്റെ പഞ്ചവത്സര പഴയസെമിനാരി പഠനത്തിന്റെ പരിസമാപ്തിയോടടുത്താണത്. അന്നാണ് ആദ്യമായി കെ. കെ. ജോൺ സാർ എന്ന പേരു ഞാൻ കേൾക്കുന്നത്. ആരാണാ പേരു പറഞ്ഞതെന്നു കൃത്യമായി കുറിക്കുവാൻ ആവുന്നില്ല. പല പതിറ്റാണ്ടുകൾ കഴിഞ്ഞില്ലേ? എങ്കിലും ആരോ പറഞ്ഞെന്നു പറഞ്ഞു വിട്ടുകളയാനുമാവില്ല. അന്നത്തെ സെമിനാരി അദ്ധ്യാപക പ്രധാനികളിൽ ആരോ ആണ് പേരു പറഞ്ഞത്. അത്ര ചില്ലറക്കാരനല്ലെന്നു സാരം. ബഹു. ജോഷ്വാ അച്ചൻ കുറിച്ചിയിൽ വീടുപണിതു വാസമുറപ്പിച്ചതാണു വിഷയം. ജന്മംകൊണ്ടു കോന്നിക്കാരനും കർമ്മംകൊണ്ടു കോട്ടയംകാരനുമായ അച്ചൻ കുറിച്ചിക്കാരനാകാൻ കാരണം കെ. കെ. ജോൺ സാർ ആണെന്നായിരുന്നു ആ വാർത്തയും വർത്തമാനവും. അതുകൊണ്ടു തന്നെ, അതുവരെ കണ്ടിട്ടില്ലാത്ത, കേട്ടിട്ടുപോലുമില്ലാത്ത ജോൺ സാർ എന്ന പേരു മനസ്സിലും ശിരസ്സിലും ഉടക്കിനിന്നു. ആരാധ്യനായ ജോഷ്വാ അച്ചനെ അങ്ങനെയാർക്കും വാഴ്ത്തിയും പുകഴ്ത്തിയും വീഴ്ത്താനാവില്ലെന്നുള്ളത് അച്ചനെ അറിയാവുന്നവർക്ക് അജ്ഞാതമല്ല. അച്ചൻ ജന്മഭൂമിയും കർമ്മഭൂമിയും വിട്ടു ശിഷ്ടായുസ് കുറിച്ചിയിൽ കൂടാരമടിച്ചോ കൊട്ടാരം കെട്ടിയോ കഴിയണമെങ്കിൽ അതിനു പ്രേരണ പകർന്നയാൾ അത്ര നിസ്സാരനല്ലെന്നുള്ള ചിന്തയാണു ആ നാമം ഓർമ്മയിൽ നിന്ന് ഓടിമറയാതെ ഒട്ടിപ്പിടിക്കുവാൻ കാരണമായത്.

പിന്നെയും കുറെ കഴിഞ്ഞാണു പേരിലൂടെ പരിചയമുള്ള സാറിനെ നേരിൽ പരിചയപ്പെടുന്നത്. അതു എഴുപതുകളുടെ പ്രാരംഭത്തിലും തുടർന്ന്, ഒരു പതിറ്റാണ്ടിലേറെക്കാലം ആഴ്ചവട്ടത്തിലെ ആദ്യ, അന്ത്യ ദിനങ്ങളിലും അവധിദിനങ്ങളിലുമൊഴികെ ഏതാണ്ടു എല്ലാ ദിനങ്ങളിലും ഒട്ടനവധിവട്ടം അദ്ദേഹത്തെ കാണുവാനും കേൾക്കുവാനും അദ്ദേഹവുമായി അടുത്തു ഇടപഴകുവാനും എനിക്കു വളരെയേറെ അവസരങ്ങൾ ഒത്തുകിട്ടിയിരുന്നു. അന്നു സാർ കാതോലിക്കേറ്റ് & എം.ഡി. സ്കൂളുകളുടെ കറസ്പോണ്ടന്റാണ്. സ്കൂളുകളുടെ മാനേജർ മാത്യൂസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായും (പ. മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ). സാറിനെ പരിചയപ്പെട്ട് അധികം കഴിയാതെ അദ്ദേഹ

ത്തിന്റെ രണ്ടു മക്കൾ - തോമ്മാച്ചനും അനിയൻകുഞ്ഞും - എന്റെ അടുത്ത സ്നേഹിതരായി. പിന്നെയും കാലം കുറെ കഴിഞ്ഞാണു, പൗരോഹിത്യ ശുശ്രൂഷയിലേക്കു പ്രവേശിച്ച മറ്റൊരു മകനെ - പൗലോസ് അച്ചനെ (പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ) - പരിച യപ്പെടുന്നത്. കൂട്ടത്തിൽ പറയട്ടെ, ആദ്യം കണ്ടപ്പോളും അതിനു മുമ്പു കേട്ടറിഞ്ഞപ്പോളുമുള്ള ആദരം അദ്ദേഹത്തെ അടുത്തറിയുന്തോറും ഏറു കയല്ലാതെ ഇറങ്ങിയിരുന്നില്ല. അകലെനിന്ന് ആനയാണ്, കൂനയാണ്, കേമനാണെന്നു കേട്ടറിഞ്ഞ പലരും - അതു പാർട്ടിക്കാരാകാം, പട്ടത്വ ഗണത്തിൽപ്പെട്ടവരാകാം ഭക്തരും സിദ്ധരുമെന്നു പേരെടുത്തവരാകാം - അവരെ അടുത്തറിഞ്ഞപ്പോൾ, തൊട്ടറിയാൻ അവസരം വീണുകിട്ടിയ പ്പോൾ വായുനിറച്ച ബലൂണുകൾ എട്ടുനിലയിൽ പൊട്ടുമ്പോഴുണ്ടാകുന്ന ബാക്കിപത്രത്തിന്റെ അനുഭവമുണ്ടാകാത്തവരില്ലായിരിക്കുമല്ലോ. സാറിനെ അടുത്തറിഞ്ഞവർക്കാർക്കും ആ ഗതികേടുണ്ടാകാനിടയില്ല. മറിച്ചുള്ള അനുഭവമായിരിക്കണം മിച്ചം. കൂടെപ്പിറപ്പായ കുലീനതയുടെ മെച്ചമാണത്.

അറുപതുകളുടെ - ഷഷ്ടിപൂർത്തിയുടെ - അപ്പുറവും ഇപ്പുറവുമായി സാർ കഴിയുന്ന കാലഘട്ടത്തിലായിരുന്നു എനിക്ക് അടുത്തറിയാൻ അവ സരമുണ്ടായത്. അദ്ദേഹത്തിന്റെ അന്നത്തെ രൂപത്തിനു എടുത്തു പറയ ത്തക്ക എന്തോ അഴകുണ്ടായിരുന്നു. വൃത്തിയായ വേഷം. വേഷത്തി ലുള്ള വൃത്തിയും വെടിപ്പും ഭാഷയിലും ഭാവത്തിലും സമീപനത്തിലുമു ണ്ടായിരുന്നു. ഇരിപ്പിലും നിൽപ്പിലും നടപ്പിലും നീക്കങ്ങളിലുമെല്ലാം അതു വ്യക്തം. ഇല്ലാത്ത സ്ഥാനമോ, വല്ലാത്ത ഭാവമോ ആ വ്യക്തിത്വത്തിനു അന്യമായിരുന്നു. ഏച്ചുകെട്ടും വച്ചുകെട്ടും വളച്ചുകെട്ടുമില്ലാത്ത സ്വഛവും സുതാര്യവുമായ സ്വഭാവം. ഉച്ചിയിലെ കറുത്തിരുണ്ട മുടിക്കു ചുറ്റും വെള്ളിവെളിച്ചത്തിന്റെ പരിവേഷമണിഞ്ഞ വെളുത്ത നരച്ച മുടി. അത് ആ മുഖത്തിനു പ്രത്യേകമായൊരു പ്രകാശവലയം പോലെ അണിയി ച്ചിരുന്നു. ആകാരഭംഗികൊണ്ടും അരുമയാർന്ന ഗാംഭീര്യംകൊണ്ടും വെളുത്തു നരച്ച മുടി മുഖത്തു ലോഭമില്ലാതെ ചൊരിഞ്ഞ അരുണശോഭ കൊണ്ടും ആ നാളുകളിൽ ആ കാരണവരെ - ഗുരുവരനെ - ഒന്നു നോക്കിയവർ ഒന്നുകൂടി നോക്കുവാൻ മറക്കുമായിരുന്നില്ലെന്നു തോന്നുന്നു.

പ. മാത്യൂസ് പ്രഥമൻ ബാവായുടെ സഭാനേതൃത്വ ശുശ്രൂഷയുടെ സമയത്ത് അദ്ദേഹത്തോടൊത്തു പ്രവർത്തിച്ച മൂന്നു വ്യക്തികളുടെ സഭാ സേവനം പ്രത്യേകം സ്മരണാർഹമാണ്. ബാവാ സഭാദ്ധ്യക്ഷസ്ഥാനം ഏൽക്കുന്നതിനു മുമ്പും ഏറ്റതിനെ തുടർന്നും എൺപതുകളുടെ ആരം ഭകാലങ്ങൾ വരെ ആ കാര്യങ്ങൾ ഇന്നുള്ള ആരേക്കാളുമധികം അടു

ത്തുനിന്നു സാക്ഷ്യം വഹിച്ച ഒരുവനെന്നുള്ള നിലയിലാണു അതു കുറിക്കുന്നത്. മൂന്നു പേരും മേൽപട്ടക്കാരോ പട്ടത്വത്തിന്റെ പടികളിൽ മുട്ടിയോ തട്ടിയോ നിന്നവരോ ആയിരുന്നില്ല. അയ്മേനി "പട്ടം" ഉള്ളവരായിരുന്നു. അഥവാ, രാജകീയപുരോഹിതവർഗ്ഗത്തിന്റെ അംശികളും അംശവും മാത്രം. പക്ഷേ, "മേൽപട്ടക്കാർ പട്ടക്കാർ" ഉൾപ്പെടെ അന്നു സഭാനേതൃത്വനിരയിൽ നിലകൊണ്ടിരുന്ന പലരേക്കാളുമധികം അവരുടെ അഭിപ്രായങ്ങൾ സഭാദ്ധ്യക്ഷൻ ആരാഞ്ഞിട്ടുണ്ട്. അവയ്ക്കു കാതു കൂർപ്പിച്ചിട്ടുണ്ട്. അന്ത്യതീരുമാനം ആത്മനിറവിൽ അദ്ദേഹം എടുക്കുന്നതാണെങ്കിലും അതിനൊപ്പമോ അതിനടുത്തോ എത്തിനിൽക്കുന്നതായിരുന്നു അവ. കാരണം, അവ വ്യക്ത്യധിഷ്ഠിതമായിരുന്നില്ല, വസ്തുനിഷ്ഠമായിരുന്നു. സ്ഥാന, സ്ഥാപിത, സ്വാർത്ഥ അജണ്ടാകൾ അവരുടെ അഭിപ്രായങ്ങളെ ചുറ്റിയും പറ്റിയും നിന്നിരുന്നില്ല. പി. എൻ. നൈനാൻ സാർ, കെ. കെ. ജോൺ സാർ, ഒ. എ. മാത്യു സാർ എന്നിവരായിരുന്നു ആ അനുപമത്രയം. നൈനാൻ സാർ ആജീവനാന്തം സമുദായസേവനത്തിനായി സമർപ്പിക്കപ്പെട്ട സഭാസ്നേഹി. ജോൺ സാറും മാത്യു സാറും വിദ്യാഭ്യാസരംഗത്തെ ബൃഹത്തായ ഉത്തരവാദിത്വങ്ങളിൽ നിന്നു വിരമിച്ചശേഷം പ. ബാവായുടെ ആഗ്രഹപ്രകാരവും ആവശ്യപ്രകാരവും പ്രത്യേക സഭാചുമതലകളിൽ നിയോഗിതർ. നൈനാൻ സാറും മാത്യു സാറും സഭാ "സെക്രട്ടറിയേറ്റിൽ" ഡപ്യൂട്ടി സെക്രട്ടറിമാർ. ജോൺ സാർ സഭവക സ്കൂളുകളുടെ പ്രവർത്തനങ്ങൾ നിയന്ത്രിച്ചുകൊണ്ട് എം.ഡി. സെമിനാരിയിലും.

മൂന്നു പേരും വിദ്യാസമ്പന്നർ. അതിലുപരി വിവരവും വിനയവും വിവേകവുമുള്ള വിശ്വസ്തർ. സഭാസ്നേഹം മജ്ജയിലും മാംസത്തിലും മുറ്റിനിന്ന പ്രബുദ്ധരായ വിശ്വാസികൾ. അവർ പടപ്രിയരും പീഠപ്രേമികളുമായിരുന്നില്ല. അഥവാ, പേരിനും പെരുമയ്ക്കുമുള്ള "പട" ശുശ്രൂഷക്കാരായിരുന്നില്ല. പ്രകടനപരതയും കപടതയുമില്ലാത്ത ആധുനിക നഥനിയേൽമാർ. അന്ത്രയോസ് അപ്പോസ്തോലനെപ്പോലെ അണിയറയുടെ അകത്തളങ്ങളിൽ ഒതുങ്ങിയിരുന്നു സഭയുടെ വളർച്ചയ്ക്കും ഉയർച്ചയ്ക്കും ഉർവരതയോടെ പ്രവർത്തിച്ചവർ. അങ്ങനെയുള്ളവരുടെ അഭാവം അനുദിനം ഏറിക്കൊണ്ടിരിക്കുന്നതു യഥാർത്ഥ സഭാസ്നേഹികളുടെ കണ്ണു നനയ്ക്കുകയും നിറയ്ക്കുകയും ചെയ്യും. പരസ്യത്തിലൂടെയും പ്രകടനത്തിലൂടെയും സ്ഥാനങ്ങളിൽ ഇടിച്ചുകയറുന്നവരും പീഠങ്ങൾ പിടിച്ചെടുക്കുന്നവരുമാകരുതല്ലോ "നന്മയും കരുണയും ആയുഷ്കാലം പിന്തുടരേണ്ട" സഭാനേതൃസ്ഥാനികൾ. പഞ്ഞമില്ലാതെ പീഠപ്രിയർ പെരുകുന്നതു "ഭയത്തോടും വിറയലോടും" വീക്ഷിക്കേണ്ടിയിരിക്കുന്നു.

ഇത് ഇവിടെ കുറിക്കുവാൻ കാരണമുണ്ട്. പ. മാത്യൂസ് പ്രഥമൻ ബാവായുടെ ആലോചനാസമിതിയിലെ അംഗമായിരുന്നുവെന്നുള്ള ലേബലിൽ പലരുടെയും പേരുകൾ പരസ്യപ്പെടുത്തിക്കൊണ്ടിരിക്കുക യാണല്ലോ. തൻകാര്യസിദ്ധിക്കായി അദ്ദേഹത്തെ സമീപിച്ചവരിൽ ചില രൊക്കെയാണ് ആലോചനക്കാരായി പുനരവതാരം ചെയ്യുന്നതെന്നുള്ളതു രസകരമാണ്. സത്യത്തിൽ, അദ്ദേഹത്തിന്റെ സഹായികളും സഹകാരി കളുമായി സഭാകാര്യങ്ങളിൽ സദാ ശ്രദ്ധിച്ചവർ അപ്രസക്തരും അപ്ര സിദ്ധരുമായി അപ്രത്യക്ഷരാകുന്നു. അവിടെയാണ് കെ. കെ. ജോൺ സാറിനെപ്പോലെയുള്ളവരുടെ സംഭാവനകൾ മനസ്സിൽ നിറയുന്നത്.

മറ്റൊന്നു കൂടിയുണ്ട്. ഒത്തിരി നുണകളും ഇത്തിരി നേരിന്റെ മേമ്പൊ ടിയും ചേർത്തു പലരുടെയും സഭാ "സേവ"യുടെ പുരാണവൃത്താന്ത പേരേടുകൾ പെരുമഴയായി പെയ്തിറങ്ങിക്കൊണ്ടിരിക്കുകയാണ്. അവ രിൽ ആത്മീയരും അത്മായരുമുണ്ട്. പ്രമാണിത്തം അവകാശപ്പെടുന്ന വർ തന്നെ. ഇല്ലായ്മയിൽനിന്ന് എല്ലാം ഉളവാക്കിയ ഉടയതമ്പുരാനെ പരാജയപ്പെടുത്തുന്ന അക്ഷരസൃഷ്ടികർമ്മങ്ങളിലൂടെയാണ് അവരെ ആയുഷ്മാന്മാരാക്കാൻ പലരും ശ്രമിക്കുന്നതും ഒരു പരിധിവരെ അവർ വിജയിക്കുന്നതും. സ്വയം മറന്നും സ്ഥാനം മറന്നും സമർപ്പണത്തോടെ "സഭയെ സേവിച്ച്... ഉലകം വിട്ട" അജപാലകരും അയ്മേനികളും "മറ വിതൻ കല്ലറക്കുള്ളിൽ" അടയ്ക്കപ്പെട്ടും അവഗണിക്കപ്പെട്ടും കഴിയുന്നു. അതിനൊരപവാദമായി, യഥാർത്ഥ സഭാസേവകരെ അക്ഷരങ്ങളിലൂടെ അനശ്വരരാക്കുമ്പോൾ ഉള്ളതു ഉള്ളതുപോലെ അറിയാവുന്നവരുടെ ഹൃത്തടങ്ങളിലെ ആഹ്ലാദത്തുടിപ്പുകളുടെ ആക്കം വർദ്ധിക്കുമെന്നുള്ള തിനു സംശയമില്ല. അതുതന്നെയാണ് ഈ കുറിപ്പ് കുറിക്കുവാനുള്ള പ്രേരണയും പ്രചോദനവും.

സഭവക സ്കൂളുകളുടെ നടത്തിപ്പ് അത്ര അനായാസകരമായിരുന്നില്ല. "കാലമൊക്കെയിലും നേരമൊക്കെയിലും ഇടവിടാതെ" പരാതികളും പരി ഭവങ്ങളുമുയരുന്ന വേദിയാണത്. ന്യായമായും നീതിപൂർവ്വമായും നടപ ടികൾ നടത്തിയാലും ആക്ഷേപങ്ങൾക്കും അപവാദങ്ങൾക്കും കുറവു ണ്ടാകുകയില്ല. ഒരേ ഭവനത്തിലെ പലർക്കും ജോലി കൊടുത്തിട്ടു ഒരാ ൾക്കു നിയമനം നൽകാൻ ഇടയാകാതെ വന്നാൽ മതി നടത്തിപ്പുകാർക്ക് ഇഷ്ടംപോലെ 'പണി കിട്ടും.' വീട്ടുകാരുടെ മട്ടു മാത്രമല്ല, ഭാഷയും മാറും. നാട്ടിൽ പലതും പാട്ടാക്കും. മകൾ മഹാ സഭാസ്നേഹിയാണ്; സഭയ്ക്കുവേണ്ടി ജീവൻ കളയുന്നവളാണ്. അവൾക്കു എവിടെയെങ്കിലും – മലബാറിലോ, കോന്നിയിലോ, കുണ്ടറയിലോ – ജോലി കൊടുക്കണ മെന്നു പറഞ്ഞായിരിക്കും സമീപനം. വേക്കൻസി ഉണ്ടെങ്കിലോ ഉണ്ടാ ക്കിയോ നിയമിച്ചെന്നിരിക്കും. താമസിയാതെ മറ്റൊരു സഭയിലെയോ കൂട്ടായ്മയിലെയോ പയ്യനെക്കൊണ്ടു കെട്ടിക്കാനിടയുണ്ട്. ഏറെ താമ

സിയാതെ മകൾ ഗർഭിണിയുമാകും. തുടർന്നു സ്ഥലംമാറ്റത്തിനുള്ള നില വിളിയും (ജോലി തരപ്പെട്ടു കിട്ടിയാലുടൻ തന്നെയുമാകാം) മുറവിളിയും പിന്നെ വെല്ലുവിളിയുമുയരും. "കണ്ണിൽ ചോരയില്ലാത്ത" സഭയെയും നേതൃത്വത്തെയും സ്കൂൾ ചുമതലക്കാരെയും കുത്തുവാക്കുകൾകൊണ്ട് അഭിഷേകം ചെയ്യും.

സ്കൂളുകളുടെ മാനേജരായി 1970-ൽ മാത്യൂസ് മാർ അത്താനാസി യോസ് മെത്രാപ്പോലീത്താ ചുമതല ഏൽക്കുന്നതിനു മുമ്പ് നിയമനവും നടത്തിപ്പും സ്ഥലംമാറ്റവുമെല്ലാം സംബന്ധിച്ചു ഒച്ചപ്പാടുകൾ സ്ഥിരപരി പാടിയായിരുന്നു. അവ "കൈവയ്പു" വരെ എത്തിനിന്ന അവസരങ്ങളു മുണ്ട്. പ്രശ്നരഹിതമായി സ്കൂളുകളുടെ നേതൃത്വം ഏറ്റെടുക്കുന്നതിനും അദ്ദേഹം കണ്ടെത്തിയത് കെ. കെ. ജോൺ സാറിനെയായിരുന്നു. സാർ, അന്നത്തെ മാനേജരുടെ സമർത്ഥമായ നേതൃത്വത്തിൽ, അഹിത, അവി ഹിത സ്വാധീനങ്ങൾക്കും പരാതികൾക്കുമതീതമായി സുതാര്യമായും സുഗമമായും സ്കൂൾകാര്യങ്ങൾ നിർവ്വഹിക്കുന്നതിൽ വിജയിച്ചു.

വ്യക്തിപരമായ ഒരു കാര്യം കൂടി. കെട്ടാനുള്ള വരവും വിളിയും ഈയു ള്ളവനുണ്ടായിരുന്നു. പട്ടക്കാരനായി പട്ടമേൽക്കുന്നതിനു മുമ്പു കെട്ട ണമല്ലോ. കാര്യമായ ഒരു ആലോചന വന്നതു കുഴിമറ്റത്തു നിന്നാണ്. നല്ലൊരു ദയറാ പട്ടക്കാരനാണു ആലോചനയ്ക്കു പിന്നിൽ. കുറിച്ചിയും കുഴിമറ്റവും തൊട്ടടുത്ത നാട്ടിൻപുറങ്ങൾ. പ്രേമവും പ്രണയവുമില്ലാത്ത വർക്കു പെണ്ണുകെട്ടു ആലോചനകൾ ഉണ്ടാകുമ്പോൾ പരിചയമുള്ള പറ്റി യവരോടു അഭിപ്രായങ്ങൾ ആരായുക സാധാരണകാര്യം മാത്രം. അതു കൊണ്ടു അധികമാരോടും ആരായാതെ സാറിനോടാണു വിവരം അന്വേ ഷിച്ചത്. സാറിന്റെ ഒ.കെ. യ്ക്കു ശേഷമാണ് വാക്കും ഉറപ്പും ഉണ്ടായതും.

ജോൺ സാർ എന്റെ അദ്ധ്യാപകനായിരുന്നില്ല. അതിന്റെ അർത്ഥം അദ്ദേഹം പഠിപ്പിച്ചിരുന്ന വിദ്യാലയങ്ങളിൽ അദ്ധ്യാപനം നടത്താൻ അവ സരമുണ്ടായിട്ടില്ലെന്നു മാത്രം. എങ്കിലും ക്ലാസ്മുറിയിലെ അദ്ധ്യാപന ത്തിന് ഉപരിയായി അദ്ദേഹത്തെ ഗുരുവായി ആദരിക്കുന്നതിൽ അതി യായ ആഹ്ലാദമുണ്ട്. ഗുരുസ്ഥാനീയരും ഗുരുത്വവും ക്ലാസ്മുറികളിൽ ഒതുങ്ങുന്നതല്ലല്ലോ. ആ നിലയിൽ കെ. കെ. ജോൺ സാർ എന്ന വരം നിറഞ്ഞ ഗുരുവിന്റെ സ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പി ക്കുന്നു.



# 7

# ആത്മാർത്ഥതയുടെ ആൾരൂപം

## ജോൺ മത്തായി, തുരുത്താമഠം

സർവ്വാദരണീയനായ കെ. കെ. ജോൺ സാറിനെ അനുസ്മരിക്കുമ്പോൾ അദ്ദേഹം കുലീനനും, മാന്യനും, മഹാനുഭാവനും, സുശീലനും, സൗമ്യനുമായിരുന്നുവെന്ന് ആർക്കും നിസംശയം പറയുവാൻ സാധിക്കും. All along He was a Gentleman. അദ്ദേഹം എല്ലായ്പ്പോഴും സത്യത്തിനും നീതിക്കും വേണ്ടി നിലകൊള്ളുകയും പ്രവർത്തിക്കുകയും ചെയ്തിരുന്നു. വിവാദവിഷയങ്ങളിൽ നിഷ്പക്ഷവും നീതിപൂർവ്വവുമായ അദ്ദേഹത്തിന്റെ ഉപദേശങ്ങളും തീരുമാനങ്ങളും എല്ലാവർക്കും സ്വീകാര്യമായിരുന്നു. എന്നും ആ സ്വീകാര്യത കാത്തുപരിരക്ഷിക്കുന്നതിന് അദ്ദേഹത്തിനു സാധിച്ചിരുന്നു. എല്ലാവരുടേയും നന്മയ്ക്കായി ആത്മാർത്ഥതയോടെ ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്ത അത്യുത്തമനായ പിതാവും ഗുരുഭൂതനുമായിരുന്നു ജോൺ സാർ.

ഈ ലോകജീവിതത്തിൽ നിന്നു വാങ്ങിപ്പോയവരെ സംബന്ധിച്ച് വെളിപാട് 14:13-ൽ പറയുന്നത് “അവരുടെ പ്രവൃത്തികൾ അവരെ പിന്തുടരുന്നു” എന്നാണല്ലോ. തന്റെ നിസ്വാർത്ഥമായ സത്പ്രവൃത്തികളിലൂടെ ബ. ജോൺ സാർ ഏവരുടെയും ഹൃദയങ്ങളിൽ നിറഞ്ഞുനിൽക്കുന്നു. മലങ്കരസഭാ ഭാസുരൻ പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് തിരുമേനിയുടെ മാതൃഭവനം, 35 വർഷം പൗരസ്ത്യ കാതോലിക്കായായും, മലങ്കര മെത്രാപ്പോലീത്തായായും സഭയെ നയിച്ച പ. ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായുടെ (കല്ലാശ്ശേരിൽ ബാവാ) കുടുംബം എന്നീ നിലകളിൽ പ്രശസ്തമായ കുറിച്ചി കോലത്തുകളത്തിൽ കുടുംബത്തിലാണല്ലോ ജോൺ സാർ ജനിച്ചത്. സഭയ്ക്കു നേതൃത്വം നൽകാൻ ശ്രേഷ്ഠ മഹാപുരോഹിതന്മാരെയും വൈദികരെയും നൽകിയ തന്റെ കുടുംബത്തിന്റെ യശസ്സ് വർദ്ധിപ്പിക്കുവാനും പാരമ്പര്യം നിലനിർത്തുവാനും തക്കവണ്ണമുള്ളതായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. അതിന്റെ പരിണതഫലമാണല്ലോ തന്റെ ഒരു മകൻ മേൽപട്ടസ്ഥാനത്തെത്തുവാൻ സംഗതിയായത്. കുടുംബത്തിൽനിന്നു മൺമറഞ്ഞുപോയ മഹാത്മാരായ പൂർവ്വികരുടെ ഓർമ്മകൾക്കും ജീവിച്ചിരിക്കുന്നവരുടെ അഭിമാനത്തിനും മങ്ങൽ ഏൽപിക്കുന്ന യാതൊരുവിധ ശൈലിയും അദ്ദേഹം ജീവിതത്തിൽ അവലംബിച്ചിരുന്നില്ല.

തന്റെ ജീവിതമായിരുന്നു തന്റെ സന്ദേശം എന്ന് എല്ലാവർക്കും

ബോധ്യപ്പെടുംവിധമായിരുന്നു ജോൺ സാറിന്റെ ജീവിതം. ഔദ്യോഗികമായി സർക്കാർ സ്കൂൾ അദ്ധ്യാപകൻ, ഹെഡ്മാസ്റ്റർ, എ.ഇ.ഒ. എന്നീ നിലകളിലുള്ള സേവനം. ഏർപ്പെട്ടിരുന്ന ജോലിയോട് അത്യധികം നീതി പുലർത്തിയിരുന്നുവെന്ന് ഏവർക്കും ബോധ്യമുള്ളതാണ്. അദ്ദേഹത്തിന്റെ ശിക്ഷണത്തിൽ പഠിച്ചിട്ടുള്ള ആർക്കും അത് മറക്കുവാൻ സാധ്യമല്ല. അത്രമാത്രം ഉൽകൃഷ്ടമായിരുന്നു അത്. സംഗതിവശാൽ പറയട്ടെ അദ്ദേഹത്തിന്റെ വിദ്യാർത്ഥി ആയിരിപ്പാനുള്ള അവസരം എനിക്കു ലഭിച്ചിരുന്നില്ല. ജോൺ സാറിന്റെ ആറു മക്കളിൽ മൂത്തവരായ നാലു പേരും, എന്റെ വീട്ടിൽ ഞങ്ങൾ അഞ്ചു മക്കൾ ഉണ്ടായിരുന്നതിൽ മൂത്ത ജ്യേഷ്ഠനൊഴികെ നാലു പേരും സഹപാഠികൾ ആയിരുന്നുവെന്നുള്ളത് അത്യധികം സന്തോഷത്തോടെ സ്മരിക്കുന്നു. അവറാച്ചന്റെ (അഭിവന്ദ്യ പൗലൂസ് മാർ പക്കോമിയോസ് തിരുമേനി) സഹപാഠി ആയിരുന്ന എന്നോട് ബഹു. ജോൺ സാറിന് അതീവ വാത്സല്യമായിരുന്നു. വിവിധ സ്ഥലങ്ങളിൽ സഭാസംബന്ധമായ സമ്മേളനങ്ങൾ നടക്കുമ്പോൾ അതിൽ പങ്കെടുക്കുന്നതിന് പോകുന്ന സാറ് എന്നെയും കൂടി കൊണ്ടു പോയിട്ടുള്ളതും, അതോടൊപ്പം അവിടെയുള്ള ബന്ധുഭവനങ്ങൾ സന്ദർശിച്ചതും എന്നെ പരിചയപ്പെടുത്തി കൊടുത്തതും ഒക്കെ സന്തോഷത്തോടെ ഓർക്കുന്നു.

ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിലെ ഒരു ഉദ്യോഗസ്ഥനായിരുന്ന എന്റെ ആദ്യകാല സേവനങ്ങൾ മറ്റ് ജില്ലകളിലും ഇതര സംസ്ഥാനങ്ങളിലും ആയിരുന്നു. അക്കാരണത്താൽ തന്നെ ഞാൻ പള്ളിച്ചുമതലകൾ ഒന്നും ഏറ്റിരുന്നില്ല. കുറിച്ചി വലിയപള്ളിയുടെ ചാപ്പലായിരുന്ന സെന്റ് മേരീസ് ആൻഡ് സെന്റ് ജോൺസ് ദേവാലയം ഒരു സ്വതന്ത്ര ഇടവകയാവണമെന്ന ചിന്താഗതി പലരിലും ഉണ്ടായപ്പോൾ ഇടവക വിഭജനം സംബന്ധിച്ച വ്യവസ്ഥകൾ തയ്യാറാക്കുന്നതിനുവേണ്ടി രൂപവൽക്കരിച്ച അഞ്ചംഗ കമ്മിറ്റിയുടെ കൺവീനറായി അക്കാലത്തു നാട്ടിലുണ്ടായിരുന്ന എന്റെ പേര് നിർദ്ദേശിച്ചത് ബഹു. ജോൺ സാറായിരുന്നു. ബഹു. സാർ കൂടി അംഗമായിരുന്ന പ്രസ്തുത കമ്മിറ്റിയിലെ ഏറ്റവും പ്രായം കുറഞ്ഞ എന്നിൽ പ്രസ്തുത ചുമതല ഏൽപിക്കുമ്പോൾ അദ്ദേഹം അർപ്പിച്ച വിശ്വാസം എത്ര വലുതായിരുന്നുവെന്ന് ഞാൻ ചിന്തിക്കാറുണ്ട്. ഇടവക വിഭജനം മൂലം രണ്ടു ദേവാലയങ്ങൾക്കും ക്ഷീണം ഉണ്ടാവരുതെന്നും രണ്ടിന്റെയും വളർച്ചയ്ക്കു മാത്രമേ അതു നിദാനമാകാവൂ എന്നുമായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. രണ്ട് ദേവാലയങ്ങളെയും അദ്ദേഹം ഒരുപോലെ കരുതുകയും സ്നേഹിക്കുകയും ചെയ്തിരുന്നു. 1990-ലെ പൊതുയോഗത്തിൽ വലിയപള്ളി മാനേജിംഗ് കമ്മിറ്റി അംഗമായും ചാപ്പൽ ട്രഷററായും എന്റെ പേര് നിർദ്ദേശിച്ചത് ബ. ജോൺ സാർ ആണ്. അതു മുതലാണ് ഞാൻ പള്ളി ഭരണസമിതിയിൽ പ്രവർത്തിച്ചു വന്നത്.

അതിന്റെ തുടർച്ച എന്നോണം ആണ് പുതിയ ഇടവകയുടെ (സെന്റ് മേരീസ് & സെന്റ് ജോൺസ് പള്ളി) പ്രഥമ കൈക്കാരനായി പ്രവർത്തി ക്കാൻ എനിക്കു സംഗതിയായത്. ജോൺ സാറിന്റെ പ്രോത്സാഹനത്തിൽ പള്ളി ഭരണസമിതിയിൽ അംഗമായിക്കൊണ്ട് പള്ളിയുടെ അഭിവൃദ്ധി ക്കായി പരമാവധി പ്രവർത്തിക്കുവാൻ ദൈവം എനിക്കു സംഗതിയാക്കി. തന്മൂലം ദൈവം എനിക്കു നൽകിയ വലിയ അനുഗ്രഹമാണ് സഭാകേന്ദ്ര ത്തിൽ ഫൈനാൻസ് ഡെപ്യൂട്ടി സെക്രട്ടറിയായും, സഭാ മാനേജിംഗ് കമ്മിറ്റി അംഗമായും പ്രവർത്തിപ്പാൻ ലഭിച്ച അവസരം എന്നും ഞാൻ അടിയുറച്ചു വിശ്വസിക്കുന്നു.

കുഞ്ഞൂഞ്ഞച്ചൻ (ജോൺ സാർ) എല്ലായ്പ്പോഴും പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ വാത്സല്യവാനും വിശ്വസ്തനുമായിരുന്നു. സുപ്ര ധാനകാര്യങ്ങളിൽ പ. പിതാവ് ജോൺ സാറിന്റെ അഭിപ്രായങ്ങൾ തേടി യിരുന്നു. സഭാകേസിൽ തിരുവിതാംകൂർ ഹൈക്കോടതിയിൽ നിന്നു പ്രതി കൂല വിധി ഉണ്ടാവുകയും, അതിനെതിരെ നൽകിയ റിവ്യൂ പെറ്റീഷൻ തള്ളപ്പെടുകയും ചെയ്തപ്പോൾ കേസ് വീണ്ടും പൂർണ്ണമായും കേൾക്ക ണമെന്ന ആവശ്യവുമായി കാതോലിക്കാപക്ഷം സുപ്രീംകോടതിയിൽ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് കേസ് വീണ്ടും കേൾക്കുന്നതിനുള്ള നിർദ്ദേശം ഹൈക്കോടതിക്ക് നൽകിക്കൊണ്ട് 1954 മെയ് 21-ന് സുപ്രീം കോടതിയിൽ നിന്ന് വിധി ഉണ്ടായി.

അതിൻപ്രകാരം 15-09-1956-ന് കേസ് കേൾക്കുന്നതാണെന്ന് അറി യിപ്പ് ലഭിച്ച ഉടനെ പ. ഗീവർഗീസ് ദ്വിതീയൻ ബാവാ തിരുമേനി കുറിച്ചി വലിയപള്ളിയിലെത്തി വി. കുർബ്ബാന അർപ്പിച്ച് തന്റെ മാതാപിതാക്ക ളുടെ കബറിങ്കൽ ധൂപപ്രാർത്ഥന നടത്തി. കേസിൽ പ്രതികൂല വിധി ഉണ്ടായാൽ മാതാപിതാക്കളുടെ ഓർമ്മദിനങ്ങളായ ഒക്ടോബർ 12, ജനു വരി 13 തീയതികളിൽ ഇനിയും പതിവുപോലെ വരുവാൻ സാദ്ധ്യമാവു മോയെന്ന ആശങ്ക പ. പിതാവ് അന്നു പള്ളിയിൽ ഉണ്ടായിരുന്നവരുമായി പങ്കിട്ടു. പ. പിതാവിന്റെ മനോവിഷമം നേരിൽ കണ്ട ഇടവകജനം അന്നു തന്നെ യോഗം കൂടി, എന്തെല്ലാം നഷ്ടപ്പെട്ടാലും ഒരിക്കലും നഷ്ടപ്പെ ടാത്തവിധത്തിൽ പരിശുദ്ധ പിതാവിന് എക്കാലവും വന്ന് വി. കുർബ്ബാന അർപ്പിക്കുവാൻ തക്കവണ്ണം കുറിച്ചിയിൽ തന്നെ എം.സി. റോഡ് അരി കിൽ ഒരു ദേവാലയം സ്ഥിതിചെയ്യുന്ന സ്ഥലം 1912-ൽ മലങ്കരയിൽ പുനഃ സ്ഥാപിതമായ പൗരസ്ത്യ കാതോലിക്കേറ്റിനെ അംഗീകരിക്കുന്ന മെത്രാ ന്മാരുടെ സിനഡിനുവേണ്ടി സിനഡിന്റെ അദ്ധ്യക്ഷനെന്ന നിലയിൽ പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ പേരിൽ 1956 ഓഗസ്റ്റ് 2-ന് തീറു വാങ്ങിയത്. ദേവാലയത്തിന്റെ അടിസ്ഥാനശില 1956 ഓഗസ്റ്റ് 15-ന് ദേവലോകം അരമന ചാപ്പലിൽ വച്ച് വാഴ്ത്തിയതും ഓഗസ്റ്റ് 19-ന്

സ്ഥാപിച്ചതും, പണി പൂർത്തീകരിച്ച താൽക്കാലിക ദേവാലയത്തിന്റെ കൂദാശ 1957 മെയ് 15-ന് നടത്തിയതും, ദേവാലയ മദ്ധ്യസ്ഥരായി പ. ദൈവമാതാവിനെയും, വി. യോഹന്നാൻ ശ്ലീഹായേയും നിശ്ചയിച്ചു കൽപിച്ചതും പ. ഗീവർഗീസ് ദ്വിതീയൻ ബാവാ ആയിരുന്നു. വലിയപള്ളിയിൽ അന്നുണ്ടായിരുന്ന എല്ലാ കുടുംബങ്ങളുടെയും വിശ്വാസവും, സഹകരണവും ആർജ്ജിച്ചുകൊണ്ട് കാതോലിക്കേറ്റ് ചാപ്പൽ എന്നറിയപ്പെട്ട സെന്റ് മേരീസ് & സെന്റ് ജോൺസ് ദേവാലയം സ്ഥാപിക്കുന്നതിന് ബഹുമാനപ്പെട്ട ജോൺ സാർ മുൻനിരയിൽ നിന്ന് പ്രവർത്തിച്ചു എന്നുള്ളത് പ്രത്യേകം സ്മരണീയമാണ്.

പ. ഗീവർഗീസ് ദ്വിതീയൻ ബാവായുമായി ഉണ്ടായിരുന്നതുപോലെ ഒരു വ്യക്തിബന്ധം ജോൺ സാറിന് പ. മാത്യൂസ് പ്രഥമൻ ബാവായോടും ഉണ്ടായിരുന്നു. റിട്ടയർമെന്റിനുശേഷം ജോൺ സാറിനെ സഭവക സ്കൂളുകളുടെ ചുമതലക്കാരനായി പ. മാത്യൂസ് പ്രഥമൻ ബാവാ തിരുമേനി നിയോഗിച്ചു. സാറിന്റെ അക്ഷീണ പരിശ്രമത്താലാണ് പല സിംഗിൾ മാനേജ്മെന്റിന്റെ കീഴിൽ ആയിരുന്ന എല്ലാ സ്കൂളുകളെയും കാതോലിക്കേറ്റ് & എം.ഡി. സ്കൂൾ എന്ന ഒറ്റ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിൽ കൊണ്ടുവരുവാൻ സാധിച്ചത്. ഇത് ആർക്കും ഒരു കാലത്തും വിസ്മരിക്കുവാനാവാത്ത ഒരു വലിയ നേട്ടമാണ്.

ജോൺ സാർ ഒരു വലിയ സ്നേഹനിധിയായിരുന്നു. എല്ലാവരെയും അദ്ദേഹം സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുമായിരുന്നു. അദ്ദേഹത്തിന്റെ ആതിഥ്യം സ്വീകരിക്കാത്ത സഭാപിതാക്കന്മാരും വൈദികരും നന്നേ കുറവാണ്. കുറിച്ചി മന്ദിരം കവലയിൽ നിന്നു തെക്കോട്ട് ഒരു വൈദികൻ നടക്കുന്നതു കണ്ടാൽ അത് ജോൺ സാറിന്റെ ഭവനത്തിലേക്കായിരുന്നുവെന്നതിൽ നാട്ടുകാർക്കോ വഴിയാത്രക്കാർക്കോ ആർക്കും തന്നെ ഒരു സംശയവുമില്ലായിരുന്നു. എത്ര അതിഥികളുണ്ടായാലും അവരെ സൽക്കരിക്കുന്നതിൽ സാറിന്റെ സഹധർമ്മിണി പെണ്ണമ്മ കൊച്ചമ്മ (മറിയാമ്മ ജോൺ) അത്യുത്സാഹിയായിരുന്നു. വൈദികനായിരുന്ന തന്റെ പിതാവിനെ താൻ പിറന്നു വീഴുന്നതിന് മുമ്പ് നഷ്ടപ്പെട്ട – ഒരു നോക്കു കാണുവാൻ പോലും ഭാഗ്യം ലഭിക്കാതിരുന്ന – പെണ്ണമ്മ കൊച്ചമ്മയ്ക്ക് വൈദികരെ സൽക്കരിക്കുന്നതിൽ എല്ലായ്പ്പോഴും വളരെ സന്തോഷമായിരുന്നു. ആ സന്തോഷമാണ് മടി കൂടാതെ ആ ഭവനത്തിലേക്ക് ചെല്ലുവാൻ ഓരോരുത്തർക്കും പ്രേരണയായത്.

ദൈവഭയത്തിൽ ജീവിച്ചിരുന്ന സാറിന്റെ കുടുംബജീവിതവും അതിധന്യമായിരുന്നു. ഫലപ്രദമായ മുന്തിരിവള്ളിപോലെ ഭാര്യ പെണ്ണമ്മ കൊച്ചമ്മ – ഒലിവുതൈകൾ പോലെ മേശയ്ക്കു ചുറ്റും ആറു മക്കൾ – ഒരു ബ്രിഗേഡിയർ – ഒരു മെത്രാപ്പോലീത്താ – ഒരു ഡോക്ടർ – ഒരു

ബാങ്ക് ഉദ്യോഗസ്ഥൻ - ഒരു ഇൻഷുറൻസ് കമ്പനി എക്സിക്യൂട്ടീവ് - ഒരു എൻജിനീയർ. എല്ലാവരുംതന്നെ തങ്ങളുടെ മാതാപിതാക്കളുടെ പാത പിൻപറ്റി അതതിടങ്ങളിൽ വിശ്വസ്തത തെളിയിച്ചവർ.

ബഹു. സാറും പെണ്ണമ്മ കൊച്ചമ്മയും എന്നെയും കുടുംബത്തേയും അത്യധികം സ്നേഹിച്ചിരുന്നു. ഞങ്ങളുടെ ഏതാവശ്യത്തിനും ഇരുവരും വന്നിരുന്നു. മക്കളും അതു തുടർന്നുകൊണ്ടേയിരിക്കുന്നു. ഒരു മേജർ ഓപ്പറേഷനുശേഷം വിശ്രമത്തിലായിരുന്ന എന്റെ ഭാര്യയെ സന്ദർശിച്ച് ആശ്വസിപ്പിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നതിനായി അഭിവന്ദ്യ പക്കോമിയോസ് തിരുമേനിയേയും കൂട്ടി എന്റെ ഭവനത്തിലേക്ക് ബഹു. സാർ വന്നതും ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുകയാണ്. എന്റെ പിതാവ് എന്നെ എപ്രകാരമാണോ സ്നേഹിച്ചത് അത്രമാത്രം ആത്മാർത്ഥമായിരുന്നു ജോൺ സാറിന്റെ സ്നേഹവും എന്നു കൂടി പറയട്ടെ.

തക്കതായ ഉപദേശങ്ങൾ എനിക്ക് നൽകി, പള്ളിയേയും തദ്വാര പ. സഭയേയും സേവിപ്പാൻ, എന്നെ സജ്ജമാക്കിയ, എന്റെ ഹൃദയത്തിൽ റോൾ മോഡലായി നിലകൊള്ളുന്ന പ്രിയപ്പെട്ട ജോൺ സാറിന്റെ ജന്മ ശതാബ്ദി കൊണ്ടാടുന്ന ഈ അവസരത്തിൽ അദ്ദേഹത്തിന്റെ ദീപ്ത മായ ഓർമ്മകൾക്കു മുമ്പിൽ ശിരസ് നമിക്കുന്നു.



# 8

# ഗുരുവേ നമോ നമ:

## കെ. ജോൺ മാത്യൂസ്, തുമ്പമൺ

ഏവർക്കും പ്രിയങ്കരനും, കർമ്മനിരതനും, ബഹുമാന്യനും, സഭാ സ്നേഹിയും പൗരോഹിത്യ കുടുംബ പാരമ്പര്യവുമുള്ള കെ. കെ. ജോൺ സാറിനെക്കുറിച്ച് കുറിക്കുവാൻ തുടങ്ങിയപ്പോൾ കാതോലിക്കേറ്റ് ആൻഡ് എം.ഡി. സ്കൂൾ മാനേജ്മെന്റ് സംവിധാനത്തിന്റെ മൂന്നു ഘട്ടങ്ങളാണ് എന്റെ മനസ്സിൽ കൂടെ കടന്നുപോയത്.

**പ്രഥമതലം**

വലിയവനായ വലിയബാവാ തിരുമേനിയും നല്ലവനായ നല്ലില അച്ചനും കൂടി ഭരണം നിർവഹിച്ച പ്രഥമ ഘട്ടം. ആ കാലഘട്ടത്തിൽ സ്കൂളുകളുടെ എണ്ണം കുറവായിരുന്നു. എന്റെ ഓർമ്മ ശരിയാണെങ്കിൽ ഏഴു ഹൈസ്കൂളുകളും മൂന്നു മിഡിൽസ്കൂളുകളും മാത്രം. അവയിലെ പ്രഥമാദ്ധ്യാപകരിൽ ഭൂരിപക്ഷവും സഭയിലെ ഉന്നതശ്രേഷ്ഠരായ വൈദികരും പ്രശസ്തരായ അവൈദികരും. ബഹു. റ്റി. എസ്. ഏബ്രഹാം കോർ എപ്പിസ്കോപ്പാ (വൈദികട്രസ്റ്റി), എം. എം. ജേക്കബ് അച്ചൻ (പിന്നീട് പോളിക്കാർപ്പോസ് തിരുമേനി), ഡബ്ല്യു. സി. വർഗീസ് അച്ചൻ, പി. ജി. ജോർജ്ജച്ചൻ, പി. എ. ഏബ്രഹാം അച്ചൻ, സി. വി. ജോൺ കോർഎപ്പിസ്കോപ്പാ (മൂവരും മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ), റ്റി. വി. തോമസ് (തുമ്പമൺ ആൾ ഇന്ത്യ ഫുട്ബോൾ റഫറി), സി. യു. മാത്യു (കോട്ടയം, മാനേജിംഗ് കമ്മിറ്റി മെമ്പർ), പിന്നെ ഈ ലേഖകൻ ഉൾപ്പെടെ രണ്ടു മിഡിൽസ്കൂൾ അദ്ധ്യാപകരും. ആകെ പത്തു പേർ മാത്രമാണ് ആ ഭരണ സംവിധാന വൃത്തധാരയിലുണ്ടായിരുന്നത്.

വലിയ പ്രശ്നങ്ങളൊന്നുമില്ലാത്ത സുവർണ്ണകാലം. വർഷത്തിലൊരിക്കൽ ദേവലോകം അരമനയിലെ പഴയ കെട്ടിടത്തിലൊത്തു കൂടും. മെയ്ന്റനൻസ് ഗ്രാന്റിന്റെ സ്കൂൾ വിഹിതം വാങ്ങിക്കുക എന്നതാണ് പ്രഥമവും പ്രധാനവുമായ ഉദ്ദേശ്യം. പരിശുദ്ധ ബസ്സേലിയോസ് ഗീവർഗ്ഗീസ് ദ്വിതീയൻ ബാവായുടെ അദ്ധ്യക്ഷതയിൽ കൂടുന്ന സമ്മേളനത്തിൽ തിരുമേനിയുടെ വാക്കുകൾ കാതോർത്ത് കേൾക്കും. ഭക്തിരസപ്രധാനമായ ആ സമ്മേളനശേഷം മെയിന്റൻസ് ഗ്രാന്റ് വിഹിതവും വാങ്ങി മടക്കയാത്ര. മര്യാദയുടെ അതിർവരമ്പു ലംഘിക്കാത്ത സ്നേഹസമ്പന്നനായ നല്ലില അച്ചന്റെ പെരുമാറ്റവും പ. ബാവാ തിരുമേനിയോടൊപ്പം ഏതാനും മിനിട്ടുകൾ ചെലവഴിക്കുന്നതും എന്നെപ്പോലെയുള്ള

വർക്ക് മറക്കാനാവാത്ത അനുഭവമായിരുന്നു. അതൊരു ഹ്രസ്വകാല സംവിധാനവുമായിരുന്നു.

പരിശുദ്ധ ബാവാതിരുമേനി മാനേജർ സ്ഥാനം, പാറേട്ട് മാർ ഈവാനിയോസ് തിരുമേനിയെ ഏൽപ്പിച്ചു. നല്ലില അച്ചൻ സേവനം മതിയാക്കി സ്വന്തം നാട്ടിലേക്ക് തിരിച്ചുപോയി.

**രണ്ടാംഘട്ടം**

തിരുമേനി മാനേജർ സ്ഥാനം ഏറ്റയുടനെ അദ്ദേഹവുമായി അടുത്ത പരിചയമുള്ള അവിവാഹിതനായ, മറ്റു ചുമതലകളൊന്നുമില്ലാത്ത പൂർണ്ണ സമയവും സ്കൂൾ കാര്യങ്ങൾ നിർവ്വഹിക്കാൻ പറ്റുമെന്ന് കരുതപ്പെട്ട വിദേശവിദ്യാസമ്പന്നനായ ഒരു മദ്ധ്യവയസ്കനെ കാര്യനിർവ്വഹണച്ചുമതല ഏൽപ്പിച്ചു.

അദ്ദേഹത്തിന് ഓഫീസ് മാനേജർ എന്ന സ്ഥാനവും നൽകി. താമസിക്കാനും കാര്യനിർവ്വഹണത്തിനുമായി ഒരു മുറിയും സജ്ജമാക്കി. ഊണും ഉറക്കവും എല്ലാം അവിടെത്തന്നെ. K.E.R ഉം K.S.R. ഉം അതിലെ നിയമപഴുതുകളും ഏതാനും നാളുകൾക്കുള്ളിൽ ഹൃദിസ്ഥമാക്കി. ദ്രുതഗതിയിൽ എല്ലാ കത്തിടപാടുകളും നടത്താനുള്ള കഴിവ് പ്രശംസാർഹമായിരുന്നു. നിയമനങ്ങൾ എല്ലാം ഗവണ്മെന്റ് നടപടികൾക്ക് വിധേയമായി മാത്രം നടപ്പിലാക്കണമെന്നുള്ള സാഹചര്യം നിലവിൽ വന്നതോടെ തന്റെ അധികാരവ്യാപ്തിയും വർദ്ധിച്ചു. സ്കൂളുകളുടെ എണ്ണവും, വിദ്യാർത്ഥികളുടെ സംഖ്യയും കൂടിയതോടെ ജോലിയും വർദ്ധിച്ചു. നിയമനം, ട്രാൻസ്ഫർ, പ്രമോഷൻ കാര്യങ്ങളിലൊന്നും തിരുമേനി ഇടപെട്ടിരുന്നില്ല. ഈ സാഹചര്യം നിലവിൽ വന്നതോടുകൂടി, തന്റെ പ്രവർത്തനമണ്ഡല സ്വാതന്ത്ര്യത്തിന്റെ വ്യാപ്തി വർദ്ധിച്ചു. “എല്ലാം താൻ” എന്ന മനോഭാവം അറിയാതെ ഹൃദയത്തിൽ മൊട്ടിട്ടു, വളർന്നു വലുതായി. മുറുമുറുപ്പും പ്രതിഷേധങ്ങളും അങ്ങുമിങ്ങും ഉടലെടുത്തു. പ്രശസ്തരായ പല ഹെഡ്മാസ്റ്റർമാർക്കുപോലും പീഡനങ്ങൾ സഹിക്കേണ്ടി വന്നു. തന്നോട് താൽപര്യമുള്ളവർക്ക് തലോടലും കരുതലില്ലാത്തവർക്ക് താഡനവും അതായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനശൈലി. സഭയിലെ ഒരു സീനിയർ അദ്ധ്യാപകന്റെ ചെറുമകനെ ഹൈസ്കൂളിലെ ഒരു ലാസ്റ്റ്ഗ്രേഡ് തസ്തികയിലേക്ക്, ഗവണ്മെന്റിന്റെ ഏതോ ഓർഡറിന്റെ വെളിച്ചത്തിൽ മാറ്റിനിയമിച്ചത് വലിയ പ്രതിഷേധത്തിനിടയാക്കി. തിരുമേനി ഇതറിഞ്ഞു. ഉത്തരവ് റദ്ദാക്കി അദ്ധ്യാപക തസ്തികയിലേക്ക് മാറ്റി നിയമിച്ചു. കുറേക്കൂടി മുന്നോട്ടുപോയി. മുന്നോട്ടു പോകുന്തോറും പ്രവർത്തനശൈലിയിൽ ക്ഷമത എവിടെ വെച്ചോ കൈവിട്ടുപോയി. ഒരു വൈദികന്റെ ഭാര്യയെ ഇരുവരോടും ചോദിക്കാതെ, അസൗകര്യമുള്ള ഒരു സ്ഥല

ത്തേക്ക് മാറ്റി. സ്വതവേ ചൂടനായ വൈദികൻ ഓഫീസിൽ വന്നു വാക്കു തർക്കമായി, വഴക്കായി, വക്കാണമായി. ഒടുവിൽ കയ്യാങ്കളിയിൽ എത്തി.

ഏലിയാ കത്തീഡ്രലിന്റെ തൊട്ടടുത്ത കെട്ടിടത്തിൽ താമസിച്ചിരുന്ന വട്ടക്കുന്നേൽ മാത്യൂസ് മാർ അത്താനാസ്യോസ് തിരുമേനി (പിന്നീട് പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ) ഈ ശബ്ദ കോലാഹലം കേട്ട് ഇറങ്ങി വന്നു. ഇരുവരും അവരവരുടെ ഭാഗം ന്യായീ കരിക്കാൻ ശ്രമിച്ചു. തെറ്റ് ഓഫീസ് മാനേജരുടെ ഭാഗത്താണെന്നറി ഞ്ഞിട്ടും പരസ്യമായി അത് പ്രകടിപ്പിക്കാതെ ഇരുവരെയും പറഞ്ഞയച്ചു. രംഗം അവിടെ അവസാനിച്ചു.

പാറേട്ട് തിരുമേനി ഓർഡർ പിൻവലിച്ചു. കാര്യങ്ങൾ ഇത്രത്തോളം വളർന്ന് വലുതായപ്പോൾ പാറേട്ടു തിരുമേനി മാനേജർ സ്ഥാനം സുന്ന ഹദോസിന്റെ അനുവാദത്തോടെ അന്നത്തെ ബാഹ്യകേരള ഭദ്രാസന മെത്രാപ്പോലീത്താ ആയിരുന്ന മാത്യൂസ് മാർ അത്താനാസ്യോസ് തിരു മേനിയെ ഏൽപ്പിച്ചു.

ഓഫീസ് മാനേജർക്കും സ്ഥാനഭ്രംശം സംഭവിച്ചു. മിടുക്കനായിരുന്നു. ഓടി നടന്നു, പണം ചെലവഴിച്ചു. കഠിനയത്നം ചെയ്തു. പക്ഷേ പ്രവർ ത്തനങ്ങളിൽ സ്വാർത്ഥ താൽപര്യം കൊണ്ടോ എന്തോ ആരോപണ പ്രത്യാരോപണങ്ങൾ നേരിടേണ്ടി വന്നു. പ്രവർത്തനശൈലിയിൽ ഒരു കാര്യക്ഷമത കൈവരിക്കുവാൻ സാധിച്ചില്ല. ആകെപ്പാടെ ഒരു ഇരുൾ പരന്ന പ്രതീതി.

## മൂന്നാംഘട്ടം – ഇരുളിൽ നിന്ന് വെളിച്ചത്തിലേക്ക്

ബുദ്ധികൂർമ്മതയും ദീർഘവീക്ഷണവും ആജ്ഞാശക്തിയുമുള്ള മാത്യൂസ് മാർ അത്താനാസ്യോസ് തിരുമേനി സത്യസന്ധനും, ഉൽകൃ ഷ്ടചിത്തനും, സേവനതൽപരനും, സഭാസ്നേഹിയും ഉപരി കേരള വിദ്യാ ഭ്യാസ നിയമങ്ങളിൽ പ്രായോഗിക പരിജ്ഞാനവുമുള്ള ഒരു പരിണത പ്രജ്ഞനെ പുതിയ ഓഫീസിൽ മാനേജരായി മനസ്സിൽ കണ്ടു. തെക്കൻ പ്രദേശത്തെ ഏതോ ഒരു പള്ളി സന്ദർശനം കഴിഞ്ഞു തിരികെ ഏലിയാ കത്തീഡ്രലിൽ പോകുന്ന വേളയിൽ കുറിച്ചി കോലത്തുകളത്തിൽ നെയ് ശ്ശേരിയിൽ കെ. കെ. ജോൺ സാറിന്റെ വീട്ടുപടിക്കലെത്തിയപ്പോൾ കാർ വീട്ടിലേക്ക് കയറ്റുവാൻ ആവശ്യപ്പെട്ടു. ജോൺ സാർ അവിടെയില്ലായി രുന്നു. മകൻ തോമാച്ചൻ ഇറങ്ങിവന്ന്, കാറിന്റെ വാതിൽ തുറന്ന് തിരു മേനിയുടെ കൈ മുത്തി വീട്ടിലേക്ക് സ്വീകരിച്ച് ആനയിച്ചിരുത്തി. കുശ ലപ്രശ്നങ്ങൾക്ക് ശേഷം തിരുമേനി കാര്യത്തിലേക്ക് കടന്നു.

“അടുത്ത ദിവസം ജോണി എന്നെ വന്നു കാണണം”മെന്ന് കൽപിച്ചു

കോട്ടയത്തേക്ക് തിരിച്ചു. ചേനപ്പാടി ഗവ. ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർ ആയിരുന്ന ജോൺ സാർ വൈകാതെ തന്നെ കോട്ടയത്തു ചെന്നു. തിരുമേനി കാര്യം പറഞ്ഞു. ഏതാനും മാസങ്ങൾക്കുശേഷം പെൻഷൻ പറ്റിക്കഴിഞ്ഞാൽ കോർപ്പറേറ്റ് സ്കൂൾ ഓഫീസ് മാനേജരായി സ്ഥാനം ഏൽക്കണമെന്നുള്ള തിരുമേനിയുടെ നിർദ്ദേശം നിരാകരിക്കുവാൻ കാരണം ഒന്നും കണ്ടില്ല. നേരെമറിച്ച് സഭയെ സേവിക്കാനുള്ള ദൈവനിയോഗം എന്ന് അദ്ദേഹം കരുതി.

ഏതു പ്രശ്നം വന്നാലും വട്ടക്കുന്നേൽ തിരുമേനി പിൻബലം തരുമെന്ന് ജോൺ സാറും തനിക്കോ സഭയ്ക്കോ പ്രയാസം വരുത്തുന്ന അപക്വമായ ഒരു ക്രിയയും സാർ ചെയ്യില്ലെന്ന് തിരുമേനിയും വിശ്വസിച്ചു. ഈ പരസ്പര വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് കാതോലിക്കേറ്റ് ആൻഡ് എം.ഡി. സ്കൂൾ മാനേജ്മെന്റ് ഭരണനിർവ്വഹണത്തിന്റെ മൂന്നാം ഘട്ടത്തിന് തുടക്കം കുറിക്കുന്നത്.

## ഓഫീസ് സംവിധാനത്തിലും പരിഷ്ക്കാരം

ജോൺ സാർ ചാർജ്ജെടുത്തയുടനെ ഓഫീസിലും ചില പരിഷ്ക്കാരങ്ങൾ വരുത്തി. ഏകനായി ചെയ്യുമ്പോൾ തെറ്റുകളും സംഭവിക്കാം. കൂടുതൽ വിമർശന ശരങ്ങൾക്ക് അത് പാത്രീഭവിക്കാം. അതുകൊണ്ട് തന്നെ സഹായിക്കാനും ചെയ്യുന്നതിലെല്ലാം വ്യക്തത ഉറപ്പാക്കാനും വിമർശനങ്ങളെ ശരിയായരീതിയിൽ പ്രതിരോധിച്ച് വിശദീകരിക്കാനും പ്രഗത്ഭരായ അദ്ധ്യാപകരെ ഉൾപ്പെടുത്തി ഒരു ഉപദേശക സമിതിയും രൂപവൽക്കരിച്ചു. മെച്ചപ്പെട്ട പരീക്ഷാഫലത്തിന്റെ അടിസ്ഥാനത്തിൽ നസ്രാണി ട്രോഫി, മർത്തോമൻ ട്രോഫി, മേടയിൽ കെ. എം. ജോൺ മെമ്മോറിയൽ ട്രോഫി, ഓരോ വിഷയത്തിനും ഏറ്റവും കൂടുതൽ മാർക്ക് കിട്ടുന്ന കുട്ടികൾക്ക് സമ്മാനപദ്ധതി, ഏറ്റവും കൂടുതൽ കുട്ടികളെ പരീക്ഷയിൽ ജയിപ്പിക്കുന്ന അദ്ധ്യാപകർക്ക് അനുമോദന സർട്ടിഫിക്കറ്റുകൾ, പെൻഷൻ പറ്റുന്ന എല്ലാ അദ്ധ്യാപകർക്കും യാത്രയയപ്പ് സമ്മേളനത്തിൽ പ്രശംസാപത്രങ്ങൾ ഒക്കെ ഏർപ്പെടുത്തിയത് ജോൺ സാറിന്റെ കാലത്താണ്.

## എം.ഡി. എച്ച്.എസും കെ. കെ. ജോൺ സാറും

കോട്ടയം എം.ഡി. സെമിനാരി ഹൈസ്കൂളിന്റെ നവതി ആഘോഷം 1984-ൽ ആരംഭിച്ചു. സ്കൂളിനോടനുബന്ധിച്ച് ആറു മുറികളുള്ള ഒരു ഇരുനില കെട്ടിടം പണിയണമെന്നുള്ളതായിരുന്നു അന്നത്തെ തീരുമാനം. എന്റെ മുൻ ഹെഡ്മാസ്റ്റർ പ്രഗത്ഭനായ കെ. എം. മാത്യുവിന്റെ കാലത്ത് തുടക്കം കുറിച്ചു. 1985-ൽ താഴത്തെ 3 മുറി കെട്ടിടം തീർന്നു. 1985-ൽ ഞാൻ ചാർജ്ജ് എടുത്തപ്പോൾ മുകളിലത്തെ 3 മുറി പണിയാനുള്ള

ചുമതല എന്റെ ചുമലിലായി. കോട്ടയത്ത് കൂടുതൽ ആളുകളെ പരിചയമോ പണസമ്പാദന വൈദഗ്ദ്ധ്യമോ ഇല്ലായിരുന്നെങ്കിലും പരിശുദ്ധ മാത്യൂസ് പ്രഥമൻ ബാവാ തിരുമേനിയുടേയും ജോസഫ് മാർ പക്കോമിയോസ് തിരുമേനിയുടേയും ഉപരി ജോൺ സാറിന്റേയും പിൻബലത്തിലും ശക്തമായിരുന്ന പി.റ്റി.എ. യുടെയും സ്നേഹസമ്പന്നരായ സ്കൂൾ അദ്ധ്യാപകരുടെയും സഹകരണത്തിലും പണസമാഹരണം നടത്തി. രണ്ടു മുറി പണിയാൻ സാധിച്ചു. മൂന്നാമത്തെ മുറി കൂടി പണിതെങ്കിലേ സ്വപ്നം പൂർണ്ണമായി സാക്ഷാത്ക്കരിക്കപ്പെടുകയുള്ളു. അപ്പോഴാണ് കെ. കെ. ജോൺ സാറിന്റെ കൈത്താങ്ങൽ. സാറിന്റെ മൂത്ത സഹോദരിയുടെ മകനും സ്കൂൾ പൂർവ്വവിദ്യാർത്ഥിയും ഡൽഹിയിലെ ഒരു ബിസിനസ്സ് പ്രമുഖനുമായ റ്റിറ്റി എന്ന പി. വി. വർഗീസിന്റെ മാതാവ് ഏലിയാമ്മ വർഗീസിന്റെ പേരിൽ ഒരു മുറി പണിയാൻ 25000/- രൂപ തന്നു. പണി പൂർത്തീകരിച്ചു. 30-12-1986-ൽ പരിശുദ്ധ മാത്യൂസ് പ്രഥമൻ ബാവായുടെ പ്രധാന കാർമ്മികത്വത്തിലും മാനേജർ പക്കോമിയോസ് തിരുമേനിയുടേയും, പൂർവ്വ വിദ്യാർത്ഥിയായ കൊല്ലം ഭദ്രാസനാധിപൻ എപ്പിപ്പാനിയോസ് തിരുമേനിയുടേയും സഹകരണത്തിലും ജോൺ സാർ ഉൾപ്പെടെയുള്ള പൂർവ്വവിദ്യാർത്ഥികളുടെ സാന്നിദ്ധ്യത്തിലും കൂദാശ ചെയത് "നവതി സ്വപ്നം" പൂവണിഞ്ഞു. പിമ്പിലെ പ്രേരകശക്തി ജോൺ സാർ എന്ന് നന്ദിപൂർവ്വം ഞാൻ ഓർക്കുന്നു.

ജോൺ സാറിന്റെ കാലഘട്ടത്തിലും ശിക്ഷ എന്ന നിലയിലുള്ള സ്ഥലം മാറ്റം നടന്നിട്ടുണ്ട്. അച്ചന്മാരും സ്ഥലംമാറ്റത്തിന് വിധേയരായിട്ടുണ്ട്. തങ്ങൾക്ക് താൽപര്യമുള്ളവർക്ക് നിയമനം ലഭിക്കാതെ പോയിട്ടുണ്ട്. പക്ഷേ ഇവയുടെ ഒക്കെ പിന്നിൽ വിദ്വേഷത്തിന്റെയോ സ്വാർത്ഥ തൽപരതയുടേയോ കണികപോലുമില്ലെന്ന് അനുഭവസ്ഥർക്ക് അറിയാമായിരുന്നതുകൊണ്ട് ഒരു ഒച്ചപ്പാടും ഉണ്ടായില്ല. ഇത് വിലയിരുത്തുമ്പോഴാണ് സാറിന്റെ വ്യക്തിത്വത്തിന്റെ സവിശേഷത തൊട്ടറിയുന്നത്.



പരിശുദ്ധ മാത്യൂസ് പ്രഥമൻ ബാവാതിരുമേനിക്കുശേഷം പക്കോമിയോസ് തിരുമേനിയുടെ കാലത്തും പ്രവർത്തനശൈലിക്ക് മാറ്റം സംഭവിച്ചില്ല. ജോൺ സാർ മാറി പുതുപ്പള്ളി എം. എം. കുര്യൻ സാർ ചാർജ്ജെടുത്തപ്പോഴും മുൻഗാമി നീങ്ങിയ വഴിത്താരയിൽക്കൂടി മുന്നോട്ടുപോയി.

തൊട്ടതെല്ലാം പൊന്നാക്കിയ ആദരണീയനായ ജോൺ സാറിന് ആദരത്തോടെ പ്രണാമം.

# 9

# ജ്യേഷ്ഠസഹോദര സ്ഥാനീയനായ ഉത്തമസുഹൃത്ത്

## സി. എ. ഏബ്രഹാം, വാകത്താനം

പ്രശസ്ത ഗ്രന്ഥകാരനായ William Arthur Ward അദ്ധ്യാപകരെപ്പറ്റി ഇപ്രകാരം പറഞ്ഞിരിക്കുന്നു.

"The mediocre teacher tells,
The good teacher explains,
The superior teacher demonstrates,
The great teacher inspires."

സ്വന്തം വിദ്യാർത്ഥികളെ മാത്രമല്ല, തനിക്കു ചുറ്റുമുള്ള ആരെയും സ്വാധീനിക്കുവാൻ കഴിവുള്ള സർഗ്ഗാത്മകമായ വ്യക്തിപ്രഭാവത്തിന്റെ ഉടമ ആയിരുന്ന എന്റെ ജ്യേഷ്ഠതുല്യനായിരുന്ന കെ. കെ. ജോൺ സാറിനെപ്പറ്റി ഓർക്കുമ്പോൾ മനസ്സിലേക്കു ആദ്യം ഓടിവരുന്നത് ഈ വാചകമാണ്. എന്റെ ഓർമ്മയിൽ തങ്ങിനിൽക്കുന്ന ചില കാര്യങ്ങൾ കുറിക്കാൻ സന്തോഷമുണ്ട്.

വി. ജെ. ഇട്ടിച്ചെറിയ മാസ്റ്റർ വിരമിച്ച് വി. ജി. ജോർജ്ജ് സാർ ഹെഡ്മാസ്റ്ററായി ചാർജ്ജ് എടുത്ത വർഷം 1944 ജൂണിൽ, മിഡിൽ സ്കൂൾ അദ്ധ്യാപകനായി ഞാൻ എം.ഡി. സെമിനാരി സ്കൂളിൽ ചേർന്നു. എ. വി. കുറിയാക്കോസ്, പി. പി. മാണി എന്നിവരും അന്നു നിയമിതരായി. ആ വർഷം ഓണം അവധിക്കു ശേഷമാണ് കെ. കെ. ജോൺ പ്രകൃതിശാസ്ത്ര അദ്ധ്യാപകനായി അവിടെ ചേർന്നത്. സഹോദരന്മാരില്ലാതെ ഏക പുത്രനായി വളർന്ന എനിക്ക് സാഹോദര്യത്തിന്റെ മാധുര്യം രുചിച്ചറിയുവാൻ ഇടയായതു അന്നവിടെ അദ്ധ്യാപകരായിരുന്നവരിൽ നിന്നാണ്. ഫാ. കെ. ഡേവിഡ്, ഫാ. റ്റി. എസ്. തോമസ്, പി. സി. ഏബ്രഹാം, പി. യു. ജോൺ, കെ. ജെ. ചാക്കോ, പി. ജെ. ജയിക്കബ്, റ്റി. ഗോവിന്ദപ്പിള്ള, പി. മത്തായി, പി. എ. പൈലോ, കെ. സി. ജോൺ, കെ. എസ്. നീലകണ്ഠനുണ്ണി എന്നിവരെല്ലാം എന്നെ കൊച്ചനുജനായി കരുതി വേണ്ട ഉപദേശങ്ങൾ നൽകിയിരുന്നു. ആ നല്ല കൂട്ടത്തിലേക്കാണ് യുവാവായ കെ. കെ. ജോൺ സാർ കടന്നുവന്നു ചേർന്നത്. എല്ലാവരും വാത്സല്യത്തോടെ "അവറാച്ചാ" എന്നും എന്നെ വിളിക്കുമായിരുന്നു.

ജോൺ സാറിന്റെ സരസവും രസകരവും ആയ സംഭാഷണം എന്നെ വളരെ സന്തോഷിപ്പിച്ചിരുന്നു. സ്കൂളിന്റെ ബോർഡിംഗിനു താഴെ കുളക്കരയിൽ ഞങ്ങൾ കുളിക്കുമ്പോൾ ഒരു ദിവസം പറഞ്ഞ തമാശ ഇപ്പോഴും ഞാൻ ഓർക്കുന്നു. ഉപ്പൂറ്റി ചുറ്റുമതിലിൽ ഉരച്ചു കഴുകിയശേഷം അദ്ദേഹം പറഞ്ഞു, "അന്നു മുട്ടത്തുനിന്നു വന്നവരെ മുഖം കാണിക്കുന്നതിനു പകരം ഈ കാലു കാണിച്ചിരുന്നെങ്കിൽ കുറച്ചുകൂടി സ്ത്രീധനം ലഭിക്കുമായിരുന്നു" (മാവേലിക്കരയ്ക്കു സമീപമുള്ള മുട്ടം എന്ന സ്ഥലത്താണ് അദ്ദേഹത്തിന്റെ സഹധർമ്മിണിയുടെ നാട്). 1945 മാർച്ചിൽ സ്കൂൾ അടച്ചു. ബഹു. കെ. ദാവീദച്ചനും ജോൺ സാറും ഞാനും ബസ്സ്റ്റാന്റിലേക്കു നടക്കുമ്പോൾ സാർ എന്നോടു പറഞ്ഞു, "അവറാച്ചാ, സ്കൂൾ തുറന്നു വരുമ്പോൾ ഷേവ് ചെയ്തു നല്ല കുട്ടപ്പനായി വരണം." അതിന് എം. സി. ചാണ്ടിയുടെ സ്റ്റേഷനറിക്കടയിൽ കയറി ഒരു റേസർ സെറ്റ് വാങ്ങിത്തരികയും ചെയ്തു (Made in England. വില 14 അണ. ഇന്നും അതു കേടുകൂടാതെ ഉപയോഗത്തിലിരിക്കുന്നു).

സമർത്ഥമായ അദ്ധ്യാപനം വഴി കുട്ടികളുടെ സ്നേഹവും, ആരാധനയും പിടിച്ചുപറ്റിയ ജോൺ സാർ പാഠ്യേതര പ്രവർത്തനങ്ങളിലും കുട്ടികളെ പരിശീലിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തുവന്നു. തൽഫലമായി അക്കാലത്ത് ഫുട്ബോൾ, വള്ളംകളി മുതലായ മത്സരങ്ങളിൽ എം.ഡി. സെമിനാരിക്കായിരുന്നു ട്രോഫികൾ മിക്ക വർഷവും ലഭിച്ചിരുന്നത്.

എം.ഡി. സെമിനാരിയിൽനിന്ന് ഏതാനും വർഷങ്ങൾക്കുശേഷം സർക്കാർ സ്കൂൾ അദ്ധ്യാപകനായി ജോൺ സാർ നിയമിക്കപ്പെട്ടു. സമർപ്പണജീവിതംകൊണ്ടു ക്രമേണ ഉയർന്നു എ.ഇ.ഒ. ആയി വിരമിച്ചു. അതിനുശേഷം എം.ഡി. ആൻഡ് കാതോലിക്കേറ്റ് കോർപ്പറേറ്റ് സ്കൂൾ മാനേജ്മെന്റ് ഓഫീസിന്റെ ചാർജ്ജെടുത്തു. അന്നും ആ പഴയ സ്നേഹത്തിന് ഒരു കുറവും വന്നിരുന്നില്ല.

വി. വേദപുസ്തകപ്രകാരം ആത്മാവിന്റെ ഫലം നിറഞ്ഞ സംപുഷ്ടമായ ജീവിതമായിരുന്നു അദ്ദേഹത്തിന്റേത് എന്നു പറയുന്നതാവും ശരി. സുസ്മേരവദനനായല്ലാതെ അദ്ദേഹത്തെ കണ്ടിട്ടില്ല. എല്ലാവരോടും സൗമ്യമായും സന്തോഷമായും സംസാരിക്കും. പരാതികളുമായി ഓഫീസിലെത്തുന്നവരെ സംഗതികൾ കാര്യകാരണസഹിതം പറഞ്ഞു ബോദ്ധ്യപ്പെടുത്തി സന്തോഷമായി തിരിച്ചയയ്ക്കുന്നതിനു സാറിന് സാധിച്ചു.



സൽപുത്രസന്താന സമ്പന്നനായ അദ്ദേഹത്തിന്റെ ഒരു പുത്രൻ മലങ്കരസഭയുടെ ഒരു മെത്രാപ്പോലീത്താ ആയി അവരോധിക്കപ്പെടുന്നതിനും ഇടയായി.

# 10

# ഞാൻ കണ്ട മനുഷ്യസ്നേഹിയായ ഒരു മഹൽവ്യക്തി

## കെ. എം. മാത്യു, തിരുവല്ല

ഇരുപതാം നൂറ്റാണ്ട് ഭാരതത്തെ സംബന്ധിച്ചിടത്തോളം അഭിമാനത്തിന്റെയും പുരോഗതിയുടെയും ഒരു കാലഘട്ടമായിരുന്നു. മഹാത്മാ ഗാന്ധിയുടെ നേതൃത്വത്തിൽ നേടിയെടുത്ത സ്വാതന്ത്ര്യവും പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ സാരഥ്യത്തിൽ വന്നുചേർന്ന നേട്ടങ്ങളും ഇന്ത്യയെ വികസ്വര രാഷ്ട്രങ്ങളുടെ മുമ്പിലെത്തിച്ചു. വിദ്യാഭ്യാസരംഗത്തുണ്ടായ കുതിപ്പ് അനുപമം എന്നു തന്നെ പറയാം. അന്നത്തെ അദ്ധ്യാപകരിൽ ബഹുഭൂരിപക്ഷവും ഗാന്ധിയന്മാരായിരുന്നു. ആ നല്ല കാലത്തിനനുയോജ്യനായ അദ്ധ്യാപകൻ, കാര്യശേഷിയുള്ള ഓഫീസർ തുടങ്ങിയ നിലകളിലാണ് ജോൺ സാറിനെ ഞാൻ മനസ്സിലാക്കുന്നത്.

നമ്മുടെ സ്വാതന്ത്ര്യസമരം ശക്തിപ്രാപിച്ച അവസരത്തിൽ തന്നെ, കാതോലിക്കേറ്റിന്റെ പുനഃസ്ഥാപനത്തോടുകൂടി മലങ്കരസഭയും സ്വയം ശീർഷകത്വമുള്ള സ്വതന്ത്രസഭയായി. 1934-ൽ ഒരു ഭരണഘടനയും സഭ അംഗീകരിച്ചു. പിന്നീട് കൈവന്ന നേട്ടങ്ങൾ കണക്കിലെടുക്കുമ്പോൾ ഇരുപതാം നൂറ്റാണ്ട് മലങ്കര ഓർത്തഡോക്സ് സഭയുടെയും സുവർണ്ണകാലമായിരുന്നുവെന്ന് പറയാം. നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ കാതോലിക്കേറ്റ് ആൻഡ് എം.ഡി. കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിൽ കൊണ്ടുവന്നു. അധികം താമസിയാതെ ഓഫീസ് മാനേജരായി പരിചയസമ്പന്നനായ കെ. കെ. ജോൺ സാർ നിയമിതനായി. തികഞ്ഞ സഭാസ്നേഹിയായിരുന്ന സാറിന് ആത്മസംതൃപ്തിയോടുകൂടി ചുമതല ഏറ്റെടുക്കാനും തുടർന്ന് അനേകം കർമ്മപരിപാടികൾ ആസൂത്രണം ചെയ്തു നടപ്പാക്കാനും സാധിച്ചു (സ്ഥലകാല ചിന്തകൾക്കതീതമായി എന്നിൽ ഓടിയെത്തുന്ന ചില സന്ദർഭങ്ങളാണ് ഈ ലേഖനത്തിൽ ഞാൻ അവതരിപ്പിക്കുന്നത്).

### വിദ്യാലയങ്ങളെപ്പറ്റിയുള്ള കാഴ്ചപ്പാട്

'ഇന്ത്യയിൽ വിവിധ സഭകൾ നടത്തുന്ന പല വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ട്. അവ ക്രിസ്ത്യൻ സ്കൂളുകൾ എന്നാണറിയപ്പെട്ടിരുന്നത്. ആദ്യകാലത്ത് മിഷണറിമാർ ക്രിസ്തുവിന്റെ ആത്മാവിൽ, ജനത്തിന് ധാർമ്മികവും വിജ്ഞാനപരവുമായ ഔന്നത്യം ലഭിക്കാനാണ് ശ്രമിച്ചത്.

പിൽക്കാലത്ത് മലങ്കരസഭയ്ക്കും സ്കൂളുകൾ ഉണ്ടായി. ഇന്ത്യയുടെ അപ്പോസ്തോലനായ മാർതോമ്മായുടെ പൈതൃകം അവകാശപ്പെടുന്ന സഭയ്ക്ക് സുവിശേഷദൗത്യം പ്രധാനമാണല്ലോ. എന്നാൽ ഇന്നത്തെ സാഹചര്യത്തിൽ ഈ കർത്തവ്യം അർപ്പണബോധമുള്ള അദ്ധ്യാപക രിൽ നിക്ഷിപ്തമായിരിക്കുന്നു. കുട്ടികളുടെയും രക്ഷകർത്താക്കളുടെയും ആദരം ലഭിക്കണമെങ്കിൽ നല്ല ക്രിസ്തീയസാക്ഷ്യം അദ്ധ്യാപകരിലൂടെ പ്രകടമാകണം. വിദ്യാലയ നടത്തിപ്പിനെപ്പറ്റി പൊതുജനങ്ങൾക്ക് മതിപ്പും ഉണ്ടാകണം.'

മിതഭാഷിയായിരുന്ന ജോൺ സാറിന് ഇക്കാര്യത്തിലുള്ള താൽപ ര്യവും, ചിലപ്പോഴൊക്കെ ഉൽക്കണ്ഠയും മേൽപറഞ്ഞ വാക്കുകളിൽ പ്രക ടമായിരുന്നു. 'സഭ ഞങ്ങൾക്ക് പ്രിയപ്പെട്ടതാണെന്നും സ്കൂളുകളിൽ ഞങ്ങൾക്ക് കർത്തവ്യമുണ്ടെന്നും' അഭിമാനിക്കുന്ന അദ്ധ്യാപക കുടും ബങ്ങളിലും പദവികൾ വഹിക്കുന്ന ചുമതലക്കാരിലും ഈ അറിവുണ്ടാ കേണ്ടതല്ലേ? ഇല്ലെങ്കിൽ അവരവർ ഇരിക്കുന്ന കമ്പുകൾ മുറിച്ചുകൊ ണ്ടേയിരിക്കുകയായിരിക്കും. ഫലമോ 'നിങ്ങൾ നിമിത്തം എന്റെ നാമം ജാതികളുടെയിടയിൽ ദുഷിക്കപ്പെടുന്നു' എന്നതായിരിക്കും.

## നീതിനിഷ്ഠ

ഒരിക്കൽ തിരുവല്ല എം.ജി.എം. സ്കൂളിലെ ചില കാര്യങ്ങൾ അറിയി ക്കുന്നതിനായി ഞാൻ സാറിന്റെ ഓഫീസിൽ ഇരിക്കുകയായിരുന്നു. അപ്പോൾ ഒരു യുവ വൈദികൻ അവിടെ വരികയും സാർ എഴുന്നേറ്റു നിന്ന് അദ്ദേഹത്തെ ആദരിച്ചിരുത്തുകയും ചെയ്തു. അച്ചന്റെ സഹധർ മ്മിണി മാനേജ്മെന്റിലെ ഒരു അദ്ധ്യാപികയാണെന്നും അച്ചന്റെ ഇടവ കശുശ്രൂഷയ്ക്ക് അവർ വീട്ടിൽ ഉണ്ടായിരുന്നാൽ സഹായകമാകുമെന്നും അദ്ദേഹം അറിയിച്ചു. വീടിനടുത്തുള്ള സ്കൂളിൽ നിയമനം കിട്ടണമെ ന്നതായിരുന്നു അച്ചന്റെ ആവശ്യം.

അവർ വളരെ ജൂണിയർ ആണെന്നും, സീനിയറായ ചിലർ അവി ടേയ്ക്ക് സ്ഥലംമാറ്റത്തിന് അപേക്ഷിച്ചിട്ടുണ്ടെന്നും സാർ അച്ചനെ ധരി പ്പിച്ചു. 'കോർപ്പറേറ്റിലുള്ളവർ സഭാംഗങ്ങളാണെന്നും പല ന്യായങ്ങൾ അവർക്കു പറയാൻ കാണും എന്നും എന്നാൽ ഒരു വൈദികൻ എന്ന നിലയിൽ തന്റെ ആവശ്യം കൂടുതൽ പരിഗണന അർഹിക്കുന്നു'വെന്നും കൂടി അച്ചൻ അറിയിച്ചപ്പോൾ സാറിന് അൽപം നീരസം വന്നു. സാർ ഇങ്ങനെ പറഞ്ഞു, "ഞാൻ കപ്യാരാണെന്ന് അച്ചൻ ധരിക്കരുത്. ഏതിനും ഒരു നീതി ഒക്കെ വേണ്ടേ?" അച്ചൻ പോവുകയും ചെയ്തു. ഒന്നു രണ്ടു വർഷത്തിനകം അച്ചന്റെ ആവശ്യം പരിഗണിച്ചതായിട്ടാണറിവ്.

## കുടുംബത്തിലെ അനുനാദം

ശാസ്ത്രത്തിലെ ഒരു പ്രതിഭാസമാണ് അനുനാദം (Resonance). ഒരേ ആവൃത്തി (Freqency) ഉള്ള രണ്ടു വസ്തുക്കൾ അടുത്തിരിക്കുമ്പോൾ, അതിൽ ഒന്നു കമ്പനം ചെയ്താൽ സ്വാഭാവികമായും മറ്റേതും കമ്പനം ചെയ്യും. കുടുംബബന്ധങ്ങൾ തകരുകയും തകർക്കുകയും ചെയ്യുന്നതിൽ ഹരം കണ്ടെത്തുന്ന അറിയപ്പെടുന്ന വ്യക്തികൾ ധാരാളമുണ്ടല്ലോ. എന്നാൽ ദൈവം യോജിപ്പിച്ചതിൽ പരമാനന്ദം കണ്ടെത്തുന്നവരാണ ധികം. ജോൺ സാറിന്റെ കുടുംബം ഇതിൽ രണ്ടാമത്തേതായിരുന്നു. സാറിന്റെ ഭവനത്തിൽ ഞാൻ ചെന്നപ്പോഴൊക്കെ ഹൃദ്യമായ സ്വീകരണ മാണെനിക്കു ലഭിച്ചിട്ടുള്ളത്. ഒരു പടി കൂടി കടന്നുള്ള സ്വാഗതമായി രുന്നു, സഹധർമ്മിണിയുടേത്. ആതിഥ്യമര്യാദ അത്ര മാത്രം ആ മഹ തിക്കുണ്ടായിരുന്നു.

## നല്ല സുഹൃത്ബന്ധം

എല്ലാ മനുഷ്യരും നല്ല സുഹൃത്തുക്കളെ അന്വേഷിക്കാറുണ്ട്. എന്നാൽ ചിലർ മാത്രമേ വിജയിക്കുന്നുള്ളു. പരാജയപ്പെടുന്നവർ അതിനു യോഗ്യത നേടേണ്ടതായുണ്ടെന്ന് തിരിച്ചറിയണം. എന്തുകൊണ്ടും ശ്രേഷ്ഠമായ ഒരു സുഹൃത്ബന്ധമാണ് ബഹു. ഡോ. റ്റി. ജെ. ജോഷ്വാ അച്ചനും ജോൺ സാറും തമ്മിൽ ഉണ്ടായിരുന്നത്.

ഷേക്സ്പിയർ പോളോണിയസിനെക്കൊണ്ട് പറയിപ്പിക്കുന്ന രണ്ടു വരികൾ ഞാൻ ഇവിടെ ഉദ്ധരിക്കട്ടെ.

"The friends thou hast their adoption tried,
Grapple them to thy soul with hoops of steel."

സ്റ്റീൽകമ്പികൊണ്ട് ഹൃദയത്തെ ബന്ധിപ്പിക്കുന്നതിനു മുമ്പ് adoption പരിശോധിച്ചത് ആര് എന്ന കാര്യത്തിൽ എനിക്കു സംശയമില്ല. ഏതാ യാലും ആ വികാരത്തെ അംഗീകരിക്കുകയും മാനിക്കുകയും ചെയ്യുക യാണുത്തമം.

## സൗമനസ്യം

അടുത്തകാലത്ത് വിരമിച്ച ഒരദ്ധ്യാപിക അൽപം വികാരവായ്പോടെ സാറിനെ അനുസ്മരിച്ചു. ഏകദേശം നാൽപതു വർഷങ്ങൾക്കു മുമ്പ് അവർക്കുണ്ടായ ഒരനുഭവം അവർ വിവരിച്ചു. പകരക്കാരിയായി ചില സ്കൂളുകളിൽ വല്ലപ്പോഴും കിട്ടുന്ന നിയമനമായിരുന്നു, അവരുടെ ആശ്രയം. ബാലികയായിരിക്കുമ്പോൾ തന്നെ പിതാവിനെ നഷ്ടപ്പെട്ട അവർ വേക്കൻസിയുണ്ടോ എന്നറിയാനാണ് സാറിനെ സമീപിച്ചത്. ജോലിയുടെ ആവശ്യവും വ്യക്തിപരമായ ബുദ്ധിമുട്ടുകളും മനസ്സിലാ

ക്കിയശേഷം അദ്ദേഹം ഇങ്ങനെ പറഞ്ഞു. “നിങ്ങളുടെ കാര്യത്തിൽ ഒരു സ്ഥിരം ജോലിയാണാവശ്യം. കുറച്ചു ദൂരെയുള്ള പുതുപ്പാടിയിൽ (കോഴിക്കോട്) ഒരു ഒഴിവുണ്ട്. അവിടെയുള്ള സ്ഥിരം ലാവണത്തിൽ ഒരു ജോലി സ്വീകരിക്കുകയാണ് നിങ്ങളുടെ ഭാവിക്കു നല്ലത്.” അതിന്റെ കാരണങ്ങളും വിശദീകരിച്ചശേഷം വിവരം എത്രയുംവേഗം അറിയിക്കണമെന്നു പറഞ്ഞ് അവരെ യാത്രയാക്കി.

വീട്ടിൽ ചെന്ന് എല്ലാവരോടും ആലോചിച്ചശേഷം സാറിനെ വിവരമറിയിക്കുകയും സാറിന്റെ ഉപദേശത്തിനു നന്ദി പറഞ്ഞുകൊണ്ട് ജോലി സ്വീകരിക്കുകയും ചെയ്തു.

പിൽക്കാലത്തുണ്ടായ പല നല്ല അനുഭവങ്ങളും അവർ ഓർത്തു. പല ഓഫീസ് മാനേജരന്മാർക്കും ഉള്ളതുപോലെ ‘ഹെഡ്വെയ്റ്റോ’ സ്ഥാപിത താൽപര്യമോ അദ്ദേഹത്തിനില്ലായിരുന്നു. അതാണ് കെ. കെ. ജോൺ സാറിന്റെ മഹത്വം.

### തികഞ്ഞ സഭാസ്നേഹം

ആയിരത്തിതൊള്ളായിരത്തി അൻപതുകളിലും എഴുപതുകളിലുമാണ് സഭയ്ക്ക് വളരെയധികം പ്രശ്നങ്ങൾ നേരിടേണ്ടി വന്നത്. ആ കാലങ്ങളിൽ വിവിധ ഭദ്രാസനങ്ങളിലും സഭാകേന്ദ്രത്തിലും യോഗങ്ങൾ സംഘടിപ്പിക്കുമായിരുന്നു. യുവജനപ്രസ്ഥാനം, വിദ്യാർത്ഥിപ്രസ്ഥാനം എന്നിവയുടെ കോൺഫറൻസുകളും നേതാക്കന്മാരുടെ സാന്നിദ്ധ്യത്താൽ സജീവമായി. മിക്കയിടങ്ങളിലും സാറിന്റെ സാന്നിദ്ധ്യം ഞാൻ കണ്ടിട്ടുണ്ട്. യുവജനപ്രസ്ഥാനത്തിന്റെ ചുമതലകളും എനിക്കുണ്ടായിരുന്നു. പല സന്ദർഭങ്ങളിലും പി. സി. ചെറിയാൻ മടുക്കാനി, സി. യു. മാത്യു എന്നിവരും സാറിനൊപ്പം വരുമായിരുന്നു.

അൻപതുകളിൽ ഗീവറുഗീസ് ദ്വിതീയൻ ബാവാ ആയിരുന്നല്ലോ സഭാതലവൻ. അദ്ദേഹത്തിന്റെ കുടുംബാംഗമായ ജോൺ സാർ സഭാകാര്യങ്ങളിൽ തൽപരനായി എന്നത് സ്വാഭാവികമാണ്. മാത്രവുമല്ല വലിയ ബാവായുടെ വ്യക്തിപ്രഭാവം അത്രമാത്രം ഉത്തുംഗവുമായിരുന്നു. തന്റെ ഒരു മകനെ സാർ പെരുന്നാട്ട് ബഥനി ആശ്രമത്തിലും അയച്ചു. ആ മകനാണ് മാവേലിക്കര ഭദ്രാസനത്തിന്റെ ഒന്നാമത്തെ മെത്രാപ്പോലീത്താ, പൗലോസ് മാർ പക്കോമിയോസ്. ‘ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് എല്ലാം നന്മയ്ക്കായി സംഭവിപ്പിക്കുന്നു’ എന്ന ബൈബിൾ വചനം ജോൺ സാറിനെ സംബന്ധിച്ച് തികച്ചും അന്വർത്ഥമാണ്.



(ലേഖകൻ കോട്ടയം എം.ഡി., തിരുവല്ലാ എം.ജി.എം. എന്നീ സ്കൂളുകളിൽ ഹെഡ്മാസ്റ്ററായും ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം ജനറൽ സെക്രട്ടറിയായും ട്രഷറർ ആയും പ്രവർത്തിച്ചിട്ടുണ്ട്.)

# 11

# കുടുംബത്തിന്റെ അഭിമാനസ്തംഭം


## കെ. ജോൺ ജോസഫ്

(കോലത്തുകളത്തിൽ കുടുംബയോഗ രക്ഷാധികാരി)


കോലത്തുകളത്തിൽ കുടുംബത്തിന്റെ ആറു ശാഖകളിലൊന്നായ നെയ്ശ്ശേരിയിൽ കെ. കെ. ജോൺ സാർ എന്നറിയപ്പെട്ടിരുന്ന കുഞ്ഞൂഞ്ഞച്ചായന്റെ 100-ാം ജന്മദിനസ്മാരക ഗ്രന്ഥത്തിൽ എന്റെ ഓർമ്മയിലുള്ള ചില കാര്യങ്ങൾ അനുസ്മരിക്കുന്നതിൽ സന്തോഷിക്കുന്നു.

ഞാൻ കോലത്തുകളത്തിൽ കുടുംബത്തിന്റെ കൊല്ലംപറമ്പിൽ ശാഖയിൽ 'കുറിച്ചിയിലെ കുഞ്ഞൂഞ്ഞച്ചായൻ' എന്നറിയപ്പെട്ടിരുന്ന കെ. കെ. ജോണിന്റെ (തിരുവല്ലായിൽ താമസിച്ചിരുന്ന) രണ്ടാമത്തെ മകൻ അച്ചൻകുഞ്ഞാണ്. 1965-ലാണ് എന്റെ പിതാവ് അന്തരിച്ചത്. അതിനു മുമ്പും, പിമ്പും കുടുംബസംബന്ധമായ എല്ലാ ആവശ്യങ്ങൾക്കും കുഞ്ഞൂഞ്ഞച്ചായൻ ഞങ്ങളുടെ ഭവനത്തിൽ വരികയും, വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. അത് ഞങ്ങൾക്ക് വലിയ ആശ്വാസവും, സന്തോഷവും പ്രദാനം ചെയ്തിരുന്നു. മക്കളുടെ ബാല്യകാലത്ത് കുഞ്ഞൂഞ്ഞച്ചായൻ ബന്ധുഭവനങ്ങളിൽ പോകുമ്പോൾ അവരെയും കൂടെ കൊണ്ടുപോകുമായിരുന്നു. അവർ വളർന്നപ്പോൾ വിവിധ സ്ഥലങ്ങളിൽ താമസമുറപ്പിച്ചെങ്കിലും പഴയ പരിചയവും, സ്നേഹവും അന്യൂനം സൂക്ഷിച്ചു.

ഞാൻ ജോലിസംബന്ധമായി ഏറെക്കാലം മദ്രാസിൽ ആയിരുന്നു. എന്റെ മകൾ ആലീസിന് ഒരു വിവാഹാലോചന വന്നപ്പോൾ നാട്ടിലെ ആ കുടുംബത്തെ കുറിച്ചന്വേഷിച്ച് വിവരമറിയിക്കുവാൻ അച്ചായനോടു ആവശ്യപ്പെട്ടിരുന്നു. താമസിയാതെ തന്നെ ഞങ്ങൾക്കു മറുപടിയും കിട്ടി. അച്ചായൻ ഈ ആലോചനയിൽ അധികം സന്തോഷിച്ചു. കാരണം കൊച്ചമ്മയുടെ അടുത്ത ബന്ധത്തിൽപെട്ട ആളായിരുന്നു പയ്യൻ. ഞങ്ങളുടെ ക്ഷണം സ്വീകരിച്ച് അച്ചായനും, കൊച്ചമ്മയും വീട്ടിൽ എത്തുകയും, എല്ലാ കാര്യങ്ങൾക്കും നേതൃത്വം നൽകുകയും ചെയ്തു.

അച്ചായന്റെ മകളും, ഒരു മകനും കുവൈറ്റിലായിരുന്നു. അവിടെ യുദ്ധം നടക്കുന്ന സമയത്ത് എന്റെ മകളും കുടുംബവും അവിടെയുണ്ടായിരുന്നു. അവരുടെ വിവരമൊന്നുമറിയാതെ ഞങ്ങൾ വിഷമിച്ചിരുന്ന സന്ദർഭത്തിൽ തന്റെ മക്കളുമായി ഫോണിലൂടെ ബന്ധപ്പെട്ട് ഞങ്ങളെ വിവരങ്ങൾ അറി

യിച്ചത് അച്ചായനാണ്. ഇക്കാര്യത്തിൽ അച്ചായനോട് പറഞ്ഞാൽ തീരാത്ത കടപ്പാടും നന്ദിയുമുണ്ട്.

റിട്ടയർ ചെയ്തശേഷം വിദേശത്തു പോകുന്നതിനും, മക്കളോടൊപ്പം താമസിക്കുന്നതിനും അച്ചായന് പല അവസരങ്ങൾ ലഭിച്ചതാണ്. പക്ഷേ സഭയുടെയും, സമൂഹത്തിന്റെയും നന്മയ്ക്കായി പ്രവർത്തിച്ചുകൊണ്ട് നാട്ടിൽതന്നെ ജീവിക്കുവാനാണ് അദ്ദേഹം താൽപര്യപ്പെട്ടത്. അവധിക്കാലങ്ങളിൽ മക്കളും, കൊച്ചുമക്കളും വന്ന് കൂടെ താമസിച്ചു വന്നത് വലിയ സന്തോഷമായിരുന്നു. തികഞ്ഞ സഭാസ്നേഹി ആയിരുന്ന അച്ചായന് ഒരു മകൻ ഓർത്തഡോക്സ് സഭയിലെ മെത്രാച്ചനായി സേവനമനുഷ്ഠിക്കുന്നതു കാണുവാനുള്ള അസുലഭ ഭാഗ്യമുണ്ടായി. എല്ലാവരോടും സ്നേഹപൂർവ്വം ഇടപെട്ടിട്ടുള്ള കുഞ്ഞൂഞ്ഞച്ചായനെ ആർക്കും അത്രവേഗം മറക്കാനാവില്ല. വേഷത്തിലും, ഭാവത്തിലും, വാക്കുകളിലും സദാ മാന്യത പുലർത്തിയിരുന്ന അദ്ദേഹത്തെ എല്ലാവരും ഒരുപോലെ ബഹുമാനിച്ചു വന്നു. എല്ലാ അർത്ഥത്തിലും കുഞ്ഞൂഞ്ഞച്ചായൻ സ്വകുടുംബത്തിന്റെ അഭിമാനസ്തംഭം ആയിരുന്നു.

ആർക്കും ഒരു പ്രശ്നവും സൃഷ്ടിക്കാതെയും, കിടന്നു കഷ്ടപ്പെടാതെയും അച്ചായൻ കടന്നുപോയി. ആ വേർപാട് കുടുംബത്തിനും, സഭയ്ക്കും ഒരു തീരാനഷ്ടമാണ്. ഇത്രയധികം മേൽപട്ടക്കാരും, പട്ടക്കാരും, ജനങ്ങളും അന്ത്യാഞ്ജലി അർപ്പിച്ച ഒരു ശവസംസ്കാരം നേരത്തെ ഉണ്ടായിട്ടുണ്ടോ എന്ന് ഞാൻ സംശയിക്കുന്നു. അച്ചായന്റെ ആത്മാവ് കർത്തൃസന്നിധിയിൽ നമുക്കായി പ്രാർത്ഥിക്കുകയാണ്.



# 12

# നാടിന്റെ കരിയർ ഗുരു: എന്റേയും

## പ്രൊഫ. ജോസഫ് കെ. അലക്സാണ്ടർ

(റിട്ട. കോളജ് എഡ്യുക്കേഷൻ ഡയറക്ടർ, തിരുവനന്തപുരം)

കുറിച്ചി കോലത്തുകളത്തിൽ നെയ്ശ്ശേരിൽ കെ. കെ. ജോൺ സാർ കുറിച്ചിയിലെ സർക്കാർ സ്കൂൾ അദ്ധ്യാപകനും നാട്ടിലെ കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസ ഗൈഡും മാതാപിതാക്കളുടെ സാന്ത്വനവുമായിരുന്നു. എന്റെ ഭാര്യാപിതാവ് കോലത്തുകളത്തിൽ കെ. പി. ഏബ്രഹാമിന്റെ പിതൃസഹോദരപുത്രൻ എന്നതിൽ ഉപരിയായി എന്റെ കര്യർ ഗുരുവായാണ് ഞാൻ അദ്ദേഹത്തെ കണ്ടിരുന്നത്. കുറിച്ചി ഗ്രാമത്തിലെ തിങ്ക് ടാങ്ക് ((Think Tank) കളിൽ ഒരാളായിരുന്നു അദ്ദേഹം. എന്റെ ശ്വശുരൻ കെ. പി. ഏബ്രഹാം മറ്റൊരു ചിന്തകനും വിഷനറിയും ആയിരുന്നു. ഇവർ എം. സി. റോഡരികിൽ അയൽക്കാരായി താമസിച്ചിരുന്നു.

ജോൺ സാർ ജോലി കഴിഞ്ഞെത്തിയാൽ എല്ലാ ദിവസവും വൈകുന്നേരം ഏബ്രഹാമിന്റെ വീട്ടിൽ എത്തി സംഭാഷണത്തിൽ ഏർപ്പെടും. കുടുംബകാര്യങ്ങൾ, സഭാപ്രശ്നങ്ങൾ, പഞ്ചായത്ത് പ്രശ്നങ്ങൾ, പത്രവാർത്താ വിശേഷങ്ങൾ എല്ലാംതന്നെ പരസ്പരം പങ്കുവെച്ച് അര മണിക്കൂർ എങ്കിലും ചെലവഴിച്ചിരുന്നു. ഈ സമയമത്രയും ജോൺ ജ്യേഷ്ഠസ്ഥാനീയന്റെ മുമ്പിൽ ആദരപൂർവ്വം നിന്നുകൊണ്ടു തന്നെയാണ് ചർച്ചകൾ നടത്തിയത്. മുൻവശവാതിലിന്റെ അരപ്പാളിയിൽ പിടിച്ചുകൊണ്ടാണ് നിൽപ്. വായിലുള്ള പുകയിലനീര് തുപ്പുന്നതിനും ഈ നിൽപ് സഹായകരമായിരുന്നു. ഏബ്രഹാമും ഒന്നുകിൽ നിന്നുകൊണ്ടും ഒന്നുരണ്ട് ചാൽ മുറിക്കുള്ളിൽ നടന്ന് നിന്ന് സഹോദരനെ ആദരിച്ചിരുന്നു.

ഈ ബന്ധമാണ് ജോൺ സാറിനെ എന്റെ കര്യർ ഗുരുവാക്കിയത്. എല്ലാ കാര്യങ്ങളും പരസ്പരം പങ്കുവെച്ചിരുന്നതുകൊണ്ട് പൂനാ യൂണിവേഴ്സിറ്റിയിലെ ഒരു കോളജിൽ ലക്ചററായിരുന്ന എന്നെ എങ്ങനെ കേരളത്തിൽ എത്തിക്കാം എന്നതും വിഷയീഭവിച്ചു.

തിരു-കൊച്ചി സർക്കാർ കോളജുകളിലേക്ക് ലക്ചററെ ആവശ്യപ്പെട്ട പരസ്യം വന്നതു മുതൽ ഇവർ ജാഗരൂകരായി. അപേക്ഷാഫോറം വാങ്ങി എനിക്കയച്ചുതന്നത് ജോൺ സാറാണ്. പബ്ലിക് സർവ്വീസ് കമ്മീഷൻ എന്നെ ഇന്റർവ്യൂവിന് ക്ഷണിച്ചു. തലേദിവസം നാലു മണിക്ക് കൊച്ചിയിൽ ട്രെയിനിൽ എത്തിയ എന്നെ ജോൺ സാറിന്റെ സ്യാലൻ (ഭാര്യാസഹോദരൻ) പി. എ. ഉമ്മൻ വക്കീൽ (അന്ന് എറണാകുളം ഹൈക്കോ

ടതി വക്കീൽ, പിന്നീട് ഡിസ്ട്രിക്ട് ജഡ്ജായി റിട്ടയർ ചെയ്തു. സഭയുടെ കേസുകളിൽ വ്യുൽപത്തി നേടിയിരുന്നു.) എന്നെ സ്വീകരിച്ച് സ്വഭവനത്തിൽ താമസിപ്പിച്ച് പിറ്റെദിവസം ഇന്റർവ്യൂവിന് ഡർബാർ ഹാളിൽ എത്തിച്ചു. ഇതൊക്കെ ജോൺ സാറിന്റെ കരുതൽ ആയിരുന്നു. അദ്ദേഹത്തിന്റെ പിതൃതുല്യ സഹോദരസ്നേഹം എങ്ങനെ മറക്കും?

സർവ്വീസിൽ കയറി പല കോളജിലും പ്രവർത്തിച്ച് കോട്ടയം ഗവണ്മെന്റ് കോളജിന്റെ പ്രഥമ പ്രിൻസിപ്പലായി എത്തിയ എനിക്ക് ഒരു പുതിയ കോളജ് കെട്ടിപ്പടുക്കേണ്ട ഭാരിച്ച ചുമതലയിൽ കോട്ടയത്തെ പത്രങ്ങൾ, നാട്ടുകാർ, സഭാനേതൃത്വം എന്നിവരുടെയെല്ലാം സഹായം ആവശ്യമായി വന്നു.

അന്ന് മലങ്കരസഭയിലെ നിയുക്ത കാതോലിക്കാ എന്ന പ്രഥമസ്ഥാനി വട്ടക്കുന്നേൽ മാത്യൂസ് മാർ അത്താനാസിയോസ് തിരുമേനി ആയിരുന്നു. സഭയിലെ എല്ലാ നേതൃത്വസ്ഥാനീയരുമായി അടുത്തബന്ധം പുലർത്തിയിരുന്ന ജോൺ സാർ എന്നെ നിയുക്ത കാതോലിക്കായ്ക്കു പരിചയപ്പെടുത്തി. തിരുമേനിയുടെ സഹോദരപുത്രിയെ എന്റെ ഒരു അനിയനായിരുന്നു വിവാഹം ചെയ്തിരുന്നത്. ചുരുക്കത്തിൽ അഭിവന്ദ്യ തിരുമേനി എന്നെ സഭാകാര്യങ്ങളിൽ ഒന്നൊന്നായി ചുമതലപ്പെടുത്തി. പെട്ടെന്നു തന്നെ സഭയുടെ അദ്ധ്യക്ഷനായി, കാതോലിക്കാ ആയി, അവരോധിക്കപ്പെട്ട ഇദ്ദേഹത്തിന്റെ ആവശ്യപ്രകാരം ദേവലോകം അരമനയിൽ ഞാൻ എത്താത്ത ദിവസങ്ങൾ ചുരുക്കമായിരുന്നു. സഭയിലും സമൂഹത്തിലും എന്റെ കഴിവുകൾ പ്രൊജക്ട് ചെയ്തത് അഭിവന്ദ്യ തിരുമേനിയും അതിന്റെ കാരണഭൂതൻ ജോൺ സാറുമായിരുന്നു.

ക്രിസ്തുദേവന്റെ ഒരു പ്രധാന സന്ദേശം ജീവിതരീതിയാണ് യഥാർത്ഥ മൂല്യം എന്നതാണ്. സ്വന്തം ജീവിതത്തിലൂടെ മാതൃകാപരമായി ഇപ്രകാരം ജീവിച്ച് കുടുംബാംഗങ്ങളെയും സമൂഹത്തേയും ക്രിസ്തീയത എന്താണെന്ന് ജോൺ സാർ പഠിപ്പിക്കുകയായിരുന്നു. ഒരു ക്രിസ്തീയ കുടുംബനാഥന്റെ നേട്ടങ്ങൾ (പ്രോഗ്രസ് റിപ്പോർട്ട്) അദ്ദേഹത്തിന്റെ സന്താനങ്ങൾ ആണ്; അവരുടെ ആത്മീയ, ഭൗതിക ജീവിതവും നേട്ടങ്ങളുമാണ്. ഇന്ത്യൻ ആർമിയിൽ ബ്രിഗേഡിയർ ആയിരുന്ന പരേതനായ എൻജിനീയർ കെ. ജോൺ കുരുവിള, ഓർത്തഡോക്സ് സഭയിലെ മാവേലിക്കര ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ ആയിരുന്ന കാലം ചെയ്ത പൗലൂസ് മാർ പക്കോമിയോസ് തിരുമേനി, തിരുവല്ല പുളിക്കീഴ് വാഴപ്പറമ്പിൽ എൻജിനീയർ വി. എം. കോശിയുടെ ഭാര്യ ഡോക്ടർ സാറാമ്മ, അബുദാബിയിൽ സ്റ്റാൻഡേർഡ് ചാർട്ടേഡ് ബാങ്കിൽ ജോലിയിൽ ഇരുന്ന തോമസ് ജോൺ, കുവൈറ്റ് ഇൻഷുറൻസ് കമ്പനിയിലെ അസി. സി.ഇ.ഒ. ആയ ഉമ്മൻ ജോൺ, അമേരിക്കയിൽ വിർജീനിയാ

യിൽ എൻജിനീയറായ ജോൺ കെ. ജോൺ എന്നീ ആറു മക്കളാണ് ജോൺ സാറിന്റെ നേട്ടങ്ങൾ.

ജോൺ സാറിന്റെ നൂറാം ജന്മദിനാചരണ ഭാഗമായി പ്രസാധനം ചെയ്യുന്ന സ്മാരകഗ്രന്ഥത്തിൽ ഒരു കുറിപ്പ് എഴുതുവാൻ അവസരം തന്ന ചുമതലക്കാരോട് നന്ദി പറയുന്നു. സ്തുത്യർഹമായി ഈലോക ജീവിതം മാതൃകയാക്കി ദൈവകരങ്ങളിൽ എത്തിച്ചേർന്ന എന്റെ കരിയർ ഗുരുവായ ജോൺ സാറിന് നിത്യശാന്തി നേരുന്നതിനൊപ്പം ദൈവസാന്നിദ്ധ്യത്തിൽ തന്റെ പൂർവ്വികരോടൊത്ത് ആഹ്ലാദകരമായി കഴിയുന്നതിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.



# 13

# സഭയെ സ്നേഹിച്ച ഞങ്ങളുടെ കുഞ്ഞച്ചായൻ


## വട്ടശ്ശേരിൽ ഏബ്രഹാം ജോസഫ്

**(റിട്ട. പ്രിൻസിപ്പൽ, ഗവ. മോഡൽ ഹൈസ്ക്കൂൾ, തിരുവനന്തപുരം)**


മാതൃതുല്യം എന്നെ സ്നേഹിച്ചിരുന്ന എന്റെ പ്രിയപ്പെട്ട കൊച്ചമ്മയുടെ (അമ്മയുടെ അനുജത്തി) ഭർത്താവായി വന്ന 'കുഞ്ഞൂഞ്ഞച്ചൻ' എന്നു ഓമനപ്പേരുള്ള കെ. കെ. ജോൺ സാർ (ഞങ്ങളുടെ കുഞ്ഞച്ചായൻ) എനിക്കു പിതൃതുല്യനായിരുന്നു. കർക്കശക്കാരനും ആദർശങ്ങളിൽ നിന്ന് അണുവിട വ്യതിചലിക്കാത്തവനുമായ അച്ചായനെ ആരാധനാപൂർവ്വമാണ് ഞാൻ കണ്ടിരുന്നത്. കർക്കശക്കാരനായിരുന്നെങ്കിലും കുട്ടികളോടു വളരെ സ്നേഹവും വാത്സല്യവുമുണ്ടായിരുന്നു. മദ്ധ്യവേനൽ അവധിക്കാലങ്ങളിൽ കുറിച്ചിയിലെ വീട്ടിൽ സമയം ചെലവഴിച്ചിരുന്ന കാലങ്ങളിൽ ഞാനും അവിടെ എത്തി സന്തോഷങ്ങൾ അനുഭവിച്ചിരുന്നു.

തീക്ഷ്ണമായ സഭാസ്നേഹം മൂലം തന്റെ ഔദ്യോഗിക ജീവിതത്തിന്റെ നല്ലൊരു ഭാഗം, എന്റെ ഓർമ്മ ശരിയാണെങ്കിൽ മൂന്നു വർഷക്കാലം, താബോർ ദയറാ വക പത്തനാപുരത്തുള്ള ഹൈസ്ക്കൂളിൽ സേവനം ചെയ്തു. കുഞ്ഞുങ്ങൾ വളർന്നതോടെ കുടുംബകാര്യങ്ങൾ നോക്കേണ്ടത് അനിവാര്യമായി വന്നപ്പോൾ വീടിനടുത്തുള്ള ഒരു ഗവൺമെന്റ് സ്കൂളിൽ നിയമനം സ്വീകരിച്ചു. അദ്ദേഹം ജോലിയിൽ പ്രവേശിച്ച കാലത്ത് ഗവൺമെന്റ് സർവ്വീസിൽ കടന്നിരുന്നെങ്കിൽ വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിൽ അഡീഷണൽ ഡി.പി.ഐ. ആയിട്ടെങ്കിലും വിരമിക്കാൻ സാധിക്കുമായിരുന്നു. എന്നാൽ സഭവക സ്ഥാപനത്തിന്റെ ഉന്നമനം ആയിരുന്നു അദ്ദേഹത്തിന്റെ പ്രഥമ ലക്ഷ്യം. അതിനാൽ ഒരു ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർ ആയി മാത്രം ഉയരാനേ സാധിച്ചുള്ളു. സർക്കാർ സർവീസിൽ നിന്നു വിരമിച്ചതിനു ശേഷവും സഭയുടെ വക സ്കൂളുകളുടെ ഉന്നമനത്തിനായി കറസ്പോണ്ടന്റായി സേവനം അനുഷ്ഠിച്ചു.

പ്രഗത്ഭനായ അദ്ധ്യാപകൻ, പരിശ്രമശാലിയായ കർഷകൻ, നാട്ടുകാർക്ക് മാർഗ്ഗദർശി, മാതൃകാ കുടുംബനാഥൻ, അചഞ്ചലനായ സഭാവിശ്വാസി എന്നീ നിലകളിൽ കുഞ്ഞച്ചായൻ എല്ലാവർക്കും ആദരണീയനായിരുന്നു. സഭയെ ഇത്ര തീക്ഷ്ണമായി സ്നേഹിച്ചിരുന്ന മറ്റൊരു

വ്യക്തിയെ എനിക്കറിയില്ല. സഭയ്ക്ക് വിപരീതമായോ സഭാമേലദ്ധ്യക്ഷ ന്മാർക്ക് എതിരായോ ആരെങ്കിലും പറയുകയോ പ്രവർത്തിക്കുകയോ ചെയ്താൽ സ്വന്തം ബന്ധുക്കളായിരുന്നാൽപോലും അദ്ദേഹം രൂക്ഷമായി പ്രതികരിക്കുമായിരുന്നു. ഓർത്തഡോക്സ് സഭയോടു കുഞ്ഞച്ചായൻ കാണിച്ച സ്നേഹത്തിന് ആനുപാതികമായ പ്രതികരണം സഭയിൽ നിന്നു അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ടോ എന്ന് ഞാൻ സംശയിക്കുന്നു.

പിൽക്കാലത്ത് ഹൈസ്ക്കൂൾ പ്രഥമാദ്ധ്യാപകരായിത്തീർന്ന എന്നെയും എന്റെ സഹധർമ്മിണിയേയും കുഞ്ഞച്ചായൻ സ്നേഹ ത്തോടും ബഹുമാനത്തോടുമാണ് കണ്ടിരുന്നത്. ആരോഗ്യവാനും കർമ്മ നിരതനുമായിരുന്ന കുഞ്ഞച്ചായന്റെ വേർപാട് എൺപത്തിഒന്നാം വയ സ്സിലായിരുന്നെങ്കിലും അത് ഞങ്ങൾക്ക് ഒരു ആഘാതം ആയിരുന്നു. കുഞ്ഞച്ചായനെക്കുറിച്ചുള്ള സ്നേഹസ്മരണകൾ ഇപ്പോഴും സജീവമായി നിലനില്ക്കുന്നു.



# 14

# അപൂർവ്വങ്ങളിൽ അപൂർവ്വം

## എം. എസ്. സോമൻ

കുറിച്ചി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ ആൺപള്ളിക്കൂടമെന്നും കാവിക്കുന്ന് സ്കൂളെന്നും അറിയപ്പെട്ടിരുന്ന കാലം. എട്ടാം ക്ലാസ് വരെ മാത്രമുണ്ടായിരുന്ന സ്കൂൾ പിന്നീട് ഹൈസ്ക്കൂളായും ഹയർ സെക്കൻഡറി സ്കൂളായും ഉയർത്തപ്പെട്ടു. പല തലമുറകൾക്ക് വിജ്ഞാനം പകർന്നു നൽകിയ ഈ സ്കൂളിൽ ഹെഡ്മാസ്റ്ററായി സേവനമനുഷ്ഠിച്ചവർ നിരവധിയുണ്ട്. അവരോടെല്ലാം കുട്ടികൾക്ക് ബഹുമാനവുമുണ്ട്. എന്നാൽ 1950-കളിലും അറുപതുകളുടെ ആദ്യപകുതിയിലും സ്കൂളിന്റെ പ്രധാനാദ്ധ്യാപക പദവി വഹിച്ചിരുന്ന നെയ്ശേരിയിൽ ജോൺ സാറിനു ലഭിച്ചിരുന്ന സ്നേഹാദരങ്ങൾ മറ്റൊരു ഹെഡ്മാസ്റ്റർക്കും ലഭിച്ചിട്ടില്ല. സാറിന്റെ കാലത്ത് ആൺപള്ളിക്കൂടത്തിൽ പഠിച്ചവർക്കു മാത്രമല്ല, അല്ലാത്തവർക്കും ജോൺ സാർ അവരുടെ ഹെഡ്മാസ്റ്ററാണ്.

ഏറെ ആദരത്തോടെയും സ്നേഹത്തോടെയുമല്ലാതെ നമുക്കു സാറിനെ സ്മരിക്കുവാൻ കഴിയുകയില്ല. ഒരു ദേശത്തിന്റെ മുഴുവൻ സ്നേഹാദരങ്ങൾക്കു പാത്രീഭൂതനാകുവാൻ സാറിനല്ലാതെ മറ്റാർക്കും സാധിച്ചിട്ടില്ല. കുട്ടികളുടെ പഠനകാര്യത്തിൽ സാർ പുലർത്തിയിരുന്ന ജാഗ്രത ഏറെ പ്രസിദ്ധമാണ്. സാർ ഹെഡ്മാസ്റ്ററായിരുന്ന കാലയളവിൽ വൈകി ക്ലാസ്സിൽ വരുന്നതിനോ ക്ലാസ്സ് ബഹിഷ്ക്കരിക്കുന്നതിനോ ഒരു വിദ്യാർത്ഥിയും ധൈര്യപ്പെട്ടിരുന്നില്ല. സ്കൂളിന്റെ പരിപൂർണ്ണമായ അച്ചടക്കം അദ്ദേഹത്തിന്റെ ജീവിതവ്രതമായിരുന്നു. ചൂരൽവടിയും പുറകിൽപ്പിടിച്ച് സാർ ആഫീസ് മുറിയിൽ നിന്നു വരാന്തയിലേക്കിറങ്ങുന്ന മാത്രയിൽത്തന്നെ സ്വിച്ചിട്ടാലെന്നവണ്ണം ക്ലാസ്മുറികൾ നിശ്ശബ്ദമാകുമായിരുന്നു. വിദ്യാഭ്യാസ കാലഘട്ടം ഒരു വ്യക്തിയുടെ സ്വഭാവരൂപവൽക്കരണത്തിനുള്ള കളരിയാണെന്നറിയാമായിരുന്ന അദ്ദേഹം, ഒരു വിദ്യാർത്ഥിയും വഴിതെറ്റിപ്പോകാതിരിക്കുവാനും സൽസ്വഭാവികളായി അവരെ വാർത്തെടുക്കുവാനും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അലസമായി വസ്ത്രധാരണം ചെയ്തുവരുന്നവരെ സാർ ശാസിക്കുമായിരുന്നു. ഷർട്ടിന്റെ എല്ലാ ബട്ടൻസുകളും ഇടാതെ വരുന്നവരും ഷർട്ടിന്റെ കൈ ഭംഗിയായി മടക്കിവയ്ക്കാതെ വരുന്നവരും ഭാവിയിൽ ഉഴപ്പന്മാരായി മാറുമെന്ന് സാർ വിശ്വസിച്ചിരുന്നു. അനാവശ്യമായി ആരേയും സാർ ശിക്ഷിക്കുമായിരുന്നില്ല. എന്നാൽ തെറ്റു ചെയ്യുന്നവരെ ശിക്ഷിക്കുന്നതിൽ അദ്ദേഹം മടി

കാണിച്ചിരുന്നുമില്ല. തന്റെ മക്കളെ തല്ലിയെന്ന പരാതിയുമായി ഒരു രക്ഷിതാവും സ്കൂളിൽ വരുമായിരുന്നില്ല.

കുട്ടികൾക്ക് മാത്രമല്ല, അദ്ധ്യാപകർക്കും ജോൺ സാറിനെ ഭയമായിരുന്നു. കുട്ടികളെന്നപോലെ തന്നെ അദ്ധ്യാപകരും സ്കൂളിൽ വരുന്ന കാര്യത്തിൽ കൃത്യനിഷ്ഠയുള്ളവരായിരിക്കണമെന്ന് അദ്ദേഹം നിഷ്കർഷിച്ചിരുന്നു. എല്ലാ അദ്ധ്യാപകരും ക്ലാസ്സുകൾ ആരംഭിക്കുന്നതിനു മുമ്പു തന്നെ സ്കൂളിലെത്തുവാൻ ശ്രദ്ധിച്ചിരുന്നു. സാറിനെക്കൊണ്ട് അദ്ധ്യാപകർക്കുണ്ടായിരുന്ന ഏക ബുദ്ധിമുട്ടും ഇതായിരുന്നു. ഇതുമൂലം അദ്ധ്യാപകരില്ലാതെ ഒരു ക്ലാസ്സും മുടങ്ങുന്ന സാഹചര്യം ഉണ്ടായിട്ടില്ല. കൃത്യസമയത്ത് സ്കൂളിലെത്തുവാൻ സ്കൂളിനടുത്തുള്ള ചില അദ്ധ്യാപകർ വഴിയിൽ കൂടി വസ്ത്രധാരണം ചെയ്തുവരുമായിരുന്നു. അദ്ധ്യാപകർ ആവശ്യമില്ലാതെ ആഫീസ് മുറിയിൽ ചെല്ലുമായിരുന്നില്ല. എന്നാൽ അദ്ധ്യാപകർക്കുള്ള പരാതികൾ കേൾക്കുന്നതിനും അതു പരിഹരിക്കുന്നതിനും സാർ വിമുഖത കാട്ടിയിട്ടില്ല. താൻ ഹെഡ്മാസ്റ്ററാണെന്ന ഗർവ്വോടെ സഹഅദ്ധ്യാപകരോട് അദ്ദേഹം ഒരിക്കലും പെരുമാറി കണ്ടിട്ടില്ല. അതുകൊണ്ടു തന്നെ അദ്ധ്യാപകർക്ക് സാറിനോട് അതിരറ്റ സ്നേഹമായിരുന്നു. സാറിന്റെ കാലത്തുതന്നെ അപ്പർപ്രൈമറിയിൽ നിന്നു സ്കൂളിനെ ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള പരിശ്രമങ്ങൾ നടത്തിയിരുന്നു. തികഞ്ഞ അർപ്പണബോധം കൊണ്ട് അദ്ധ്യാപകലോകത്ത് ഒരപൂർവ്വ പ്രതിഭാസമായിരുന്ന കെ. കെ. ജോൺ ബി.എ., എൽ.ടി. ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർ ആയിട്ടാണ് സർവ്വീസിൽ നിന്നു വിരമിച്ചത്.

ഒരു വ്യക്തിയുടെ സംസ്കാര സമ്പന്നതയെ വിലയിരുത്തുന്നത് മുഖ്യമായും അയാളുടെ പെരുമാറ്റത്തെ മുൻനിർത്തിയാണ്. ഒരു വ്യക്തിയുടെ പ്രവൃത്തികളുടെ ആകെത്തുകയാണ് അയാളുടെ പെരുമാറ്റമായി മാറുന്നത്. പ്രവൃത്തികൾക്കടിസ്ഥാനം ആ വ്യക്തിയുടെ ചിന്താരീതിയാണുതാനും. ചിന്തയിൽ നിന്നാണ് പ്രവൃത്തിയും പെരുമാറ്റവും രൂപപ്പെടുന്നത്. നല്ല ചിന്തയിൽ നിന്ന് നല്ല പെരുമാറ്റവും മോശമായ ചിന്തയിൽ നിന്ന് മോശം പെരുമാറ്റവും ഉണ്ടാകുന്നു. ഔദ്യോഗിക ജീവിതത്തിൽ നിന്നു വിരമിച്ചതിനുശേഷവും ജോൺ സാർ പൊതുസമൂഹവുമായി ബന്ധപ്പെട്ടാണ് ജീവിച്ചത്. അതുകൊണ്ടു തന്നെ സാറിനെ കാണുവാനും സഹായമഭ്യർത്ഥിക്കാനും ഉപദേശം തേടുവാനുമൊക്കെയായി ധാരാളം സന്ദർശകർ സാറിനുണ്ടായിരുന്നു. സന്ദർശകരിൽ രാഷ്ട്രീയക്കാരും സാംസ്ക്കാരിക പ്രവർത്തകരും വിദ്യാഭ്യാസ വിചക്ഷണരും സമ്പന്നരും ദരിദ്രനുമൊക്കെയുണ്ടായിരുന്നു. സന്ദർശകരോടെല്ലാം അതിഥികളോടെന്നവണ്ണമാണ് പെരുമാറിയിരുന്നത്. തന്നെ കാണാൻ വരുന്നവരെയെല്ലാം അക

ത്തുകയറ്റിയിരുത്തി മാത്രമേ അദ്ദേഹം സംസാരിച്ചിരുന്നുള്ളു. ആരേയും പടിവാതിക്കൽ നിന്നോ തിണ്ണയിൽ നിന്നോ സംസാരിക്കുവാൻ സമ്മതിച്ചിരുന്നില്ല. വലിപ്പച്ചെറുപ്പമില്ലാതെ എല്ലാവരേയും സമന്മാരായി അദ്ദേഹം കരുതിയിരുന്നു. "ഗുരുലഘുഭേദമതിഥികളിൽ പരമോദാരന്മാർ കാന്മീലന്തനം" എന്ന മഹാകവി കുമാരനാശാന്റെ സാരോപദേശം ജീവിതത്തിൽ പകർത്തിയ മഹാത്മാവായിരുന്നു ജോൺ സാർ.

സാറിന്റെ മുമ്പിൽ നാം എത്ര വിനയത്തോടെ പെരുമാറുവാൻ ശ്രമിച്ചാലും അതിലേറെ വിനയാന്വിതനായി മാത്രമേ അദ്ദേഹം നമ്മളോടും പെരുമാറിയിരുന്നുള്ളു. തനിക്കെത്ര തിരക്കുണ്ടെങ്കിലും തന്നെ കാണുവാൻ വരുന്നവരുടെ ആവശ്യങ്ങളും പരാതികളും മുഷിവു കൂടാതെ കേൾക്കുന്നതിനും പരിഹാരമുണ്ടാക്കുന്നതിനും അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. തിരക്കുകൾ ഒരിക്കലും മറ്റുള്ളവരെ അദ്ദേഹം അറിയിച്ചിരുന്നില്ല. ഏറെനേരം സാറുമായി സംസാരിച്ചിരുന്ന് സാറിന്റെ സഹധർമ്മിണി നൽകിയ ചായയും കുടിച്ച് സാർ എഴുന്നേറ്റ് നിന്നു നമ്മെ യാത്രയാക്കുമ്പോൾ സാറിന്റെ പെരുമാറ്റത്തിലെ കുലീനത്വവും സൗരഭ്യവും അനുഭവിച്ചറിഞ്ഞ ഏതൊരാളിന്റെയും മനസ് മന്ത്രിക്കും - ഈ വ്യക്തിത്വം അപൂർവ്വങ്ങളിൽ അപൂർവ്വം തന്നെ എന്ന്.

*(ലേഖകൻ കുറിച്ചി പഞ്ചായത്തിന്റെ മുൻ പ്രസിഡണ്ടാണ്.)*



# 15

# സൗമ്യനും മിതഭാഷിയും

## കെ. ജോർജ്ജ് തങ്കച്ചൻ

(റിട്ട. ഹെഡ്മാസ്റ്റർ, വെണ്ണിക്കുളം)

കെ. കെ. ജോൺ. ഈ നാമധേയം ഏതാനും വർഷങ്ങൾക്കു മുമ്പ് ഓർത്തഡോക്സ് സഭാവക സ്കൂളിലെ അദ്ധ്യാപകർക്കും ജീവനക്കാർക്കും സുപരിചിതമായിരുന്നു. അന്ന് ജോൺ സാറ് കാതോലിക്കേറ്റ് ആൻഡ് എം.ഡി. കോർപ്പറേറ്റ് സ്കൂൾ ഓഫീസ് മാനേജർ ആണ്. അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും വാർഷിക ഇൻക്രിമെന്റും അവധിയും മറ്റും അനുവദിക്കേണ്ടത് മാനേജർ മുഖാന്തരം ആയിരുന്നു. അതുകൊണ്ട് ജീവനക്കാർ ഓഫീസ് പ്രവർത്തനം മനസ്സിലാക്കിയിരുന്നു. ഓഫീസ് മാനേജർ എന്ന നിലയിൽ വളരെ സ്തുത്യർഹമായ പ്രവർത്തനമാണ് അദ്ദേഹം നിർവഹിച്ചത്. കേരള ഗവൺമെന്റിന്റെ വിദ്യാഭ്യാസ വകുപ്പിൽ ഓഫീസറായി ജോലി ചെയ്തിരുന്നതിന്റെ പരിചയം സ്കൂളുകളുടെ നടത്തിപ്പിൽ വളരെ ഉപകരിച്ചു. എന്നാൽ ചില അവസരങ്ങളിൽ പുതുതായി നിയമിക്കപ്പെടുന്ന ചിലരുടെ ശമ്പളം കൃത്യസമയത്ത് ലഭിക്കാതിരുന്നത് അദ്ദേഹത്തെ വേദനിപ്പിച്ചിട്ടുണ്ട്. അതിനു കാരണം വിദ്യാഭ്യാസ വകുപ്പിലെ ചില ഉദ്യോഗസ്ഥരുടെ തെറ്റായ സമീപനമാണ്. ജീവനക്കാരെ സഹായിക്കുന്നതിനു പകരം ഗവ. ഓർഡറുകൾ തെറ്റായി വ്യാഖ്യാനിച്ച് കുഴപ്പങ്ങൾ ഉണ്ടാക്കുന്ന നയമാണ് അവരിൽ ചിലർ സ്വീകരിച്ചിരുന്നത്.

മാതൃകാ കുടുംബനാഥനായിരുന്ന അദ്ദേഹം തന്റെ എല്ലാ മക്കളേയും ദൈവവിശ്വാസത്തിലും ഭക്തിയിലും വളർത്തി, ഉന്നത വിദ്യാഭ്യാസം നൽകി തന്റെ കുടുംബത്തോടുള്ള ഉത്തരവാദിത്വം ഭംഗിയായി നിറവേറ്റി. കറയറ്റ സഭാഭക്തനായിരുന്ന അദ്ദേഹം സഭയ്ക്ക് നൽകിയ മഹത്തായ സംഭാവനയാണ് പ്രഗത്ഭനായ അഭിവന്ദ്യ പൗലോസ് മാർ പക്കോമിയോസ് തിരുമേനി. കൂടാതെ സഭാസ്നേഹികളും ഉറച്ച ദൈവവിശ്വാസികളായ മറ്റു മക്കളേയും. “ആകാത്ത ഫലം കായിക്കുന്ന നല്ല വൃക്ഷമില്ല. ഏതു വൃക്ഷത്തേയും അതിന്റെ ഫലം കൊണ്ട് അറിയാം” എന്ന വേദവാക്യം അന്വർത്ഥമാക്കി (ലൂക്കോസ് 6:14).

അദ്ദേഹം ഒരു ജന്മി ആയിരുന്നെങ്കിലും ജീവിതചര്യകളും പ്രവർത്തനങ്ങളും പെരുമാറ്റങ്ങളും ഒരു സാധാരണക്കാരന്റേത് ആയിരുന്നു. വളരെ കർത്തവ്യബോധവും കൃത്യനിഷ്ഠയുമുള്ള ഒരു ദേഹമായിരുന്നു. വിസ്തൃതമായ തന്റെ പാടശേഖരങ്ങളിൽ അനേകം കർഷകത്തൊഴിലാളികൾ

പണിയെടുക്കുന്ന ദിവസങ്ങളിൽപോലും അവരുടെ മേൽനോട്ടം മുഴുവൻ സമയവും നടത്താതെ, ആരെയെങ്കിലും ആ ചുമതല ഏൽപിച്ചശേഷം കൃത്യസമയത്ത് കോർപ്പറേറ്റ് ഓഫീസിൽ എത്തുമായിരുന്നു. സ്വന്തം താല്പര്യങ്ങൾക്ക് മുകളിലായിരുന്നു സഭാകാര്യം.

വ്യക്തിപരമായ നിലയിൽ എനിക്ക് അദ്ദേഹത്തിൽ നിന്ന് ഒരു പ്രത്യേക പരിഗണന ലഭിച്ചിട്ടുണ്ട്. അത് എന്നും കൃതാർത്ഥതയോടെ സ്മരിക്കുന്നുണ്ട്. വെണ്ണിക്കുളം സെന്റ് ബഹനാൻസ് ഹൈസ്കൂൾ കോർപ്പറേറ്റ് മാനേജ്മെന്റിൽ ലയിക്കുമ്പോൾ ജോൺ സാർ ഓഫീസ് മാനേജരും മാത്യൂസ് മാർ അത്താനാസിയോസ് തിരുമേനി (വട്ടക്കുന്നേൽ) മാനേജരും ആയിരുന്നു. ഞാൻ അന്ന് വെണ്ണിക്കുളം സെന്റ് ബഹനാൻസ് ഹൈസ്കൂൾ സീനിയർ അസിസ്റ്റന്റായിരുന്നു. ഞാൻ വെണ്ണിക്കുളം ഉൾപ്പെട്ട പുറമറ്റം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആയി തെരഞ്ഞെടുക്കപ്പെട്ടതിനുശേഷമാണ് വെണ്ണിക്കുളം ഹൈസ്ക്കൂളിൽ ഹെഡ്മാസ്റ്റർ തസ്തിക ഒഴിവു വന്നത്. സാധാരണരീതിയിൽ പ്രമോഷൻ വരുമ്പോൾ മറ്റൊരു സ്കൂളിലേക്ക് മാറ്റുകയാണ് പതിവ്. എനിക്ക് അങ്ങനെ സംഭവിച്ചാൽ പ്രസിഡന്റ് സ്ഥാനം രാജിവയ്ക്കേണ്ടി വരും. ഗ്രാമവാസികൾ എന്നിൽ വിശ്വാസം അർപ്പിച്ചാണ് എന്നെ തെരഞ്ഞെടുത്തത്. ഈ ബുദ്ധിമുട്ടുകൾ ജോൺ സാറിനെ ബോധ്യപ്പെടുത്തി. അദ്ദേഹം തിരുമേനിയെ വേണ്ട വിധം ധരിപ്പിച്ചതിന്റെ ഫലമായി എനിക്കു വെണ്ണിക്കുളത്തു തന്നെ ഹെഡ് മാസ്റ്ററായി നിയമനം ലഭിച്ചു. സാറിന്റെ പ്രത്യേക താൽപര്യംകൊണ്ടാണ് അതു സാധിച്ചത്.

ലാളിത്യത്തിന്റെ പര്യായമായിരുന്നു ആ ജീവിതം. ഒരു വലിയ മനസ്സിന്റെ ഉടമയായിരുന്ന അദ്ദേഹം മിതഭാഷിയായിരുന്നു. സൗമ്യനായിരുന്നു. സംസാരത്തിലും പെരുമാറ്റത്തിലും പുരാതന കുടുംബത്തിന്റെ കുലീനത ഉണ്ടായിരുന്നു. ഹൃദയശുദ്ധിയുള്ളവനായിരുന്നു. "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ. എന്തുകൊണ്ടെന്നാൽ അവർ ദൈവത്തെ കാണും.'' അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്കു മുമ്പിൽ എന്റെ പ്രണാമം.



# 16

# കുടുംബത്തിന്റെ അഭിമാനസ്തംഭം


## കെ. ജോൺ കുരുവിള
### (കൊല്ലംപറമ്പിൽ, ആലുവാ)


കുറിച്ചി കോലത്തുകളത്തിൽ കുടുംബത്തിന് പൂർവ്വികരാൽ നേടിത്തന്ന യശസ്സിനെ വീണ്ടും ഉയർത്തുന്നതിന് കാരണഭൂതനായ ഞങ്ങളുടെ പ്രിയ കുഞ്ഞൂഞ്ഞച്ചായനെ അദ്ദേഹത്തിന്റെ ജന്മശതാബ്ദിയിൽ (2015 ജനുവരി 14-ന്) സ്മരിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. തന്റെ നാട്ടുകാരാൽ "ജോൺ സാർ" എന്നും മറ്റനേക പ്രിയപ്പെട്ടവരാൽ "കെ. കെ. ജോൺ സാർ" എന്നും കുടുംബാംഗങ്ങളാൽ "കുഞ്ഞൂഞ്ഞച്ചായൻ" എന്നും ബഹുമാനപുരസ്സരം വിളിക്കപ്പെട്ടിരുന്ന സ്മര്യപുരുഷൻ വീട്ടുകാർക്കും നാട്ടുകാർക്കും ദേശത്തിനും അഭിമാനസ്തംഭം തന്നെ ആയിരുന്നു. അദ്ദേഹം കാലയവനികയ്ക്കുള്ളിൽ മറഞ്ഞിട്ട് ഏകദേശം 20 വർഷങ്ങളായി.

എന്റെ പിതാവും സ്മര്യപുരുഷനും സഹോദരപുത്രന്മാർ ആയിരുന്നു. 1945-46 വർഷങ്ങളിൽ കുറിച്ചി മന്ദിരം കവലയ്ക്കു സമീപം എം. സി. റോഡ് അരികിൽ കുടുംബ ഓഹരിയായി ലഭിച്ച അടുത്തടുത്തുള്ള പുരയിടങ്ങളിൽ എന്റെ പിതാവും സ്മര്യപുരുഷനും ഭവനങ്ങൾ പണിത് ഇരു കുടുംബങ്ങളും വളരെ അടുപ്പത്തിൽ കഴിഞ്ഞുപോന്നു. അതിനു മുമ്പുള്ള വർഷങ്ങളിൽ അദ്ദേഹം കോട്ടയത്ത് താമസിച്ച് എം.ഡി. ഹൈസ്ക്കൂളിൽ അദ്ധ്യാപകനായി കഴിഞ്ഞിരുന്നു. ആ സമയങ്ങളിൽ ചുരുക്കമായി മാത്രമേ അദ്ദേഹത്തെ കണ്ടിരുന്നുള്ളു. അതിനാൽ അദ്ദേഹത്തെപ്പറ്റിയുള്ള എന്റെ സ്മരണകൾ 1946 മുതലുള്ളവ മാത്രം. അന്ന് എനിക്ക് 11 വയസ്സും അദ്ദേഹത്തിന് 31 വയസ്സും. അദ്ദേഹം എനിക്ക് പിതൃതുല്യനായിരുന്നെങ്കിലും കാലക്രമേണ ഒരു ഇളയ സഹോദരനോടെന്നവണ്ണം എന്നോട് ഇടപെട്ടിരുന്നെന്ന് മനസ്സിലാക്കുവാനും അതനുസരിച്ച് അദ്ദേഹത്തോടുള്ള സമീപനത്തിൽ കൂടുതൽ മനസ്സ് തുറക്കുവാനും പല കാര്യങ്ങളും അദ്ദേഹത്തിൽ നിന്നു മനസ്സിലാക്കുവാനും സാധിച്ചു. ഈ സ്നേഹബന്ധത്തിന്റെ പരിണതഫലമാകാം ഞാൻ അദ്ദേഹത്തിന്റെ നാലാമത്തെ പുത്രനായ അനിയൻകുഞ്ഞിന്റെ തലതൊട്ടപ്പനായിത്തീർന്നത്. അന്ന് ഞാൻ ഒരു കോളജ് വിദ്യാർത്ഥി, വയസ്സ് 18 മാത്രം.

ഈ കാലത്തിനുള്ളിൽ അദ്ദേഹം കോട്ടയത്തെ ജോലി ഉപേക്ഷിച്ച് ഗവൺമെന്റ് സ്കൂൾ അദ്ധ്യാപകനായി തൊടുപുഴയിലും മറ്റ് ചില സ്ഥലങ്ങളിലും സേവനം ചെയ്തു. അവസാനം കുറിച്ചി ഗവൺമെന്റ് സ്കൂൾ പ്രധാനാദ്ധ്യാപകനായിത്തീർന്നു. അദ്ദേഹം വളരെ പേരെടുത്ത അദ്ധ്യാപകനും ഭരണകർത്താവും ആയിരുന്നു എന്ന് അദ്ദേഹത്തോടൊപ്പം ജോലി നോക്കിയ പലരിൽ നിന്നും വിദ്യാർത്ഥികളായിരുന്ന ചിലരിൽ നിന്നും ഞാൻ മനസ്സിലാക്കിയിരുന്നു. അദ്ധ്യാപകവൃത്തിയിൽ നിന്നു വിരമിച്ചശേഷം ഓർത്തഡോക്സ് സഭ വകയായ സ്കൂളുകളുടെ കറസ്പോണ്ടന്റായി അനേകവർഷം സേവനമനുഷ്ഠിച്ചു. ആ സമയത്ത് ആ സ്കൂളുകൾക്കും അതുപോലെ സ്വന്ത നാട്ടിലെ പല പ്രവർത്തനങ്ങൾക്കും നേതൃത്വം നല്കി പുരോഗമനത്തിന്റെ പാതയിൽ നടത്തിച്ചു എന്നതും സ്വന്തം നാടിനുള്ള സംഭാവനകൾ ആയി കണക്കാക്കാം. അദ്ദേഹത്തിന്റെ ശിഷ്യഗണത്തിൽ ഭാവിയിലെ ചില മെത്രാപ്പോലീത്താമാരും കാതോലിക്കാമാരും ഉണ്ടായിരുന്നു എന്നതും അവരൊക്കെ അദ്ദേഹത്തെ വളരെ ബഹുമാനിച്ചിരുന്നുവെന്നതും സ്മര്യപുരുഷനെ ധന്യനാക്കിത്തീർക്കുന്നു. കുറിച്ചി ഔട്ട്പോസ്റ്റിൽ ഉള്ള സെന്റ്മേരീസ് & സെന്റ് ജോൺസ് പള്ളിയും ഔട്ട്പോസ്റ്റ് കരുനാട്ടുവാല റോഡും കുറിച്ചി ഗവൺമെന്റ് ഹൈസ്കൂളും ഒക്കെ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നാടിനുവേണ്ടി പടുത്തുയർത്തിയ ഓർമ്മസ്തംഭങ്ങളായി നിലകൊള്ളുന്നു.

1946 മുതൽ ഞങ്ങളുടെ രണ്ടു കുടുംബങ്ങളും വളരെ അടുപ്പത്തിൽ തന്നെ കഴിഞ്ഞിരുന്നു. അദ്ദേഹം ജോലി സംബന്ധമായി മറ്റു സ്ഥലങ്ങളിൽ പ്രവർത്തിച്ചിരുന്ന കാലങ്ങളിൽ എന്റെ പിതാവ് തന്റെ മക്കൾക്കൊപ്പം സ്മര്യപുരുഷന്റെ മക്കളുടെ വിദ്യാഭ്യാസ സംബന്ധമായ കാര്യങ്ങളിലും മറ്റും ശ്രദ്ധ ചെലുത്തിയിരുന്നു. ഞങ്ങളുടെ കുടുംബത്തിൽ എട്ടു മക്കളും അദ്ദേഹത്തിന്റെ കുടുംബത്തിൽ 6 മക്കളും ഉണ്ടായിരുന്നു. പ്രായഭേദമെന്യേ ഞങ്ങളെല്ലാം അന്യോന്യം സ്നേഹത്തോടെ ഇടപെടുകയും ചെയ്തിരുന്നു. ഇതിന്റെ പരിണതഫലമാകാം വർഷങ്ങൾ കഴിഞ്ഞും അന്യനാടുകളിൽ വച്ച് സഹോദരങ്ങളെപ്പോലെ ഞങ്ങൾക്ക് കഴിയുവാൻ സാധിച്ചിരുന്നത്. ഈ അടുത്ത കാലത്ത് ലോകത്തിൽ നിന്നും മൺമറഞ്ഞ അദ്ദേഹത്തിന്റെ ആദ്യപുത്രന്മാരായ കുരുവിളേച്ചനും അഭിവന്ദ്യ പക്കോമിയോസ് തിരുമേനിയും (അവറാച്ചനായി ബിഷപ്പ്സ് കോളജിൽ പഠിച്ചിരുന്ന കാലത്ത്) തങ്ങളുടെ കൽക്കത്താ വാസകാലങ്ങളിൽ അന്നവിടെ ജോലി നോക്കിയിരുന്ന ഞാനും എന്റെ കുടുംബവുമായി വളരെ സ്നേഹത്തോടെയും ബഹുമാനത്തോടെയുമാണ് ഇടപെട്ടിരുന്നത്. എന്റെ മക്കൾ രണ്ടുപേർക്കും ഈ “അപ്പാപ്പന്മാർ” പ്രിയങ്കരരായിരുന്നു (2001–ൽ ഞാൻ കുറിച്ചിയിൽ നിന്നും ആലുവായിലേക്ക് താമസം മാറ്റിയതിനു ശേഷം എറണാകുളത്ത് താമസിച്ചിരുന്ന കുരുവിളേച്ചനും കുടുംബവു

മായും ആലുവായിൽ തൃക്കുന്നത്തു സെമിനാരിയിൽ താമസിച്ചിരുന്ന പക്കോമിയോസ് തിരുമേനിയുമായും നല്ല സ്നേഹബന്ധത്തിൽ കഴിയുവാനും സാധിച്ചതിൽ ദൈവത്തെ സ്തുതിക്കുന്നു (അതുപോലെ ജോലിയിൽ നിന്നും വിരമിച്ച 1993-നു ശേഷമുള്ള എന്റെ കുറിച്ചിയിലെ താമസസമയത്ത് കുഞ്ഞൂഞ്ഞച്ചായനും കൊച്ചമ്മയും മറ്റ് മക്കളായ മോൾ (ഡോ. സാറാമ്മ കോശി), തോമ്മാച്ചൻ, അനിയൻകുഞ്ഞ്, കൊച്ചുകുഞ്ഞ് ഇവരുമായും നല്ല ബന്ധത്തിൽ കഴിയുവാൻ സാധിച്ചു. ഇന്നും ഈ സ്നേഹബന്ധങ്ങൾ അന്യൂനം നിലനിർത്തുവാൻ സാധിക്കുന്നത് കുഞ്ഞൂഞ്ഞച്ചായനും കൊച്ചമ്മയും ഞങ്ങളെ അതുപോലെ സ്നേഹിക്കുകയും കരുതുകയും ചെയ്തതിനാലാണ്.

എന്റെ പിതാവ് 1958-ൽ 54-ാം വയസ്സിൽ ആകസ്മികമായി ഈ ലോകത്തോട് വിട വാങ്ങി. അന്നുമുതൽ സ്മര്യപുരുഷൻ ഞങ്ങളുടെ കുടുംബകാര്യങ്ങളിൽ ഒരു പിതാവിന്റെ സ്ഥാനത്തുനിന്ന് വേണ്ടതെല്ലാം ചെയ്യുമായിരുന്നു. അതിനാൽ ഞങ്ങളുടെ കുടുംബാംഗങ്ങളെല്ലാവരും അദ്ദേഹത്തെ വളരെ ബഹുമാനത്തോടും സ്നേഹവായ്പ്പോടുമാണ് കരുതിയിരുന്നത്. ഞാൻ 1956 മുതൽ 1993 വരെ ജോലി സംബന്ധമായി അന്യനാടുകളിൽ ആയിരുന്നതിനാൽ ആണ്ടിലൊരിക്കൽ അവധിയിൽ വരുമ്പോൾ മാത്രമാണ് ഈ സ്നേഹബന്ധം കൂടുതൽ അനുഭവിച്ചിരുന്നത്. ജോലിയിൽ നിന്നും വിരമിച്ച് നാട്ടിൽ വന്ന് സ്മര്യപുരുഷന്റെ അയൽക്കാരനായി താമസം തുടങ്ങിയത് മുതൽ അദ്ദേഹത്തിന്റെയും കൊച്ചമ്മയുടെയും വേർപാട് വരെയുള്ള കാലമായിരുന്നു ഞങ്ങളുടെ സ്നേഹബന്ധത്തിന്റെ ഊഷ്മളഭാവം അനുഭവിക്കുവാൻ സാധിച്ചത്. എല്ലാ ദിവസവും തന്നെ ഞങ്ങൾ അവരെ സന്ദർശിക്കുമായിരുന്നു. മിക്കവാറും ആഴ്ചയിൽ രണ്ടു തവണ എങ്കിലും തിരികെയുള്ള സന്ദർശനവുമുണ്ടായിരുന്നു. ഏതെങ്കിലും ദിവസം ഞങ്ങൾ അങ്ങോട്ട് പോയിട്ടില്ലെങ്കിൽ തീർച്ചയായും അടുത്ത ദിവസം തിരക്കി വരും. ഞാൻ ജോലിയിൽ നിന്നും വിരമിച്ച് വരുമ്പോൾ എന്റെ വീട് ചില അറ്റകുറ്റപ്പണികൾക്കായി പകുതി പൊളിച്ചിട്ടിരിക്കുക ആയിരുന്നു. റോഡിൽ നിന്നുള്ള ഗേറ്റും പൊളിച്ചിട്ടിരുന്ന രീതിയിൽ തന്നെ. അദ്ദേഹം തന്റെ ഗാരേജ് വൃത്തിയാക്കി എനിക്കു കാറിടുവാൻ തന്നു. അങ്ങനെ ദിവസവും കാറെടുക്കുവാനും തിരികെ ഇടുവാനുമായി രണ്ടു തവണ പോകുന്നത് പിന്നീട് ദിവസവുമുള്ള സന്ദർശനമായിത്തീർന്നു. 1993 ഡിസംബറിൽ എന്റെ മാതാവ് രോഗാതുരയായി കോഴഞ്ചേരി മുത്തൂറ്റ് ആശുപത്രിയിൽ പോകുകയും അവിടെ നിന്നു എറണാകുളം ലിസി ആശുപത്രിയിലേക്ക് പോകുകയും അവിടെവച്ച് മരിക്കുകയും അതിനുശേഷം വീട്ടിൽ കൊണ്ടുവരികയും ശവസംസ്ക്കാരവും മരണാനന്തര ചടങ്ങുകൾ എല്ലാം ഭംഗിയായി നിർവഹിക്കുകയും ചെയ്തു. അപ്പോഴെല്ലാം കുടുംബത്തിലെ കാരണവരായി എല്ലാ കാര്യങ്ങളിലും

വേണ്ടതുപോലെ പ്രവർത്തിക്കുകയുമൊക്കെ ചെയ്തത് സ്മര്യപുരുഷനായിരുന്നു. അദ്ദേഹവും എന്റെ മാതാവും ഏതാണ്ട് സമപ്രായക്കാരായിരുന്നു (ഏകദേശം 80 വയസ്സ്). എങ്കിലും ചേടത്തി എന്ന സ്ഥാനത്തു എന്റെ മാതാവിനെ ബഹുമാനത്തോടെയാണ് അദ്ദേഹം കരുതിയിരുന്നത്. അതിനുശേഷം രണ്ടു വർഷം തികയുന്നതിനു മുമ്പ് 1995 ഓഗസ്റ്റിൽ അദ്ദേഹം രോഗാതുരനായി കാരിത്താസ് ആശുപത്രിയിലേക്ക് പോകുമ്പോൾ യാത്ര അയയ്ക്കുവാനും പിന്നീട് അദ്ദേഹത്തിന്റെ അന്ത്യസമയത്ത് പുത്രനായ തോമ്മാച്ചനോടൊപ്പം ആശുപത്രിയിൽ നില്ക്കുവാനും പിന്നീടുള്ള എല്ലാ ചടങ്ങുകൾക്കും സാക്ഷി ആകുവാനും എനിക്ക് സാധിച്ചത് ഇന്നും ഓർക്കുന്നു. അദ്ദേഹത്തിന്റെ ശവസംസ്ക്കാരം കുറിച്ചിയിൽ എന്റെ ഓർമ്മയിലെ ഏറ്റവും വലിയ ചടങ്ങായിരുന്നു. പന്ത്രണ്ട് മെത്രാപ്പോലീത്താമാർ, ഏകദേശം 80 വൈദികർ, ആയിരക്കണക്കിന് ജനങ്ങൾ ഒക്കെ പങ്കെടുത്ത ആ സംസ്ക്കാര ശുശ്രൂഷ ഇന്നും മനസ്സിൽ നിറഞ്ഞു നില്ക്കുന്നു. മറ്റനേകം കാര്യങ്ങൾ ഓർമ്മയിലുണ്ടെങ്കിലും എഴുതുന്നില്ല.

അദ്ദേഹത്തിൽ നിന്നു ഞാൻ മനസ്സിലാക്കിയ ചില ജീവിത പ്രമാണങ്ങൾ ചുരുക്കമായി കുറിക്കട്ടെ.

1. എല്ലാ കാര്യങ്ങളിലും സത്യസന്ധത പാലിക്കുക.
2. സംസാരത്തിൽ മാന്യത പുലർത്തുക
3. നീതിബോധത്തോടെ എല്ലാ കാര്യങ്ങളിലും ഇടപെടുക.
4. രഹസ്യങ്ങൾ സൂക്ഷിക്കേണ്ട ആവശ്യമുള്ളപ്പോൾ അവ പരസ്യപ്പെടുത്താതിരിക്കുക.
5. വൃത്തിയായ വസ്ത്രരീതി പാലിക്കുക.
6. മിതമായി ചിലവിടുക.
7. പൊതുകാര്യങ്ങളിൽ ഇടപെടുമ്പോൾ സ്വന്ത കാര്യം പോലെ ആവശ്യത്തിനു മാത്രം ചിലവിടുക.
8. നില്ക്കുന്ന സഭയോടും വിശ്വാസത്തോടുമുള്ള കൂറ് പാലിക്കുക.
9. മറ്റുള്ളവരെ സഹായിക്കാവുന്ന രീതിയിൽ സഹായിക്കുക.
10. ബഹുമാനിക്കേണ്ടവരെ ബഹുമാനിക്കുക.

ഇതിനും പുറമെ അദ്ദേഹം ഒരു വലിയ കുടുംബസ്നേഹി ആയിരുന്നു. സഹോദര കുടുംബങ്ങളായ കല്ലാശ്ശേരി, കോലത്തുകളത്തിൽ, പുത്തൻപുരയ്ക്കൽ എന്നീ 3 ശാഖകളും ഒന്നായി നില്ക്കണമെന്ന് അദ്ദേഹം

ആഗ്രഹിക്കുകയും വിശാലമായ ഒരു കുടുംബയോഗം ആരംഭിക്കുന്നതിനു വളരെ ശ്രമിക്കുകയും ചെയ്തു. അതിനുവേണ്ടി കോലത്തുകളത്തിൽ കുടുംബത്തിന്റെ മാത്രമായ കുടുംബയോഗം തുടങ്ങുന്നതിൽ വിമുഖത കാണിക്കുകയും ചെയ്തു. ഈ ആഗ്രഹം സഫലീകരിക്കാതെ പോകുകയും അദ്ദേഹത്തിന്റെ മരണശേഷം പിൻതലമുറ ഒരു പ്രാവശ്യം കൂടി വിശാല കുടുംബയോഗത്തിന് ശ്രമിക്കുകയും നടക്കാതെ വന്നതിനാൽ കോലത്തുകളത്തിൽ കുടുംബയോഗത്തിന്റെ ആദ്യ രക്ഷാധികാരിയായി സ്മര്യപുരുഷന്റെ പുത്രനായ പൗലൂസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

സ്മര്യപുരുഷനെ ഞങ്ങളുടെ കുടുംബത്തിന്റെ അഭിമാനസ്തംഭമായി തന്ന സർവേശ്വരനോട് നന്ദി ചൊല്ലിക്കൊണ്ടും അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേർന്നുകൊണ്ടും അദ്ദേഹത്തിന്റെ ജന്മശതാബ്ദിയിൽ പ്രസിദ്ധീകരിക്കുന്ന ഈ പുസ്തകത്തിൽ രണ്ടു വാക്ക് എഴുതുവാൻ ലഭിച്ച ഈ അവസരത്തെ ഒരു ഭാഗ്യമായി കരുതിക്കൊണ്ടും വിരമിക്കുന്നു.



# 17

# എല്ലാവർക്കും സ്വീകാര്യനായ സത്യസന്ധൻ

## കെ. സി. ജോർജ് വെണ്ണിക്കുളം

ഞാൻ 1943–ലാണു ജോൺ സാറിനെ പരിചയപ്പെടുന്നത്. ശാസ്താം കോട്ട സ്കൂളിൽ നിന്ന് ഓണഅവധിക്കു ഞാൻ വീട്ടിലേക്ക് മടങ്ങുകയായിരുന്നു. തിരുവല്ലായിൽ എത്തിയപ്പോൾ തോമ്മാ മാർ ദീവന്നാസ്യോസ് തിരുമേനിയെ കാണണമെന്ന് ആഗ്രഹമുണ്ടായതിനാൽ ബഥനി അരമനയിലേക്കു പോയി. അവിടെ തിരുമേനി അരമന ഹാളിൽ ഇരിക്കുകയായിരുന്നു. ചുറ്റും പല വൈദികരും വൈദിക പ്രമുഖരും നില്ക്കുന്നുണ്ടായിരുന്നു. ഞാൻ തിരുമേനിയുടെ കൈ മുത്തിയശേഷം മാറി നിന്നു. ഉടനെ ഒരു വൈദികൻ മുമ്പോട്ടു വന്ന് തിരുമേനിയോട് പറഞ്ഞു "ബേബിക്കു സുറിയാനി നമസ്ക്കാരവും എക്കാറയും നല്ലതുപോലെ അറിയാം."

തിരുമേനി ഉടനെതന്നെ ശെമ്മാശ്ശനെ വിളിച്ച് ലറ്റർപാഡ് കൊണ്ടുവരുവാൻ ആവശ്യപ്പെട്ടു. പത്തനാപുരം താബോർ ദയറാ സുപ്പീരിയർക്ക് ഒരു കല്പന പറഞ്ഞുകൊടുത്തു. "ബേബിയെ അങ്ങോട്ട് അയയ്ക്കുന്നു. പത്തു ദിവസം കൊണ്ട് എക്കാറ ശരിയായിട്ടു പഠിച്ചുകൊള്ളണം. ഇവന് ഭക്ഷണത്തിന് മീൻ വാങ്ങിക്കൊടുക്കണം."

ഞാൻ കല്പനയുമായി നേരെ എന്റെ വീട്ടിലേക്ക് പോയി. അടുത്ത ദിവസം രാവിലെ പത്തനാപുരത്തിന് തിരിച്ചു. 10 മണിയോടെ അവിടെ എത്തി, കല്പന സുപ്പീരിയർ അച്ചനെ ഏല്പിച്ചു. അച്ചൻ ഉടനെ സ്വീകരണമുറിയിലുള്ള മണി അടിച്ചു. മണിയുടെ ശബ്ദം കേട്ട ഉടനെതന്നെ ആശ്രമസ്ഥർ എത്തി. അച്ചൻ കല്പന വായിച്ചു. തുടർന്ന് അവരുടെ അറിവ് എത്രമാത്രമുണ്ടെന്ന് ഞാൻ പരിശോധിച്ചു. അവരിൽ കൂടുതൽ അറിവുള്ളത് "കുഞ്ഞോമ്മാ" ശെമ്മാശ്ശനായിരുന്നു (കാലം ചെയ്ത ദിദിമോസ് വലിയ ബാവാ). ഉച്ചയ്ക്കുശേഷം കൂടാനായി പിരിഞ്ഞു.

ഒന്നുരണ്ടു ദിവസം നാലു മണിക്കു ശേഷം ഞാൻ ആശ്രമം വക സ്കൂളിന്റെ വരാന്തയിൽ കൂടി നടക്കുകയായിരുന്നു. ഒരു ദിവസം നടക്കുമ്പോൾ ഒരു ചെറുപ്പക്കാരൻ സ്കൂളിനടുത്തുള്ള ഒരു മരച്ചുവട്ടിൽ ഇരുന്ന് എന്തോ വായിക്കുന്നതു കണ്ടു. ആരാണെന്നും എന്താണെന്നും ചോദിക്കാമെന്ന് കരുതി ഞാൻ അടുത്തു ചെന്നു. അപ്പോൾ അദ്ദേഹം

പറഞ്ഞു. "പേര് കെ. കെ. ജോൺ. കുറിച്ചിയിലാണ് എന്റെ വീട്. എൽ.റ്റി. പാസ്സായിക്കഴിഞ്ഞപ്പോൾ ഈ സ്കൂളിൽ നിന്ന് ഒരു ഓഫർ വന്നു. അതു ഞാൻ സ്വീകരിച്ചു. ഇവിടെ ജോലി ചെയ്യുകയാണ്." മറ്റു പല കാര്യങ്ങളും സംസാരിച്ച് ഞങ്ങൾ പിരിഞ്ഞു. രണ്ടു ദിവസം കൂടെ അദ്ദേഹം അവിടെ താമസിച്ചു. പിന്നീട് അവധി ആയതിനാൽ കുറിച്ചിക്കു പോയി. പിന്നെ ദീർഘനാൾ ഞാൻ അദ്ദേഹത്തെ കണ്ടിട്ടില്ല.

വർഷങ്ങൾ കഴിഞ്ഞു. വെണ്ണിക്കുളം ഹൈസ്ക്കൂൾ സംബന്ധമായ ഒരു പ്രശ്നമുണ്ടായി. അന്ന് മാനേജരായിരുന്ന വ്യക്തി, സ്കൂൾ അദ്ദേഹത്തിന്റെ സ്വന്തമാണെന്ന് വാദിച്ചു. പള്ളിക്കാരുമായി തർക്കം തുടങ്ങി. വട്ടശ്ശേരിൽ തിരുമേനി ഇവിടെ എത്തി കാര്യങ്ങൾ കേട്ടശേഷം തീരുമാനമെടുക്കാൻ ഗീവറുഗീസ് ദ്വിതീയൻ ബാവായെ ചുമതലപ്പെടുത്തി. അദ്ദേഹം ആ വ്യക്തിയുടെ മരണം വരെ മാനേജരായി തുടരുവാൻ കല്പന കൊടുത്തു. എന്നാൽ കുറെ കഴിഞ്ഞപ്പോൾ ആ വ്യക്തി സ്കൂളും സ്ഥലവും അദ്ദേഹത്തിന്റെ മകന് തീറാധാരം എഴുതി കൊടുത്തു. വീണ്ടും കലഹം ആരംഭിച്ചു. അന്ന് ഇടവക വികാരി അടങ്ങപ്രത്തു ബഹനാൻ അച്ചൻ ആയിരുന്നു. അച്ചൻ ഡിപ്പാർട്ടുമെന്റിനെ സമീപിച്ച് രണ്ടാഴ്ച്ചക്കകം മാനേജർ സ്ഥാനം ഒഴിയണമെന്നും അല്ലാത്തപക്ഷം സ്കൂളിന്റെ അംഗീകാരം പിൻവലിക്കുമെന്നും വിധി സമ്പാദിച്ചു.

പിന്നീട് ഇതേച്ചൊല്ലി തർക്കം ആരംഭിച്ചു. ഇടവക മെത്രാപ്പോലീത്താ വെല്ലൂർ ആശുപത്രിയിൽ ആയിരുന്നതിനാൽ വട്ടക്കുന്നേൽ മാത്യൂസ് മാർ അത്താനാസ്യോസ് (മാത്യൂസ് പ്രഥമൻ ബാവാ) തിരുമേനിയെ കാര്യങ്ങൾ പറഞ്ഞു തീർക്കുവാൻ നിയോഗിച്ചു. തിരുമേനി പള്ളിയിൽ വന്നപ്പോൾ കൂടെ കെ. കെ. ജോൺ സാർ പ്രധാന ഉപദേഷ്ടാവായിരുന്നു. അന്ന് ഞങ്ങൾ പഴയ പരിചയം പുതുക്കി. അന്ന് പൊതുയോഗത്തിൽ ജോൺ സാർ സ്വീകരിച്ച നിലപാട് എല്ലാവരാലും മുക്തകണ്ഠം പ്രശംസിക്കപ്പെട്ടു. സ്കൂൾ സഭയ്ക്ക് വിട്ടുകൊടുക്കുവാൻ പൊതുയോഗം തീരുമാനിച്ചു. അപ്പോൾ "ഉടനെ ഒന്നും ഞങ്ങൾ എടുക്കുന്നില്ല. എല്ലാ കാര്യങ്ങളും പരിശോധിച്ചശേഷമേ അന്തിമ തീരുമാനം എടുക്കുകയുള്ളു" എന്ന് ജോൺ സാർ പറഞ്ഞു. ജോണിയുടെ അഭിപ്രായമാണു ശരി എന്നു തിരുമേനി പറഞ്ഞു. ഇത്രയും ആമുഖമായി പറഞ്ഞത് ജോൺ സാറിനെ പരിചയപ്പെടുത്തുവാൻ വേണ്ടിയാണ്.

Simple living and High thinking അദ്ദേഹത്തിൽ ഞാൻ ദർശിച്ചു. സഹജീവികളെ സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യുക എന്നത് അദ്ദേഹത്തിന്റെ സ്വഭാവമായിരുന്നു. ഞങ്ങളുടെ സംഭാഷണത്തിന്റെ ഫലമായി ജോൺ സാറിനെക്കുറിച്ച് വലിയ മതിപ്പ് ഉണ്ടാകുവാൻ കാരണമായി.

സഭയോടുള്ള സ്നേഹം, സമസൃഷ്ടങ്ങളോടുള്ള സമീപനം ഇവയ്ക്കെല്ലാം സാർ തന്റെ ജീവിതത്തിൽ മുൻതൂക്കം കൊടുത്തിരുന്നു.

അവസാനം സ്കൂൾ സഭയ്ക്കു വിട്ടുകൊടുക്കുവാൻ തീരുമാനിച്ചു. വട്ടക്കുന്നേൽ തിരുമേനിയും ജോൺ സാറും സ്കൂളിൽ എത്തിച്ചേർന്നു. അങ്ങനെ ആധാരം എഴുതി റജിസ്റ്റർ ചെയ്തു തിരുമേനിയെ ഏല്പിച്ചു. അന്ന് അവിടെ കൂടിയ എല്ലാവരും ജോൺ സാറിനെ മുക്തകണ്ഠം പ്രശംസിച്ചു.

1965-ൽ ഞാൻ ഹെഡ്മാസ്റ്ററായി. വട്ടക്കുന്നേൽ തിരുമേനി മാനേജരും ജോൺ സാർ ഓഫീസ് മാനേജരും ആയിരുന്നു. അവധി ദിവസങ്ങളിൽ ഞാൻ കോട്ടയത്ത് ഓഫീസിൽ എത്തും. ജോൺ സാർ അവിടെ ഉണ്ടായിരിക്കും. സ്കൂൾ സംബന്ധമായ പല തീരുമാനങ്ങൾ എന്നെ വായിച്ച് കേൾപ്പിക്കും. നീതിപൂർവ്വമായ തീരുമാനങ്ങൾ മാത്രമേ ജോൺ സാർ എടുത്തിരുന്നുള്ളു. പലപ്പോഴും ഞങ്ങൾ തിരിച്ചു പോരുന്നതു ഒരുമിച്ചായിരിക്കും. ടിക്കറ്റ് നേരത്തെ എടുക്കും. എനിക്കും കുറിച്ചി വരെ. നേരത്തെ വീട്ടിൽ ചെന്നാൽ ഏതു സമയമായാലും എന്തെങ്കിലും കഴിപ്പിക്കാതെ വിടുകയില്ല. “കൊച്ചമ്മ” ആ കാര്യത്തിൽ ഒട്ടും പിശുക്കു കാണിച്ചിരുന്നില്ല.

സത്യസന്ധത സാറിന്റെ കൈമുതലായിരുന്നു. ഏതെങ്കിലും വ്യക്തി അരോപണവുമായി വന്നാൽ അന്വേഷിച്ച് സത്യസന്ധമായ തീരുമാനമെടുക്കും. സ്കൂളിലെ ആവശ്യത്തിന് സഭയുടെ പണം ചെലവാക്കുന്നതിന് താല്പര്യമില്ലായിരുന്നു. ഏതോ ഒരു വ്യക്തി സ്കൂൾ ജോലിക്കായി സാറിനെ സമീപിച്ചു. ഒരു മുറി കൂടെ പണിതെങ്കിലെ ഒരദ്ധ്യാപകന് ജോലി കൊടുക്കുവാൻ സാധിക്കയുള്ളു. 1000/- രൂപ വേണ്ടി വരുമെന്ന് സാർ പറഞ്ഞു. അത് ഒരു വലിയ തുകയാണെന്ന് അയാൾ പറഞ്ഞു. താൻ തന്നെ നേരിട്ട് പണിയിച്ചു കൊള്ളുകയെന്ന് സാർ നിർദ്ദേശിച്ചു. പണി തീർത്തു വന്ന് രണ്ടായിരം രൂപാ ചെലവായി എന്ന് അയാൾ അറിയിച്ചു.

ഏതു കാര്യത്തെക്കുറിച്ചും പരാതി വന്നാൽ അന്വേഷണത്തിനു ശേഷമേ നടപടി എടുത്തിരുന്നുള്ളു. പലപ്പോഴും നമ്മൾ കേൾക്കുന്ന കാര്യങ്ങൾ ശരിയായിരിക്കണമെന്നില്ല. നമുക്കു നീലേശ്വരത്തിനടുത്ത് കോട്ടമല എന്ന ഒരു സ്കൂൾ ഉണ്ട്. അവിടെ ഹെഡ്മാസ്റ്റർ ഒരു അച്ചനാണ്. അദ്ധ്യാപകരും ഹെഡ്മാസ്റ്ററും തമ്മിൽ പല പ്രശ്നങ്ങൾ ഉണ്ടായി. രണ്ടു കൂട്ടരും പരാതി എഴുതി മാനേജ്മെന്റിനു അയയ്ക്കുക എന്നത് പതിവായി. അവസാനം ഇതിന്റെ സത്യാവസ്ഥ അറിയുവാൻ ജോൺ സർ നിശ്ചയിച്ചു. എന്നെയും ഡി.ഇ.ഒ. ജോൺ മാത്യുവിനെയും പി. എം.

പീലിപ്പോസ് അച്ചനേയും ഒരു കമ്മീഷനായി അവിടേക്കു അയച്ചു. അന്വേഷണത്തിൽ, അദ്ധ്യാപകരുടെ നിലപാട് ശരിയാണെന്ന് ഞങ്ങൾക്ക് ബോധ്യമായി. ഈ തീരുമാനമെടുത്ത ജോൺ സാറിനെ ഞങ്ങൾ അഭിനന്ദിച്ചു. സ്കൂൾ കാര്യങ്ങളിൽ മാത്രമല്ല, ഇടവകക്കാര്യങ്ങളിലും ജോൺ സാർ മുൻപന്തിയിലുണ്ടായിരുന്നു.

എന്തുകൊണ്ടും ദൈവാനുഗ്രഹം ലഭിച്ച ഒരു മനുഷ്യനായിരുന്നു ജോൺ സാർ. ദൈവം 5 ആൺമക്കളെയും ഒരു മകളേയും സാറിനു നൽകി. ദൈവാനുഗ്രഹത്താൽ എല്ലാവരും നല്ല നിലയിൽ. പൗലോസ് മാർ പക്കോമിയോസ് തിരുമേനി ബഥനി ആശ്രമത്തിൽ അംഗമായി ചേരുകയും, ഒരു ഉത്തമ സന്യാസിയായി തീരുകയും ചെയ്തതിൽ ഒരു പിതാവിനുള്ള സന്തോഷം എത്രമാത്രം ഉന്നതമാണെന്ന് ഊഹിക്കാമല്ലോ. കർമ്മധീരനായിരുന്ന പക്കോമിയോസ് തിരുമേനി അങ്കമാലി, ഇടുക്കി ഭദ്രാസന മെത്രാപ്പോലീത്തായായും അവസാനം മാവേലിക്കര ഭദ്രാസന മെത്രാപ്പോലീത്തായായും ശോഭിച്ചു. പുതിയ ഭദ്രാസനാ സ്ഥാനത്ത് ഒരു ചാപ്പൽ, ഓഡിറ്റോറിയം, താമസ സൗകര്യമുള്ള മുറികൾ അടങ്ങുന്ന ഒരു ഭവന സമുച്ചയം എന്നിവ ചുരുങ്ങിയ കാലയളവിൽ നിർമ്മിച്ച ശേഷമാണ് കാലം ചെയ്തത്.



# 18

# ഉത്തമനായ എന്റെ ഗുരുനാഥൻ

## ഫാദർ കെ. എം. മാത്യു കുളക്കാട്ടുശ്ശേരിൽ

നെയ്ശ്ശേരിൽ കെ. കെ. ജോൺ സാർ, ഞാൻ മാതൃകയാക്കിയ ഒരു ആരാധ്യപുരുഷനായിരുന്നു. വളരെക്കാലം സാർ സ്വന്ത സ്ഥലമായ കുറിച്ചി ഗവ. ഹൈസ്കൂളിലെ പ്രധാനാദ്ധ്യാപകനായി സേവനം അനുഷ്ഠിച്ചു. കുറിച്ചിയുടെ സമഗ്രമായ വികസനവും പുരോഗതിയും ലക്ഷ്യമാക്കി, അതിനുവേണ്ടി ഉന്നതസ്ഥാനങ്ങൾ ഉപേക്ഷിച്ച് മിഡിൽ സ്കൂളിലെ ജോലിയിൽ തന്നെ അദ്ദേഹം ശ്രദ്ധ കേന്ദ്രീകരിച്ചു. കുറിച്ചിയിലെ ആ പുരാതന വിദ്യാലയത്തെ ദേശത്തിന്റെ പ്രകാശഗോപുരമാക്കാനായി അദ്ദേഹത്തിന് സാധിച്ചു. ജോൺ സാറിന്റെ സേവനകാലത്തു കുറിച്ചി സ്കൂൾ അച്ചടക്കത്തിന്റെ കാര്യത്തിൽ ഒന്നാംസ്ഥാനത്തായിരുന്നു താനും.

കുറിച്ചി ഗവ. മിഡിൽ സ്കൂളിൽ പഠിക്കുമ്പോൾ ആരംഭിച്ച ഗുരുശിഷ്യബന്ധം സാറിന്റെ മരണം വരെ അഭംഗം തുടരുന്നതിന് എനിക്കു സാധിച്ചത് ഒരു ഭാഗ്യമായി കരുതുന്നു. എന്റെ പ്രധാനാദ്ധ്യാപകനായിരുന്ന കാലത്ത് ഗുരുവിനോട് അനല്പമായ ബഹുമാനവും അതിലുപരി ഭയവും ഉണ്ടായിരുന്നു. ശിഷ്യഗണത്തോട് ഗുരുവിന് കലർപ്പില്ലാത്ത സ്നേഹവും കരുതലും ഉണ്ടായിരുന്നു. എന്നാൽ ആ സ്നേഹം പുറമെ കാണിക്കാതെ, ആവശ്യമുള്ളപ്പോൾ അവരെ ശാസിക്കുന്നതിനും അദ്ദേഹം മടി കാണിച്ചിട്ടില്ല. കുറിച്ചി പ്രദേശത്തെ മിക്ക കുട്ടികളെയും സാറിനു വ്യക്തിപരമായി അറിയാമായിരുന്നു. കുട്ടികളുടെയും രക്ഷിതാക്കളുടെയും പേര് സാറിന്റെ ഓർമ്മയിൽ ഉണ്ടാകും. നല്ല ഓർമ്മശക്തിയുടെ ഉടമയായിരുന്ന ആ ഗുരുനാഥന് ഒരു വിദ്യാർത്ഥിയെ കാണുന്ന മാത്രയിൽ തന്നെ, അവന്റെ പൂർണ്ണചിത്രം മനസ്സിൽ തെളിയും. ജീവിതത്തിന്റെ നാനാ തുറകളിൽപ്പെട്ടവർ – സർക്കാർ ഉദ്യോഗസ്ഥന്മാർ, കർഷകർ, രാഷ്ട്രീയക്കാർ വൈദികശ്രേണിയിൽപ്പെട്ടവർ ഇങ്ങനെ പലരും. തന്റെ ശിഷ്യന്മാരെ വളരെക്കാലത്തിനുശേഷം കാണുമ്പോഴും അവരെ പേരു ചൊല്ലി വിളിക്കുന്നതിനും കുശലങ്ങൾ അന്വേഷിക്കുന്നതിനും സാറിനു സാധിച്ചിരുന്നു.

വൈദിക വിദ്യാഭ്യാസ രംഗത്തേക്ക് പ്രവേശിക്കുന്നതിനുള്ള ഉത്തേജനം, സാർ എനിക്കു നൽകിയിരുന്നതിനാൽ എന്റെ നന്ദിയും കടപ്പാടും വർദ്ധിക്കുന്നു. സെമിനാരി പഠനകാലത്ത് എന്നെ സസൂക്ഷ്മം നിരീക്ഷിച്ചു. ആവശ്യമുള്ളപ്പോൾ നല്ല ഉപദേശങ്ങൾ തരുന്നതിനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. ജോൺ സാർ, കാതോലിക്കേറ്റ് ആൻഡ് എം.ഡി. സ്കൂളു

കളുടെ ഓഫീസ് മാനേജർ ആയിരുന്ന കാലത്ത്, സാറിന്റെ ചുമതലയിലുള്ള ഒരു സ്കൂളിലെ അദ്ധ്യാപകനായി ശിഷ്യനായ എന്നെ നിയമിച്ചത് കൃതജ്ഞതാപൂർവ്വം ഓർക്കുന്നു. വളരെ വലിയ ചുമതലകളും ഉത്തരവാദിത്വങ്ങളും ഉള്ളപ്പോഴും തന്നെ കാണുവാൻ ചെല്ലുന്നവരോട് വളരെ സൗമ്യമായും സ്നേഹമസൃണമായും അദ്ദേഹം ഇടപെട്ടിരുന്നു. വേദനയോടും ദുഃഖത്തോടും വരുന്നവർ ആശ്വാസത്തോടും ധൈര്യത്തോടും കൂടി മടങ്ങിപ്പോകുന്നത് ഞാൻ കണ്ടിട്ടുണ്ട്. ആരുടെയും കണ്ണീരൊപ്പുന്നതിനുള്ള ഒരു പ്രത്യേക സിദ്ധി സാറിനുണ്ടായിരുന്നു. ആവലാതികളുമായി വരുന്നവർക്ക് ആശ്വാസവചസ്സു മാത്രമല്ല, നിയമത്തിനുള്ളിൽ നിന്ന് ചെയ്യാവുന്ന സഹായങ്ങളും ചെയ്യുമായിരുന്നു. ഒരു പ്രാവശ്യമെങ്കിലും സാറിനോട് സംസാരിക്കുന്നവർ ഒരിക്കലും അദ്ദേഹത്തെ വിസ്മരിക്കയില്ല. ആരേയും ഹഠാദാകർഷിക്കുന്ന ഒരു ശക്തിവിശേഷം അദ്ദേഹത്തിനുണ്ടായിരുന്നു. സാധിക്കാവുന്ന കാര്യങ്ങൾ മാത്രം പറയുകയും, പറയുന്നത് പ്രാവർത്തികമാക്കുകയും ചെയ്യുന്ന ജോൺ സാറിന്റെ വാക്കും പ്രവൃത്തിയും പരസ്പര പൂരകങ്ങളായിരുന്നു.

അച്ചടക്കമുള്ള ഒരദ്ധ്യാപകനായ ജോൺ സാർ യഥാർത്ഥ ക്രിസ്തീയ കുടുംബജീവിതം നയിച്ച ഒരു മാതൃകാ ഗൃഹനാഥനായിരുന്നു. ജീവിത പങ്കാളി ഒരു വൈദികപുത്രി ആയിരുന്നതുകൊണ്ട് കുടുംബം കൂടുതൽ ധന്യമായി. വിദ്യാർത്ഥികളോടു കാണിച്ച കർശനമായ നിലപാടുകൾ തന്നെ ബന്ധത്തിലും നിഴലിച്ചു. മക്കളോടുള്ള സ്നേഹവാത്സല്യങ്ങൾ പ്രകടിപ്പിക്കുന്നതിന് അദ്ദേഹം ഒരളവുവരെ പിശുക്കു കാണിച്ചിരുന്നു. സാറിന്റെ മക്കളിൽ ആദ്യത്തെ മൂന്നു പേരും കുറിച്ചി സ്കൂളിൽ ഞാൻ പഠിക്കുമ്പോൾ ഉണ്ടായിരുന്നു. കാലയവനികയ്ക്കുള്ളിൽ കടന്നിരിക്കുന്ന കുരുവിളേച്ചനും, ഭാഗ്യസ്മരണാർഹനായ പൗലോസ് മാർ പക്കോമിയോസ് തിരുമേനിയും, ഡോക്ടർ സാറാമ്മ ജോണും. പക്കോമിയോസ് തിരുമേനിയും ഞാനും സഹപാഠികൾ ആയിരുന്നു. നെയ്ശ്ശേരിയിലെ തോമ്മാച്ചനും, ഞാനും കോളജിൽ ഒരുമിച്ച് പഠിച്ചു. ശ്രേഷ്ഠ കുടുംബത്തിൽ നിന്ന് അതിശ്രേഷ്ഠരായ മക്കളെ ലോകത്തിന് നല്കുന്നതിന് സാറിനു സാധിച്ചത് ദൈവകൃപയാലാകുന്നു. മക്കളെല്ലാവരും സഭയ്ക്കും സമൂഹത്തിനും പ്രയോജനമുള്ളവരായി വിവിധ രംഗങ്ങളിൽ ശോഭിക്കുന്നു.

നെയ്ശ്ശേരിക്കാരും ഞങ്ങളും ഒരേ ദേവാലയത്തിലെ അംഗങ്ങൾ ആയിരുന്നതുകൊണ്ട്, ദേവാലയത്തോടുള്ള ജോൺ സാറിന്റെ വീക്ഷണവും അറിയാൻ കഴിഞ്ഞിട്ടുണ്ട്. എല്ലാ ഞായറാഴ്ചയും ആരാധനയിൽ ആ കുടുംബം പങ്കെടുത്തിരുന്നു. പള്ളിയിലെ ആത്മീയപ്രസ്ഥാനങ്ങളിൽ ആ ഭവനത്തിലെ അംഗങ്ങൾ നിറഞ്ഞു നിന്നു. കുറിച്ചി സെന്റ് മേരീസ് ആന്റ്

സെന്റ് ജോൺസ് ചെറിയപള്ളിയുടെ നിർമ്മാണത്തിലും, പിന്നീട് വലിയ പള്ളിയും ചെറിയപള്ളിയും യോജിച്ചു നീങ്ങുന്നതിനുവേണ്ടിയും ജോൺ സാർ ചെയ്ത സേവനങ്ങൾ വളരെ വിലപ്പെട്ടതാണ്. കുറിച്ചി വലിയ പള്ളിയെ മാതൃഇടവകയായി സാർ കണ്ടിരുന്നു. വലിയപള്ളിയുടെ പുത്രീസ്ഥാനമേ ചെറിയപള്ളിക്ക് ഉള്ളൂ എന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. വന്ദ്യ ഗുരുനാഥന്റെ ജന്മശതാബ്ദിയുടെ ഈ അവസരത്തിൽ, ഈ എളിയ ശിഷ്യന്റെ "ഗുരുദക്ഷിണ"യായുള്ള ഈ വാക്കുകൾ സാറിന്റെ പാദങ്ങളിൽ സമർപ്പിക്കുന്നു.



# 19

# ഏക മകളുടെ സ്പന്ദിക്കുന്ന സ്മരണകളുടെ സമാഹാരം

## ഡോ. സാറാമ്മ കോശി

കോലത്തുകളത്തിലെ പ്രശസ്തനായ കെ. കെ. ജോൺ സാറിന്റെ മകളായി ജനിക്കുവാൻ സാധിച്ചതിൽ വളരെ അധികം സന്തോഷിക്കുകയും അഭിമാനിക്കുകയും ആയതിന് സർവ്വശക്തനായ ദൈവത്തിന് ഒരായിരം സ്തുതി അർപ്പിക്കുകയും ചെയ്യുന്നു.

ഞങ്ങൾ ആറു മക്കളെയും മാതാപിതാക്കൾ ഒരുപോലെ സ്നേഹിച്ചിരുന്നുവെന്ന് എനിക്കു അറിയാമെങ്കിലും, ഏക മകളായ എന്നെയാണു അവർ കൂടുതൽ ഇഷ്ടപ്പെട്ടിരുന്നതെന്ന് 'വെറുതെ' വിശ്വസിക്കുവാനാണ് എനിക്ക് ഏറെ ഇഷ്ടം. ഏക മകളായതിനാൽ 'മോൾ' എന്നാണ് എന്നെ എല്ലാവരും വിളിച്ചിരുന്നത്. എന്നാൽ അച്ചായൻ വിളിച്ചിരുന്നത് 'മകൾ' എന്നാണ്. പിതാവ് മാത്രമാണ് എന്നെ അങ്ങനെ വിളിച്ചിരുന്നത്. മധുരം ചേർത്ത ആ വിളി കേൾക്കുവാൻ ഞാൻ ഇപ്പോഴും കൊതിക്കുന്നു.

പ്രിയപ്പെട്ട അച്ചായനെ സ്നേഹത്തോടും ആദരവോടുമേ എനിക്കു എന്നും ഓർക്കാനാകൂ. എപ്പോഴും ശുഭ്രവസ്ത്രം ധരിച്ചു ഗാംഭീര്യമെങ്കിലും സൗമ്യമായ മുഖഭാവത്തോടുകൂടി നടന്നുവരുന്ന അച്ചായന്റെ രൂപം മനസ്സിൽ നിന്നു മായുന്നില്ല. അദ്ദേഹം ആരോടെങ്കിലും ദേഷ്യപ്പെടുന്നതോ, ആർക്കെങ്കിലും വേദന ഉളവാക്കുന്ന രീതിയിൽ പെരുമാറുന്നതോ ഞാൻ കണ്ടിട്ടില്ല.

എല്ലാവരും ഒന്നിച്ച് കുടുംബ പ്രാർത്ഥന പ്രഭാതത്തിലും സന്ധ്യയ്ക്കും നടത്തണമെന്നുള്ളത് അച്ചായനും അമ്മച്ചിക്കും നിർബന്ധമായിരുന്നു. പള്ളിയിലും വിശുദ്ധ ആരാധനകളിൽ സംബന്ധിക്കുന്ന കാര്യത്തിലും ഈ നിഷ്കർഷ ഉണ്ടായിരുന്നു. നോമ്പുകൾ ആചരിക്കുന്നതിലും, സണ്ടേ സ്കൂൾ പഠിക്കുന്നതിലും പഠിപ്പിക്കുന്നതിലും എല്ലാ മക്കളിലും ഉളവായിട്ടുള്ള താല്പര്യം ഇവരുടെ സ്വാധീനം കൊണ്ടുണ്ടായതാണെന്നു ഞാൻ ഉറച്ചു വിശ്വസിക്കുന്നു.

മുൻകാലങ്ങളിൽ യാത്രാസൗകര്യം പരിമിതമായിരുന്നതിനാൽ ഞായറാഴ്ചകളിൽ വി. കുർബ്ബാന അർപ്പിക്കുന്നതിന് കുറിച്ചി വലിയപള്ളിയിലും ചാപ്പലിലും പ്രഭാതത്തിൽ എത്താൻ ബുദ്ധിമുട്ടായതിനാൽ മിക്കവാറും

ശനിയാഴ്ച വൈകിട്ടു പുരോഹിതന്മാർ ഞങ്ങളുടെ വീട്ടിലാണു വന്നു താമസിച്ചിരുന്നത്. ആ നീണ്ട കാലയളവിൽ താമസിച്ചിട്ടുള്ള പുരോഹിതന്മാരുടെ കൂട്ടത്തിൽ ഏറ്റവും കൂടുതൽ തവണ ഞങ്ങൾക്ക് ആതിഥ്യം നൽകാൻ സാധിച്ചിട്ടുള്ളത് ഭാഗ്യസ്മരണാർഹരായ ഫാ. എം. വി. ജോർജ്ജ് (ഗീവർഗീസ് മാർ ഒസ്താത്തിയോസ്), ഫാ. പി. വി. ജോസഫ് (ജോസഫ് മാർ പക്കോമിയോസ്), സി. കെ. തോമസ് അച്ചൻ, ജോർജ് മട്ടുമ്മേലച്ചൻ, ബഹുമാനപ്പെട്ട റ്റി. ജെ. ജോഷ്വാ അച്ചൻ എന്നിവർക്കായിരുന്നു. ഇവരുടെ സാന്നിദ്ധ്യവും പ്രാർത്ഥനയും ഞങ്ങൾക്ക് എന്നും അനുഗ്രഹവും പ്രചോദനവുമായിരുന്നു. പട്ടക്കാർക്കുവേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിനു അച്ചായനും അമ്മച്ചിയും വളരെ അധികം ശ്രദ്ധിച്ചിരുന്നു. അന്ന് കുറിച്ചി വലിയപള്ളി വരെ പോകുന്നതിനു വാഹനസൗകര്യം ഇല്ലായിരുന്നു. തന്നിമിത്തം ഞായറാഴ്ച രാവിലെ അച്ചന്റെ കൂടെ സഹായിയായി അഞ്ചു ആൺമക്കളിൽ ഒരാളെ പള്ളിയിലേക്കു വിടണമെന്നുള്ളതും അച്ചായനു നിർബന്ധമായിരുന്നു. അവർ അത് സസന്തോഷം ചെയ്തു വന്നു. പ്രഗത്ഭരായ ആ വൈദികരെ അനുഗമിക്കുന്നത് അവരും അഭിമാനമായി കരുതിയിരുന്നു.

ആതിഥ്യമര്യാദ ഞങ്ങൾ കണ്ടു പഠിച്ചത് മാതാപിതാക്കളിൽ നിന്നാണ്. അതിഥികളെ ആദരവോടും സ്നേഹത്തോടും സ്വീകരിക്കണമെന്നും തദവസരങ്ങളിൽ അവർക്കു ഭക്ഷണം കൊടുക്കുമ്പോൾ അതു വിഭവസമൃദ്ധമായിരിക്കണമെന്നും ഉള്ള അച്ചായന്റെ താല്പര്യം മനസ്സിലാക്കി അമ്മച്ചി ആ കർത്തവ്യം ഭംഗിയായി നിർവഹിച്ചിരുന്നു. ആധുനിക സൗകര്യങ്ങൾ ഒന്നും ഇല്ലായിരുന്ന ആ കാലഘട്ടത്തിൽ അതീവ സന്തോഷത്തോടെ അമ്മച്ചി അതൊക്കെ ഒരു ആവലാതിയും പറയാതെ, ക്ഷീണം കണക്കിലെടുക്കാതെ ചെയ്തതു ഓർക്കുമ്പോൾ ഞങ്ങളുടെ അമ്മച്ചിയുടെ മനസ്സ് എത്ര മാത്രം നന്മനിറഞ്ഞതും വലിയതുമായിരുന്നുവെന്ന് ഞാൻ ഇപ്പോൾ മനസ്സിലാക്കുന്നു. അതിരാവിലെ മുതൽ രാത്രി വൈകി കിടക്കുന്നതുവരെയും അമ്മച്ചി എപ്പോഴും കർമ്മനിരതയായിരുന്നു. അതു വീട്ടിലെ നിത്യപ്രവൃത്തികൾ കൊണ്ടു മാത്രമായിരുന്നില്ല. ഞങ്ങളുടെ വിദ്യാഭ്യാസം, വിവിധ കൃഷിസംബന്ധമായ വിഷയങ്ങൾ, മക്കളുമായിട്ടും മറ്റു ബന്ധുമിത്രാദികളുമായിട്ടുള്ള എഴുത്തുകുത്തുകൾ, സന്ദർശകർക്കും അതിഥികൾക്കും നൽകുന്ന സ്വീകരണ സൽക്കാരങ്ങൾ തുടങ്ങി അനേക വിഷയങ്ങൾ ഉൾപ്പെടും. എത്ര വൈകിയാലും അതതു ദിവസത്തെ കണക്കും കുറിപ്പും എഴുതാതെ അമ്മച്ചി ഉറങ്ങുകയില്ലായിരുന്നു. “ഏയ്, എസ്സേ വന്നു കിടക്കുന്നുണ്ടോ...” എന്നും പറഞ്ഞു അച്ചായൻ വഴക്കു പറയുമായിരുന്നു. അച്ചായന്റെ എല്ലാ പ്രവർത്തനങ്ങളിലും അമ്മച്ചി നല്ല പിന്തുണ കൊടുത്തിരുന്നു. ഒറ്റ വാക്കിൽ അച്ചായന്റെ നേട്ടങ്ങൾക്കും, എല്ലാവരും അച്ചായനെ ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്യു

ന്നതിന്റെ കാരണങ്ങൾക്കും പിന്നിൽ അമ്മച്ചിയുടെ ഒരു വലിയ പങ്ക് ഉണ്ടായിരുന്നു എന്നത് ഒരനിഷേധ്യ വസ്തുതയാണ്. ഇത്തരുണത്തിൽ അമ്മച്ചിയുടെ അമ്മയെയും ഞാൻ ഓർക്കുന്നു. വല്യമ്മച്ചിയുടെ മകൾക്ക് അങ്ങനെ ആകുവാനെ കഴിയുകയുള്ളുവെന്ന് പറയുമ്പോൾ ഞാൻ കൂടുതൽ വിവരിക്കേണ്ടതില്ലല്ലോ.

ഞങ്ങൾ ആറു മക്കളും തമ്മിൽ വലിയ പ്രായവ്യത്യാസം ഇല്ലായിരുന്നു. അതിനാൽ ഞങ്ങളെ വളർത്തിക്കൊണ്ടു വരുന്നതിന് അമ്മച്ചി എത്രമാത്രം പ്രയാസപ്പെട്ടിരിക്കുമെന്ന് ഞങ്ങൾക്കു മക്കളുണ്ടായപ്പോൾ ഞങ്ങൾ പറയുമായിരുന്നു. അന്നൊക്കെ വേണ്ടത്ര സഹായികൾ ഉണ്ടായിരുന്നു. പുറമെ അച്ചായൻ എല്ലാ കാര്യങ്ങളിലും നല്ലതുപോലെ സഹായിച്ചിരുന്നു എന്നും അമ്മച്ചി പറയുമായിരുന്നു.

വിവിധ സ്ഥലങ്ങളിലെ കോളജുകളിൽ ആയിരുന്ന ഞങ്ങൾ ഹോസ്റ്റലുകളിൽ താമസിച്ചാണ് പഠനം നടത്തിയിരുന്നത്. ഭാരിച്ച ചെലവും കൃത്യമായ ശ്രദ്ധയും ആവശ്യമായിരുന്ന ആ കാലഘട്ടത്തിൽ തന്റെ ഔദ്യോഗിക ജീവിതത്തിന്റെ തിരക്കിനിടയിലും ഞങ്ങൾ ഓരോരുത്തരുടെയും ആവശ്യങ്ങൾ കൃത്യമായി നിർവ്വഹിക്കുന്നതിനു അച്ചായൻ എത്രമാത്രം ബുദ്ധിമുട്ടിയിരിക്കുമെന്ന് തിരിഞ്ഞുനോക്കുമ്പോൾ തോന്നിയിട്ടുണ്ട്.

ഞങ്ങളുടെ മാതാപിതാക്കൾ ഇരുവരുടെയും കുടുംബാംഗങ്ങൾക്കും ബന്ധുക്കൾക്കും ഞങ്ങളുടെ ഭവനത്തിൽ വരുന്നതിനും താമസിക്കുന്നതിനും ഇഷ്ടമായിരുന്നു. ഈ താൽപര്യം അവർക്കുണ്ടാക്കുന്നതിന് കാരണം അച്ചായന്റെയും അമ്മച്ചിയുടെയും അവരോടുള്ള സമീപനവും സൽപെരുമാറ്റവും അല്ലാതെ മറ്റൊന്നുമായിരുന്നില്ല.

സമൂഹത്തിനും സമുദായത്തിനും തന്നാലാകുന്ന സേവനം ചെയ്യണമെന്നല്ലാതെ പിതാവ് അതിനു പ്രതിഫലമായി ഒരു പദവി ലഭിക്കുന്നതിന് ആഗ്രഹിക്കുകയോ പരിശ്രമിക്കുകയോ ചെയ്തിട്ടില്ല.

ഞങ്ങളുടെ ഭവനം എം. സി. റോഡരുകിൽ ആയതിനാലും അച്ചായൻ എല്ലാവർക്കും സുപരിചിതനായിരുന്നതിനാലും വിവിധ മേഖലകളിലുള്ള ധാരാളം പ്രമുഖർ വീട്ടിൽ വന്നുകൊണ്ടിരുന്നു. ആ പട്ടികയിൽ പ. കാതോലിക്കാ ബാവാ തിരുമേനിമാർ ഉൾപ്പെടെയുള്ള പിതാക്കന്മാരും, വൈദികരും, രാഷ്ട്രീയ വിദ്യാഭ്യാസ, പ്രാദേശിക മേഖലകളിലെ പല പ്രശസ്തരും ഉൾപ്പെടുന്നു. അവരെ വളരെ ആദരവോടും സ്നേഹത്തോടും അച്ചായനും അമ്മച്ചിയും സ്വീകരിച്ചിരുന്നതും അവർ തിരികെ സ്നേഹത്തോടെ പെരുമാറിയിരുന്നതും ഞങ്ങൾ വിസ്മയത്തോടെ ദർശിച്ചിരുന്നു.

ദൈവകൃപയാൽ സാമ്പത്തികമായി ബുദ്ധിമുട്ടില്ലാത്ത സാഹചര്യത്തിൽ വളർന്നവർ ആയിരുന്നുവെങ്കിലും അച്ചായനും അമ്മച്ചിയും ആർഭാടരഹിതമായ ജീവിതമാണ് ആഗ്രഹിച്ചതും കാണിച്ചുതന്നതും. അതേ സമയം മക്കളുടെ എല്ലാ ആവശ്യങ്ങളും ഭംഗിയായി നടത്തിയിരുന്നു. അതുപോലെ അച്ചായൻ വളരെയധികം ആളുകളെ സഹായിച്ചിട്ടുണ്ട്. പാവങ്ങൾക്ക് ഒരു കൈത്താങ്ങു കൊടുക്കുന്നതിന് ഒരു മടിയും കാണിച്ചിട്ടില്ല. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവരും പഠിക്കുവാൻ കഴിവുള്ളവരുമായ കുട്ടികളെ സഹായിക്കുവാൻ പ്രത്യേക താൽപര്യം കാണിച്ചിരുന്നു. തിരികെ കൊടുക്കാമെന്നു പറഞ്ഞ് പണവും മറ്റു സാധനങ്ങളും ചിലർ വാങ്ങിക്കൊണ്ടു പോകുമായിരുന്നു. അവർക്ക് തിരികെ തരുവാൻ പ്രയാസമാണെന്ന് അറിയാവുന്നതിനാൽ അച്ചായൻ അതു പ്രതീക്ഷിക്കുന്നുമില്ലായിരുന്നു. അതറിഞ്ഞുകൊണ്ടു തന്നെയാണ് അച്ചായൻ സഹായം കൊടുത്തിരുന്നത്. ഇതിൽ ചിലരുടെ കാര്യങ്ങളിൽ ആവർത്തനം ഉണ്ടാകുമ്പോൾ "അച്ചായനെ കബളിപ്പിച്ചേ" എന്നു പറഞ്ഞ് ഞങ്ങൾ മക്കൾ കളിയാക്കുമ്പോൾ അച്ചായൻ പറയുന്നത് ഇപ്പോഴും ഞാൻ ഓർക്കുന്നു. "പിന്നേ... അവർ പാട്ടും പാടിക്കൊണ്ടു തിരികെ തരും..." അപ്പോൾ ആ മുഖത്ത് ഉണ്ടായിട്ടുള്ള ചെറിയ ചമ്മലോടുകൂടിയ ചിരി ഒന്നു കാണേണ്ടതു തന്നെയാണ്. "ഈ പാട്ടും പാടിക്കൊണ്ട്..." എന്നുള്ള പ്രയോഗം എന്റെ ഇളയ സഹോദരങ്ങളായ തോമ്മാച്ചനും അനിയൻകുഞ്ഞും കൊച്ചുകുഞ്ഞും തമാശയായി പറയാറുണ്ട്.

വളരെ അധികം ആളുകൾ വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം തേടി അച്ചായനെ കാണുവാൻ വരുന്നത് ചെറുപ്പം മുതലേ ഞങ്ങൾ കണ്ടിട്ടുണ്ട്. അതിർത്തിതർക്കം, കുടംബപ്രശ്നം, സ്കൂളിലെ പ്രശ്നം, പള്ളിപ്രശ്നം തുടങ്ങി പലതും. ഒരു പ്രശ്നം ഉണ്ടാകുമ്പോൾ അതിൽ രണ്ടു കൂട്ടരോടും എത്ര തന്മയത്വമായി ഇടപെട്ടാണ് അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതെന്നു കണ്ട് ഞങ്ങൾ വിസ്മയം കൂറിയിട്ടുണ്ട്. ആരുടെയും മനസ്സ് വേദനിപ്പിക്കാതെ, തോറ്റുപോയെന്ന തോന്നൽ ആർക്കും ഉണ്ടാക്കാതെ അച്ചായൻ അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ സഹായിച്ചിരുന്നു. ചില അവസരങ്ങളിൽ രാത്രി വളരെ വൈകിയും പ്രശ്നക്കാരായ ആളുകളെ വീട്ടിൽ കാണാമായിരുന്നു. ഞങ്ങൾക്ക് അത് ചിലപ്പോൾ അസൗകര്യങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെങ്കിലും അച്ചായൻ അവരോട് താല്പര്യപൂർവ്വം ഇടപെട്ടിരുന്നു.

മറ്റുള്ളവരെ ഒരു കാര്യത്തിലും ബുദ്ധിമുട്ടിക്കരുതെന്നുള്ളത് അച്ചായന്റെ ഒരു പ്രത്യേകതയായിരുന്നു. ഒരു തരത്തിൽ നോക്കിയാൽ അങ്ങനെ തന്നെ ജീവിതാവസാനം വരെ കഴിയുവാൻ അച്ചായനെ ദൈവം അനുഗ്രഹിച്ചതായി മനസ്സിലാക്കുന്നു. ഞങ്ങളുടെ മൂത്തസഹോദരൻ കുരു

വിളേച്ചായൻ ബോംബെയിൽ ആയിരുന്നപ്പോൾ അവരുട കൂടെ കുറച്ചു ദിവസം താമസിക്കുവാൻ 1995 ആദ്യം അച്ചായനും അമ്മച്ചിയും പോയ സമയത്ത് അച്ചായൻ ഒരു ഓപ്പറേഷനു വിധേയനായി ആശുപത്രിയിൽ കിടക്കേണ്ടി വന്നു. ജീവിതത്തിൽ ആദ്യമായി ആശുപത്രിയിൽ കിടക്കുന്ന സമയമായിരുന്നുവെന്നു തോന്നുന്നു. നല്ല വേദന ഉണ്ടായിരുന്ന സമയത്തു പോലും അതു പറയുകയില്ലായിരുന്നു. ആശുപത്രിയിലെ മലയാളി നേഴ്സുമാർ "ഈ അപ്പച്ചനു വേദന ഉണ്ടെന്നു ഒരിക്കൽപോലും പറയുന്നില്ലല്ലോ" എന്ന് ചാം കൊച്ചമ്മയോട് പറയുമായിരുന്നു. അതുപോലെ 1995 ആഗസ്റ്റിലെ അവസാന ദിവസങ്ങളിൽ നെഞ്ചുവേദനയെത്തുടർന്നു കാരിത്താസ് ആശുപത്രിയിൽ കിടന്നപ്പോഴും പരിശോധനയിൽ അതിന്റെ ഗൗരവം ഡോക്ടർക്കു മനസ്സിലാക്കുവാൻ സാധിച്ചുവെങ്കിലും അച്ചായന്റെ ഭാഗത്തു നിന്നു അതിനെക്കുറിച്ചു ആവലാതിപ്പെടുകയോ എന്തെങ്കിലും പറയുകയോ ചെയ്യില്ലായിരുന്നുവെന്ന് ഡോക്ടർ പിന്നീട് ഞങ്ങളെ അറിയിച്ചു.

വാക്കിലും പ്രവൃത്തിയിലുമുള്ള വിശ്വസ്തത അച്ചായന്റെ മറ്റൊരു പ്രത്യേകത ആയിരുന്നു. അദ്ദേഹത്തോടു പറയുന്ന രഹസ്യസ്വഭാവമുള്ള കാര്യങ്ങൾ അങ്ങനെ തന്നെ സൂക്ഷിക്കുന്നതിൽ നിഷ്ഠ പാലിച്ചിരുന്നു.

സമയനിഷ്ഠ പാലിക്കുന്നതിൽ വളരെ ശ്രദ്ധിച്ചിരുന്നു. അച്ചായൻ സമയത്തിനു വലിയ വില കല്പിച്ചിട്ടുള്ള വ്യക്തിയായിരുന്നു. നിശ്ചിത സമയത്തിനു മുമ്പുതന്നെ വേണ്ട തയ്യാറെടുപ്പുകൾ നടത്തി കാര്യങ്ങൾ ക്രമീകരിച്ചു വന്നു.

ജാതിമതഭേദമെന്യേ നാട്ടിലെല്ലാവരും ബഹുമാനിച്ചിരുന്ന എല്ലാവരാലും അറിയപ്പെട്ടിരുന്ന അച്ചായനെക്കുറിച്ച് പലരും പറഞ്ഞിട്ടുള്ളത് കേട്ടിട്ടുണ്ട്. "ജോൺ സാറിന് എഴുത്തോ മറ്റോ അയയ്ക്കുമ്പോൾ മേൽവിലാസം കെ. കെ. ജോൺ സാർ, കുറിച്ചി എന്നു മാത്രം എഴുതിയാൽ മതി"യെന്ന്.

സകലരും ബഹുമാനിച്ചിരുന്ന "ജോൺ സാറിന്റെ മക്കൾ" എന്നറിയപ്പെടുന്നതിൽ ഞങ്ങൾ വളരെയധികം അഭിമാനിക്കുന്നു. അച്ചായന്റെ അനിഷേധ്യ വ്യക്തിത്വവും ഗാംഭീര്യവും മക്കൾക്കാർക്കും കിട്ടിയിട്ടില്ലെന്ന് ചില സുഹൃത്തുക്കളും ബന്ധുക്കളും പറഞ്ഞു കേട്ടിട്ടുണ്ട്.

അച്ചായനും അമ്മച്ചിയും മക്കളെ മാത്രമല്ല, അവരുടെ ജീവിത പങ്കാളികളെയും വളരെ സ്നേഹിക്കുകയും അവർക്കുവേണ്ട പ്രാധാന്യം കൊടുക്കുകയും ചെയ്തിട്ടുണ്ട്. മരുമക്കളായ കുഞ്ഞുമോനച്ചായനും, ചാം കൊച്ചമ്മയും ആനി മോളും സബിയും രേണുവും അച്ചായനോടും അമ്മച്ചിയോടും കാണിച്ചിട്ടുള്ള അടുപ്പവും ബഹുമാനവും കടപ്പാടും മാത്രം

നോക്കിയാൽ മതി അതിന്റെ തെളിവിന്. അവരുടെ മാതാപിതാക്കളെയും സഹോദരങ്ങളെയും ബന്ധുക്കളെയും ഒക്കെ സ്നേഹിച്ചിരുന്നു.

അവിവാഹിതനും ദയറാക്കാരനുമായ മകന് (പൗലോസച്ചൻ - പിന്നീട് മാർ പക്കോമിയോസ് തിരുമേനി) എന്നും ആ ബഹുമതി ഈ മാതാപിതാക്കൾ കൊടുക്കുകയും ബഥനി ആശ്രമത്തേയും അന്തേവാസികളെയും സ്വന്തമായി കരുതുകയും ആ രീതിയിൽ അവരോട് ഇടപെടുകയും ചെയ്തിരുന്നു. ഒരു മകന്റെ വീട്ടിലോട്ടു പോകുന്ന രീതിയിലായിരുന്നു അച്ചായനും അമ്മച്ചിയും അവിടെ പോയിരുന്നത്. കൊണ്ടുപോകുന്ന പലഹാരങ്ങളുടെ കൂട്ടത്തിൽ 'അവലോസ് ഉണ്ട' (മാവുണ്ട) അമ്മച്ചി എന്നും കരുതുമായിരുന്നു, തന്റെ മകന് അത് ഇഷ്ടമുള്ളതാണ് എന്നറിയാവുന്നതുകൊണ്ട്. ബഥനിയിലും എല്ലാവർക്കും അത് അറിയാമായിരുന്നു. അതിനെക്കുറിച്ചു സുപ്പീരിയർ അച്ചൻ, ആബോ യോഹന്നാൻ (കാലം ചെയ്ത യൂഹാനോൻ മാർ അത്താനാസ്യോസ് തിരുമേനി) പറയുന്നത് അമ്മച്ചി "പൗലോസ് ഉണ്ട" കൊണ്ടുവന്നിട്ടുണ്ട് എന്നായിരുന്നു. പൗലോസ് അച്ചൻ മെത്രാപ്പോലീത്തായായി അവരോധിക്കപ്പെട്ടതിനു ശേഷവും, ആ സ്ഥാനത്തിനുള്ള ബഹുമാനം കൊടുത്തിരുന്നതിനോടൊപ്പം ഒരു മകനോടുള്ള ചുമതലയും ഈ മാതാപിതാക്കൾ ജീവിതാവസാനം വരെ നിർവഹിച്ചിരുന്നു.

മനസ്സിലെ സ്നേഹം വളരെയധികം പ്രകടിപ്പിക്കുന്ന സ്വഭാവക്കാരനല്ലായിരുന്നെങ്കിലും കുഞ്ഞുങ്ങളോടും കൊച്ചുമക്കളോടും ആ സ്നേഹം കാണിക്കുന്നതിൽ അച്ചായൻ പിശുക്കു കാണിച്ചിരുന്നില്ല. കൊച്ചുമക്കൾക്ക് അവരുടെ ബാല്യകാലത്തും അച്ചായനുമായി ബന്ധപ്പെട്ടിട്ടുള്ള കുറെ കാര്യങ്ങൾ ഓർമ്മയുണ്ട്. കണ്ടും കേട്ടും അറിഞ്ഞ അവരുടെ "അപ്പച്ചനെ" കുറിച്ചു പറയുമ്പോൾ അവരുടെ മുഖത്തു തെളിയുന്ന ഭാവങ്ങൾ അച്ചായനുമായിട്ടുള്ള അവരുടെ ബന്ധത്തെ വിളിച്ചറിയിക്കുന്നുണ്ട്. ഞങ്ങൾ മക്കളുടെ ചെറുതും വലുതുമായ പ്രശ്നങ്ങളിൽ ഒരു പിതാവിനുള്ള ഉൽക്കണ്ഠ അദ്ദേഹത്തിനുണ്ടായിരുന്നു. ഞാൻ ഓർക്കുന്നു, കുഞ്ഞുമോനച്ചായനും ഞാനും ജോലി ചെയ്തിരുന്ന കുവൈറ്റിൽ നിന്നും ഞാനും മക്കളും അവരുടെ പഠനത്തിനായി 1993-ൽ തിരുവനന്തപുരത്തേയ്ക്കു താമസം മാറ്റിയിരുന്നു. ആ സമയങ്ങളിൽ എല്ലാ ദിവസങ്ങളിലും എന്നെ ഫോൺ ചെയ്തു വിവരങ്ങൾ അന്വേഷിക്കുമായിരുന്നു. എനിക്കു കൂടുതൽ ധൈര്യം തരുന്നതിനു ഇടയ്ക്കിടയ്ക്കു എഴുത്ത് അയച്ചിരുന്നതും ഇപ്പോൾ ഓർക്കുന്നു. അതുപോലെ 1990-ലെ കുവൈറ്റ് അധിനിവേശ സമയത്ത് ഞങ്ങളുടെ തിരിച്ചുവരവിനുവേണ്ടി അച്ചായനും അമ്മച്ചിയും സഹോദരങ്ങളും എത്രമാത്രം കണ്ണീരോടു കൂടി പ്രാർത്ഥിച്ചുവെന്നതും ഓർക്കുന്നു.

അച്ചായന്റെ മരണം (1995 ആഗസ്റ്റ് 31) തികച്ചും അപ്രതീക്ഷിതമായിരുന്നതിനാൽ ആ ദുഃഖത്തിൽ നിന്നു കരകയറുന്നതിനു എനിക്കു വളരെ അധികം സമയം വേണ്ടി വന്നു. ഒരു അവധിക്കു സ്കൂൾ അടയ്ക്കുമ്പോൾ നാട്ടിൽപോയി എല്ലാവരെയും കാണുന്നതിനു ഒരുങ്ങിയിരിക്കുമ്പോഴാണ് അച്ചായനു സുഖമില്ലെന്നറിഞ്ഞു കാരിത്താസ് ആശുപത്രിയിലേക്കു പുറപ്പെടുന്നത്. ആശുപത്രിയിൽ എത്തിയപ്പോൾ കണ്ട എന്റെ അച്ചായന്റെ ജീവനില്ലാത്ത ശരീരം എന്നെ തകർത്തു കളഞ്ഞു. എന്റെ പൊന്നച്ചായന്റെ താടിയിലെ കെട്ടും, രണ്ടു കാലുകളുടെ പെരുവിരലുകൾ തമ്മിൽ കെട്ടിയ കെട്ടും.... ആ ഓർമ്മ വളരെ നാൾ എന്നെ വിഷമിപ്പിച്ചു.

മരണം അനിവാര്യമായ ഒന്നാണെന്നു ഞാൻ മനസ്സിലാക്കുന്നു. എങ്കിലും മാതാപിതാക്കളും സഹോദരങ്ങളും നമ്മെ വിട്ടുപിരിയുന്നത് എത്രയോ വേദനാജനകമാണെന്ന് അനുഭവത്തിൽ നിന്നു മനസ്സിലാക്കി. എനിക്ക് ഏറ്റവും അധികം വാത്സല്യവും സ്നേഹവും തന്ന് വളർത്തിയ അച്ചായനും അമ്മച്ചിയും, ഏക സഹോദരിയായ എന്നെ വാത്സല്യപൂർവ്വം സ്നേഹിച്ചിരുന്ന കുരുവിളേച്ചായനും, എനിക്ക് അളവറ്റ സ്നേഹം തന്നിരുന്ന പക്കോമിയോസ് തിരുമേനിയും എന്നെ വിട്ടുപോയി. എന്നെപ്പോലെ തന്നെ എന്റെ ഇളയ സഹോദരങ്ങൾക്കും അവർ എല്ലാമായിരുന്നു. അവർ നാലു പേരുടെയും സ്നേഹം എത്രയോ വലിയതായിരുന്നുവെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. വലിയ ഒരു ശൂന്യത പലപ്പോഴും അനുഭവപ്പെടുന്നുണ്ട്. മാതാപിതാക്കളും സഹോദരങ്ങളുമടക്കം എട്ടുപേരുമായി കുറിച്ചിയിലെ വീട്ടിൽ താമസിച്ചിരുന്നവരിൽ നാലു പേർ വിട്ടുപോയി. ദൈവസന്നിധിയിൽ അവർ ഞങ്ങൾക്കുവേണ്ടിയും പ്രാർത്ഥിക്കുന്നുവെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

ജീവിച്ച 80 വർഷം ദൈവഭയത്തോടും ദൈവാശ്രയത്തോടും അച്ചായൻ ജീവിച്ചു. കഴിയുന്ന സഹായങ്ങൾ മറ്റുള്ളവർക്കു ചെയ്തുകൊടുത്തു. മക്കളെ ദൈവകൃപയിൽ വളർത്തുവാൻ അമ്മച്ചിയോട് ഒത്തൊരുമിച്ചു പ്രവർത്തിച്ചു.



2015 ജനുവരി 15-നു (മകരം 1) അച്ചായൻ ജനിച്ചിട്ട് 100 വർഷം തികയുന്നു. അച്ചായന്റെ ഈ ജന്മശതാബ്ദിയിൽ ഞങ്ങൾ മക്കളും കൊച്ചുമക്കളും, ബന്ധുമിത്രാദികളോടൊന്നിച്ചു ചേർന്നു ദൈവത്തെ സ്തുതിച്ചു ആചരിക്കണമെന്ന് ആഗ്രഹിക്കുന്നു. അച്ചായന്റെ സ്മരണയ്ക്കായി പ്രസിദ്ധീകരിക്കുന്ന പുസ്തകത്തിൽ ഓർമ്മക്കുറിപ്പ് എഴുതുവാൻ സാധിച്ചതിലും ദൈവത്തെ സ്തുതിക്കുന്നു.

# 20

# പ്രണാമങ്ങളോടെ

## എ. പി. ഗൗരിക്കുട്ടിയമ്മ (ഗിരിജാ നിവാസ്, പുഴവാത്)

ആറു ദശകങ്ങൾക്കപ്പുറമുള്ള ഓർമ്മകളാണ് എനിക്ക് ജോൺ സാറിനെക്കുറിച്ചുള്ളത്. 32 വർഷത്തെ അദ്ധ്യാപനത്തിനുശേഷം 1984-ൽ റിട്ടയർ ചെയ്ത ഞാൻ നേരത്തെ 1953 മുതൽ 1957 വരെ കുറിച്ചി അപ്പർ പ്രൈമറി സ്കൂളിൽ അദ്ധ്യാപികയായിരുന്നു. അന്ന് അവിടെ പ്രധാന അദ്ധ്യാപകനായിരുന്നത് നെയ്ശ്ശേരി കുടുംബാംഗമായ കെ. കെ. ജോൺ സാറും. എന്റെ ദീർഘ സേവനകാലത്തിനിടയിൽ പല പ്രധാന അദ്ധ്യാപകരുടെ കൂടെയും ജോലി ചെയ്തിട്ടുണ്ട്. പക്ഷേ, ജോൺ സാറിനെക്കുറിച്ചുള്ള ഓർമ്മകൾ ദീപ്തമായി നിലകൊള്ളുന്നു. പാഠ്യവിഷയങ്ങളിലും ഭരണകാര്യങ്ങളിലും അദ്ദേഹം അതീവ നിഷ്ക്കർഷ പുലർത്തി. ഇന്നത്തെപ്പോലെ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ലാതിരുന്ന അന്ന് സർക്കാർ വിദ്യാലയങ്ങൾക്ക് സമൂഹത്തിൽ കൂടുതൽ അംഗീകാരമുണ്ടായിരുന്നു. അവിടുത്തെ അദ്ധ്യയനവും അദ്ധ്യാപകരും തനതു പ്രദേശത്തെ ജനങ്ങളുടെ ആദരം നേടിയിരുന്നു.

ഞങ്ങളുടെ വിദ്യാലയം ജോൺ സാറിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും പ്രശംസാപാത്രമായി. അച്ചടക്കത്തിലും പഠനനിലവാരത്തിലും ജോൺ സാർ ഒരു വിട്ടുവീഴ്ചയ്ക്കും തയ്യാറില്ലായിരുന്നു. അതേസമയം സഹാദ്ധ്യാപകരോട് തികഞ്ഞ സമഭാവനയും മാന്യതയും പുലർത്തി. സ്വന്തം കുടുംബാംഗങ്ങളോടെന്ന പോലെ ഞങ്ങളുമായി സഹകരിച്ചു. ഇന്നത്തെ യാന്ത്രികയുഗത്തിനു തീരെ അന്യമായ സൗഹൃദവും സ്നേഹാദരങ്ങളും പരസ്പരം പങ്കുവച്ചിരുന്ന തങ്കനാളുകൾ ഓർമ്മയിൽ തിളങ്ങി നില്ക്കുന്നു.

മഹാമനസ്ക്കനായ ജോൺ സാറിനോട് എനിക്കുള്ള ഒരു പ്രത്യേക കടപ്പാട് അനുസ്മരിക്കാൻ സന്തോഷമുണ്ട്. ഹിന്ദി ഭാഷ പഠിക്കുവാൻ താൽപര്യമുണ്ടായിരുന്ന എനിക്കു കുറിച്ചി സ്കൂളിനു അല്പം അകലെയായി പ്രവർത്തിച്ചുവന്ന ഒരു ട്യൂട്ടോറിയൽ സ്ഥാപനത്തിൽ ചേരണമായിരുന്നു. മൂന്നര മണി മുതൽ 5 മണി വരെ നടക്കുന്ന ഹിന്ദി ക്ലാസ്സിൽ അദ്ധ്യയനം നിർവ്വഹിക്കുന്നതിനു അവസാനത്തെ ക്ലാസ്സ് പീരിയഡ് ഒഴിവാക്കി തന്ന് എന്നെ പഠനത്തിനു സഹായിച്ചത് ജോൺ സാറാണ്. ആ പ്രോത്സാഹനവും ഔദാര്യവുമാണ് എന്നെ 'ഹിന്ദി വിദ്വാനാ'ക്കിയത്. 1957-ൽ കുറിച്ചി യു.പി.എസിൽ നിന്ന് എനിക്കു സ്ഥലംമാറ്റം ലഭിച്ചു. പിൽക്കാലത്ത് തുരുത്തി ഗവ. സ്കൂളിൽ ജോലി ആയിരുന്ന സമയത്ത് ജോൺ സാർ എ.ഇ.ഒ. ആയി അവിടെ പരിശോധനയ്ക്കു വന്നതു ജീവിതത്തിലെ ഭാഗ്യമായി ഞാൻ കരുതുന്നു.



# 21

# ജോൺ സാറിനെപ്പറ്റി എന്റെ ബാല്യകാല സ്മരണകൾ

## പ്രൊഫ. സൂസൻ ബി. സഖറിയ

എനിക്ക് ഓർമ്മ വച്ച നാൾ മുതൽ ഞാനും എന്റെ സഹോദരങ്ങളും സന്ദർശിച്ചിരുന്ന രണ്ടു ഭവനങ്ങളാണ് നെയ്ശ്ശേരിയും, കൊല്ലംപറമ്പും. ഞങ്ങളുടെ പ്രായത്തിനൊത്ത കുട്ടികൾ അവിടെ ഉണ്ടായിരുന്നു. ഈ മൂന്നു വീടുകളിലെ കുട്ടികളുടെ സ്കൂൾ, കോളജ് പഠനത്തിൽ കുഞ്ഞൂഞ്ഞച്ചായനൊപ്പം എന്റെ പിതാവും ശ്രദ്ധ പതിപ്പിച്ചിരുന്നു.

കുറിച്ചി ഗവ. ആശുപത്രി, വെറും നടപ്പാത മാത്രമുള്ള കുറിച്ചിയിലെ റോഡുകൾ ഇവയൊക്കെ വികസിപ്പിക്കുന്നതിന് ഇവർ ഒത്തു പ്രവർത്തിച്ചിരുന്നു. പനയപ്പള്ളി അവറാച്ചനപ്പച്ചൻ, നേരിത്ര അപ്പച്ചൻ, ചന്ദ്രത്തിലെ ഡോക്ടർ അപ്പച്ചൻ, തോപ്പിൽ കുഞ്ഞിച്ചായൻ, കോലത്തുകളത്തിലെ അമ്മച്ചി, കോയിത്തറ, തണ്ടാത്തുശ്ശേരിൽ, കൊല്ലംപറമ്പിൽ, കുരുവിക്കാട്ട്, വേണാട്ടുകളത്തിൽ മുതലായ കുടുംബത്തിലെ എല്ലാ വീടുകളും സന്ദർശിക്കുന്നതിനും രണ്ടുപേരും ശുഷ്കാന്തി കാണിച്ചിരുന്നു. പനയപ്പള്ളി അവറാച്ചനപ്പച്ചനായിരുന്നു അവർക്കു വേണ്ട നിർദ്ദേശവും ഉപദേശവും നൽകിയിരുന്നത്.

മന്ദിരം കവല മുതൽ കരുനാട്ടുവാല വരെ നല്ല റോഡും ബസ്സും ഇല്ലാതിരുന്ന കാലത്ത് മഴക്കാലം വന്നാൽ കുറിച്ചി വലിയപള്ളിയിൽ ആരാധനയിൽ സംബന്ധിക്കുവാൻ ബുദ്ധിമുട്ടായിരുന്നു. കുട്ടികളായിരുന്ന ഞങ്ങൾ പള്ളിയിൽ പോകുന്നതിനും, സണ്ടേസ്കൂൾ പഠിക്കുന്നതിനും, അതിലൂടെ ആത്മീയ വളർച്ച പ്രാപിക്കുന്നതിനും പിതാക്കന്മാർ കൂടുതൽ ശ്രദ്ധിച്ചിരുന്നു.

കുറിച്ചി ഔട്ട്പോസ്റ്റിൽ ഒരു ചാപ്പൽ നിർമ്മിക്കുന്നതിന് ഈ രണ്ടു പിതാക്കന്മാരോടൊപ്പം കളപ്പുരയ്ക്കൽ സ്കറിയാച്ചായനും കുറിച്ചി ഭാഗത്തുള്ള വീടുകളിൽ കയറിയിറങ്ങി പലരുടെയും അഭിപ്രായം ആരാഞ്ഞു. ഏതാണ്ടു പതിനഞ്ചു വീട്ടുകാരുടെ സഹകരണത്തോടെ ചാപ്പൽ നിർമ്മാണ പദ്ധതി മുമ്പോട്ടു കൊണ്ടുപോകുവാൻ തീരുമാനിച്ചു. ചാപ്പൽ ഇരിക്കുന്ന സ്ഥലം തോപ്പിൽ കുഞ്ഞിച്ചായനും, അന്നമ്മ കൊച്ചമ്മയും ദാനമായി നൽകി സഹായിച്ചു.

കുഞ്ഞൂഞ്ഞച്ചായൻ സഭാതലത്തിലുള്ള അംഗീകാരത്തിനും, മറ്റുള്ള പ്രവർത്തനങ്ങൾക്കും ചുക്കാൻ പിടിച്ചു. സ്കറിയാച്ചായൻ കോൺട്രാക്ടർ ആയിരുന്നതിനാൽ ചാപ്പൽ നിർമ്മാണത്തിന്റെ മേൽനോട്ടം ഏറ്റെടുത്തു. എന്റെ പിതാവ് അഭിഭാഷകനായിരുന്നെങ്കിലും ഇരുപതാമത്തെ വയസ്സിൽ സ്വപിതാവ് നഷ്ടപ്പെട്ടതിനാൽ ജോലിക്കു പോകാതെ കുടുംബ കാര്യങ്ങളിൽ വ്യാപൃതനായിരുന്നു. സാമൂഹ്യപ്രവർത്തനത്തിൽ എന്നും ശ്രദ്ധ വച്ചിരുന്നു. അതിനാൽ എല്ലാ ദിവസവും പകൽ മുഴുവൻ ചാപ്പൽ നിർമ്മാണത്തിന്റെ ചുമതല നിർവഹിച്ചു വന്നു.

കുഞ്ഞൂഞ്ഞച്ചായൻ സ്കൂളിൽ നിന്നു വന്നതിനു ശേഷം എല്ലാ ദിവസവും വൈകിട്ട് മൂവരും ഒന്നിച്ചിരുന്ന് ചാപ്പലിന്റെ വരവു ചിലവ് കണക്കുകൾ എഴുതി സൂക്ഷിച്ചിരുന്നു. ഒരിക്കലും ഒരാൾ തന്നെയിരുന്ന് കണക്ക് എഴുതിയിട്ടില്ല.

ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ (കല്ലാശ്ശേരി ബാവാ) എത്തിയാണ് ചാപ്പലിന്റെ മദ്ബഹായ്ക്ക് കല്ലിട്ടത്. "ഇത് തീയാണ്. മൃഗാദികൾ കയറാതെ വേലി കെട്ടി സൂക്ഷിക്കണം" എന്ന് കല്പിച്ചു. എല്ലാവരും അവരവരുടെ ജോലിയിൽ വ്യാപൃതരായിരുന്നതിനാൽ വേലി കെട്ടുവാൻ മറന്നുപോയി. മൂന്നാം നാൾ ഒരു മണ്ണെണ്ണ വിളക്കിൽ നിന്ന് - ഒരിക്കലും സംഭവിക്കുവാൻ പാടില്ലാത്തവിധം - ഞങ്ങളുടെ അറയിൽ തീ പുകഞ്ഞു. അപ്പോൾ തന്നെ തീ അണച്ചു. ഈ വിവരം കുഞ്ഞൂഞ്ഞച്ചായനെ അറിയിച്ചപ്പോൾ ബാവായുടെ കല്പന ഓർമ്മയിൽ വന്നു. അന്നു തന്നെ വേലി കെട്ടി ചാപ്പൽ നിർമ്മാണം ആരംഭിച്ചു. ധൃതഗതിയിൽ പണി പൂർത്തിയാക്കി.

ബാവാതിരുമേനിയെ ചാപ്പലിന്റെ കൂദാശയ്ക്ക് സ്വീകരിച്ച് പള്ളിയുടെ ഉള്ളിലേക്ക് ആനയിച്ചപ്പോൾ വാതിലിന്റെ ഇരുവശത്തുനിന്നു ബാലികമാരായിരുന്ന ഞങ്ങൾ, കുഞ്ഞൂഞ്ഞച്ചായന്റെ മകൾ 'മോൾ' ഉൾപ്പെടെ പുഷ്പവൃഷ്ടി നടത്തി.

സണ്ടേസ്കൂൾ പഠനം പൂർത്തിയാക്കിയ പെൺകുട്ടികളുടെ ആത്മീയ വളർച്ചയ്ക്കും, പള്ളിയിലെ ശുശ്രൂഷ മോടിയാക്കുന്നതിനും ഒരു ബാലികാസമാജം കുഞ്ഞൂഞ്ഞച്ചായന്റെ മേൽനോട്ടത്തിൽ ഞായറാഴ്ച ദിവസങ്ങളിൽ നെയ്ശ്ശേരിയിൽ വച്ച് നടത്തിയിരുന്നു. വികാരി അച്ചനും, കുഞ്ഞൂഞ്ഞച്ചായനും മാറി മാറി ക്ലാസ്സുകൾ എടുത്തിരുന്നു. വിവിധ മേഖലയിലുള്ള നേതൃത്വപാടവം എന്നും ശ്ലാഘനീയം തന്നെ.

എം. വി. ജോർജ്ജച്ചൻ, ടി. ജെ. ജോഷ്വാ അച്ചൻ മുതലായ ശ്രേഷ്ഠ പുരോഹിതന്മാരായിരുന്നു ചാപ്പലിന്റെ ആരംഭകാലങ്ങളിൽ കഷ്ടാനുഭവ ആഴ്ചകളിലെ ശുശ്രൂഷകൾ നടത്തിവന്നത്. ആ കാലത്ത് വൈദികർ

താമസിച്ചിരുന്നത് നെയ്ശ്ശേരിയിലും, കരുനാട്ടും, കളപ്പുരയ്ക്കലും ആയിരുന്നു. ചാപ്പലിന്റെ എല്ലാ നടത്തിപ്പിലും കുഞ്ഞൂഞ്ഞച്ചായൻ വേണ്ട പോലെ ശ്രദ്ധിച്ചിരുന്നു.

നൈജീരിയായിൽ ജോലിയിലിരുന്ന എന്റെ ജ്യേഷ്ഠ സഹോദരി കൊച്ചേലിയാമ്മയും ഞാനും കൂടി, സുഖമില്ലാതിരുന്ന കൊച്ചമ്മയെ സന്ദർശിക്കുന്നതിന് നെയ്ശ്ശേരിയിൽ എത്തി. കുഞ്ഞൂഞ്ഞച്ചായൻ എന്നെ പുറകിൽ നിർത്തിയിട്ട് സഹോദരിയെ മുമ്പോട്ട് വിട്ടു. കൊച്ചമ്മയോട് 'ഇത് ആര്' എന്നു ചോദിച്ചു. ഉത്തരം 'അറിയില്ല.' അതിനുശേഷം എന്നെ മുമ്പിൽ നിർത്തി 'ശോശാമ്മയും, കൊച്ചേലിയാമ്മയും' എന്ന് ഉടൻതന്നെ മറുപടി പറഞ്ഞു. ഇതെല്ലാം എഴുപതിൽ എത്തിയിട്ടും ഞാൻ മറന്നിട്ടില്ല.

എന്റെ മകൾ അശ്വതി കുട്ടിക്കാലത്ത് ആസ്മാ മൂലം ബുദ്ധിമുട്ട് അനുഭവിക്കുന്നു എന്ന് അറിഞ്ഞ ഉടൻ ജോൺ സാർ വീട്ടിൽ വന്നു. അച്ചായന്റെ ഇളയ മകൻ കൊച്ചുകുഞ്ഞിന് വർഷങ്ങൾക്കു മുമ്പ് ആസ്മ വന്നു എന്നും പാലായിൽ ഒരു ഹോട്ടലിൽ വളരുന്ന ചെടിയുടെ ഏഴ് ഇല ഏഴ് ദിവസം അരച്ച് കഴിച്ചപ്പോൾ രോഗം മാറി എന്നും അറിയിച്ചു. ആ ചികിത്സ കൊണ്ട് എന്റെ മകളുടെ അസുഖവും മാറി.

എന്റെ വീട്ടിലെ എല്ലാ സുഖദുഃഖാവസരങ്ങളിലും കുഞ്ഞൂഞ്ഞച്ചായനും, കൊച്ചമ്മയും പങ്കാളികളായിരുന്നു. അതുപോലെ തന്നെ തിരിച്ചും. എന്റെ പിതാവും മാതാവും രണ്ടു വീടുകളിലെയും എല്ലാ രഹസ്യങ്ങളും സ്നേഹപൂർവ്വം പരസ്പരം കൈമാറിയിരുന്നു.

കുഞ്ഞൂഞ്ഞച്ചായനും, കൊച്ചമ്മയും, കുരുവിളേച്ചനും, പക്കോമിയോസ് തിരുമേനിയും നമ്മെ വിട്ടു പോയി. ആ ശാശ്വതഭവനത്തിലേക്കു തന്നെ അമ്മ, സഹോദരി അനില എന്നിവരും യാത്രയായി.

## ചില സദുപദേശങ്ങൾ

1. പ്രാർത്ഥന പ്രാണവായുവാണ്. ഒരു വ്യക്തിക്കു ശ്വസിക്കുവാൻ കഴിയാത്തപ്പോൾ അയാളുടെ ജീവൻ നിന്നു പോകുന്നതുപോലെ പ്രാർത്ഥിക്കാതിരിക്കുമ്പോൾ ജീവൻ നഷ്ടപ്പെടുകയാണ്.

2. 'പ്രാർത്ഥനയെന്നത് ശൈശവത്തിലെ ഉത്സാഹവും, യൗവനത്തിലെ ആശ്രയവും, വാർദ്ധക്യത്തിലെ സമാധാനവും' എന്ന പരുമല തിരുമേനിയുടെ ഉപദേശം ജോൺ സാർ പാലിച്ചിരുന്നു.

3. അരുതാത്ത കാഴ്ചകളിലേക്കും അനാവശ്യ വിഷയങ്ങളിലേയ്ക്കും ചിന്ത വഴുതിപ്പോകുവാൻ അനുവദിക്കാതെ ഉത്തമവും, പ്രയോജനപ്ര

ദവും, നന്മ വരുത്തുന്നതും ആയ കാര്യങ്ങളിലേക്ക് മനസ്സിനെ നിയന്ത്രിച്ചു നടത്തുവാൻ കഴിയണം. ദൈവം തന്നിരിക്കുന്ന വലിയ കഴിവ് – ഇച്ഛാ ശക്തി – വേണ്ടവിധത്തിൽ പ്രയോഗിക്കുവാൻ സാധിക്കണം.

ഇതുപോലുള്ള വാചകങ്ങൾ ഒരിക്കലും മറക്കില്ല. അറിവിന്റെയും, അധ്യാപനത്തിന്റെയും അഴകായിരുന്നു അവ. ഞങ്ങളുടെ പിതാക്കന്മാർ മെനഞ്ഞെടുത്ത വിലപ്പെട്ട സ്നേഹബന്ധം എല്ലാക്കാലവും ഞങ്ങളുടെ ഹൃദയങ്ങളിൽ കാത്തുസൂക്ഷിക്കണമെന്നാണ് എന്റെയും സഹോദരങ്ങ ളുടെയും ആഗ്രഹവും പ്രാർത്ഥനയും.



# 22

# സന്മാതൃകകൾ സമ്മാനിച്ചു കടന്നുപോയ ശ്രേഷ്ഠ വ്യക്തി


## എം. സി. ഏബ്രഹാം
### (മാണിക്കമംഗലം, ചങ്ങനാശ്ശേരി)


കുറിച്ചി ദേശനിവാസികൾക്കെല്ലാം പ്രിയങ്കരനായ ഒരു ശ്രേഷ്ഠ വ്യക്തി ആയിരുന്നു നെയ്ശ്ശേരിലെ കെ. കെ. ജോൺ സാർ. കുറച്ചുകാലം അദ്ദേഹം കുറിച്ചി ഗവൺമെന്റ് ഹൈസ്ക്കൂളിൽ പ്രധാനാദ്ധ്യാപകനായി പ്രവർത്തിച്ചതുകൊണ്ട് ആ തലമുറയിൽപ്പെട്ട കുറിച്ചി, നീലംപേരൂർ ദേശക്കാരുടെ എല്ലാം പ്രിയ ഗുരുനാഥനായി അദ്ദേഹം ആദരിക്കപ്പെട്ടു. ജാതിമതവ്യത്യാസങ്ങൾക്കതീതമായി, സൗമനസ്യത്തോടും സ്നേഹവായ്പ്പോടുമുള്ള അദ്ദേഹത്തിന്റെ സമീപനം ജനഹൃദയങ്ങളിൽ അദ്ദേഹത്തെ പ്രിയങ്കരനാക്കി. എല്ലാ ഗണത്തിലും തലത്തിലുംപ്പെട്ടവർ ആലോചനയും ഉപദേശവും തേടി അദ്ദേഹത്തെ സമീപിച്ചിരുന്നു. അതിനു രണ്ടു കാരണങ്ങൾ ഉണ്ട്. ഒന്ന്, ഏതു കാര്യത്തിനും സുചിന്തിതവും, ഉചിതവുമായ ഉപദേശങ്ങൾ അദ്ദേഹം നൽകും. രണ്ട്, അദ്ദേഹത്തോടു പറയുന്ന കാര്യങ്ങൾ ഒന്നും ഒരിക്കലും മറുചെവിയിൽ എത്തുമായിരുന്നില്ല.

കുടുംബപ്രശ്നങ്ങൾ തീർക്കുന്നതിനും അദ്ദേഹത്തിന്റെ മദ്ധ്യസ്ഥത പലരും തേടിയിരുന്നു. സ്വാർത്ഥതയോ അഹന്തയോ ഇല്ലാത്ത അദ്ദേഹം എല്ലാവരോടും തികഞ്ഞ ആത്മാർത്ഥതയോടും, തുറന്ന മനസ്സോടും പ്രതിപക്ഷ ബഹുമാനത്തോടും ഇടപെട്ടു. കുറിച്ചി, നീലംപേരൂർ കരകളിൽ ക്നാനായ സമുദായാംഗങ്ങൾ ഏറെ അധിവസിക്കുന്നു. അവർ എല്ലാവരുമായി ജോൺ സാർ വളരെ നല്ല സൗഹൃദം പുലർത്തിയിരുന്നു. സഹോദരനിർവിശേഷമായ സ്നേഹത്തോടും, പരിഗണനയോടുമാണ് അദ്ദേഹം ഇടപെട്ടിരുന്നത്. ക്നാനായ സമുദായത്തിലെ വൈദികരും, അത്മായ നേതാക്കന്മാരും എല്ലാം പ്രമുഖനായ ജോൺ സാറിന്റെ സൗഹൃദവലയത്തിൽപ്പെട്ടവരായിരുന്നു. അവരുടെ എല്ലാ പരിപാടികളിലും ജോൺ സാർ സസന്തോഷം സംബന്ധിച്ചിരുന്നു.

സാറിനോടും കുടുംബത്തോടും എന്നെ കൂടുതൽ അടുപ്പിക്കുന്നതിനും ദൃഢമായ ബന്ധം സ്ഥാപിക്കുന്നതിനും കാരണക്കാർ രണ്ടു പേരാണ്. ഒന്ന്, ഓർത്തഡോക്സ് സഭയിലെ സീനിയർ വൈദികനും ഇപ്പോൾ കുറിച്ചി ദേശനിവാസിയുമായിത്തീർന്ന ബ. റ്റി. ജെ. ജോഷ്വാ അച്ചൻ. മറ്റത്, ജോൺ സാറിന്റെ മകൻ ദിവംഗതനായ അഭിവന്ദ്യ പക്കോമിയോസ്

തിരുമേനിയുമാണ്. അദ്ദേഹം വൈദികനായിരിക്കുമ്പോൾ ചങ്ങനാശ്ശേരി ഓർത്തഡോക്സ് പള്ളിയിൽ ആരാധന നയിക്കാൻ വന്നിട്ടുണ്ട്. ഒരു പ്രാവശ്യം കഷ്ടാനുഭവാഴ്ചയിലെ ശുശ്രൂഷയ്ക്കു വന്നപ്പോൾ എന്റെ ഭവനത്തിലാണ് താമസിച്ചിരുന്നത്. വീട്ടിലെ ഒരംഗത്തെപ്പോലെ ആയിരുന്നു അദ്ദേഹത്തിന്റെ സമീപനം. എന്റെ മക്കളെ സ്നേഹവാത്സല്യങ്ങളോടെ കാണുകയും, ആ വിധത്തിൽ ബന്ധപ്പെടുകയും ചെയ്തിരുന്നു. വന്ദ്യ തിരുമേനിക്കു യുവലോകത്തെ ആകർഷിക്കാനുള്ള കഴിവു വളരെയുണ്ടായിരുന്നു. അദ്ദേഹത്തെ മേൽപ്പട്ടസ്ഥാനത്തേക്കു തിരഞ്ഞെടുത്തപ്പോൾ എന്റെ കുടുംബാംഗങ്ങൾ ഏറെ സന്തോഷിച്ചു. തദവസരത്തിൽ ഞങ്ങളുടെ സന്തോഷത്തിന്റെ പ്രതീകമായി ഒരു പാരിതോഷികവും നൽകി.

പൂർണ്ണമായ അർത്ഥത്തിൽ ജോൺ സാർ സമാരാദ്ധ്യനായ ഒരു ജനനേതാവായിരുന്നു. കുടുംബത്തിന്റെ കുലീനത്വം എല്ലാ കാര്യങ്ങളിലും പ്രകടമായിരുന്നു. അതിനേക്കാൾ ഉപരി, തിളക്കമാർന്ന വ്യക്തിത്വം അദ്ദേഹത്തെ സമൂഹങ്ങളിൽ സമുന്നതനാക്കി. കാപട്യവും, വഞ്ചനയും, പൊങ്ങച്ചവും സ്വാർത്ഥതയും മറ്റും കൈമുതലായിട്ടുള്ളവരുടെ നടുവിൽ സാറിനെപ്പോലെയുള്ള അപൂർവ്വം വ്യക്തികളാണ് മനുഷ്യഹൃദയങ്ങളിൽ പ്രത്യാശ ഉണർത്തുന്നത്. ആദർശങ്ങളെ ബലി കഴിക്കാതെ മൂല്യങ്ങളെ മുറുകെപ്പിടിക്കുന്ന ധന്യാത്മാക്കളുടെ സംഖ്യ കുറഞ്ഞു വരുന്ന കാലത്താണ് സാറിനെപ്പോലെയുള്ളവരുടെ മഹത്വം കൂടുതൽ വ്യക്തമാകുന്നത്.

“ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും” എന്ന തത്വം മുറുകെപ്പിടിച്ച കുടുംബമായിരുന്നു അദ്ദേഹത്തിന്റേത്. സാറിന്റെ സഹധർമ്മിണി ഒരു വൈദികപുത്രി ആണ്. ആ വൈദിക പാരമ്പര്യം നിലനിറുത്തി ഒരു മകനെ വൈദികനാക്കി. അദ്ദേഹം സഭയിലെ സമാദരണീയനായ ഒരു മെത്രാപ്പോലീത്താ ആവുകയും ചെയ്തു. സാറിന്റെ ഭവനത്തിൽ എത്തിയാൽ ഹൃദ്യമായ സ്വാഗതമാണ് ലഭിച്ചിരുന്നത്. കൊച്ചമ്മ അതിഥിസൽക്കാരത്തിൽ മുന്നിട്ടു നിന്നു. സഭയിലെ മിക്കവാറും എല്ലാ തിരുമേനിമാരും ഒട്ടേറെ വൈദികരും, അത്മായ നേതാക്കന്മാരും പലപ്പോഴും ആ ഭവനത്തിലെ ആതിഥ്യം ആസ്വദിച്ചിട്ടുള്ളവരാണ്.



ജോൺ സാറിന്റെ മക്കൾ എല്ലാവരുമായി എനിക്കു നല്ല ബന്ധമാണുള്ളത്. നല്ല മാതാപിതാക്കളുടെ ആദർശങ്ങളെ മുറുകെപ്പിടിക്കുന്നവരും അവരുടെ സന്മാതൃകകളെ പിന്തുടരുന്നവരുമാണ് അവർ.

# 23

# കുടുംബത്തിന്റെ അഭിമാന സ്തംഭം


## ഡോ. പുന്നൂസ് ടി. പുന്നൂസ് തോപ്പിൽ
### (പ്രസിഡന്റ്, കോലത്തുകളത്തിൽ കുടുംബയോഗം)


ജോൺ സാർ എന്ന് സ്നേഹബഹുമാനങ്ങളോടെ ഏവരും സംബോധന ചെയ്തിരുന്ന പ്രിയപ്പെട്ട കുഞ്ഞൂഞ്ഞിച്ചായൻ കുടുംബക്കാർക്കും സമൂഹത്തിന്റെ സമസ്ത മേഖലകളിലുള്ളവർക്കും ഒരുപോലെ സ്വീകാര്യനായിരുന്നു. ലവലേശം സ്വാർത്ഥത ഇല്ലാത്ത തന്റെ ജീവിതശൈലി കൊണ്ടുമാത്രം ആർജിച്ചെടുത്ത ഒരു വിശ്വാസ്യത ആയിരുന്നു അത്. ആയുഷ്ക്കാലം മുഴുവനും ആ വിശ്വാസ്യത കാത്തുപരിരക്ഷിക്കുന്നതിന് അദ്ദേഹത്തിനു സാധിച്ചിരുന്നു. ഇടപെടേണ്ടി വന്നിട്ടുള്ള വ്യക്തികളുടെയും സമൂഹത്തിന്റെയും നന്മയെ മാത്രം ലക്ഷ്യമാക്കിയുള്ള ഉപദേശങ്ങളും പ്രവർത്തനങ്ങളുമായിരുന്നു അദ്ദേഹത്തിന്റേത്. അദ്ധ്യാപകൻ, എ.ഇ.ഒ., ഹെഡ്മാസ്റ്റർ എന്നീ നിലകളിലുള്ള ഉത്കൃഷ്ടമായ സേവനവും ജീവിതശൈലിയുമാണ് മറ്റാരേക്കാളും സ്വീകാര്യത നേടുന്നതിൽ അദ്ദേഹത്തിന് സഹായകമായത്.

കുഞ്ഞൂഞ്ഞിച്ചായന്റെ സ്വാർത്ഥത ഇല്ലാത്ത ജീവിതശൈലിയെ കുറിച്ച് ഓർക്കുമ്പോൾ കോലത്തുകളത്തിൽ കുടുംബത്തിലെ ഒരംഗം എന്ന നിലയിൽ എനിക്ക് അത്യധികം സന്തോഷവും അഭിമാനവും തോന്നാറുണ്ട്. ജീവിച്ചിരുന്നപ്പോൾ എല്ലാവർക്കും മാതൃകായോഗ്യനായിരുന്നതുപോലെ തന്നെ, മരണാനന്തരവും ഏവരുടെയും ഹൃദയങ്ങളിൽ അപ്രകാരം ഒരു സ്ഥാനം അദ്ദേഹത്തിനുണ്ട്. എന്റെ സഹോദരങ്ങളോടും, എന്നോടും ഞങ്ങളുടെ പിതാവ് ഉപദേശിച്ചിട്ടുള്ളത് നിങ്ങൾ 'നെയ്ശ്ശേരിയിലെ കുഞ്ഞൂഞ്ഞച്ചനെ നോക്കി പഠിക്കണം' എന്നാണ്. ആ ഉപദേശം എന്നെയും സഹോദരങ്ങളെയും വളരെയധികം സ്വാധീനിച്ചിട്ടുണ്ട്.

കുടുംബത്തിലോ സമൂഹത്തിലോ ഉണ്ടായിട്ടുള്ള ഏതെങ്കിലും പ്രശ്നങ്ങളിൽ കുഞ്ഞൂഞ്ഞിച്ചായൻ ഇടപെടേണ്ടി വന്നിട്ടുള്ളപ്പോൾ അദ്ദേഹം കൈക്കൊണ്ടിരുന്ന നിഷ്പക്ഷമായ തീരുമാനങ്ങൾ ഏവരും സ്വീകരിക്കുമായിരുന്നു. തനിയ്ക്കോ, സ്വഭവനക്കാർക്കോ, കുടുംബക്കാർക്കോ ആരെങ്കിലും മുഖേന എന്തെങ്കിലും പ്രയാസങ്ങളോ പ്രതിബന്ധങ്ങളോ നേരിടേണ്ടിവന്നാലും മറ്റുള്ളവർക്ക് തങ്ങൾ മുഖേന അപ്രകാരം ഉണ്ടാവരുതെന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹമെന്നുള്ളത് എന്റെ അനുഭവത്തിൽ നിന്നു എനിക്കു സാക്ഷിക്കുവാൻ സാധിക്കും. എന്റെ രണ്ടു

മക്കളുടെ വിവാഹം ഒരേ ദിവസം നടത്തുന്നതിന് ദൈവഹിതപ്രകാരം തീരുമാനമായതിനാൽ അതിൻപ്രകാരമുള്ള ക്രമീകരണങ്ങൾ ഞങ്ങൾ ചെയ്തു. കുറിച്ചി വലിയപള്ളിയിൽ ഹാൾ സൗകര്യമില്ലാതിരുന്നതിനാലും, ചെറിയപള്ളിയിലെ ഹാൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതിനാലും മറ്റൊരു പള്ളിയുടെ ഹാൾ അഡ്വാൻസ് നൽകി ബുക്കു ചെയ്യുകയും ആ പള്ളിയിൽ വച്ചു വിവാഹം നടത്തുന്നതിന് കുറിച്ചി വലിയ പള്ളി വികാരിയുടെയും അനുവാദത്തോടെ തീരുമാനിക്കുകയും ചെയ്തു.

എന്നാൽ വിവാഹത്തിന് ഒരാഴ്ച മാത്രം അവശേഷിക്കവേ ഞങ്ങളെ ഞെട്ടിച്ചുകൊണ്ട് ആ പള്ളി വികാരി എന്നെ വിളിപ്പിച്ച് ഹാൾ ബുക്കിംഗ് കാൻസൽ ചെയ്യണമെന്ന് ആവശ്യപ്പെട്ടു. ഇടവകക്കാരനായ ഒരാളുടെ വിവാഹം അന്നേ ദിവസം ആ പള്ളിയിൽ വച്ചു നടത്തുകയും സ്വീകരണ സൽക്കാരം ആ ഹാളിൽ വച്ചു നടത്തുകയും ചെയ്യണമെന്നുള്ളതുമായിരുന്നു കാരണമായി പറഞ്ഞത്. ഞാൻ വളരെ നേരത്തെ ഹാൾ ബുക്കു ചെയ്തിരുന്നതാണെന്നും, മക്കളുടെ വിവാഹത്തിന് ദിവസങ്ങൾ മാത്രമാണ് അവശേഷിക്കുന്നതെന്നും ഓർമ്മിപ്പിച്ചുകൊണ്ട് ഇനിയും മറ്റൊരു ഹാൾ കണ്ടെത്തുന്നതിനുള്ള സാധ്യത നന്നേ കുറവായതിനാലും, മാത്രമല്ല ക്ഷണിക്കേണ്ടിയവരെ എല്ലാം ക്ഷണിച്ചു കഴിഞ്ഞിരുന്നതിനാലും ഹാൾ ബുക്കിംഗ് കാൻസൽ ചെയ്യുവാൻ സാധ്യമല്ലായെന്ന് പ്രതികരിച്ചുകൊണ്ട് മടങ്ങി. ഈ വിവരങ്ങൾ അറിഞ്ഞ കുഞ്ഞൂഞ്ഞിച്ചായൻ എന്നെ വിളിപ്പിച്ച് 'എടാ നല്ലൊരു കാര്യത്തിനാണ് നമ്മൾ ഇടപെടുന്നത്. നമ്മൾ ക്ഷമിക്കണം, ദൈവം നമ്മൾക്ക് നല്ലതു വരുത്തും, മറ്റു മാർഗ്ഗങ്ങൾ ദൈവം കാണിച്ചു തരും' എന്നിപ്രകാരം പറഞ്ഞുകൊണ്ട് ഹാൾ ബുക്കിംഗ് കാൻസൽ ചെയ്യുവാൻ നിർദ്ദേശിച്ചു. സ്നേഹബഹുമാനങ്ങൾ കൊണ്ട് കുഞ്ഞൂഞ്ഞിച്ചായന്റെ മുഖത്തു നോക്കുവാൻ പോലും ഭയപ്പെട്ടിരുന്ന എനിക്ക് മറുത്തു പറയുവാൻ സാധിച്ചില്ല. ഞാൻ ആ ഹാൾ ബുക്കിംഗ് കാൻസൽ ചെയ്തു. ദൈവകൃപയാൽ മറ്റൊരു പള്ളിയുടെ ഹാൾ ലഭ്യമാവുകയും ആ പള്ളിയിൽ വച്ചു മുൻ നിശ്ചയപ്രകാരം മക്കളുടെ വിവാഹം നടക്കുകയും ചെയ്തു. ക്ഷമിച്ചാൽ ദൈവം വഴി കാണിച്ചു തരുമെന്ന് കുഞ്ഞൂഞ്ഞിച്ചായൻ പറഞ്ഞത് എത്രമാത്രം അടിയുറച്ച വിശ്വാസത്തോടെ ആയിരുന്നുവെന്നുള്ളത് ഞങ്ങൾക്കെല്ലാവർക്കും ബോധ്യപ്പെട്ടു. 'മനുഷ്യർ നിങ്ങൾക്കു ചെയ്യേണം എന്ന് നിങ്ങൾ ഇച്ഛിക്കുന്നതൊക്കെയും നിങ്ങൾ അവർക്കും ചെയ്‌വീൻ' എന്നുള്ള തിരുവചനത്തിന്റെ നടത്തിപ്പ്.

പ്രിയപ്പെട്ട കുഞ്ഞൂഞ്ഞിച്ചായന്റെ ജന്മശതാബ്ദി കൊണ്ടാടുന്ന ഈ അവസരത്തിൽ കോലത്തുകളത്തിൽ കുടുംബയോഗം പ്രസിഡന്റ് എന്ന നിലയിൽ പ്രിയപ്പെട്ട കുടുംബാംഗങ്ങളെ ഓർമ്മിപ്പിക്കുവാനുള്ളത് നമ്മൾ

ഓരോരുത്തരും അവനവന്റെ ജീവിതശൈലികൊണ്ടും പ്രവർത്തനങ്ങൾ കൊണ്ടും ആവണം കുടുംബമഹിമ വെളിപ്പെടുത്തേണ്ടത് എന്നതാണ്. കുഞ്ഞൂഞ്ഞിച്ചായന്റെ ജീവിതശൈലി ഒന്നുകൊണ്ടു മാത്രമാണ് അദ്ദേഹം പ. ഗീവർഗീസ് ദ്വിതീയൻ ബാവാ തിരുമേനിക്കും പിൻഗാമികളായ പ. കാതോലിക്കാ ബാവാതിരുമേനിമാർക്കും, സഭയിലെ അഭിവന്ദ്യ തിരുമേനിമാർക്കും, വന്ദ്യ വൈദികർക്കും, സഭാമക്കൾക്കും, ഇതര സമുദായക്കാർക്കും, നാട്ടുകാർക്കും, കുടുംബാംഗങ്ങൾക്കും ഒരുപോലെ സ്വീകാര്യനായിത്തീർന്നത് എന്ന് ഓർമ്മിക്കുക. അദ്ദേഹത്തെയും അതുപോലെയുള്ളവരെയും കുറിച്ച് അഭിമാനം കൊള്ളുന്നതിനോടൊപ്പം അവരൊക്കെ എപ്രകാരം ആണ് അങ്ങിനെ ആയിത്തീർന്നത് എന്നു മനസ്സിലാക്കി നമ്മുടെ ജീവിതത്തെ ചിട്ടപ്പെടുത്തി ജീവിതവിജയം കൈവരിച്ചു കൊണ്ടാവണം നമ്മൾ കുടുംബത്തിന്റെ യശസ് വർദ്ധിപ്പിക്കേണ്ടത്.

പ്രിയപ്പെട്ട കെ. കെ. ജോൺ സാറിനെപ്പറ്റിയുള്ള ഓർമ്മകളും അദ്ദേഹത്തിന്റെ മാതൃകകളും പിൻപറ്റി നമ്മുടെ ജീവിതത്തെ ക്രമപ്പെടുത്തുന്നതിനും, എല്ലാവർക്കും നമ്മെ സ്വീകാര്യമാക്കുന്നതിനും കുടുംബത്തിന്റെ കീർത്തി വരുംതലമുറകളിലും വർദ്ധിപ്പിക്കുന്നതിനും ഉതകട്ടെയെന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.



# 24

# ഏൽപ്പിച്ച ചുമതലകൾ ശരിക്കും നിറവേറ്റി

## പ്രൊഫ. ഡോ. വി. മാത്യു കുര്യൻ

വിശ്വവിഖ്യാത ചരിത്രകാരനായ ആർനോൾഡ് റ്റൊയിൻബി ലോകചരിത്രത്തെ വിശേഷിപ്പിച്ചത് "സർഗ്ഗാത്മകരായ ഒരു ന്യൂനപക്ഷത്തിന്റെ ചരിത്രം" എന്നാണ്. എന്നാൽ ഈ ന്യൂനപക്ഷത്തെ തലമുറകളായി പരിശോധിച്ചാൽ നമുക്കു കാണാം അവരിൽ ബഹുഭൂരിപക്ഷവും ഗുരുക്കന്മാരായിരുന്നു എന്ന്. കൗടില്യൻ ചന്ദ്രഗുപ്ത മൗര്യന്റെ ഗുരുവായിരുന്നു. അലക്സാണ്ടറിന്റെ ഗുരു അരിസ്റ്റോട്ടിലും.

നമ്മുടെ കർത്താവ് ശിഷ്യന്മാരെ കിട്ടിയപ്പോൾ അവർക്കു കൊടുത്ത ഏറ്റവും വലിയ വാഗ്ദാനം 'മനുഷ്യരെ പിടിക്കുന്നവരാക്കും' എന്നാണ്. അദ്ധ്യാപനവൃത്തി ലഭിച്ച എല്ലാവർക്കും സ്മരണീയമായ ഒരു വാഗ്ദാനമാണിത്. ഈ ധർമ്മം അനുഷ്ഠിക്കുന്നതിൽ വിജയിക്കുമ്പോൾ മാത്രമേ ഒരദ്ധ്യാപകൻ ശരിക്കും ഒരു ഗുരു ആകുന്നുള്ളു. കെ. കെ. ജോൺ സാർ സുദീർഘമായ തന്റെ അദ്ധ്യാപനജീവിതത്തിൽ ഇത് തെളിയിച്ച വ്യക്തി ആയിരുന്നു. അദ്ധ്യാപനത്തെ ഒരു 'മിഷനാ'യി അദ്ദേഹം വരവേറ്റു. ഒരദ്ധ്യാപകൻ തന്റെ ചിന്തയിലും വാക്കിലും പ്രവൃത്തിയിലും വിദ്യാർത്ഥികൾക്ക് മാതൃകയായിരിക്കണം. അത്തരത്തിലുള്ള ഒരു മാതൃകാദ്ധ്യാപകനായിരുന്നു നെയ്ശ്ശേരിയിലെ ജോൺ സാർ.

സ്വന്തം നാട്ടുകാരൻ എന്ന നിലയിലും എന്റെ സുഹൃത്ത് ആയ പൗലൂസ് മാർ പക്കോമിയോസിന്റെ പിതാവ് എന്ന നിലയിലും ജോൺ സാറിനെ ചെറുപ്പം മുതൽ എനിക്കറിയാമായിരുന്നെങ്കിലും അദ്ദേഹവുമായി അടുത്തിടപഴകുവാൻ അവസരം ലഭിച്ചത് എന്റെ സഹോദരൻ വി. എം. തോമസിന്റെ എം.ഡി. ആന്റ് കോർപ്പറേറ്റ് മാനേജ്മെന്റ് സ്കൂളുകളിലെ അദ്ധ്യാപകജോലിയുമായി ബന്ധപ്പെട്ടാണ്. ജോൺ സാർ ആയിരുന്നു അക്കാലത്ത് സ്കൂളുകളുടെ ഓഫീസ് ഭരണചുമതല നിർവ്വഹിച്ചിരുന്നത്. പിന്നീട് പല അവസരങ്ങളിലും അദ്ദേഹവുമായി അടുത്തുപെരുമാറുവാൻ എനിക്കു ഭാഗ്യം ലഭിച്ചു. അദ്ദേഹത്തിന്റെ ഭവനത്തിൽ പല തവണ പോകുവാനും ആതിഥ്യം സ്വീകരിക്കാനും ഇടയായിട്ടുണ്ട്.

എന്റെ മൂത്ത പുത്രി സിന്ധുവിന് (ഇപ്പോൾ കോട്ടയത്ത് എം.ഡി. കോമേഴ്സ്യൽ സെന്ററിൽ ഈവ്സ് വേൾഡ് എന്ന സ്ഥാപനം നടത്തുന്നു) ആദ്യാ

ക്ഷരം കുറിക്കുവാൻ ഏറ്റവും അനുയോജ്യനായ വ്യക്തിയായി ഞങ്ങൾ കണ്ടത് ജോൺ സാർ എന്ന ഗുരുശ്രേഷ്ഠനെ ആയിരുന്നു.

മലങ്കരസഭയെ ജീവനുതുല്യം സ്നേഹിച്ചിരുന്ന ഒരു മഹത് വ്യക്തി ആയിരുന്നു ജോൺ സാർ. പരിശുദ്ധ പിതാക്കന്മാരായിരുന്ന ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ, ഔഗേൻ ബാവാ, മാത്യൂസ് പ്രഥമൻ ബാവാ മുതലായവർക്ക് ഏറ്റവും പ്രിയപ്പെട്ട വ്യക്തിയായിരുന്നു അദ്ദേഹം.

ഒരു സർക്കാർ സ്കൂൾ അദ്ധ്യാപകനായും, ഹെഡ്മാസ്റ്ററായും, എ.ഇ.ഒ. ആയും മഹത്തായ ഔദ്യോഗിക ജീവിതമാണ് അദ്ദേഹം നയിച്ചത്.

ജോൺ സാറിൽ ഞാൻ ദർശിച്ച ചില സ്വഭാവവിശേഷങ്ങൾ അനുസ്മരിപ്പിക്കട്ടെ. അദ്ദേഹത്തിന്റെ 'വ്യക്തിത്വം' ആണ് എന്നെ ഏറ്റവും അധികം ആകർഷിച്ചത്. വളരെ ആഴമുള്ള ഒരു സമുദ്രം ശാന്തമായിരിക്കും. ജോൺ സാറിന്റെ പ്രകൃതവും ഇതുപോലെ ആണ് എനിക്കനുഭവപ്പെട്ടിട്ടുള്ളത്.

സാറിന്റെ 'സമഭാവന' എടുത്തു പറയേണ്ട മറ്റൊരു സ്വഭാവവിശേഷമായിരുന്നു. പ്രതിപക്ഷ ബഹുമാനത്തോടുകൂടി മാത്രമേ അദ്ദേഹം മറ്റുള്ളവരോടിടപ്പെട്ടിരുന്നുള്ളു. അധികാരഘടന ഒരിക്കലും അദ്ദേഹത്തെ സ്വാധീനിച്ചിരുന്നില്ല.

ജോൺ സാറിന്റെ ആഴത്തിലുള്ള ദൈവഭക്തിയും, പ്രാർത്ഥനാജീവിതവും, ദീനാനുകമ്പയും ഏതൊരു ക്രിസ്ത്യാനിക്കും മാതൃകയാണ്. സഭയുടെയും സമൂഹത്തിന്റെയും പുരോഗതിയിൽ തന്നെ ഏൽപ്പിച്ച ദൗത്യങ്ങൾ മാതൃകാപരമായി നിർവ്വഹിച്ചശേഷമാണ് അദ്ദേഹം കാലയവനികയ്ക്കുള്ളിൽ മറഞ്ഞത്. അദ്ദേഹത്തിന്റെ സ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.



# 25

# നാട്ടുകാർക്കു ലഭിച്ച ദൈവത്തിന്റെ ദാനം

## ഉമ്മൻ പി. ഏബ്രഹാം (രാജൻ, ന്യൂയോർക്ക്)

പ്രിയപ്പെട്ടവർ മരിച്ചുപോയാലും അവർ നമ്മുടെ ഓർമ്മകളിൽ ജീവിച്ചിരിക്കുന്നുവെന്ന് പറയുന്നത് എത്രയോ ശരിയാണ്. കെ. കെ. ജോൺ സാറിനെക്കുറിച്ച് ഓർക്കുമ്പോൾ എന്റെ മനസ്സിൽ ഒരു തിരശീലയിലെന്നപോലെ ഒത്തിരി സംഭവങ്ങളുടെ ചുരുൾ നിവരുന്നു. 1995 ഓഗസ്റ്റ് 31 –നാണ് ജോൺ സാർ ഇഹലോകവാസം വെടിഞ്ഞുവെന്ന വാർത്ത അമേരിക്കയിൽ എനിക്കു കിട്ടുന്നത്. ഒരു നിമിഷം എനിക്കത് അവിശ്വസനീയമായ വാർത്തയായി തോന്നി. അല്ലെങ്കിൽ ആ വാർത്ത ശരിയായിരിക്കരുതെന്ന് ഞാൻ വെറുതെ ആശിച്ചു. ആയിടയ്ക്ക് ബഹുമാന്യനായ പ്രൊഫ. റ്റി. ജെ. ജോഷ്വാ അച്ചൻ അമേരിക്കൻ സന്ദർശനത്തിനായി ന്യൂയോർക്കിൽ എത്തിച്ചേർന്നിരുന്നു. അദ്ദേഹത്തിന്റെ ശിഷ്യന്മാരുൾപ്പെടുന്ന മലങ്കര ഓർത്തഡോക്സ് സഭയിലെ പട്ടക്കാരും സുഹൃത്തുക്കളും അവരവരുടെ പള്ളികളിൽ അച്ചനെക്കൊണ്ട് വിശുദ്ധ കുർബ്ബാന അർപ്പിക്കുന്നതിനും പ്രസംഗം, സുവിശേഷപ്രസംഗം, ബൈബിൾ ക്ലാസ്സുകൾ ഇവ നടത്തുന്നതിനായി അഹമഹമിഹയാ എന്ന തോതിൽ മുന്നോട്ടു വന്നുകൊണ്ടിരുന്നു. അച്ചൻ തിരികെ നാട്ടിൽപോകുന്ന ദിവസം വരെയുള്ള സമയം മുഴുവനും അങ്ങനെ പള്ളിക്കാർ പങ്കിട്ടെടുത്തു. ദിവസക്കുറവുമൂലം പല പള്ളിക്കാരെയും അച്ചനു നിരാശപ്പെടുത്തേണ്ടി വന്നു. എന്നാൽ കെ. കെ. ജോൺ സാറിന്റെ മകൻ കൊച്ചുകുഞ്ഞ് എന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന ജോൺ കെ. ജോണിൽ നിന്നും ജോഷ്വാ അച്ചന്റെ വരവിനെക്കുറിച്ച് മുൻകൂട്ടിയറിഞ്ഞതുകൊണ്ട് ഞങ്ങളുടെ ഇടവകയിലെ ആത്മീയ കാര്യങ്ങൾക്കായുള്ള ശുശ്രൂഷ നടത്താൻ അദ്ദേഹത്തെ രണ്ട് ദിവസം അടുപ്പിച്ച് ഞങ്ങളുടെ കൂടെ കൂട്ടാൻ ഭാഗ്യമുണ്ടായി. ആയതിനാൽ ന്യൂയോർക്ക് എയർപോർട്ടിൽ വച്ച് നാട്ടിലെ വിശേഷങ്ങൾ കൈമാറാനും, വിശിഷ്യ കെ. കെ. ജോൺ സാറിനെയും കുടുംബത്തേയും മറ്റും ചോദിച്ചറിയാൻ എനിക്കും കുടുംബത്തിനും സാധിച്ചിരുന്നു. അഭിവന്ദ്യനായ ഡോക്ടർ ടി. ജെ. ജോഷ്വാ അച്ചനുമായി ബന്ധപ്പെടാനവസരം ലഭിച്ചപ്പോഴൊക്കെ കെ. കെ. ജോൺ സാറിനെ കുറിച്ച് അദ്ദേഹം പറയുമായിരുന്നു. ജോഷ്വാ അച്ചന്റെ ജീവിതത്തിലെ പ്രധാനപ്പെട്ട വ്യക്തിയായിരുന്നു ജോൺ സാർ എന്ന് എനിക്ക് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്.

ജോൺ സാറിന്റെ മരണവൃത്താന്തം കിട്ടിയപ്പോൾ ഡോക്ടർ ടി. ജെ. ജോഷ്വാ അച്ചൻ സുവിശേഷവേലയും, ബൈബിൾ ക്ലാസ്സുമായി മിഷിഗണിൽ ആയിരുന്നു. ഞാൻ അദ്ദേഹത്തെ ഫോണിൽ വിളിച്ച് ധൈര്യം സംഭരിച്ച് "അച്ചാ... നമ്മുടെ കുറിച്ചിയിലെ ജോൺ സാർ..." എനിക്കു വാക്കുകൾ മുഴുമിപ്പിക്കാൻ കഴിഞ്ഞില്ല. അദ്ദേഹം ഉടനെ ചോദിച്ചു. "ജോൺ സാറിനു എന്തു പറ്റി?" ഒരു ഗദ്ഗദത്തോടെ ഞാനാ ദുഃഖവാർത്ത പൂർത്തിയാക്കി. അദ്ദേഹം ഈ ലോകത്തിൽ നിന്നു കടന്നുപോയി. അച്ചന്റെ മറുപടി ഉടനെ വന്നു. "രാജൻ, ഇനിയും ഞാൻ എന്തിനു ഇവിടെ നിൽക്കണം. എനിക്ക് ഉടനെ മടങ്ങിപ്പോകണം. വേഗം എന്റെ ടിക്കറ്റ് ശരിയാക്കുക. എനിക്ക് ജോൺ സാറിന്റെ അടുത്ത് എത്രയുംവേഗം എത്തണം." ജോഷ്വാ അച്ചൻ അങ്ങനെ ഇന്ത്യയ്ക്ക് തിരിച്ചുപോകുകയും ചെയ്തു. ജോഷ്വാ അച്ചന്റെ ജീവിതത്തിൽ ഏറ്റവും കൂടുതൽ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്തിട്ടുള്ള വ്യക്തിയായിരുന്നു ജോൺ സാർ എന്ന് എനിക്കു മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ട്. ജോഷ്വാ അച്ചനുമായി സംസാരിച്ചപ്പോഴെല്ലാം കെ. കെ. ജോൺ സാറിനെപ്പറ്റി പറഞ്ഞിരുന്നു. കെ. കെ. ജോൺ സാറിന്റെ വ്യക്തിത്വവും സ്വഭാവസവിശേഷതയും തന്നെയായിരിക്കണം അവർ തമ്മിലുണ്ടായിരുന്ന അടുപ്പത്തിനും സ്നേഹബന്ധത്തിനും കാരണമെന്ന് ഞാൻ വിശ്വസിക്കുന്നു. ജോൺ സാറിന്റെ ജന്മദേശമായ കുറിച്ചിയിലേക്ക് കോന്നിക്കാരനായ ജോഷ്വാ അച്ചൻ താമസം മാറ്റുക പോലും ചെയ്തത് അവർ തമ്മിലുണ്ടായിരുന്ന അകൈതവമായ സ്നേഹത്തിന്റെ സൂചന തന്നെയാണ്. ജീവിതാവസാനം വരെ തമ്മിൽ കാണാനും ഒരു കുടുംബം പോലെ കഴിയുവാനും തന്മൂലം അവർക്ക് കഴിഞ്ഞു.

വീട്ടുകാർക്കും, സമൂഹത്തിനും, സഭയ്ക്കും, നാട്ടുകാർക്കും, ദൈവത്തിന്റെ ദാനമായി ജനിച്ച ഈ പുണ്യാത്മാവ് എപ്പോഴും മറ്റുള്ളവർക്കു വേണ്ടി ജീവിച്ചു. നിന്നെപ്പോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുക എന്നു കർത്താവ് പറഞ്ഞ വചനം അക്ഷരംപ്രതി ജീവിതത്തിൽ പ്രായോഗികമാക്കിയ ഇദ്ദേഹം നിഷ്ക്കളങ്കമായ ഒരു ഹൃദയത്തിന്റെ ഉടമയായിരുന്നു. താൻ ജനിച്ചു വളർന്ന മലങ്കര സുറിയാനി ഓർത്തഡോക്സ് സഭയെ അദ്ദേഹം അതിരറ്റ് സ്നേഹിച്ചിരുന്നു. കളങ്കമില്ലാത്ത ഹൃദയത്തിന്റെയും വിശാല മനസ്സിന്റെയും ദീർഘവീക്ഷണത്തിന്റെയും പര്യായമായിരുന്നു ജോൺ സാർ. എല്ലാറ്റിലും ഉപരി അദ്ദേഹം ഒരു നീതിമാനായിരുന്നു. നീതിമാന്റെ വെളിച്ചം പ്രകാശിക്കുന്നു (സദൃശ്യ 13:9).

ജോൺ സാറിനെ അറിയാവുന്നവർക്കും, അടുത്തിടപഴകിയിട്ടുള്ളവർക്കും അദ്ദേഹത്തിന്റെ സാന്നിധ്യം ദൈവികമായ ഒരു അനുഭൂതി ഉളവാക്കുന്നവിധമായിരുന്നു എന്ന് ഓർക്കാൻ കഴിയും. മറ്റുള്ളവരുടെ വിഷ

മഘട്ടങ്ങളിൽ ഒരു ദൈവദൂതനെപ്പോലെ അവരുടെ പ്രശ്നപരിഹാരക നായി എപ്പോഴും ഓടിയെത്താറുള്ള ഒരു വ്യക്തിയായിരുന്നു അദ്ദേഹം. നിങ്ങളുടെ സ്വർഗ്ഗീയ പിതാവ് സൽഗുണ സമ്പൂർണ്ണനായിരിക്കുന്നതു പോലെ നിങ്ങളും സൽഗുണ സമ്പൂർണ്ണരാകുവിൻ (മത്തായി 5:48). ഈ വചനം ജോൺ സാറിന്റെ ജീവിതത്തിൽ പൂർണ്ണമായി പ്രായോഗികമാ ക്കാൻ അദ്ദേഹത്തിനു സാധിച്ചു. വളരെ എളിമയുള്ള ഒരു ജീവിതദർശ നവും, എപ്പോഴും വിനയപുരസ്സരമായ പെരുമാറ്റവും അദ്ദേഹത്തെ ഒരു മഹത് വ്യക്തിയാക്കിയിരുന്നു. സമസൃഷ്ടികളെ അങ്ങേയറ്റം സ്നേഹി ക്കുകയും അവരെ തന്നെപ്പോലെ തന്നെ കരുതുകയും ചെയ്തിരുന്നു ഇദ്ദേഹം.

ജനനം മുതൽ മരണം വരെ സമാധാനത്തിന്റെ ദൂതുമായി വീട്ടുകാ രോടും, നാട്ടുകാരോടും താൻ കൂടി ഉൾപ്പെട്ട സഭയിലെ ഓരോ വ്യക്തി യോടും തന്നാൽ ആകുന്ന സർവ്വനന്മയും ചെയ്തു ജീവിച്ചുകൊണ്ട് ദൈവ സന്നിധിയിലേക്ക് കടന്നുപോയ ഒരു അനുഗൃഹീത ജന്മമായിരുന്നു കെ. കെ. ജോൺ സാറിന്റേത്. കേരളത്തിലെ ഒരു നല്ല അദ്ധ്യാപകനായി നല്ല വനായ ഒരു ഹെഡ്മാസ്റ്റർ ആയി, മാതൃകാ എഡ്യുക്കേഷൻ ഓഫീസർ ആയി സേവനമനുഷ്ഠിച്ചതിനു ശേഷം 1971–ൽ അദ്ദേഹം ജോലിയിൽ നിന്നു വിരമിച്ചു. എന്നാൽ ഒരു വിശ്രമജീവിതത്തിനു പോകാതെ മല ങ്കര ഓർത്തഡോക്സ് സഭാ കോർപ്പറേറ്റു മാനേജ്മെന്റ് സ്കൂളുകളുടെ കറസ്പോണ്ടന്റും ഓഫീസ് മാനേജരുമായി അദ്ദേഹം ഉത്തരവാദിത്വം ഏറ്റെടുത്തു. മലങ്കര മെത്രാപ്പോലീത്തായും കാതോലിക്കാ ബാവായു മായിരുന്ന പരിശുദ്ധ മാത്യൂസ് പ്രഥമൻ ബാവാ, ജോൺ സാറിന്റെ സേവ നതൽപ്പരത മനസ്സിലാക്കി അദ്ദേഹത്തെ ഈ ഉത്തരവാദിത്വം ഏൽപ്പി ക്കുകയായിരുന്നു. വളരെ സ്തുത്യർഹമായവിധത്തിൽ അദ്ദേഹം ഈ ഉത്തരവാദിത്വങ്ങൾ നിർവ്വഹിച്ചു. സത്യസന്ധനായ അദ്ദേഹത്തിനു മേൽപ്പ റഞ്ഞ പള്ളിക്കൂടങ്ങളുടെയും, അദ്ധ്യാപക-അദ്ധ്യാപിക, മറ്റ് തസ്തിക കളിൽ ആളുകളെ നിയമിക്കുന്നത് ഒരു പരാതിയുമില്ലാതെ നിർവ്വഹി ക്കുവാൻ സാധിച്ചു. സാറിന്റെ സാന്നിധ്യം ചുറ്റുമുള്ളവർക്കും ചുറു ചുറുക്കും ഉന്മേഷവും പ്രദാനം ചെയ്തിരുന്നു എന്ന് എല്ലാവരും ഒരുമിച്ച് സമ്മതിക്കുന്നു.

ദൈവിക വിശ്വാസവും മുടങ്ങാത്ത പ്രാർത്ഥനയുമുള്ള കുടുംബത്തിൽ അനുഗ്രഹിക്കപ്പെട്ട മാതാപിതാക്കളുടെ പുത്രനായി കുറിച്ചിയിൽ കോലത്തുകളത്തിൽ നെയ്ശ്ശേരിൽ ജനിച്ച കെ. കെ. ജോൺ സാർ ദൈവ വേലയ്ക്കായി കർത്താവിനാൽ തെരഞ്ഞെടുക്കപ്പെട്ട ദൈവദാസനായി രുന്നു. അദ്ദേഹത്തിന്റെ ജീവിതത്തിൽ എല്ലാ വിജയങ്ങളുടെയും പുറ കിൽ ശാന്തമായി പ്രവർത്തിച്ച വ്യക്തിയായിരുന്നു സഹധർമ്മിണി

പെണ്ണമ്മ. വിശുദ്ധിയുടെയും വിനയത്തിന്റെയും പ്രതീകമായ ഇവർ സുന്ദരിയും ശാലീനവതിയുമായിരുന്നു. പെണ്ണമ്മഅമ്മച്ചിയെ കൂടാതെ ജോൺ സാറിനെ കുറിച്ച് പറയാൻ പ്രയാസമാണ്. മാവേലിക്കരയ്ക്കടുത്ത് തോനക്കാട്ട് വളരെ പുരാതനമായ പാലമൂട്ടിൽ കുടുംബത്തിൽ പരേതനായ പി. ഒ. ഏബ്രഹാം അച്ചന്റെയും മുട്ടത്ത് മുട്ടത്തേരിൽ കിഴക്കേതിൽ സാറാമ്മയുടെയും മൂന്നു മക്കളിൽ ഏറ്റവും ഇളയ പുത്രിയായിരുന്നു പെണ്ണമ്മ. സന്തോഷത്തിലും സന്താപത്തിലും ഒരുമിച്ചു നിന്ന് അവർ ജോൺ സാറിന്റെ കർമ്മവീഥിയിൽ കൂടെ നടന്ന് കരുത്ത് പകർന്നു.

പെണ്ണമ്മഅമ്മച്ചിയുടെ പിതാവ് പി. ഒ. ഏബ്രഹാം അച്ചൻ തോനക്കാട് ദേശത്ത് ജനിച്ചു വളർന്ന്, പുരോഹിതനായി പൗരോഹിത്യ കർമ്മങ്ങൾ നടത്തിയ സമയങ്ങളിൽ, വിശുദ്ധ തോമാശ്ലീഹായാൽ സ്ഥാപിതമായ ഏഴരപ്പള്ളികളിൽ ഒന്നായ "തിരുവാങ്കോട്" പള്ളിയിൽ കൂടെക്കൂടെ വി. കുർബ്ബാന അർപ്പിക്കുവാൻ ദൈവം അവസരം നൽകിയ പുരോഹിതനായിരുന്നു. വളരെ ചെറുപ്പത്തിലെ ഇദ്ദേഹം അകാല ചരമം പ്രാപിച്ചു. പെണ്ണമ്മ അമ്മച്ചിയുടെ മൂത്ത സഹോദരിയായ തങ്കമ്മയെ മല്ലപ്പള്ളി വട്ടശ്ശേരിൽ ജോസഫ് സാർ വിവാഹം കഴിച്ചു. ഏക സഹോദരൻ മലങ്കര ഓർത്തഡോക്സ് സഭയെ അങ്ങേയറ്റം സ്നേഹിക്കുകയും കരുതുകയും ചെയ്ത മുൻ ജഡ്ജി പി. എ. ഉമ്മൻ എം.എൽ. ആണ്.

പി. എ. ഉമ്മൻ ജഡ്ജി, അളിയനെപ്പോലെ തന്നെ സഭയ്ക്ക് വേണ്ടതായ സംഗതികൾ തക്കസമയത്ത് സഭയുടെ ശ്രേഷ്ഠന്മാരോടൊപ്പം നിന്ന് ഉപദേശങ്ങൾ സന്തോഷത്തോടെ ചെയ്ത വ്യക്തിയാണ്. ഉത്തമ സഹോദരങ്ങളെപ്പോലെ ജീവിച്ച കെ. കെ. ജോൺ സാറും ജഡ്ജി പി. എ. ഉമ്മനും മലങ്കരസഭയെ സ്വാർത്ഥ താൽപ്പര്യമില്ലാതെ അങ്ങേയറ്റം സ്നേഹിക്കുകയും സേവിക്കുകയും ചെയ്ത മഹത് വ്യക്തികളാകുന്നു.

എന്റെ ഓർമ്മ ശരിയാണെങ്കിൽ, 1993-ൽ മലങ്കര ഓർത്തഡോക്സ് സഭയിലെ മെത്രാൻ സ്ഥാനത്തേക്ക് മലങ്കരസഭയിലെ അവൈദികരുടെയും മലങ്കരസഭാ നേതൃനിരയിലെ അനവധി വ്യക്തികളുടെയും അഭിലാഷപ്രകാരം സ്വതന്ത്ര സ്ഥാനാർത്ഥിയായ കെ. കെ. ജോൺ സാറിന്റെ ദ്വിതീയ പുത്രനും പെരുനാട് ബഥനി ആശ്രമ സുപ്പീരിയറുമായ പൗലോസ് അച്ചൻ മത്സരിച്ചു. ഈ മത്സരത്തിൽ മലങ്കരസഭയിലെ പട്ടക്കാരുടെയും അവൈദികരുടെയും ഭൂരിപക്ഷം വോട്ടുകളും ലഭിച്ച് ബഥനി സുപ്പീരിയർ പൗലോസ് അച്ചൻ വിജയശ്രീലാളിതനായി. ഈ വിജയത്തിനു പ്രധാന കാരണം, പൗലോസ് അച്ചനോടുള്ള വിശ്വാസവും മതിപ്പിനോടുമൊപ്പം സഭാസ്നേഹിയായ പ്രിയ ജോൺ സാറിനോടുള്ള സ്നേഹവും ആദരവും ആണെന്ന് മനസ്സിലാക്കാൻ സാധിക്കുന്നു. എനിക്കും കുടുംബത്തിനും അദ്ദേഹത്തിന്റെയും അദ്ദേഹത്തിന്റെ സഹധർമ്മിണി

പെണ്ണമ്മ അമ്മച്ചിയുടെയും വേർപാട് താങ്ങുവാൻ സാധിക്കാത്തതാണ്. അവരെ അറിയുന്ന ആർക്കുംതന്നെ അവരുടെ വിയോഗം വേദനാജന കവും വലിയ ഒരു നഷ്ടവുമാണ്. എന്നാൽ സ്നേഹസമ്പന്നരായ ഈ മാതാപിതാക്കളുടെ ഉത്തമരായ മക്കളെ ഓരോരുത്തരേയും കാണുകയും സംസാരിക്കുകയും ചെയ്യുമ്പോൾ അവരെ നേരിൽ കാണുന്ന പ്രതീതി അനുഭവപ്പെടുന്നു. പിതാവിന്റെ വഴി പിന്തുടർന്ന് നല്ലവരായ അവരെല്ലാം ഈ ലോകത്തിൽ നല്ല പ്രവൃത്തികൾ ചെയ്ത് എല്ലാവരുടെയും സ്നേഹ വും അഭിനന്ദനവും പിടിച്ചുപറ്റുന്നത് എത്രയോ കുളിർമ്മയുള്ള കാഴ്ചയും അനുഭവവുമാണ്.

മലങ്കര ഓർത്തഡോക്സ് സഭയേയും, സ്വന്തദേശത്തേയും അവി ടുത്തെ ജനങ്ങളേയും കണ്ണിലെ കൃഷ്മണി പോലെ സ്നേഹിക്കയും, ആദരിക്കയും ചെയ്ത കെ. കെ. ജോൺ സാർ, നമ്മെ വിട്ടുപിരിഞ്ഞാലും അദ്ദേഹത്തിന്റെ നന്മ നമ്മളിൽ ഓരോരുത്തരുടെയും ഹൃദയങ്ങളെ നിറ യ്ക്കുകയും നമുക്ക് ചുറ്റും സമാധാനം പരത്തുകയും ചെയ്യും. മലങ്കര ഓർത്തഡോക്സ് സഭയുടെ കാതോലിക്കായും മലങ്കര മെത്രാപ്പോലീ ത്തായുമായിരുന്ന ബസ്സേലിയോസ് മാത്യൂസ് ദ്വിതിയൻ ബാവാ ജോൺ സാറിന്റെ ചരമദിനത്തോടനുബന്ധിച്ച് ചെയ്ത പ്രസംഗത്തിൽ ഇങ്ങനെ പറയുകയുണ്ടായി. “ഈ ലോകത്തിൽ ഉള്ള മനുഷ്യർ ഏവരും പ്രിയ ജോൺ സാറിനെപ്പോലെയായിരുന്നെങ്കിൽ ഈ ലോകം ഒരു സ്വർഗ്ഗം ആയി മാറിപ്പോയേനേ” എന്ന്. മലങ്കര ഓർത്തഡോക്സ് സഭയുടെ ഇടുക്കി ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായും അതു കഴിഞ്ഞ് 1992 മുതൽ 2011 വരെ അമേരിക്ക മുഴുവനായി വ്യാപിച്ച് കിടന്ന, അമേരിക്കൻ ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായും ആയിരുന്ന അഭിവന്ദ്യ മാത്യൂസ് മാർ ബർണബാസ് തിരുമേനി ഒരിക്കൽ എന്റെ മാതാവിനോട് (ചിന്നമ്മ) വീട്ടിൽ വച്ച് നടന്ന ഒരു ചടങ്ങിൽ കുറിച്ചി കെ. കെ. ജോൺ സാറിനെ ക്കുറിച്ച് ഇപ്രകാരം പറയുകയുണ്ടായി. “ഈ ലോകത്തിലെ മനുഷ്യർക്ക് ജോൺ സാറിൽ നിന്ന് അധികം നന്മകൾ കണ്ടു പഠിക്കാനുണ്ട്.” പരേ തരുടെ ആത്മാക്കളുടെ മുമ്പിൽ തല വണങ്ങികൊണ്ടും ഇത്തരുണത്തിൽ ഈ പുസ്തകത്തിൽ പങ്കുകൊള്ളാൻ സാധിക്കുന്നതിൽ നന്ദി രേഖപ്പെ ടുത്തിക്കൊണ്ടും വിരമിക്കട്ടെ.



# 26

# അത്യാദരപൂർവ്വം ആദരാഞ്ജലികൾ


## എൻ. ജയപ്രകാശ്

## (ജയ ഭവൻ, കുറിച്ചി)


"ഹെഡ്മാസ്റ്റർ" എന്ന വാക്കു കേൾക്കുമ്പോൾ എന്റെ മനസ്സിന്റെ കണ്ണാടിയിൽ തെളിയുന്ന ചിത്രം കെ. കെ. ജോൺ ബി.എ., എൽ.റ്റി. എന്ന നെയ്ശ്ശേരി ജോൺ സാറിന്റേതാണ്. 5 3/4 അടി ഉയരവും ചീകി മിനുക്കിയ മുടിയുടെ താഴത്തെ അറ്റത്തായി റിബൺ പോലെ - വെള്ള കൊലുസുപോലെ - നരച്ച മുടിയുള്ള അരോഗദൃഢഗാത്രനും ശുഭ്രവസ്ത്ര ധാരിയും. തലയെടുപ്പോടെ നടന്നുനീങ്ങി, ആരിലും ബഹുമാനാദരങ്ങൾ സൃഷ്ടിക്കുന്ന രൂപം. അച്ചടക്കത്തിന്റെയും കൃത്യനിഷ്ഠയുടെയും പര്യാ യമായ ഞങ്ങളുടെ ഹെഡ്മാസ്റ്റർ. ഇത് കുട്ടികളിലും അദ്ധ്യാപകരിലും അല്പം ഭയവും ഏറെ ബഹുമാനവും ജനിപ്പിച്ചിരുന്നു. രണ്ടാം സ്കൂൾ ബെല്ലടിച്ചു കഴിഞ്ഞാണു കൈയിൽ ചൂരവടിയുമായി വരാന്തയിലൂടെ ക്ലാസ്മുറികളിൽ ദൃഷ്ടി പായിച്ചു ഹെഡ്മാസ്റ്റർ നടന്നു നീങ്ങിയിരുന്ന ത്.

കുറിച്ചി ഗവൺമെന്റ് സ്കൂളിന്റെ അഭിമാനം ആയിരുന്നു അദ്ദേഹം. ആ ചുറ്റിനടപ്പിൽ കുസൃതിയും വികൃതിയും കാട്ടുന്ന കുട്ടികളെ കണ്ടാൽ അവർക്കു ശിക്ഷ കിട്ടും. എന്നാൽ പഠിക്കുന്ന നല്ല അനുസരണമുള്ള കുട്ടികൾക്ക് വാത്സല്ല്യത്തിന്റെ മധു പകർന്നു നൽകും. കലാ-കായിക രംഗങ്ങളിൽ അഭിരുചിയുണ്ടായിരുന്നവരെ നന്നായി പ്രോത്സാഹിപ്പിച്ചി രുന്നു. ഞാൻ ഏഴാം ക്ലാസ്സിൽ പഠിക്കുമ്പോൾ ആഴ്ചയിൽ ഒരിക്കലെ ങ്കിലും ഞങ്ങളുടെ ഏഴ് ബി ക്ലാസ്സിൽ എത്തി ജോൺ സാർ ഇംഗ്ലീഷ് ഗ്രാമർ പഠിപ്പിച്ചിരുന്നു. സരളവും ലളിതവും ആയിരുന്ന ആ "പഠിപ്പി ക്കൽ" ഞങ്ങളിൽ ഇംഗ്ലീഷിന്റെ അടിത്തറ ഉറപ്പിച്ചു. പിന്നീട് എ.ഇ.ഒ. ആയും ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർ ആയും സാറിനു പ്രമോഷൻ കിട്ടി കുറിച്ചി യു.പി.എസിനോടു യാത്ര പറഞ്ഞു.

റിട്ടയർ ചെയ്ത ശേഷം സഭവക സ്കൂളുകളുടെ മാനേജരായും ഏതാനും വർഷം നിസ്തുല സേവനം ചെയ്തു. കുറിച്ചി ഗവ. യു.പി. സ്കൂളിൽ നിന്നും ഞാൻ ഹൈസ്ക്കൂളിലേക്കു കടന്നശേഷമായിരുന്നു എന്റെ അമ്മ "കുട്ടിയമ്മ ടീച്ചർ" കുറിച്ചി സ്കൂളിൽ ജോൺ സാറിന്റെ സഹാദ്ധ്യാപികയായി എത്തിയത്. അമ്മ പിന്നീട് പാത്താമുട്ടം എൽ.പി. സ്കൂളിൽ നിന്നും ഹെഡ്മിസ്ട്രസായിട്ടാണ് റിട്ടയർ ചെയ്തത്. ഹെഡ്മി

സ്ട്രസായിരുന്നപ്പോൾ കൃത്യനിഷ്ഠയും അച്ചടക്കവും പാലിക്കാനും പാലി പ്പിക്കുവാനും കഴിഞ്ഞതും ജോൺ സാറിന്റെ മഹത്തായ മാതൃക മൂലം ആയിരുന്നു എന്ന് അമ്മ പലപ്പോഴും പറയുമായിരുന്നു.

എന്റെ പിതാവ് കെ. എൻ. നായർ മെഡിക്കൽ വകുപ്പിൽ സ്റ്റോർ സൂപ്ര ണ്ടായിരുന്നു. ജോൺ സാറിന്റെ അടുത്ത സുഹൃത്തുമായിരുന്നു. ഈ സുഹൃത്ത്വലയത്തിൽ അന്നത്തെ എ.ഇ.ഒ ആയിരുന്ന പായിക്കാട് നില കണ്ഠപ്പിള്ള സാറും ഉൾപ്പെട്ടിരുന്നു. മൂന്ന് ശുഭ്രവസ്ത്രധാരികൾ. നെയ് ശ്ശേരിവീട്ടിലും പായിക്കാട് വീട്ടിലും അവധി ദിവസ സായാഹ്നങ്ങളിൽ സമ്മേളിച്ചു വിദ്യാഭ്യാസ രംഗത്തെക്കുറിച്ചും കെ. ഇ. ആറിനെ കുറിച്ചും ആനുകാലിക രാഷ്ട്രീയ സ്ഥിതിഗതികളെക്കുറിച്ചും ചർച്ച ചെയ്തിരുന്നു. മൂവർക്കും രാഷ്ട്രീയം ഇല്ലായിരുന്നു. സമൂഹത്തിന്റെ ഉന്നതി ആഗ്രഹി ച്ചിരുന്ന അവർ മൂല്യച്യുതിയിൽ ഖിന്നരായിരുന്നു. ഗാന്ധിജിയേയും നെഹ്റുവിനേയും ജയപ്രകാശ് നാരായണനേയും സുഭാഷ്ചന്ദ്രബോസി നേയും രാംമനോഹർലോഹ്യയേയും ടാഗോറിനേയും ഭഗത് സിംഗിനേയും അവർ ഒരുപോലെ ഇഷ്ടപ്പെട്ടിരുന്നു.

ഉപരിപഠനാർത്ഥം ഞാൻ ഉന്നത കലാലയങ്ങളിൽ ചേർന്നപ്പോൾ എനിക്ക് അടുത്തിടപഴകാൻ കഴിഞ്ഞ ഗുരുനാഥന്മാർ പലരുമുണ്ടായി രുന്നു. പക്ഷേ അന്നും ഇന്നും എന്റെ ഹെഡ്മാസ്റ്റർ നെയ്ശ്ശേരി ജോൺ സാർ മാത്രം. ആ ഉന്നത വ്യക്തിത്വത്തിന്റെ മുമ്പിൽ അത്യാദരപൂർവ്വം സ്മരണാഞ്ജലികൾ അർപ്പിക്കുന്നതിൽ ഒരാത്മനിർവൃതി ഉണ്ട്.



# 27

# മരിച്ചാലും മറക്കാത്ത മധുര സ്മരണകൾ

## തോമസ് ജോൺ

ജാതിമതഭേദമെന്യ ബന്ധപ്പെട്ടിട്ടുള്ള സകലരുടെയും സ്നേഹാദരങ്ങൾ പിടിച്ചുപറ്റിയിരുന്ന ഞങ്ങളുടെ അച്ചായൻ കെ. കെ. ജോണിനെക്കുറിച്ചുള്ള സ്മരണകൾ തിരമാലകൾ പോലെ നിലയ്ക്കാത്തതാണ്.

പല തുറകളിലും ഉള്ള ആളുകൾ അവരുടെ സന്തോഷങ്ങളും സന്താപങ്ങളും സങ്കീർണ്ണമായ പ്രശ്നങ്ങളും പറയുവാൻ അച്ചായനെ കാണാൻ വന്നിരുന്നത് ഞാൻ ബാല്യകാലം മുതൽ ഓർക്കുന്നുണ്ട്. ഏതു കാര്യത്തിനും ന്യായാന്യായങ്ങൾ നോക്കി മറുപടി കൊടുക്കുമായിരുന്നു. അതവർക്ക് സ്വീകാര്യവുമായിരുന്നു. കുടുംബപ്രശ്നം, സ്വത്തു തർക്കം, ബിസിനസ്സിലുണ്ടാകുന്ന വിശ്വാസവഞ്ചന, അപസ്വരങ്ങൾ, പള്ളി പ്രശ്നങ്ങൾ മുതലായ വിവിധ തരത്തിലുള്ള വിഷയങ്ങളുമായി ആളുകൾ പലപ്പോഴും വന്നുകൊണ്ടിരുന്നു. ഇവരിൽ സാധാരണക്കാർ മുതൽ വലിയ പദവി വഹിച്ചിരുന്നവർ വരെ ഉണ്ടായിരുന്നു. ഇതിൽ നിന്നും ഇവരൊക്കെ അച്ചായനു കൊടുത്തിരുന്ന മാന്യസ്ഥാനം എത്രയോ ഉയർന്നതായിരുന്നു എന്നു ചിന്തിച്ചു പോയി.

അച്ചായന്റെ ഔദ്യോഗിക ജീവിതത്തിന്റെ നല്ല പങ്കും ഹെഡ്മാസ്റ്റർ പദവിയിലായിരുന്നു. അതിന്റെ സിംഹഭാഗവും കുറിച്ചി ഗവ. സ്കൂളിലായിരുന്നു. കുറിച്ചി, നീലംപേരൂർ ഭാഗത്തുള്ള മിക്ക കുട്ടികളും, ആ കാലഘട്ടത്തിൽ കുറിച്ചി സ്കൂൾ വിദ്യാർത്ഥികളായിരുന്നു. വിട്ടുവീഴ്ച കൂടാതെ അച്ചടക്കത്തിനു പ്രഥമസ്ഥാനം കൊടുത്തിരുന്നതുകൊണ്ട് സ്കൂളിനു നല്ല പ്രശസ്തിയും ലഭിച്ചു. അപകടസാദ്ധ്യത കണക്കിലെടുത്തു സ്കൂൾ പരിസരത്തുള്ള മാവ് തുടങ്ങിയ മരങ്ങളിൽ കുട്ടികൾ കയറരുത് എന്നായിരുന്നു നിയമം. ചെറുപ്പത്തിന്റെ ആവേശത്തിൽ ഒരിക്കൽ കുറെ കുട്ടികൾ ആരും കാണാതെ മാവിൽ കയറി. വിവരമറിഞ്ഞ് അവരെ ഓഫീസിൽ വിളിച്ചു വരുത്തി. എന്റെ നേരേ മൂത്ത സഹോദരൻ അവറാച്ചായൻ (പിന്നീട് പൗലൂസ് മാർ പക്കോമിയോസ് തിരുമേനി) ആ കൂട്ടത്തിലുണ്ടായിരുന്നു. ആദ്യത്തെ ശിക്ഷയായ അടി, തന്റെ മകനാണ് ഹെഡ്മാസ്റ്റർ കൊടുത്തത്. അതുപോലെ ഒരു ദിവസം രാവിലെ മണി അടിച്ചു തീർന്നശേഷവും ഒച്ച വച്ച് ഓടിക്കളിച്ചതിന് മറ്റു കൂട്ടുകാരോടൊപ്പം

എനിക്കും കിട്ടി ചൂരൽ കഷായം. പ്രധാന അദ്ധ്യാപകന്റെ മകനെന്ന നിലയിൽ അവിടെ പഠിക്കുമ്പോൾ സന്തോഷമായിരുന്നുവെങ്കിലും ഉള്ളിൽ അല്പം ഭയവും ഉണ്ടായിരുന്നു. അദ്ധ്യാപകർക്കും വലിയ ബഹുമാനത്തോടൊപ്പം ഹെഡ്മാസ്റ്ററെ കുറെ ഭയവും ഉണ്ടായിരുന്നതായി എനിക്കറിയാം.

അച്ചടക്കത്തെപ്പോലെ മാന്യമായ പെരുമാറ്റവും അച്ചായന്റെ ജീവിതരീതിയിലെ ഒരു മുഖ്യഘടകം ആയിരുന്നു. കുറിച്ചി സ്കൂളിലെ പ്രധാന അദ്ധ്യാപകനായിരിക്കുമ്പോഴും, വിദ്യാഭ്യാസ ഓഫീസറായിട്ട് പാലായിലും ചങ്ങനാശ്ശേരിയിലും ജോലി ചെയ്തിരുന്ന സമയത്തും വിവിധ മതാനുയായികളായ അദ്ധ്യാപകരും മറ്റു പ്രമുഖ വ്യക്തികളും സൗഹൃദ സന്ദർശനം നടത്തിയിരുന്നത് അച്ചായന്റെ സവിശേഷമായ പെരുമാറ്റരീതി കൊണ്ടാണ്.

## സഹായഹസ്തം

ആവശ്യക്കാരെ സഹായിക്കുവാൻ സദാ സന്നദ്ധനായിരുന്ന അച്ചായനു ദൈവം അതിനുള്ള കഴിവും മനസ്സും അവസരവും കൊടുത്തിരുന്നു. ആത്മാർത്ഥമായി മറ്റുള്ളവരെ കരുതുകയും അവർക്കു വഴികാട്ടിക്കൊടുക്കുകയും ചെയ്യുന്നവരെ ദൈവംതമ്പുരാൻ അവരുടെ ആവശ്യഘട്ടങ്ങളിലും സഹായഹസ്തം നീട്ടുവാൻ ആരെയെങ്കിലും ചുമതലപ്പെടുത്തിയിരിക്കും. ഇത് അച്ചായന്റെ ജീവിതത്തിലും സംഭവിച്ചിട്ടുണ്ടെന്നുള്ളതിന് തെളിവായി എന്റെ ജോലിയുമായി ബന്ധപ്പെട്ട് സാക്ഷ്യപ്പെടുത്തുവാൻ കഴിയും. 1971–ൽ ഗവ. എച്ച്.എസ്. ഹെഡ്മാസ്റ്റർ ആയി വിരമിച്ച ശേഷം കാതോലിക്കേറ്റ് ആൻഡ് എം.ഡി. കോർപ്പറേറ്റ് മാനേജ്മെന്റ് ഓഫീസിന്റെ ചുമതല വഹിക്കുന്ന കാലഘട്ടത്തിൽ ബഹുമാനപ്പെട്ട ടി. എ. ജേക്കബ് അച്ചൻ ബാഹ്യകേരള ഭദ്രാസനത്തിന്റെ ചുമതലയുമായി ബന്ധപ്പെട്ട് എം.ഡി. സെമിനാരിയിൽ മാത്യൂസ് മാർ അത്താനാസിയോസ് തിരുമേനിയുടെ (പ. മാത്യൂസ് പ്രഥമൻ ബാവാ) കൂടെ ഉണ്ടായിരുന്നു. അച്ചായനുമായി അദ്ദേഹം നല്ല സൗഹൃദം പുലർത്തിയിരുന്നു. ബസേലിയോസ് കോളജിൽ നിന്നുള്ള ബിരുദവും എൻ.എസ്.എസ്. കോ–ഓപ്പറേറ്റീവ് കോളജിൽ നിന്നുള്ള ഡിപ്ലോമയും നേടിയശേഷം ജോലിക്കായി ഞാൻ ശ്രമിച്ചുകൊണ്ടിരുന്ന കാലഘട്ടം. അതു മനസ്സിലാക്കിയ ബഹു. ജേക്കബച്ചൻ, അച്ചായൻ പറയാതെ തന്നെ പ്രത്യേകം താല്പര്യമെടുത്ത് അദ്ദേഹത്തിന്റെ ഇളയ സഹോദരൻ ടി. എ. ഏബ്രഹാം മുഖാന്തരം അബുദാബിയിൽ പോകുവാൻ വിസ ശരിയാക്കുകയായിരുന്നു. എനിക്ക് പാസ്പോർട്ട് എടുത്തതു തന്നെ ബഹു. ജേക്കബച്ചൻ പറഞ്ഞിട്ടായിരുന്നു. ദൈവം ഈ വഴി ഒരുക്കിത്തന്നത് അച്ചായന്റെ പ്രവൃത്തികളുടെ പ്രതിഫലമാണെന്നു ഞാൻ വിശ്വസിക്കുന്നു.

പള്ളിയോടും സഭയോടും അച്ചായന്റെ ബഹുമാനവും അടുപ്പവും ചെറുപ്പത്തിലേ ഉണ്ടായിരുന്നതായി മനസ്സിലാക്കുന്നു. അദ്ദേഹത്തിന്റെ പിതാവ് കുറിച്ചി വലിയപള്ളിയുടെ നേതൃത്വത്തിൽ വളരെക്കാലം ഉണ്ടായിരുന്നു. സഭയോടുള്ള പ്രത്യേക താൽപര്യത്തിന് പ. ഗീവറുഗീസ് ദ്വിതീയൻ ബാവാ ഒരു കാരണക്കാരൻ ആയിരിക്കാമെന്ന് ഞാൻ അനുമാനിക്കുന്നു. പ. ബാവാ വർഷത്തിൽ രണ്ടു പ്രാവശ്യം മാതാപിതാക്കന്മാരുടെ ഓർമ്മദിവസങ്ങളിൽ വി. കുർബ്ബാന അർപ്പിക്കുവാൻ കുറിച്ചി വലിയ പള്ളിയിൽ വരും. അങ്ങനെയുള്ള ഇടദിവസങ്ങളിൽ വി. കുർബ്ബാനയിൽ സംബന്ധിച്ചതിനുശേഷമേ പള്ളിക്ക് അടുത്തുള്ള സ്കൂളിലേക്ക് അച്ചായൻ പോകുമായിരുന്നുള്ളു. അക്കാര്യം അറിയാവുന്ന ബാവായുടെ ഡ്രൈവർ ഞങ്ങളുടെ വീടിന്റെ വാതിൽക്കൽ കാർ ഒന്ന് വേഗം കുറച്ചു ഹോൺ മുഴക്കിയിട്ടാണ് കുറിച്ചി വലിയപള്ളിയിലേക്ക് പോയിരുന്നത്.

ഒരിക്കൽ ഒരു പട്ടംകൊടയുമായി ബന്ധപ്പെട്ട് പ. ബാവാ തിരുമേനി കുറിച്ചിപള്ളിയിൽ തലേദിവസം വന്നിരുന്നു. ആ അവസരത്തിൽ പ. ബാവാ പള്ളിമേടയിൽ വിശ്രമിക്കുമ്പോൾ അച്ചായൻ എന്നെയും ഉപ്പാപ്പന്റെ (കോശിക്കുഞ്ഞ്) മകൻ ജയിംസിനെയും കൈമുത്തിക്കുവാൻ കൊണ്ടുചെന്ന് പരിചയപ്പെടുത്തിയപ്പോൾ ഞങ്ങളുടെ പേര് ഒക്കെ ചോദിച്ച് തലയിൽ കൈവച്ച് അനുഗ്രഹിച്ചു. പരിശുദ്ധ പിതാവിന്റെ അനുഗ്രഹം ഇപ്പോഴും തുടർന്ന് കിട്ടുന്നുണ്ട്. ഞങ്ങൾ മക്കളെ അച്ചായൻ ദേവലോകത്ത് പ. ബാവാ തിരുമേനിയുടെ അടുക്കൽ കൊണ്ടുപോകുന്നതൊക്കെ നല്ല ഓർമ്മയുണ്ട്. അന്നത്തേ മാനേജരച്ചൻ ബഹു. തലക്കുളം റ്റി. സി. ജേക്കബച്ചന്റെയും മറ്റും സ്നേഹപൂർവ്വമായ പെരുമാറ്റവും സൽക്കാരവും വർഷങ്ങൾക്ക് ശേഷവും മനസ്സിൽ നിന്നും നാവിൽ നിന്നും മാഞ്ഞുപോയിട്ടില്ല.

### മേല്പട്ടക്കാരുടെ ഇഷ്ടൻ

പത്തനാപുരത്തിനു ചിത്തപ്രഭാപൂരം പ്രദാനം ചെയ്ത താബോർ ദയറായുടെ അധിപൻ അഭിവന്ദ്യ തോമ്മാ മാർ ദീവന്നാസ്യോസ് തിരുമേനിക്കു അച്ചായനോടു വലിയ വാത്സല്യവും അച്ചായനു തിരുമേനിയോടു വലിയ ബഹുമാനവും ഉണ്ടായിരുന്നു. അച്ചായന്റെ ഔദ്യോഗിക ജീവിതം ആരംഭിക്കുന്നത് അദ്ധ്യാപകനായി താബോർ ദയറായിലെ സെന്റ് സ്റ്റീഫൻസ് ഹെസ്ക്കൂളിലാണ്. അഭിവന്ദ്യ തിരുമേനിയാണ് അച്ചായന്റെയും അമ്മച്ചിയുടെയും വിവാഹം 1943 ജൂൺ 21-ാം തീയതി കുറിച്ചി പള്ളിയിൽ വച്ച് ആശീർവദിച്ചതും.

പാറേട്ട് മാത്യൂസ് മാർ ഈവാനിയോസ്, വട്ടക്കുന്നേൽ മാത്യൂസ് മാർ അത്താനാസിയോസ് എന്നീ തിരുമേനിമാരോട് അച്ചായൻ വളരെ ഊഷ്മ

ളവും ദൃഢവുമായ ബന്ധമാണ് നിലനിർത്തിയിരുന്നത്. "ജോണി" എന്നായിരുന്നു ഇരുവരും അച്ചായനെ സ്നേഹപൂർവ്വം വിളിച്ചിരുന്നത്. ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസ് തിരുമേനിയും ആ ഓമനപ്പേരിലാണു വിളിച്ചിരുന്നത്. ഈ തിരുമേനിമാർ വൈദികരായിരുന്നപ്പോൾ മുതൽ നല്ല പരിചയവും ബന്ധവും ആയിരുന്നു. ആ കാലഘട്ടങ്ങളിൽ ഇവർ വീട്ടിൽ വന്നിരുന്നതായി അമ്മച്ചി പറഞ്ഞു കേട്ടിട്ടുണ്ട്. അഭി. ഈവാനിയോസ് മെത്രാച്ചനും അഭി. അത്താനാസിയോസ് മെത്രാച്ചനും അച്ചായനിൽ വലിയ വിശ്വാസവും ഒരു പ്രത്യേക അടുപ്പവും ഉണ്ടായിരുന്നു. ഞങ്ങളുടെ സഹോദരൻ മാർ പക്കോമിയോസ് തിരുമേനിക്ക് ശെമ്മാശുപട്ടം നൽകിയത് മാർ ഈവാനിയോസ് തിരുമേനിയും വൈദിസ്ഥാനത്തേക്ക് ഉയർത്തിയത് മാർ അത്താനാസിയോസ് തിരുമേനിയും ആയിരുന്നു. ഞങ്ങളുടെ മൂത്ത സഹോദരൻ കുരുവിളേച്ചായന്റെ (ബ്രിഗേഡിയർ ജോൺ കുരുവിള) വിവാഹത്തിന് സ്വാഭാവികമായി ഈ രണ്ട് തിരുമേനിമാരിൽ ഒരാളായിരുന്നു മുഖ്യകാർമ്മികത്വം വഹിക്കേണ്ടത്. ഇവരിൽ ഒരാളെ മാത്രം ക്ഷണിക്കുന്നതിന് അച്ചായന് വൈഷമ്യം ഉണ്ടായിരുന്നു. ബഥനിയിലെ ആബോ യൂഹാനോൻ അച്ചനാണ് (പിന്നീട് യൂഹാനോൻ മാർ അത്താനാസിയോസ്) ഈ വിവാഹത്തിന്റെ മുഖ്യകാർമ്മികത്വം വഹിച്ചത്. ഞങ്ങളുടെ സഹോദരി സാറാമ്മയുടെയും (മോൾ) അനിയൻകുഞ്ഞിന്റെയും കൊച്ചുകുഞ്ഞിന്റെയും വിവാഹത്തിന് പ. മാത്യൂസ് പ്രഥമൻ ബാവായാണ് പ്രധാന കാർമ്മികത്വം വഹിച്ചത്. എന്റെ വിവാഹം ആശീർവദിക്കാൻ അദ്ദേഹത്തിന് വരാൻ സാധിക്കാഞ്ഞത്, സഭാകേസുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ സാക്ഷിയായി അന്നു ഹാജരാകേണ്ടിയിരുന്നതുകൊണ്ടാണ്. എങ്കിലും വിവാഹത്തിന്റെ തലേദിവസം ഞങ്ങളുടെ ഭവനത്തിൽ എത്തി പ്രാർത്ഥിച്ച് അനുഗ്രഹിച്ചു. അഭി. ഫീലിപ്പോസ് മാർ തെയോഫിലോസ് തിരുമേനിയാണ് എന്റെ വിവാഹം ആശീർവദിച്ചത്. അച്ചായൻ എനിക്കുവേണ്ടി പണികഴിപ്പിച്ച വീടിന്റെ കൂദാശ പ. വട്ടക്കുന്നേൽ ബാവാ തിരുമേനിയാണ് 1989-ൽ നിർവഹിച്ചത്.

മാത്യൂസ് മാർ കൂറിലോസ് (പ. മാത്യൂസ് ദ്വിതീയൻ ബാവാ) തിരുമേനിയോടും അച്ചായൻ നല്ല സ്നേഹബന്ധം പുലർത്തിയിരുന്നു. പ. ബാവാ, മെത്രാപ്പോലീത്താ ആയിരുന്ന സമയത്തും പല പ്രധാനപ്പെട്ട വിഷയങ്ങളുമായി ബന്ധപ്പെട്ട് മണിക്കൂറുകളോളം സംസാരിച്ചിരിക്കുന്നത് ഞങ്ങൾ കണ്ടിട്ടുണ്ട്.

### ബാവായുടെയും ഗുരു

പ. ദിദിമോസ് ബാവായുടെയും സഖറിയാസ് മാർ ദീവന്നാസ്യോസ് തിരുമേനിയുടെയും അദ്ധ്യാപകനായിരുന്നു അച്ചായൻ. പത്തനാപുരം ഹൈസ്ക്കൂളിൽ പഠിപ്പിക്കുവാൻ ചെന്നപ്പോൾ ഇരുവരും താബോർ ദയ

റാംഗങ്ങളായി ആ ക്ലാസ്സിൽ ഉണ്ടായിരുന്നു. പ. ദിദിമോസ് ബാവാ, സി. റ്റി. തോമസ് റമ്പാനായിരുന്നപ്പോഴും തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ ആയിരുന്നപ്പോഴും ഞങ്ങളുടെ ഭവനത്തിൽ വന്നിരുന്നു. രണ്ടു പ്രാവശ്യവും സഞ്ചരിച്ചിരുന്ന കാറിന്റെ തകരാറുമായി ബന്ധപ്പെട്ടായിരുന്നു വന്നതെന്നതു യാദൃശ്ചികം. ആദ്യത്തെ പ്രാവശ്യം ഞങ്ങളുടെ വീടിന്റെ തൊട്ടടുത്തു വച്ച് കാർ കേടായി. വീട് അറിയാവുന്ന പത്തനാപുരത്തെ അച്ചന്മാരും അധ്യാപകരും അതിൽ ഉണ്ടായിരുന്നതുകൊണ്ട് അവർ ഞങ്ങളുടെ വീട്ടിൽ കയറി. പുറത്തു പോയിരുന്ന അച്ചായനെ ഉടനെ ഞങ്ങൾ വിവരം അറിയിച്ച് കൊണ്ടുവന്നു. അച്ചായൻ വന്ന ഉടനെ വന്ദ്യ റമ്പാച്ചൻ എഴുന്നേറ്റു. എന്നിട്ടു "സാർ ഇരിക്ക" എന്ന് നിർബന്ധിച്ച് പറഞ്ഞ് അച്ചായനെ ഇരുത്തിയിട്ടേ റമ്പാച്ചൻ ഇരുന്നുള്ളു. അവർ മടങ്ങിയതിനു ശേഷമാണ് ഈ ഗുരുശിഷ്യ ബന്ധം അച്ചായൻ പറഞ്ഞത്. ഗുരുഭക്തിയാണ് അവിടെ റമ്പാച്ചൻ പ്രകടിപ്പിച്ചത്. മറ്റൊരു സന്ദർഭത്തിൽ നിയുക്ത ബാവാ ആയിരുന്ന അവസരത്തിൽ തുരുത്തി ഭാഗത്തുവച്ച് കാർ കേടായപ്പോഴും അതു ശരിയാക്കുന്നതു വരെ ഇതുപോലെ വീട്ടിൽ വന്നു വിശ്രമിച്ചു.

അച്ചായന്റെ മക്കളായ ഞങ്ങളെ ജോലി സ്ഥലങ്ങളിൽ വച്ചു കണ്ടിട്ടുള്ള സന്ദർഭങ്ങളിൽ പ. ദിദിമോസ് ബാവാ "ജോൺ സാർ എന്റെ ഗുരുവാണ്" എന്ന് അനുസ്മരിപ്പിക്കുമായിരുന്നു.

### അതിഥികൾ ആദരിക്കപ്പെടുന്നു

കൂടാതെ ആ കാലഘട്ടത്തിലെ എല്ലാ മെത്രാപ്പോലീത്താമാരും, അതിൽ മിക്കവരും പലപ്പോഴും അവരുടെ വൈദിക പദവി മുതൽ വിവിധ കാരണങ്ങൾ കൊണ്ട് ഞങ്ങളുടെ ഭവനം സന്ദർശിച്ചിട്ടുണ്ട്. ഇതെല്ലാം വിളിച്ചോതുന്നത് അച്ചായനോടുള്ള ഈ പിതാക്കന്മാരുടെ സൽസമീപനമാണ്. എല്ലാവരുടെയും പേരു പരാമർശിക്കാത്തതു സ്ഥലപരിമിതി കണക്കിലെടുത്താണ്. എങ്കിലും ജോസഫ് മാർ പക്കോമിയോസ്, ഗീവർഗീസ് മാർ ഒസ്താത്തിയോസ്, യൂഹാനോൻ മാർ അത്താനാസിയോസ് എന്നിവരെക്കുറിച്ചുള്ള ഓർമ്മകൾ കൂടി എഴുതട്ടെ. ഇവർ മൂവരും അനേകം തവണ വീട്ടിൽ വന്നിട്ടുള്ളവരാണ്. പക്കോമിയോസ് തിരുമേനിയും ഒസ്താത്തിയോസ് തിരുമേനിയും വൈദികർ ആയിരുന്നപ്പോൾ, കുറിച്ചിയിലെ വലിയപള്ളിയിലെ ആരാധനയുമായി ബന്ധപ്പെട്ട് പല പ്രാവശ്യം വീട്ടിൽ താമസിച്ചിട്ടുണ്ട്. ബഹു. എം. വി. ജോർജ് അച്ചൻ (മാർ ഒസ്താത്തിയോസ്) ആ സമയങ്ങളിൽ ഞങ്ങളെ പഠിപ്പിച്ചിട്ടുള്ള പ്രാർത്ഥനകളും പാട്ടുകളും പ്രധാനപ്പെട്ട വേദഭാഗങ്ങളും ഓർക്കുന്നു. ജോസഫ് മാർ പക്കോമിയോസ് തിരുമേനി സഭയുടെ കോർപ്പറേറ്റ് സ്കൂൾ മാനേജർ ആയിരുന്ന സമയത്ത് അച്ചായൻ സ്കൂളുകളുടെ ചുമതലയിൽ

നിന്ന് വിരമിച്ചിരുന്നുവെങ്കിലും അതുമായി ബന്ധപ്പെട്ട് പല സന്ദർശനങ്ങൾ നടത്തിയിട്ടുണ്ട്. യൂഹാനോൻ മാർ അത്താനാസിയോസ് തിരുമേനിയെ (ആബോ യൂഹാനോൻ) കുറിച്ചു പറയുമ്പോൾ ഞങ്ങളുടെ സഹോദരൻ പക്കോമിയോസ് തിരുമേനിയുടെ ഒരു ഗുരു എന്നു വേണമെങ്കിൽ പറയാം. വിദ്യാർത്ഥിപ്രസ്ഥാനവുമായി ബന്ധപ്പെട്ട് കുരുവിളേച്ചന്, ആബോ യൂഹാനോൻ എന്ന ധ്യാനഗുരുവുമായി നല്ല പരിചയവും ബന്ധവും ഉണ്ടായിരുന്നു. അതിലൂടെ അവറാച്ചായനും അദ്ദേഹത്തോട് അടുക്കുകയും അത് അദ്ദേഹത്തെ ബഥനി ആശ്രമാംഗമായി തീരുവാൻ തക്കവണ്ണം വളരുകയും ചെയ്തു. അത്താനാസിയോസ് തിരുമേനി അച്ചനായിരിക്കുമ്പോൾ സഭയുടെ പല കാര്യങ്ങൾ അച്ചായനുമായി ചർച്ച നടത്തുവാൻ വന്നിരുന്നു.

അച്ചായനുമായിട്ട് വളരെ അടുത്ത ബന്ധം പല തരത്തിൽ പുലർത്തിയിരുന്ന ഈ ലോകവാസം വെടിഞ്ഞ് ദൈവസന്നിധിയിലേക്ക് വിളിക്കപ്പെട്ടിരിക്കുന്ന എല്ലാ പിതാക്കന്മാരെയും നന്ദിപൂർവ്വം സ്മരിക്കുകയും അവരുടെ മദ്ധ്യസ്ഥതയിൽ അഭയം തേടുകയും ചെയ്യുന്നു.

ഇതേ രീതിയിൽ ഒരു പടി കൂടെ കടന്നു വ്യക്തിബന്ധമുൾപ്പെടെ സമസ്ത വിഷയങ്ങളിലും അച്ചായൻ ബന്ധം പുലർത്തിയിരുന്ന, ബഹുമാനിച്ചിരുന്ന, ഇഷ്ടപ്പെട്ടിരുന്ന, സ്നേഹിച്ചിരുന്ന, സ്വന്തം കൂടപ്പിറപ്പിനെപ്പോലെ കരുതിയിരുന്ന ഒരു ശ്രേഷ്ഠ പുരോഹിതനാണ് ബഹു. ടി. ജെ. ജോഷ്വാച്ചൻ. ഞങ്ങൾ മക്കൾ എല്ലാവരും അദ്ദേഹത്തിന്റെ പൗരോഹിത്യപദവിക്കുള്ള പ്രാധാന്യത്തിനോടൊപ്പം പിതൃതുല്യസ്ഥാനവും എന്നും കൊടുത്തിരുന്നു. ഇന്നും കൊടുക്കുന്നുമുണ്ട്. ഞങ്ങളുടെ മാതാപിതാക്കളും ബഹു. അച്ചനും കൊച്ചമ്മയും എത്ര ഉഷ്മളമായ, ആഴമേറിയ ബന്ധമാണ് പരസ്പരം പുലർത്തിയിരുന്നതെന്ന് ഞങ്ങൾ നേരിൽ കണ്ടു നിന്നിട്ടുണ്ട്.

## മഹനീയ മാർഗ്ഗദർശനം

ഞങ്ങളുടെ മാതാപിതാക്കന്മാരുടെ മാർഗ്ഗദർശനം ആണ് ഞങ്ങളെയും പള്ളിയോടും സഭയോടും ഭക്തിയുള്ളവരാക്കി തീർത്തതെന്നത് ഒരനിഷേധ്യ സത്യമാണ്. കുറിച്ചി വലിയപള്ളിയിലേയും ചാപ്പലിലേയും (ചെറിയപള്ളി) എല്ലാ കാര്യങ്ങളിലും അച്ചായൻ ആത്മാർത്ഥമായി സഹകരിക്കുകയും ആവശ്യമായ സഹായങ്ങളും ഉപദേശങ്ങളും നൽകുകയും ചെയ്തിരുന്നു. ഞങ്ങളുടെ ഓർമ്മയിൽ ഈ പള്ളികളിലെ പ്രധാന ഔദ്യോഗിക പദവികൾ ഒന്നും തന്നെ അച്ചായൻ വഹിച്ചിരുന്നില്ല. ഒരു അത്മായക്കാരന് സ്ഥാനമാനങ്ങൾ ഇല്ലാതെ തന്നെ പള്ളിയെയും സഭയേയും സേവിക്കുവാൻ കഴിയുമെന്ന അറിവ് ഞങ്ങൾക്ക് ലഭിച്ചത് ഒരു

പക്ഷേ ഇതു മൂലം ആയിരിക്കാം. ചാപ്പലിന്റെ കല്ലിടീലും താല്ക്കാലിക കൂദാശയും മറ്റും സംബന്ധിച്ച് എനിക്ക് നേരിയ ഓർമ്മയേ ഉള്ളുവെങ്കിലും അതേ തുടർന്നുള്ള വർഷങ്ങളിലെ ചാപ്പലിന്റെ പ്രവർത്തനങ്ങൾക്ക് അച്ചായൻ കരുനാട്ടെ ജോർജുകുട്ടിച്ചായൻ (കെ. ജോർജ് വക്കീൽ) ചന്ദ്രത്തിലെ കുഞ്ഞൂഞ്ഞച്ചായൻ (സി. എം. കുര്യൻ) കളപ്പുരയ്ക്കൽ സ്കറിയാചേട്ടൻ (കെ. എം. സ്കറിയ) തുടങ്ങി പലരുമായി ഒന്നിച്ച് നേതൃത്വം കൊടുത്തിരുന്നു. ഇതേസമയം തന്നെ ചാപ്പലിൽ കൂടിവന്നിരുന്ന ചെറുപ്പക്കാരെ നേതൃനിരയിലേക്ക് കൊണ്ടുവരുവാൻ അച്ചായൻ ശ്രമിച്ചിരുന്നു. തോപ്പിൽ ജോർജുകുട്ടിച്ചായൻ, നേര്യത്ര കുഞ്ഞൂഞ്ഞുകുട്ടിച്ചായൻ തുടങ്ങിയവരേയും അവരുടെ ജൂണിയർ ആയ കളക്കാട്ടുശ്ശേരിൽ കെ. കുര്യൻ, വട്ടഞ്ചിറ വി. കെ. കുരുവിള, തുരുത്തുമഠം ജോൺ മത്തായി, തോപ്പിൽ ജോൺ പുന്നൂസ് തുടങ്ങി പലരേയും എല്ലാ കാര്യത്തിലും പ്രോൽസാഹിപ്പിച്ചു ചുമതല കൊടുത്തു നേതൃത്വത്തിലേക്ക് കൊണ്ടുവരുവാൻ ശ്രമിച്ചു. വേറെ ആരുടെയെങ്കിലും പേരു ചേർക്കാൻ വിട്ടുപോയിട്ടുണ്ടെങ്കിൽ സദയം ക്ഷമിക്കുക.

ചാപ്പലിൽ ആദ്യം വികാരിയായി വന്നത് പള്ളം ചിറയിൽ ബഹു. സി. കെ. തോമസച്ചനായിരുന്നു (ഒരു കാറപകടത്തെ തുടർന്ന് 1997 സെ. 19-ന് അദ്ദേഹം ദിവംഗതനായി). നല്ല ഒരു ആത്മീയ നേതൃത്വം കൊടുക്കുവാൻ അച്ചൻ സമയം കണ്ടെത്തിയിരുന്നു. പള്ളിയിൽ പരിമിതമായ സൗകര്യമേ ഉണ്ടായിരുന്നുള്ളുവെന്നതുകൊണ്ട് ശനിയാഴ്ച വൈകിട്ട് സന്ധ്യാനമസ്ക്കാരത്തിനുശേഷം ഞങ്ങളുടെ വീട്ടിൽ വന്ന് താമസിച്ച് ഞായറാഴ്ച വി. കുർബ്ബാന കഴിഞ്ഞ് വീട്ടിൽ വന്ന് വിശ്രമിച്ചതിനു ശേഷം ഉച്ച കഴിഞ്ഞ് സണ്ടേസ്കൂളിലും സംബന്ധിച്ചിട്ടേ മടങ്ങിപ്പോയിരുന്നുള്ളു. അദ്ദേഹത്തിന് ശേഷം വന്ന പല വൈദികരും ആ രീതി ദീർഘകാലം തുടർന്നിരുന്നു. ആ സമയങ്ങളിൽ ചാപ്പലിൽ മാസത്തിൽ രണ്ടു ഞായറാഴ്ചയേ വി. കുർബ്ബാന ഉണ്ടായിരുന്നുള്ളു. മറ്റു രണ്ട് ആഴ്ചകളിൽ കുറിച്ചി വലിയപള്ളിയിൽ 1960-കളിൽ ബഹു. എം. വി. ജോർജിനെയും ബഹു. ടി. ജെ. ജോഷ്വാച്ചനെയും വി. കുർബ്ബാന അർപ്പിക്കുവാൻ പ. ഗീവർഗീസ് ദ്വിതീയൻ ബാവാ നിയമിച്ചിരുന്നു. ആ കാലഘട്ടത്തിലെ യാത്രാസൗകര്യങ്ങളുടെ പരിമിതി മൂലം ഈ ഇരു വൈദികശ്രേഷ്ഠരും മിക്കവാറും ശനിയാഴ്ച വൈകിട്ടു ഞങ്ങളുടെ വീട്ടിൽ വന്നു താമസിച്ചിട്ടായിരുന്നു ഞായറാഴ്ച വി. കുർബ്ബാന അർപ്പിക്കുവാൻ പോയിരുന്നത്.

മലങ്കരസഭയിലെ ഏറ്റവും പ്രഗത്ഭരായ കൺവൻഷൻ പ്രസംഗകർ ആയിരുന്നുവല്ലോ ഇവർ. തിരക്കു മൂലം ചില സമയങ്ങളിൽ അവർക്കു പകരം മറ്റു വൈദികരായിരുന്നു വന്നിരുന്നത്. പിന്നീട് കുറെയധികം വർഷം കുറിച്ചി വലിയപള്ളിയിൽ മാസത്തിൽ രണ്ട് ആഴ്ച ആരാധന

നടത്തിവന്നത് ബഹു. ജോഷ്വാച്ചനായിരുന്നു. അതുപോലെ വലിയപള്ളിയിൽ ദീർഘകാലം വികാരിയായിരുന്ന ദിവംഗതനായ പള്ളത്തെ ബഹു. പാറയിൽ ഗീവറുഗീസ് അച്ചനും ഞങ്ങളുടെ ആത്മീയ ആവശ്യങ്ങൾക്ക് എന്നും ഉണ്ടായിരുന്നു. "കുഞ്ഞൂഞ്ഞച്ചൻ" എന്നാണ് അദ്ദേഹം അച്ചായനെ വിളിച്ചിരുന്നത്. അങ്ങനെ ധാരാളം വൈദികർക്ക് ആതിഥ്യം നൽകുവാൻ ഞങ്ങളുടെ മാതാപിതാക്കൾക്ക് ഭാഗ്യം കിട്ടിയിട്ടുണ്ട്. അച്ചായന്റെ താൽപര്യം മനസ്സിലാക്കി വളരെ സന്തോഷത്തോടുകൂടിയാണ് ഒരു വൈദികപുത്രി കൂടിയായ ഞങ്ങളുടെ അമ്മച്ചി അതു നിർവഹിച്ചിരുന്നത്.

ഞങ്ങൾ ജോലി ചെയ്യുന്നതും ചെയ്തിരുന്നതുമായ വിവിധ സ്ഥലങ്ങളിൽ പള്ളിയുമായി ബന്ധപ്പെട്ട് അവിടുത്തെ ശുശ്രൂഷയ്ക്കും സന്ദർശനത്തിനും വന്നിട്ടുള്ള വൈദികരേയും മെത്രാപ്പോലീത്താമാരെയും ഞങ്ങളുടെ വീടുകളിൽ സ്വീകരിക്കുവാൻ അവസരം ലഭിച്ചിട്ടുണ്ട്. അവരിൽ മിക്കവാറും എല്ലാവർക്കും അച്ചായനെ നേരിട്ടോ അല്ലാതെയോ പരിചയമുണ്ടായിരുന്നുവെന്നും അവരിൽ കുറേപ്പേർ വിവിധ സന്ദർഭങ്ങളിൽ ഞങ്ങളുടെ കുറിച്ചിയിലെ ഭവനത്തിൽ വന്നു അമ്മച്ചിയുടെ സൽക്കാരം കിട്ടിയിട്ടുള്ളവരുമാണെന്ന് പറയുമ്പോൾ വളരെ അഭിമാനം തോന്നിയിട്ടുണ്ട്. ഞാൻ അബുദാബിയിൽ ആദ്യം ചെന്നപ്പോൾ അവിടുത്തെ വികാരി ബഹു. പി. എം. കുര്യാക്കോസച്ചനു (വാകത്താനം പള്ളിക്കപ്പറമ്പിൽ) അച്ചായനുമായിട്ടും കൽക്കട്ടായിൽ വച്ച് കുരുവിളേച്ചനും തിരുമേനിയും (അന്നു ബ്രദർ പൗലോസ്) ആയിട്ടും നല്ല സ്നേഹബന്ധമുണ്ടായിരുന്നതുകൊണ്ട് എനിക്ക് അച്ചന്റെ ഒരു പ്രത്യേക കരുതൽ കിട്ടിയിരുന്നു. പിന്നീട് വന്ന പുത്തൻകാവിലെ ബഹു. കെ. ടി. തോമസച്ചനിൽ (തോമസ് മാർ അത്താനാസിയോസ്) നിന്നും ഇതുപോലെയുള്ള സ്നേഹം ലഭിച്ചു.

തിരക്കേറിയ നിമിഷങ്ങളായിരുന്നു അച്ചായന്റെ ജീവിതത്തിലെ ഏതു സമയവും. എങ്കിലും കർത്തവ്യങ്ങളിൽ നിന്നും ചുമതലകളിൽ നിന്നും ഒരിക്കലും മുഖം തിരിച്ചു നിന്നിട്ടില്ല. ഞങ്ങളുടെ ചെറുപ്പകാലങ്ങളിൽ എല്ലാ കാര്യങ്ങളിലും വലിയ ശ്രദ്ധ കൊടുത്തിരുന്നു. ആ സന്ദർഭങ്ങളിൽ അനിഷ്ടമായതു എന്തെങ്കിലും മക്കളിൽ ഉണ്ടെങ്കിൽ അതു അമ്മച്ചിയിലൂടെ ആയിരിക്കും ആദ്യം ചൂണ്ടിക്കാണിക്കുന്നത്. അമ്മച്ചി ആ വിഷയം ചോദിക്കുകയോ പറയുകയോ ചെയ്താൽ, അച്ചായൻ ആ വിഷയം അറിഞ്ഞിട്ടുണ്ടെന്നു ഞങ്ങൾ മനസ്സിലാക്കുമായിരുന്നു. ചെറിയ പിഴവുകൾക്കൊന്നും അച്ചായൻ ഇടപെടാതെ അമ്മച്ചിയിലൂടെ തന്നെ അതു പരിഹരിക്കുമായിരുന്നു. എന്നാൽ ബാല്യകാലത്ത് ശിക്ഷ നൽകേണ്ടതിന് ആ രീതിയിൽ തന്നെ പ്രവർത്തിച്ചിരുന്നു. വടിയുടെ ചൂട് കൂടുതൽ അറിഞ്ഞത് അനിയൻകുഞ്ഞും തിരുമേനിയും ആയിരുന്നു.

മരുമക്കളെ മക്കളെപ്പോലെ തന്നെ കരുതുകയും സ്നേഹിക്കുകയും

അവരോട് വാത്സല്യത്തോടെ പെരുമാറുകയും ചെയ്തിരുന്നതുകൊണ്ട് അവരെല്ലാവരും എന്നും സന്തോഷത്തോടെയാണ് കഴിഞ്ഞിരുന്നത്. എന്റെ കുടുംബം 1990-ൽ പുതിയ വീട്ടിൽ താമസം തുടങ്ങിയപ്പോൾ മുതൽ ഞാൻ 1994-ൽ അബുദാബിയിൽ നിന്നും തിരികെ വരുന്നതുവരെ എല്ലാ ദിവസവും ഒന്നും രണ്ടും പ്രാവശ്യം അവിടെ ചെന്ന് വിവരങ്ങൾ അന്വേഷിക്കുമായിരുന്നു. കുഞ്ഞുങ്ങൾ ദിവസവും സ്കൂളിൽ പോകുന്നതും വരുന്നതും അച്ചായനെയും അമ്മച്ചിയേയും കണ്ടിട്ടായിരുന്നു. ഞായറാഴ്ച പള്ളിയിൽ പോകുമ്പോൾ രാവിലെ തന്നെ ഇവിടെ വന്ന് അനൂപിനെയും കൂട്ടി നടന്നുപോകുമായിരുന്നു.

ഞങ്ങളുടെ മൂത്ത സഹോദരൻ കുരുവിളേച്ചായൻ വളരെ ചെറുപ്പത്തിൽ തന്നെ പഠിക്കുവാനും പിന്നീട് ജോലിയായിട്ടും ഇൻഡ്യയുടെ വിവിധ ഭാഗങ്ങളിൽ ആയിരുന്നു. കുരുവിളേച്ചായനും കുടുംബവും ആഗ്ര, കൽക്കട്ട, ചണ്ഡിഗഡ്, മുംബൈ മുതലായ സ്ഥലങ്ങളിൽ ആയിരുന്ന സമയത്ത് അച്ചായനും അമ്മച്ചിയും ആ സ്ഥലങ്ങൾ സന്ദർശിക്കുകയും അവരുടെ കൂടെ താമസിക്കുകയും ചെയ്തിട്ടുണ്ട്. 1995 ജനുവരിയിൽ മുംബൈ സന്ദർശനവേളയിൽ അച്ചായൻ ഒരു ശസ്ത്രക്രിയയ്ക്കു വിധേയനായി കുറച്ചു ദിവസം ആശുപത്രിയിലും പിന്നെ വീട്ടിലും കിടന്നു. ആ സമയത്തു വേണ്ട ശുശ്രൂഷകൾ ചെയ്യുവാൻ കുരുവിളേച്ചായനും കൊച്ചമ്മയ്ക്കും സാധിച്ചു. തിരുമേനി ബഥനിയിലേ അംഗമായതിനാൽ പിന്നീടു വീട്ടിൽ താമസിക്കുവാൻ എപ്പോഴും സാധിച്ചിരുന്നില്ലെങ്കിലും അവസരം കിട്ടുമ്പോൾ ഒക്കെ വീട്ടിൽ വന്ന് മാതാപിതാക്കളെ കാണുവാനും അവരോടൊന്നിച്ച് കുറേസമയം ചെലവഴിക്കുവാനും ശ്രദ്ധ ചെലുത്തിയിരുന്നു. അമ്മാമ്മയും അവധി സമയങ്ങളിൽ വരുമ്പോഴൊക്കെ വന്നു കൂടെ താമസിക്കുകയും വിവരങ്ങൾ അന്വേഷിക്കുകയും ചെയ്തിരുന്നു. തിരുവനന്തപുരത്തു പുതിയ ഫ്ളാറ്റ് വാങ്ങിയപ്പോൾ കൂദാശയ്ക്കും മറ്റും അച്ചായനും അമ്മച്ചിയും പോകുകയും എല്ലാ കാര്യങ്ങളും നടത്തുവാൻ നേതൃത്വം നൽകുകയും ചെയ്തിരുന്നു.

കുഞ്ഞുമോനച്ചായൻ കുവൈറ്റിൽ ആയിരുന്നതുകൊണ്ട് ആ സമയങ്ങളിൽ ഒക്കെ കുടുതൽ ശ്രദ്ധ അമ്മാമ്മയ്ക്കും മക്കൾക്കും കൊടുത്തിരുന്നു. അനിയൻകുഞ്ഞിന് 1978 വരെയും പിന്നീട് 90-91 കാലഘട്ടത്തിലും അവരുടെ കൂടെ താമസിക്കുവാൻ അവസരം കിട്ടിയിട്ടുണ്ട്. അവർക്കും അതൊരു ആശ്വാസം ആയിരുന്നു. 1990-ൽ കുവൈറ്റ് യുദ്ധ സമയത്ത് അമ്മാമ്മയും അനിയൻകുഞ്ഞും വളരെ ബുദ്ധിമുട്ടിയിരുന്ന അവസരത്തിൽ അച്ചായനും അമ്മച്ചിയും വല്ലാതെ വിഷമിച്ചു എങ്കിലും അവരുടെ പ്രാർത്ഥനയുടെ കൂടെ ഫലമായി വലിയ കുഴപ്പം കൂടാതെ തിരികെ വരുവാൻ സാധിച്ചു. ആ സമയത്ത് അച്ചായനും അമ്മച്ചിയ്ക്കും

ആശ്വാസം കൊടുക്കാനായി ഞാനും അവധിയെടുത്തു വന്നിരുന്നു. 1992-ൽ വരെ കൊച്ചുകുഞ്ഞ് അങ്കമാലിയിൽ ആയിരുന്നതിനാൽ മാസത്തിൽ 2-3 പ്രാവശ്യം വന്ന് അന്വേഷിക്കുന്നതിനും അവരുടെ അത്യാവശ്യ ആവശ്യങ്ങൾ ചെയ്തുകൊടുക്കുന്നതിനും കഴിഞ്ഞിരുന്നു. 1993-ൽ കൊച്ചുകുഞ്ഞ് അമേരിക്കയ്ക്ക് പോയെങ്കിലും 1994-ൽ ഞാൻ തിരികെ നാട്ടിൽ വന്നതിനാൽ അച്ചായനും അമ്മച്ചിയ്ക്കും അതു വലിയ ഒരു ആശ്വാസം ആയിരുന്നു. അതിനു മുമ്പു തന്നെ ആനിയും കുഞ്ഞുങ്ങളും വന്നിരുന്നതുകൊണ്ട് ആ സമയങ്ങളിലും ഏകാന്തത തോന്നിയിട്ടില്ലായിരുന്നു. അതിനുശേഷം അവരുടെ മരണം വരെയും അവരുടെ കൂടെ കഴിയുവാനും വേണ്ട പരിചരണങ്ങൾ ചെയ്യുവാനും സാധിച്ചത് ഭാഗ്യമായി കരുതുന്നു.

അമേരിക്കയ്ക്കു പോകുന്നതു വരെയും അവധി സമയങ്ങളിൽ, പ്രത്യേകിച്ച് വലിയ അവധി കാലത്ത്, രേണുവും കുഞ്ഞുങ്ങളും കുറിച്ചിയിൽ വന്നു താമസിക്കുമായിരുന്നു. അതുപോലെ അവരവരുടെ അവധി സമയങ്ങളിൽ കുഞ്ഞുങ്ങളുമായി ചാം കൊച്ചമ്മയും അമ്മാമ്മയും സബിയും വന്നു താമസിച്ചിരുന്നു. കുഞ്ഞുങ്ങൾ ഒത്തുകൂടുന്ന സമയങ്ങൾ അച്ചായനും അമ്മച്ചിക്കും വലിയ ആനന്ദം നൽകിവന്നു. ദൈവകൃപയാൽ ഞങ്ങളുടെ വലിയ ശുശ്രൂഷയൊന്നും ആവശ്യമായി വന്നില്ലെങ്കിലും ഞങ്ങൾ മക്കൾക്ക് എല്ലാവർക്കും ഞങ്ങളുടെ മാതാപിതാക്കന്മാരുമായിട്ട് അവരുടെ വാർദ്ധക്യകാലത്തു കുറെ നല്ല സമയങ്ങൾ ചെലവഴിക്കുവാൻ സാധിച്ചതും വലിയ ഭാഗ്യമാണെന്ന ചിന്തയുണ്ട്.

1995 ആഗസ്റ്റ് 30. രാവിലെ ഒരു അസ്വസ്ഥത തോന്നിയതിനെ തുടർന്ന് പ്രശസ്തനായ ഡോ. ജോർജ് ജേക്കബിന്റെ നിർദ്ദേശപ്രകാരം അച്ചായനെ കാരിത്താസ് ആശുപത്രിയിലെ ഐ.സി.യു. വിൽ പ്രവേശിപ്പിച്ചു. അന്നു പകലും രാത്രിയും വലിയ കുഴപ്പമില്ലായിരുന്നു. രാവിലെ കാണുവാനായി ഞാൻ ഐ.സി.യു. വിൽ കയറിയപ്പോൾ സ്വന്തം അസുഖം സാരമില്ലെന്നും എന്റെ മകൻ അനൂപിനു ഉണ്ടായിരുന്ന പനിയെക്കുറിച്ചു പോയി തിരക്കിയിട്ടു വരാനായിരുന്നു എന്നോടു പറഞ്ഞത്. അനൂപിന്റെ പനി കുറഞ്ഞു എന്നു പറഞ്ഞു ഞാൻ ആശ്വസിപ്പിച്ചു. ഉച്ചകഴിഞ്ഞ് സ്ഥിതി വഷളായി. അന്നു വൈകുനേരം 5.45-നു അച്ചായൻ ഇഹലോക വാസം വെടിഞ്ഞു. സെപ്റ്റം. 4-നു സംസ്ക്കാരം നടത്തി. അമ്മച്ചി 1999 ഫെബ്രുവരി 1-ാം തീയതി രാത്രി 7.30-ന് ആണ് നിര്യാതയായത്. 13 വർഷത്തിനു ശേഷം 2012 ഓഗസ്റ്റ് ഒന്നിനു തിരുമേനിയും 2014 മാർച്ച് 13 -നു കുരുവിളേച്ചായനും ഞങ്ങളെ വിട്ടു പോയി. ഞങ്ങളുടെ മൂത്തവരായിരുന്ന അവർ ഇരുവരും സഭയ്ക്കും സമൂഹത്തിനുംവേണ്ടി അവരവർ ആയിരുന്ന സ്ഥാനങ്ങളിലിരുന്നുകൊണ്ട് ആത്മാർത്ഥമായി പ്രവർത്തിച്ചു

വെന്ന് ധൈര്യമായി പറയുവാൻ കഴിയും. അവരുടെ അപ്രതീക്ഷിത വേർപാടും ഞങ്ങളുടെ മാതാപിതാക്കന്മാരുടെ വിയോഗം പോലെയാണ് അനുഭവപ്പെടുന്നത്. അച്ചായന്റെ ജന്മശതാബ്ദി ആചരിക്കുന്ന ഈ സമയത്ത് അവരുടെ അസാന്നിദ്ധ്യം ഞങ്ങളെ വളരെയധികം ദുഃഖിപ്പിക്കുന്നു. ദൈവയിഷ്ടം നടക്കട്ടെയെന്നു മാത്രമേ ഞങ്ങൾക്കു പ്രാർത്ഥിക്കുവാനുള്ളു. ഞങ്ങളുടെ മാതാപിതാക്കളുടെയും സഹോദരന്മാരുടെയും ആത്മാക്കൾക്ക് നിത്യശാന്തി നേരുന്നു. അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനോടൊപ്പം അവരുടെ പ്രാർത്ഥന ഞങ്ങൾക്ക് തുണയായിരിക്കണമെന്നു പ്രത്യാശയോടെ പ്രതീക്ഷിക്കുകയും ചെയ്യുന്നു.



# 28

# ജീവിതത്തെ ദിശാബോധം നൽകി തിരിച്ചുവിട്ടു

## സൂസി കുരുവിള

എന്റെ മാതൃസഹോദരനായ കെ. കെ. ജോണിന്റെ (കുഞ്ഞൂഞ്ഞിച്ചായൻ) 100-ാം പിറന്നാളിൽ അദ്ദേഹത്തെപ്പറ്റി ഞാനോർമ്മിക്കുന്നത് വളരെയധികം കൃതജ്ഞതാനിർഭരമായ മനസ്സോടെയാണ്. 1965-ൽ ബി.എസ്.സി. പാസ്സായ എനിക്ക് ക്ലാർക്കായി വിദ്യാഭ്യാസവകുപ്പിൽ ജോലി കിട്ടി. കുടുംബത്തിൽ പലർക്കും ഓഫീസ് ജോലിക്കു പോകുന്നതിന് താൽപര്യമില്ലാത്ത സമയം. വിദ്യാഭ്യാസവകുപ്പിൽ ബി.എസി. കഴിഞ്ഞാൽ 5 വർഷത്തെ സർവീസ് ഉണ്ടെങ്കിൽ എച്ച്.എസ്.എ. ആകും. സ്ഥലം മാറ്റത്തിലൂടെ പ്രമോഷൻ കിട്ടും എന്നു കുഞ്ഞൂഞ്ഞിച്ചായൻ പറഞ്ഞതനുസരിച്ച് ക്ലാർക്കായി ഞാൻ സർവ്വീസിൽ ചേർന്നു. അഞ്ചു വർഷം കഴിഞ്ഞപ്പോൾ എച്ച്.എസ്.എ. ആയി. 2000-ൽ ഹെഡ്മിസ്ട്രസായി റിട്ടയർ ചെയ്തു. 1997-98 ൽ മികച്ച അദ്ധ്യാപികയ്ക്കുള്ള സംസ്ഥാന അവാർഡും ലഭിച്ചു. 2000 മുതൽ 2011 വരെ സുൽത്താൻബത്തേരിയിലെ സെന്റ് മേരീസ് ഹയർസെക്കണ്ടറി സ്കൂൾ ഓണററി പ്രിൻസിപ്പലായും ജോലി ചെയ്തു. ഇത്രയുമൊക്കെ ആയിത്തീരാൻ മുഖാന്തരമായത് കുഞ്ഞൂഞ്ഞിച്ചായന്റെ ഉപദേശം കൊണ്ടാണ്. ജീവിതത്തിലെ ഒരു നല്ല വഴിത്തിരിവിനു സഹായിച്ചത് അദ്ദേഹത്തിന്റെ സദുപദേശം തന്നെ. കുഞ്ഞൂഞ്ഞിച്ചായനോടുള്ള അകമഴിഞ്ഞ നന്ദിയോടൊപ്പം അദ്ദേഹത്തിന്റെ ആത്മാവിനു നിത്യശാന്തിയും നേരുന്നു.



# 29

# നല്ല ഭരണകർത്താവും ഗുരുശ്രേഷ്ഠനും

## ഫാ. ജോൺ ശങ്കരത്തിൽ
## (കുറിച്ചി വലിയപള്ളി വികാരി)

മാതൃകായോഗ്യനായ അദ്ധ്യാപകൻ, ഉത്തമനായ ഭരണകർത്താവ്, കറയറ്റ സഭാസ്നേഹി, സർവ്വോപരി സത്യസന്ധനും നിർമലനുമായ ഒരു മഹാത്മാവ്, ആഴവും പരപ്പുമുള്ള വിജ്ഞാനത്തിന്റെ കേദാരം എന്നിവ യെല്ലാം ഒത്തിണങ്ങിയ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു കുറിച്ചി കോല ത്തുകളത്തിൽ നെയ്ശ്ശേരിൽ കെ. കെ. ജോൺ സാർ.

ഞാൻ 1980–ൽ കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരിയിൽ പഠിക്കുമ്പോഴാണ് ജോൺ സാറിനെ ആദ്യമായി കാണുന്നതും പരിചയ പ്പെടുന്നതും. എന്റെ സഹോദരനും മലയാള മനോരമ പത്രാധിപസമി തിയംഗവുമായ മാത്യു ശങ്കരത്തിലുമൊത്ത് സഭ വക സ്കൂൾ കോർപ്പ റേറ്റ് മാനേജ്മെന്റ് ഓഫീസിൽ പോകേണ്ട ഒരാവശ്യം ഉണ്ടായി. ചിതറി ക്കിടന്ന സ്കൂളുകളെ കോർത്തിണക്കി ഒരു കുടക്കീഴിലെന്നവണ്ണം കോർ പ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലാക്കിയത് ജോൺ സാറിന്റെ ആശ്രാന്ത പരിശ്രമം കൊണ്ടാണെന്ന സത്യം ഞാൻ മനസ്സിലാക്കി. ജോൺ സാറു മായുള്ള ആദ്യ കൂടിക്കാഴ്ചയിൽ തന്നെ അദ്ദേഹത്തിന്റെ വ്യക്തിപ്രഭാവം എന്നെ ആകർഷിച്ചു. സാറിനെപ്പറ്റിയും അദ്ദേഹത്തിന്റെ പുരാതന പ്രശ സ്തമായ കുടുംബത്തെപ്പറ്റിയും അന്വേഷിച്ച് അറിയുവാൻ എനിക്ക് മറ്റൊ രവസരം ലഭിച്ചു. 1981–ൽ സെമിനാരിയിൽ നിന്നുമുള്ള പ്രസംഗ പരിശീ ലന പദ്ധതിപ്രകാരം 6 മാസം കുറിച്ചി വലിയപള്ളിയിൽ ഞായറാഴ്ച തോറും പോകുവാൻ എനിക്ക് നറുക്കു വീണു. അന്ന് എന്നെ ഏറ്റവും അധികം ആകർഷിച്ച വ്യക്തിയായിരുന്നു ജോൺ സാർ. വാക്കിലും പ്രവൃ ത്തിയിലും അങ്ങേയറ്റം ആത്മാർത്ഥത കാണിച്ചിരുന്ന ജോൺ സാർ കുലീനമായ രീതിയിലേ പെരുമാറിയിരുന്നുള്ളു. താൻ വിശ്വസിക്കുന്ന കാര്യത്തെപ്പറ്റി എരിവോടും തീക്ഷ്ണതയോടും കൂടി മുഖം നോക്കാ തെയും ഭയം കൂടാതെയും ആരോടും പറയാൻ അദ്ദേഹം മടി കാണിച്ചി രുന്നില്ല. ജീവിതനിഷ്ഠയും കൃത്യനിഷ്ഠയും ജോൺ സാർ അന്യൂനം നിലനിർത്തി.

കുറിച്ചിയിൽ ഹെഡ്മാസ്റ്ററായിരുന്ന കാലം നാടിന്റെ നവോത്ഥാന

ത്തിന്റെ സുവർണ്ണ ഘട്ടമായിരുന്നു. ജന്മനാടിനു സാംസ്ക്കാരികവും വിദ്യാഭ്യാസപരവുമായി അഭിവൃദ്ധി നേടിക്കൊടുക്കുവാൻ അന്നു സാധിച്ചു. ജോൺ സാറിന്റെ ഉത്തമശിഷ്യന്മാരായി നൂറുകണക്കിനാളുകൾ കുറിച്ചിയിൽ തന്നെയുണ്ട്.

പ്രശസ്തമായ കോലത്തുകളത്തിൽ തറവാട് കല്ലാശ്ശേരിൽ പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ കുടുംബവുമായി ഉറ്റ ബന്ധമുള്ളതാണ്. മഹാനായ ജോൺ സാറിന്റെ മഹാനായ പുത്രനാണ് മാവേലിക്കര ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ കാലം ചെയ്ത പൗലോസ് മാർ പക്കോമിയോസ് തിരുമേനി. ഈ കുടുംബത്തിൽപ്പെട്ട പല പ്രശസ്ത വൈദികരേയും വലിയപള്ളിയിലാണ് അടക്കിയിരിക്കുന്നത്. ഈ പള്ളിയുടെ വളർച്ചയ്ക്കും ഔട്ട്പോസ്റ്റിലെ ചാപ്പലിന്റെ (ഇന്നത്തെ ചെറിയ പള്ളി) രൂപീകരണത്തിലും പ്രധാന പങ്കുവഹിച്ചവരിൽ ഒരു പ്രധാനിയായ ജോൺ സാറിനെ രണ്ടു ദേവാലയങ്ങൾക്കും ഒരിക്കലും മറക്കാനാവില്ല.

ജോൺ സാറിന്റെ വെള്ള വസ്ത്രധാരണം ജീവിതശൈലിയിലെ ഒരു പ്രധാന പ്രത്യേകതയായിരുന്നു. പ്രതിഭാശാലിയായ ഒരു ഹെഡ്മാസ്റ്റർ എന്ന നിലയിലാണ് ജോൺ സാർ ഏറ്റവും ശ്രദ്ധേയനായത്.

തികഞ്ഞ സഭാസ്നേഹിയും മനുഷ്യസ്നേഹിയുമായിരുന്ന ജോൺ സാറിന്റെ പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.



# 30

# പ. മാത്യൂസ് പ്രഥമൻ ബാവായും കെ. കെ. ജോണും

**കെ. ജെ. ഏബ്രഹാം**
**(കോലത്തുകളത്തിൽ കുടുംബയോഗം മുൻ പ്രസിഡന്റ്)**

കെ. കെ. ജോൺ സാറിന്റെ സത്യസന്ധമായ സഭാജീവിതത്തെപ്പറ്റിയും ധാർമ്മികമായ ഉന്നതനിലവാരത്തെപ്പറ്റിയും നല്ല കഴിവുകളെപ്പറ്റിയും ഉത്തമബോധ്യമുണ്ടായിരുന്ന പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവാ പരസ്പര സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും അടിസ്ഥാനത്തിൽ കെ. കെ. ജോണിനെ സർക്കാർ സർവ്വീസിൽ നിന്നു റിട്ടയർ ചെയ്തശേഷം സഭാസേവനരംഗത്തു പരമാവധി പ്രയോജനപ്പെടുത്തുന്നതിനു വേണ്ടി നേരത്തെ തീരുമാനിച്ചിരുന്നു. അതിന്റെ വെളിച്ചത്തിലാണ് അദ്ദേഹത്തെ ഏതാണ്ടു കുത്തഴിഞ്ഞു കിടന്ന കാതോലിക്കേറ്റ് ആൻഡ് എം.ഡി. സ്കൂൾ കോർപ്പറേറ്റ് മാനേജ്മെന്റ് ഓഫീസിന്റെ പരിപൂർണ്ണ ചുമതലയുള്ള മാനേജരായി നിയമിച്ചത്. പ. മാത്യൂസ് പ്രഥമൻ തിരുമേനിയുടെ ഭരണ കാലാവസാനത്തോടെ അദ്ദേഹത്തിന്റെ കർശനമായ നിലപാടുകൾക്കു അയവു വന്നുവെന്നു തോന്നി പലരും സാമ്പത്തിക സഹായത്തിന് തിരുമേനിയെ സമീപിച്ചിരുന്നു. പലരോടും തിരുമേനി കൂടുതൽ സൗമനസ്യം കാട്ടുന്നുവെന്നു സഭാഭരണകേന്ദ്രത്തിലുള്ള ചിലർക്കും തോന്നി. എന്നാൽ ഇക്കാര്യം തിരുമേനിയോടു നേരിട്ടു പറയാൻ ആരും ധൈര്യപ്പെട്ടിരുന്നില്ല. ഈ സംഗതി കെ. കെ. ജോണിന്റെ ശ്രദ്ധയിൽ വന്നതിനെ തുടർന്ന് അദ്ദേഹം ഒരു ദിവസം അരമനയിൽ എത്തി ബാവായോടു കുശലപ്രശ്നങ്ങൾക്കു ശേഷം കാര്യങ്ങൾ ഇങ്ങനെ തുറന്നു പറഞ്ഞു. “തിരുമേനി എല്ലാ കാര്യങ്ങളും ശരിയായിട്ടേ ചെയ്യുകയുള്ളു എന്ന് എല്ലാവർക്കും അറിയാം. തിരുമേനിക്കു തെറ്റു പറ്റുകയില്ലെന്നും അറിയാം. എന്നാലും നാമൊക്കെ പ്രായമായി വരികയാണല്ലോ.”

“ജോണി എന്നതാ പറഞ്ഞുവരുന്നത്?” (തിരുമേനി ജോണി എന്നാണു കെ. കെ. ജോണിനെ സ്നേഹപൂർവ്വം വിളിച്ചിരുന്നത്). കാര്യങ്ങൾ ജോൺ സാർ ആവർത്തിച്ചു പറഞ്ഞു. “സഹായം ചോദിച്ചു കൊണ്ടു അടുത്തു വരുന്നവരോടു പറ്റുകയില്ല എന്നു പറയാൻ സാധിക്കയില്ലായിരിക്കാം. കൊടുക്കുന്നതിനു തിരുമേനിക്കു സർവ്വസ്വാതന്ത്ര്യവും ഉണ്ട്. എന്നാൽ അപേക്ഷകളുമായി വരുന്നവരെപ്പറ്റി ഒന്നു തിരക്കി വേണ്ടതു

ചെയ്യാൻ ഒരു കമ്മിറ്റിയെ വയ്ക്കുന്നതു കൊള്ളാം. അവർ തീരുമാനിച്ച ശേഷം തിരുമേനിയുടെ ഇഷ്ടംപോലെ ചെയ്യണം എന്നാണു എനിക്കു തോന്നുന്നത്." കുറച്ചു നേരം മൗനം പാലിച്ച ശേഷം "ജോണി അങ്ങനെയാണോ പറയുന്നത്. ശരി" എന്നു പറഞ്ഞ് ആ വിഷയം അവസാനിപ്പിച്ചു. പിന്നീട് ഒരു കമ്മിറ്റി രൂപവൽക്കരിക്കുകയും കാര്യങ്ങൾ അപ്രകാരം നടത്തുകയും ചെയ്തു.

ഒരു പ്രത്യേക സംഭവം. ഒരദ്ധ്യാപക സ്ഥലംമാറ്റം സംബന്ധിച്ച് അദ്ദേഹത്തിന്റെ ഒരു ബന്ധുവും സഭാപ്രമാണിയുമായ ഒരു വ്യക്തി ജോൺ സാറിനെ ഓഫീസിൽ എത്തി ആവശ്യം അറിയിച്ചു. സാങ്കേതിക കാരണത്താൽ സ്ഥലംമാറ്റം സാധ്യമായിരുന്നില്ല.

ഈ സഭാപ്രമാണി ദേവലോകത്തു ചെന്നു പ. മാത്യൂസ് പ്രഥമൻ ബാവായെ കണ്ടു പരാതി പറഞ്ഞു. ജോൺ സാർ രൂക്ഷമായ ഭാഷയിൽ തന്നോടു സംസാരിച്ചു എന്നും മറ്റും ഇല്ലാത്ത കാര്യങ്ങൾ പെരുപ്പിച്ചു ആഗതൻ ബാവായെ ധരിപ്പിച്ചു. എല്ലാം കേട്ടശേഷം ബാവാ പറഞ്ഞു, "എടോ താൻ ആരെപ്പറ്റിയാണ് ഇപ്രകാരം പറഞ്ഞതെന്നറിയാമോ? മേലിൽ ഇതുപോലെയുള്ള കാര്യങ്ങളും പറഞ്ഞു എന്റെ അടുക്കൽ വരരുത്. തന്നെയുമല്ല താൻ ഉടനെ വീട്ടിൽ ചെന്ന് പശ്ചാത്തപിച്ച് ഒരു പട്ടക്കാരന്റെ മുമ്പിൽ സത്യകുമ്പസാരം നടത്തി പാപമോചനം നേടുകയും വേണം."

1943: ജോൺ സാർ എം.ഡി. ഹൈസ്ക്കൂൾ അധ്യാപകനായിരുന്ന കാലം. അന്ന് കോട്ടയം തിരുനക്കരയുള്ള സത്താറിന്റെ പ്രമുഖ തുണിക്കടയിൽ നിന്നും എം.ഡി. യിൽ പഠിക്കുന്ന ഒരു കുട്ടി തുണി വാങ്ങിയതു സംബന്ധിച്ച് അല്പം കശപിശ ഉണ്ടായി. ഇതേത്തുടർന്ന് സ്കൂളിലെ പല കുട്ടികൾ കൂട്ടമായി തുണിക്കടയുടെ മുമ്പിൽ എത്തി കട തല്ലിത്തകർക്കുമെന്നും മറ്റും പറഞ്ഞു ഭീഷണിപ്പെടുത്തി. കുട്ടികൾ ഇങ്ങനെ രോഷാകുലരായി നിലകൊള്ളുമ്പോഴാണു സ്കൂളിലേക്കു പോകാൻ ജോൺ സാർ കവലയിൽ എത്തുന്നത്. തന്റെ സ്കൂൾ കുട്ടികളെ കണ്ടമാത്രയിൽ സാർ രംഗത്തു വന്നു കാര്യങ്ങൾ തിരക്കി വിഷയം മനസ്സിലാക്കി. കടയുടമയും നടന്ന കാര്യങ്ങൾ പറഞ്ഞു. കടയ്ക്കു കുറച്ചു നാശനഷ്ടങ്ങൾ സംഭവിച്ചിരുന്നു. കാര്യങ്ങൾ കൈവിട്ടു പോകാതിരിക്കാൻ ഒടുവിൽ കടയുടമയേയും ജീവനക്കാരെയും കുട്ടികളെയും ഒന്നിച്ചു വിളിച്ചുകൂട്ടി അവരോട് ഇപ്രകാരം പറഞ്ഞു. "ഇന്നും ഇന്നലെയും ഇവിടെ നടന്ന എല്ലാ സംഭവങ്ങളുടെയും ഉത്തരവാദിത്വം ഞാൻ ഏറ്റെടുക്കുന്നു. എന്റെ സ്കൂൾ കുട്ടികൾ, സ്റ്റാഫ്, മാനേജ്മെന്റ് എന്നിവർക്കുവേണ്ടിയും എനിക്കുവേണ്ടിയും ഈ കടയിലെ ബന്ധപ്പെട്ട എല്ലാവർക്കും വേണ്ടി ഞാൻ ക്ഷമ ചോദിക്കുന്നു."

വാദികളും പ്രതികളും ജോൺ സാറിന്റെ ക്ഷമാപണം നിശ്ശബ്ദമായി കേട്ടശേഷം സമാധാനപരമായി പിരിഞ്ഞുപോയി.

കോർപ്പറേറ്റ് സ്കൂൾ ഓഫീസ് മാനേജർ സ്ഥാനം ജോൺ സാർ ഒഴിഞ്ഞു. ആ സ്ഥാനത്തേക്കു കെ. കെ. ജോൺ സാറിന്റെ പിൻഗാമിയായി സാറിന്റെ ഒരടുത്ത ബന്ധുവും പത്തനാപുരം ഹൈസ്ക്കൂളിൽ ഹെഡ്മാസ്റ്ററും ആയിരുന്നു റിട്ടയർ ചെയ്ത പനയപ്പള്ളിൽ പി. പി. ജോർജ് അപേക്ഷ നൽകുന്നതു സംബന്ധിച്ചുള്ള അഭിപ്രായം അദ്ദേഹം ജോൺ സാറിനോടു ആരാഞ്ഞു. കുറച്ചുനേരം ചിന്തിച്ച ശേഷം "താങ്കൾ സർവ്വദാ യോഗ്യനാണ്. എന്നാൽ നാം ഇരുവരും ഒരേ കുടുംബത്തിൽപെട്ടവരാകയാൽ സഭയുടെ ഒരു ഔദ്യോഗികസ്ഥാനം തുടർച്ചയായി ഒരു കുടുംബത്തിലെ അംഗങ്ങൾ സ്വീകരിക്കുന്നതിൽ ഒരഭംഗി ഉണ്ട്. മറ്റുള്ളവർക്കു പഴി പറയാൻ അവസരവും ലഭിക്കും. ആലോചിച്ചു ചെയ്തുകൊള്ളുക." പി. പി. ജോർജ് സാർ ആ കാര്യത്തിൽ പിന്നീട് താല്പര്യം പ്രകടിപ്പിച്ചില്ല. ജോൺ സാറിന്റെ പക്വതയുള്ള നിർദ്ദേശം അദ്ദേഹം സ്വീകരിച്ചു എന്നു ചുരുക്കം.



# 31

# K. K. John still lives in our hearts

**Prof. John Kuruvilla**
**(Pullolickal, Pathanamthitta)**

I consider it a privilege to share a page in this book as a reflection in fond remembrance of my uncle, late Mr. K. K. John, Neysseril, Kurichy. The effort taken by his children, my cousins, for this publication deserves appreciation. On the $100^{th}$ birthday of my uncle, I would like to recollect some of my experiences with him. He is my God father and I bear his name. Let me say, he is my role model of a good person. He is quite reserved by nature but loving and lovable.

During my childhood, the only outing that I had was a visit to Kurichy, our ammaveedu, during vacations. We the children, me and my siblings, used to go to our uncle's houses and stay there for one or two weeks. All the three uncles, vallichayen, kunjoonjichayan and kochuchayan and their wives were very loving and cordial. Since, kunjoonjichayan's children are of our age group, we used to spend most of the time there. Those days were really memorable ones, in my life. We children played a lot in the yard picking mangoes and cashews and quarreled each other. Kunjoonjichayan though short-tempered, was very intimate to children. We really enjoyed his company. Ammayi was also very loving and helpful to us. She cooked delicious dishes and snacks for us.

My mother had very high regards and love for her brother kunjoonjichayan. Whenever she had problems, she used to force us to contact kunjoonjichayan and he was at our rescue. So he is always in our hearts. He is the one who recommended me to, His Grace Daniel Mar Philoxenos, Metropolitan of Thumpamon diocese, who was the manager of Catholicate College Pathanamthitta in 1966. I was then appointed as lecturer in chemistry dept. During the tenure of His Grace as manager, I was reckoned as the nephew of K. K. John Sir.

K. K. John Sir's dedication to the church as a managing committee member of the church and also as the secretary of the Catholicate

and M. D. Schools corporate management is well appreciated by all. Actually it is his popularity among the clergies and the other members of the church that helped his second son to be elected as a Bishop of Malankara Orthodox church. Kunjoonjichayan was happy and well contented that he could bring up a son to serve the church and the humanity.

Mr. K. K. John was a model teacher and his sincerity and dedication to the profession made him very popular among his students. As a Headmaster of secondary Schools and as an Education officer, he was so popular that his co-workers considered him a brother and a close friend. In fact his performance in academic field influenced me to opt teaching as my profession.

Kunjoonjichayan had an appreciably long span of life which is praise worthy and he is survived by children, grandchildren and great grandchildren who are well off. But still there remains a little vacant space in my mind, which I think can never be filled. I wish and pray "May God Almighty grant him the crown set for him on that great day of resurrection."



# 32

# Words of appreciation from Dr. Cham Kuruvilla

As the eldest daughter-in-law, I had the honor of knowing Mr. K. K. John not only as my father in law but also as a man who showed his greatness in all his interactions, some of which I wanted to share with you all.

This was the period where his son and my husband, Brigadier K. John Kuruvilla was the Chief Engineer (Navy) Mumbai .He was staying with us in Mumbai for a period of 2 months since he had to undergo an operation for an ailment in the Naval Hospital .He was accorded a VIP treatment by the staff because of his son's senior position in the army. The medical procedure had a few complications because of which he suffered some discomfort .However, in his characteristic calm way, Appachen took it in his stride .The nurses in the hospital were quite worried about his condition and enquired whether they could help him in any way to reduce the pain .However , he did not express any complaints at all and continued to smile .This is a rare trait of a man who, did not lose his grounding and patience even though he had every right in the privileged position to do so.

Another instance I can recall is when the marriage of his son was announced to me. He already knew my mother because he was her biology teacher at school. However when the relationship changed due to the marriage of their children, he began to call her "Amaiama" taking in due consideration of the new bonding. My mother always remembered him as a person who would be friendly with all and knew how to interact with all in the most balanced way- the 'right measure' .

He was also a good friend to my father (Rev Fr C V George Cor Episcopa) and they worked together on a number of church matters .My father was always impressed by his ability of not getting annoyed at all with anyone with different views and complimented him that it demonstrated a genuine concern and respect for his fellow colleagues.

In yet another instance, he once again showed his ability to be always pragmatic and a man who understood the 'changing' times. Like all good parents, he was keen that his sons settle in their ancestral place Kurichy. However during his stay with us in Mumbai, he realized that our plan to settle down in Ernakulum was probably better justified and showed huge generosity and understanding to give us his blessings to retire in Ernakulum.

Overall, a man who walked his life in a simple way , according the "right measure" of wisdom and respect in all his undertakings which impacted all our lives in a very positive way.



# 33

# Short - but great Memories

## Mary Jacob

I feel very happy to write my memoires and feelings about my uncle, late Mr. K. K. John, Kolathukalathil Neyisseril, Kurichy, whom we fondly call Kunjoonjichayan. I appreciate the efforts taken by his children for releasing a book on his 100th birthday and I would like to recollect some of my experiences with him.

When I was teaching at Balikamadom, Tiruvalla, I used to go to Kurichy to Kunjoonjichayan's house during weekends. Both Ichayan and Ammai were very receptive and hospitable and I used to enjoy spending time with my cousins, who were all younger to me. When I went for a refresher course for five days at Perunna NSS College, Changanaserry, Ichayan used to take me to the college every day and leave me inside the Campus. He was at that time AEO at Changanaserry.

Once Ichayan and Ammai came to Chennai for the betrothal of one of his grand nieces. They were with us for a few days and we took them for sightseeing, mostly historically and religiously important places in the City; particularly Mylapore Santhome Basilica and St Thomas Mount. When we took him to Marina Beach, he was very much exited to see the World's second longest Beach. He told that he had studied these things in the school and he was very happy to see these places, particularly the Marina Beach.

He bought from Higgin Bothams a very good present to my son, Baiju. It was the "Tell me Why" series books. They were highly informative not only for youngsters, but also for grown up people.



My association with Kunjoonjichayan and family was always cheerful and we make it a point to visit them whenever we go to Kerala on vacation. May God Almighty give him the right place in heaven on the day of Resurrection.

# 34

# Reminisces the prerogative of age


## Dr. Eapen C. Kurian, Chandrathil
### (Former President,
### Indian Society of Anaesthesialogists, Kerala State)


There comes a time in one's life when certain memories from the past that have left an imprint and helped shape the future are regurgitated. This phenomenon could be attributed to pathological reasons such as aging neural connections that form fewer new connections so go looking for memories to keep the brain entertained. Or it could be because of the realisation that certain influences in the formative age has not been acknowledged and introspection bringslt to the fore.

Whatever the reason, the contents of my cranium has recently been busy bringing to the fore memories so stark and vivid that I have found it difficult to contextualize and fit it neatly into memory files and decipher what really made me what I am.

It is oft repeated that it is important to have a stimulating, challenging and structured childhood to become an adult that society values. According to UNICEF, *"Children learn more quickly during their early years than at any other time in life. They need love and nurturing to develop a sense of trust and security that turns into confidence as they grow".* It is in these formative years that I had the good fortune to be placed under the care of one of the greatest men that Kurichy has produced- K.K. John Sir.

There were only few qualified teachers at that time in Kurichy, he being the exception was, of course, handed the responsibility of nurturing and growing the young by being appointed as the Head Master of the only U.P. School in the area. And that is where my father, Mr. C.M. Kurian, decided to get me to study under the guidance and strict supervision of his cousin, the Headmaster. As you read further the H-teuy reason for deliberately using the words 'strict supervision' in the previous sentence will become clear.

My father walked me to school that fine morning wearing shorts, barefoot, clutching a slot and slate pencil. I was quite confident as my mother had been training me for this day. As I got to school-going age, my mother got me to respond adequately to anyone who asked my name. "My name is EAPEN KURIAN, Eapen Kurian", I told my teacher as I stepped into class - no one else in class could spell their name in English. Of course, the Headmaster gave me a beaming smile for being able to do that. Alas! He did not have a clue what would follow in the coming years.

There were a few mango trees in the school yard which were off-limits to learners. We were forbidden to climb or throw stones at them. People who got to know me later in life would surely attest to the fact that a ripe mango on a tree or other similar enticing delicacies do not stay out of my grasp just because someone says that it is not allowed. Anyway, up the tree I used to go with my friends and bring down dozens of mangoes. Getting caught and getting a rather rough hiding on the backside did not deter me. John Sir, being noble and just, beat me the most as I was related to him. Favoritism was not practiced to the extent that Kerala politics has now perfected the art.

I also remember the times that I was caught and beaten for another rule that the school had formulated. We were not allowed to go to the *Kalithattu ,* belonging to the temple, where the main past time was to gossip, boast, discuss politics and engage in other forms of entertainment. Of course 8 year old Kurian was in their midst. Again, the khaki shorts and the tender backside was damaged by John Sir's cane. When my father passed by the school on his way to his paddy fields, he was often told that his little jackanapes was beaten again. Without breaking his stride, the Headmaster was just given a hand sign to carry on and, if need be, increase the force or number of such cane-bum encounters. I really wonder at the psyche of parents who charge teachers with child abuse for beating naughty rascals. Maybe kids don't come as tough as they used to!

I might have unintentionally created in your mind a profile of a harsh Headmaster who ruled through the power of the cane. He used the cane only when unruly rascals like me forced him to. Other-

wise, he was the most caring and wise teacher I have had. In parallel to being naughty, I was also one of the most productive in class and he acknowledged it with a nod of the head or a smile. That was enough for me. I reciprocated by studying well and reducing my mango-tree climbing although not completely. Even now, although I try hard, the unconscious decides to make me do things that I really want to, that others don't want me to.

I remember John Sir as a very religious man. He spent many years of his life, even in retirement, to better education for the less fortunate.He served on the executive committee of the Malankara Orthodox Church. My father was mainly responsible for constructing the road that runs from Kurichy Out-Post to Karunattuvala. John Sir, and his cousin, Karunattu Georgekuttychayan, supported and encouraged my father till the completion of the road. The road was open for traffic in Fiftees.

As the sun wanes and the fresh moon takes over, so does a man shine on earth and then move on to gives way for new beginnings. John Sir left us on 31 August 1995. The joy, sorrows, pleasures, frustrations that he and his compatriots had experienced is now being experienced by the new generation. We will also pass and there will be others who will walk our path. This is an inexplicable rule of nature. In this cycle of life, only certain people leave an inerasable mark on our life... such a man was John Sir to me.



# ഭാഗം മൂന്ന്

# സ്നേഹസ്മരണകൾ

# 1

# The House with the Hay stack

## Dr. Mary J. Marret

*My memories ofAppachen date back from the late 1960s when I was a pre-schooler to the mid-nineties. My reflections and insights into what those experiences mean continue.*

Sri K K John was married to my maternal great-aunt. My siblings and I refer to them as “Kurichy Appachen and Ammachy” using the location of their home to distinguish them from our grandparents as well as various other great-aunts and uncles. My most vivid memories of this Appachen and Ammachy were formed through intermittent encounters during family vacations to Kerala in my childhood.

Specific events and details in our family history, individual personality traits of family members and geography converged to .make the relationship to our great-aunt’s family much closer than one would expect merely on the basis of blood ties.

Close bonds developed between my mother and Kurichy Ammachy, during my mother’s schooldays when she lived with her maternal grandmother. Following Kurichy Ammachy’s marriage, Amma (my mother) was like an older sister to Ammachy’s older sons. Amma moved to Singapore following her marriage but maintained a close regular correspondence with members of her immediate and extended family over several years.

My siblings and I appeared on the scene long before Kurichy Appachen and Ammachy became grandparents. Hence we enjoyed the privilege of being doted upon by them and their children during our occasional visits to Kerala. Our parents were both teachers by profession. This common ground as well as a shared interest in affairs of the church fostered the bond between Appacha (my father) and Appachen, which ensured that Appacha was actively engaged during our visits to Kurichy. It provided Amma with more opportunities to spend time with Ammachy. The ties between aunt and niece were further strengthened in the shock and bereavement which fol-

lowed the premature passing of my maternal grandmother in 1973 after a speeding motorcycle collided into her. For us children, Ammachy was a comforting presence in the painful void that remained when we lost our maternal grandmother.

The Kurichy home, situated in the countryside along the famous M.C. Road just outside Kottayam near the stop for major bus routes, was a place we visited on many occasions, both as a destination and a transit point. The strength of personal ties combined with the warmth and hospitality extended by Appachen and Ammachy assured us that we would always be welcome. We experienced this more than once after we appeared at their doorstep unexpectedly when some transport strike compelled us to break journey and there was not even a "landline" telephone connection to give them an early warning.

Both the inside and outside of the home as well as its occupants were a source of delight. There was always something to do, something to watch, someone to talk to. The tall haystack out in front was a distinguishing landmark that enabled us to identify the house from a distance. Its presence made tangible a structure which would otherwise be limited to our imagination, encountered only in books. The cows in the animal house in front as well as the chickens in the backyard kept us entertained, particularly at feeding and milking time. The presence of multiple doorways at the front, sides and back of the house through which we could run in and out was also a source of fascination which provided great opportunities for us to play games of hide and seek.

Until the early seventies, there were no pipes within the house. At that age, we had no concerns about the inconvenience as we found the process of drawing water from the well quite exciting. One of the bathrooms was housed in a separate building. The "heater" was a wood fire underneath a huge cauldron containing water. The flames threw dark moving shadows onto the walls of the dimly lit bathroom, reminding one of witches in fairy tales. The large kitchen was filled with the distinctive of aroma of wood fires intermingled with the scents of spices, fruits and vegetables. It was in this kitchen that I took some of my earliest steps in cooking when I insisted on helping to peel onions at the age of five.

There was a small parlour in the front where guests were received. Appachen had a constant stream of visitors who dropped by for social reasons, to discuss important affairs and consult him for advice. I was not always interested in the visitors but greatly attracted to the bookshelves which lined the walls of the parlour. As a voracious reader, I was never bored in a home where there were books to read.

The large living room immediately behind the parlour was the centre of the house where family members met for discussions and daily family prayers. In this room was Appachen's chair where he would sit when he was not occupied with other tasks or receiving visitors. It was a wooden, reclining chair with long arms, typical of that era, reserved for the head of the household. During the course of a day, Ammachy would emerge into this room periodically from her labours in the kitchen to speak to him, to check on what was going on in the backyard and to feed us constantly with snacks in addition to our regular meals. In the latter years, his grandchildren would take on the task of giving him a foot massage as he rested in this chair.

To a child of five years in 1969, Appachen was a burly figure with a mat of curly hair covering his limbs. When he had to go out somewhere, he would be dressed in a white shirt and *mundu,* carry a small leather case in his hand for documents, with a black umbrella hooked onto his arm. Had he been a stranger, I would probably have been intimidated by this physique, a gaze emerging beneath a pair of the thickest eyebrows I had ever seen, combined with his slightly raspy, booming voice. Yet, we were never afraid. As one of our Appachens, we found his persona protective and reassuring.

Perhaps his interaction with us evoked different facets of his personality that stood in contrast to the figure of authority he represented to the world outside. He was usually mild-mannered and friendly in his conversations with children. Although he was not usually very demonstrative, my sister recalls how the subtle quavering of his typically gruff voice and moistening of his eyes would betray his emotions at the appearance of my mother at their doorstep.

A distinctive feature which I found fascinating as a child was his

hair. He was the only person I knew who had a white rim bordering the back and sides of his hairline, which stood out in stark contrast to his black hair. This remained unchanged, like a neatly trimmed and landscaped hedge over the interval of a few years between our visits to India. When I saw him at the age of nine years, I was convinced that this appearance could not be natural and suspected that regular strategic dyeing had a part to play in maintaining this white border at a constant width. I would articulate these thoughts and question him repeatedly about this, but only received a smile in response.

This freedom to speak our minds, to express ourselves without inhibition and to try out new things was a privilege we enjoyed in this household. Appachen always stopped to listen patiently to what children had to say. He was happy to be engaged in conversation with us, to explain or demonstrate the technique of doing little things which might seem simple to adults but challenging to a child. We never felt that he was too busy to spend time with us. He was never condescending, and had the ability to speak to young children in a matter-of-fact way at their level. Even when he had to clarify or correct something, it would be done in a gentle manner, sometimes infused with humour so we never perceived it as a rebuke or criticism.

When I became slightly older, Appachen's assistance in translating my responses was invaluable in helping to sustain my conversations with Ammachy as I have considerable difficulty expressing more abstract and complex ideas in Malayalam. In the course of our discussions,' he was also a helpful mediator in keeping the peace. My tendency to speak my mind and push boundaries did not always match Ammachy's expectations of how young ladies should think and behave !

We cannot speak about Appachen without remembering Ammachy. I am conscious that the gifts of my own experiences and memories emerge from the deep bonds of love that date back to my great grandmother's generation. The key players who have been instrumental in keeping family connections alive are women. I had a tangible reminder of this during a recent visit to Kurichy when one of their sons clarified some details of our family tree by referring to a written record left by Ammachy to document this for posterity. It is

the women who kept the momentum and bridged the long gap of distances and years between visits through regular communication with handwritten aerogrammes or "snail mail". I retain a clear mental image of Ammachy's small, neat handwriting covering every available space in a compact aerogramme, chronicling the details of family life and various events in her letters which Amma would read aloud to us.

My maternal great grandmother, both her daughters, and my mother have persevered with a determination and tenacity unmatched by any man I know. As far as I can remember, all of them filled their days from dusk to dawn toiling at various tasks. These strong, industrious, and devout women who maintained a disciplined prayer life alongside their labours serve as important role models for me. They were not necessarily people who had a prominent presence in the public sphere, but they had great wisdom and inner resilience. Ammachy did not hold an official paid job, yet she carried out the duties of more than one person. She was the mother of six children. She produced regular meals for a large household and stocked her cupboard with various other delights to serve to visitors, cooking over a wood fire, minus the many labour-saving devices now available in modern kitchens. She supervised the workers who looked after the livestock and cultivated the land. She also had to oversee the painstaking and laborious processing and preservation of produce from the land. In truth, she effectively shouldered the responsibilities of senior management in a company without the prestige and recognition that accompanies such titles. For her, it was a labour of love deeply rooted in a faith that did not waver amidst the pain and sorrow that she encountered in her life.

My ideas about the importance of the roles of individuals are not directly correlated with positions or power but with their contributions through service, creativity and also their fostering of relationships and the development of people. In a community that remains patriarchal and somewhat insular in its outlook, Appachen has left us some important lessons to emulate. He displayed the mark of true manhood in that he valued a partner with intelligence and strength of character who worked alongside him to raise a family and manage a

home. In contrast to those who relegate the female, gender to subservient and decorative roles, he held women within the family circle in high regard. Under his roof, members of his wife's family were welcomed and treated with the same love and consideration that his own family members received. His was also a home where a great deal of love was extended to children and their needs were considered to be a priority. My siblings and I are beneficiaries of this legacy.

Such open-mindedness from someone of his generation has left an impact that extends beyond his time on this earth. Appachen, Ammachy and our own parents have gone beyond the veil. The bonds of love they fostered remain and continue to evolve in our relationships with our uncles, aunts and newer additions to our families. It is in this household that the relationship with one of my spiritual fathers has been nurtured and continues to be valued. Through this relationship, I have received support and guidance to make important decisions, take up challenges and discover new avenues to utilise the resources and talents which God provides.

When those who spend their lives in service of God and the community depart, their spirit continues to live and nourish the lives of those on this earth in a way that is no longer confined to a particular place or specific moments in time. We experience hints of this when they continue to dwell on earth, but only understand the deeper reality of this when they leave us. May glory, honour and thanks be to God who makes all things possible.



# 2

# An Able Man who kept his values

## Joe John Kuruvilla

### A long Epitaph to my Appachen

Appachen was a man who I believe, is one among a chosen few who walk on this earth, chosen by God to lead men. As they say a righteous man who did what was right for all rather than do right for one self. I realized that he was not just a father to his six children but even their children, the next generation leaving behind a great legacy to live up to. I have the honor of being the first grandson, the first boy in my generation who carries his grandfather's name, but I never felt that I have even come close to living up to his name and deeds thus far. I realize every time an occasion arose in our Neyisseril family-a birth or a death in the family, it is his name which is connected to it all -we are known as KK John sar' children and grand children.

I think about who are the men who make leaders and the one statement which strikes me is "the leader is the person who awakens and gets people to realize and discover their true worth .1 often think about the people one can aspire to become and idolize. Mostly sons look up to their fathers who look up to their fathers - My father was no exception and I often understood that all appachen's children looked up to him and were inspired by his values. He inspired each of his children to realize their "true"potential and lived his life with his values.

He was a great listener and a wonderful advisor to the many who flocked to the Neysisseril House day in and day out. He inspired confidence and respect wherever he went -whether it was in school, or in church and most importantly among his family. He was the leader in all true sense -both within the family and outside where he inspired everyone to live up to the values of sincerity, hard work and most importantly love for God.

People came from far and wide to seek his opinion and there

were times when I would strain my ears and try to listen -all I heard was the voices of other people and not Appachen. He listened and gave his view in his humble and quiet manner only at the end. People who came troubled to the door seemed to miraculously feel a sense of relief when they left. A true leader listens and clears the path for his people in whatever way he can. He played different roles in his life for all of us but what is most enduring has been his ability to stick to his values - the essence of "John sar".

If one needs to take a leaf out of his book, he was a man who realized that words are needed but ensure that more in actions, a man who professed his love for God and Church and more importantly practiced it in his dealings with his fellow beings and a man who not only served his family but chose to serva his people in his community, church and in society.

Appachen being an educator himself always emphasized on the importance of education and was keen that all his children get educated well .He always supported me during my engineering days and I feel that I owe a lot to Appachen given that I was with him and Ammachy at Kurichy for so many of my college breaks. They looked after me as parents taking care of every small need and concern of mine. I got my first summer internship in Mumbai and earned the first stipend of my life and I decided to dedicate it to Appachen and sent it to him for any purpose he deemed right. He said that he was very happy to see his first grand son get his first job This was in June and he passed away a few months later.

So was it John sar ,or was it Appachen or was it Achayan -here was a man who walked on this earth ,did what he needed to do and moved on leaving behind his legacy which hopefully gets carried by his generations after him for a long time.

# 3

# A great Man Who valued Relationships

## Mrs. Joyce Christy

During my summer holidays, Appachan took me along for a walk to Joshua Achen's house. Though the distance was quite a bit, I didn't complain, as it was so much fun talking to him during the walk. The chat was so much fun, holding his hands proudly and walking with my appachan, something I can never forget.

On one of the evenings during my summer holidays, Appachan heard me calling out one of my aunties. He instantly corrected me that I needed to call her Kochamma. Initially I did not agree but he reasoned with me logically saying that there would be no difference between a friend who is an aunty or my aunties who were also my blood relatives.

When a cousin visited us from Germany, I gave her the same explanation when she wanted to be called aunty but after some deliberation, she decided that she must be called Kochamma by Rachel and Sarah (my daughters).

Remembering what Appachen told me, I try and correct friends and cousins who keep calling their blood related aunts as aunties. Small things instilled years ago have had a nice impact which also showed how much he valued relationships.

Appachan's handwriting and drawings were so beautiful and I wish I could write and draw like him.

I saw a botany review practical report and was amazed to see the good work in one of the little rooms in the ancestral house.

Appachan never got angry with me. Despite all my pranks, I was very much loved. I also insisted that I could sleep in between Appachan and Ammachy.

I remember how he would raise me up on his feet and give me a see-saw ride which was equivalent or even better than a Disney world roller coaster ride. I loved it, because it was appachan.

Appachan was very caring, he knew our likes and dislikes. When Joe (my brother) visited Kerala for study holidays, he would ask Auda one of the workers at home, to get my brothers favourite beef. He noticed small things and was sensitive and compassionate.

